# ശലഭം '95



**U. C. COLLEGE, ANNUAL**

THE LARGEST COMPUTER CENTRE OF ALUVA



OFFERS COMPUTER COURSES OF GOVT. OF INDIA

LAN ✤ DOS ✤ UNIX. WINDOWS ✤ AUTOCAD-12 ✤ DTP
ORACLE ✤ FOX-PRO ✤ M.S.WORD ✤ EXCEL
WORD PERFECT ✤ ETC

COCHIN
COMPUTECH

Aluva
Mampilly Building
Near Federal Bank H.O

# U. C. COLLEGE

THE TRUTH SHALL MAKE YOU FREE

(94-95)

# ANNUAL 95-96

മുഖചിത്രത്തെക്കുറിച്ച്;

ജീവിതം ഒരു യാത്രയാണ്.
അനിശ്ചിതത്വത്തിൽ നിന്നും
അനശ്വരമായ യാഥാർത്ഥ്യങ്ങൾ തേടിയുള്ള
ഒരു നീണ്ട യാത്ര.
ഇവിടെ, ചുട്ടുപഴുത്ത മണലാരണ്യത്തിലൂടെ
നാം മുന്നോട്ട് നടക്കുകയാണ്; ആരുടെയും
അകമ്പടിയില്ലാതെ, ആരെയും
കാത്തു നിൽക്കാതെ.

നിറഞ്ഞ പ്രതീക്ഷകളും ഏറെ സങ്കല്പങ്ങളും
പേറിയുള്ള ഈയാത്രയിൽ - ഓർക്കുക,
നാം തനിച്ചാണ്. നമ്മോടൊപ്പം
നമുക്കാകെ തുണയായുള്ളത്
നമ്മുടെ നിഴലും കാലടിസ്വനങ്ങളും..
ഉള്ളിൽ ഉയരുന്നത് ആത്മാവിന്റെ മിടിപ്പുകൾ
മുന്നിൽ തെളിയുന്നത് മുൻഗാമികളുടെ കാല്പാടുകൾ
പിൻതുടരേണ്ടത് ഏത് വഴിയെന്ന്
മനസ്സിൽ ഉറപ്പിച്ച്, ചൊല്ലിപ്പതിപ്പിച്ച
സ്നേഹമന്ത്രാക്ഷരങ്ങളെ ധ്യാനിച്ച്;
അഗ്നികടാഹങ്ങൾ ഇടറിനിൽക്കുമ്പോഴും
ചുവടുകൾ പതറാതെ
ചിന്തകൾ മുറിയാതെ
ജീവിതത്തെ
ലക്ഷ്യത്തിലേക്ക്
നയിക്കുക.

Cover Design : P. K. Rassi

Title : Gadhafi, Jimmy, Haris

Layout Designing :

Color Links, Kaloor, Cochin-17

# WITNESS OF ALL THE MOVEMENTS





# *OUR FORMER PRINCIPAL*



*Prof. C. J. Thomas*

# *OUR PRINCIPAL*



*Dr. Rajan Varghese*

# ഉള്ളടക്കം

## മലയാള പർവ്വം


മഹാനഗരവും ശില്പകാരികളും
വേദനിക്കുന്നവരുടെ സങ്കീർത്തനം
മതബന്ധിതമായ സമൂഹം
ജീവിതം സാർത്ഥമാകുന്നത്.
തേങ്ങുന്ന വണ്ട്.
കലാലയങ്ങളിൽ രാഷ്ടീയം വേണോ...?
തിരിച്ചറിവ്
മാനുഷികമൂല്യങ്ങൾ
നാലുമണിപ്പൂക്കൾ
കറുത്ത പകലുകൾ
നിഴലുകൾ
രൂപങ്ങൾ
വ്യതിചലനം
രക്തസാക്ഷിയുടെ സാക്ഷ്യം
കോളേജുകാമ്പസുകളുടെ ഭാവിഭദ്രത
വസന്തകാലം
സ്മൃതി
ഹോമിക്കപ്പെടുന്ന മലയാളത്തിന്റെ ആത്മാവ്
പുഴയുടെ സ്വപ്നം
അഭിമുഖം
കടലോരത്തുനിന്ന്
അവന്റെ പുഷ്പം
മോചനം
പ്രയാണം
പേക്കാഴ്ചകൾ
പാവമീ ഞാനൊരു
ആൻഫ്രാങ്ക് - കണ്ണീരു നനഞ്ഞ ഓർമ്മക്കുറിപ്പ്
ശുകനോട്
തെരുവു ബാലൻ
ശയിക്കേണ്ടവർക്ക്
തോന്നലുകൾ
അവിവേകം
മഴ പെയ്തെടുക്കുകയാണ്.
പ്രഹേളി
ഗുരു
വിശപ്പ്
മീര പാടുന്നു
മരിക്കെന്റെയമ്മേ
കോളേജ് യൂണിയൻ റിപ്പോർട്ട്
ഞാൻ
എൻ. എസ്. എസ്. റിപ്പോർട്ട്
പിരിയുന്നവർക്കു വേണ്ടി.
എന്റെ കലാലയ
നിഷ്പക്ഷത
പുറപ്പാട്
ചെയർമാന്റെ കത്ത്


## ആംഗലേയ പർവ്വം


About the College
Personality Development
Journey into Night
Innocence
A toy's Musings
Cry O soul, Cry
Dreamer
What has man made of man
Mansoon Skys
Human Love
Computer Graphics
Inside out
Science and Technology for the benefit of Society
Campous
The College life
Moovies today
As free as bird
The freedom she crayed for..
Back out
Justice Delayed is Justice Denied
Philosophy of Education
Octopus - Monster of sea ?

# വന്ദനസന്ധി



കൂട്ടക്ഷരങ്ങൾ...
മസ്തിഷ്കങ്ങളിൽ ചാലിച്ച് കുറിക്കുന്നത്
ഉദയാസ്തമയങ്ങൾക്കിടയിലെ
പർണ്ണശാലയിൽ വിശുദ്ധിയുടെ വെളിപാട്
ആസിഡ് ശാസ്ത്രങ്ങളിൽനിന്ന്
സർഗ്ഗ സംവേദക ശാസ്ത്രത്തിന്റെ ആവിഷ്കാര തീരങ്ങളിലേക്ക്
വിളറിപിടിച്ച ആറ്റംബോംബ് ഫോർമുലകളിൽനിന്ന്
ബൊഹീമിയൻ ഗീതത്തിന്റെ ഓളങ്ങളിൽ
താളം പിടിക്കുന്ന അക്ഷരങ്ങളുടെ തിമിർപ്പ്!
കല്ലുരച്ച് കവിത നെയ്തവരും
കരൾ പറിച്ച് വിശുദ്ധഗീതം കുറിച്ചവരും - തലമുറക്കന്യം
കേബിളിൽ പൂക്കുന്ന പാശ്ചാത്യനാഗശലഭങ്ങൾ
അവർക്കാരാധന.

അവ പുറ്റുകളിൽനിന്ന് വിഷനാക്കു നീട്ടി
വ്രതശുദ്ധികളെ തീണ്ടുന്നു.
മഹാഗണി ക്ഷേത്രത്തിന്റെ നാലുകെട്ടിൽ 'ഉൾവിളി'
ഗാന്ധിയാത്മാവിന്റെ ഊഷ്മള തുടിപ്പ്
വിശ്ലേഷണം സംഭവിക്കുന്ന മേഘചീന്തുകളിൽനിന്നും
മാനം കാണാതെ പിറക്കാനിരിക്കുന്ന
മയിൽപീലിയുടെ സ്വപ്നങ്ങളിലൂടെ പരന്നൊഴുകുന്ന
തോന്ന്യാക്ഷരങ്ങൾ
അക്ഷരങ്ങളുടെ വെടിയുഴ്പ്പാടങ്ങൾ ചികയുമ്പോൾ
മണ്ണട്ടകളുടെ തുളച്ചുകയറുന്ന കഠോര ധ്വനികളിൽ കവിത
കാലത്തിന്റെ തുടകീറി വെടിമരുന്നിന്റെ
ബീജാക്ഷരം കൊണ്ട് തകിടെഴുതി
വർത്തമാനത്തിന്റെ കരങ്ങളിൽ സന്ധിക്കാം...



ആറാമിന്ദ്രിയങ്ങളുടെ വാതായനങ്ങളിൽ സമർപ്പണം.

# STATEMENT OF OWNERSHIP

Statement of ownership and
other particulars of the publication
U.C. College Aluva

| | | |
|---|---|---|
| Place of publication | : | Aluva |
| Periodicity of publication | : | Annually |
| Printers Name | : | Dr. Rajan Varghese |
| Nationality | : | Indian |
| Address | : | Principal, U.C. College |
| Publisher's Name | : | Dr. Rajan Varghese |
| Nationality | : | Indian |
| Address | : | Principal, U.C. College Aluva |
| Editor's name | : | K.M. Gadhafi |
| Nationality | : | Indian |
| Address | : | Editor, U.C. College, Aluva |

*I, Rajan Varghese hereby declare that the particulars given above are true to the best of my knowledge and belief.*

Sd/-

PRINCIPAL



യേപ്യന്യദേവതാ ഭക്താ
യജന്തേ ശ്രദ്ധയാന്വിതാ:
ത്യേപി മാമേവ കൗന്തയ!
യജന്ത്യവിധിപൂർവ്വകം

ഹേ കൗന്തേയാ, യാതൊരുത്തർ അന്യ ദേവതാ ഭക്തന്മായിരിട്ട് ശ്രദ്ധയുക്തരായി യജിക്കുന്നുവോ, അവരും വിധിപ്രകാരമല്ലാതയാണെങ്കിലം എന്നെത്തന്നെയണ് ഭജിക്കുന്നത്.

(ഗീത)

കർത്താവയ യേശുക്രിസ്തുവിൽ വിശ്വസിക്കു; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും. (അപ്പോ. 16: 35)
തന്നത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും. (മത്തായി 23 : 12)

ബൈബിൾ

നിങ്ങളിൽനിന്നും (ജനങ്ങളെ) നന്മയിലേക്ക് നയിക്കുന്ന ഒരു സമൂഹമുണ്ടാകട്ടെ! അവർ (ജനങ്ങളെ) നന്മകൊണ്ട് കല്പിക്കുകയും തിന്മകൊണ്ട് നിരോധിക്കുകയും ചെയ്യുന്നവരാണ്. അവരത്രെ വിജയികൾ! (വി: ഖുർആൻ)

വല്ല ഒരുത്തനും ഉത്തമമായ കാര്യത്തെ അറിച്ചു കൊടുത്താൽ അവന്ന് അത് പ്രവർത്തിച്ചത് പോലത്തെ പ്രതിഫലം ലഭിക്കുന്നതാണ്!

(നബിവചനം)



## എം.പി. മന്മഥൻ ( 1914–1994)

അദ്ധ്യാപകൻ, കലാലയാദ്ധ്യക്ഷൻ, എൻ.എസ്.എസ്. നേതാവ്, സർവോദയാചാര്യൻ, ഭൂദാന പ്രസ്ഥനാ നായകൻ, പ്രഭാഷകൻ, കഥാപ്രസംഗകൻ, പൗരാവകാശങ്ങളുടെ കാവൽഭടൻ, മദ്യവിരുദ്ധ സമരസേനാനി എന്നിങ്ങനെ എത്രയോ നിലകളിൽ അദ്ദേഹം പ്രഗൽഭ സേവനം കൊണ്ട് അവിസ്മരണീയനായിത്തീർന്നു. പ്രസംഗചാതുരിയിൽ അദ്ദേഹത്തെ ജയിക്കുന്ന സമകാലികർ ചുരുക്കുമായി. കലാചാതുരിയും ഫലിതവാസനയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ കൂടുതൽ ആകർഷമാക്കിയിരുന്നെങ്കിലും ധർമബോധമായിരുന്നു, ആ വ്യക്തിത്വത്തിന്റെ കാതൽ. ഈ ധർമബോധത്തെ രൂപപ്പെടുത്തിയ മുഖ്യഗുരു ഗാന്ധിജിയായിരുന്നുതാനും. ചെയ്യുന്നതെല്ലാം യജ്ഞമാവണം, ഈശ്വരാർപ്പണമായ പ്രവർത്തനമാവണം എന്നദ്ദേഹം വിശ്വസിച്ചു.



## മൊയ്തുമൗലവി (1886–1995)

ഈ നൂറ്റാണ്ടിന്റെ കർമ്മസാക്ഷിയായ മൊയ്തുമൗലവി ഇന്ത്യൻ സ്വാതന്ത്ര്യസമരസേനാനികളിൽ അഗ്രഗണ്യനായിരുന്നു. ദേശീയ സമരങ്ങളിൽ തീപ്പന്തമായും സ്വാതന്ത്ര്യാനന്തര തലമുറയ്ക്ക് ആദർശത്തിന്റെയും ആത്മവീര്യത്തിന്റെയും നിറദീപമായും തിളങ്ങിയ ഒരു വ്യക്തിത്വമായിരുന്നു മൗലവിയുടേത്. അന്ത്യംവരെ മതസൗഹാർദ്ദത്തിനും ദേശീയോദ്ഗ്രഥനത്തിനും വേണ്ടി ശബ്ദിച്ച ഒരു മഹാനായിരുന്നു മൗലവി.



## ശൂരനാട്ട് കുഞ്ഞൻപിള്ള

മലയാളസാഹിത്യത്തിലെ കാരണവർ ഡോ. ശൂരനാട്ട് കുഞ്ഞൻപിള്ള (84) മാർച്ച് എട്ടിന് തിരുവനന്തപുരത്ത് നിര്യാതനായി. നൂറിലേറെ പുസ്തകങ്ങളുടെയും ആയിരത്തിലധികം അവതാരികകളുടെയും കർത്താവായ ശൂരനാട് മലയാളമഹാ നിഘണ്ടുവിന്റെ എഡിറ്ററായും, സ്കൂളിലും കോളേജിലും അദ്ധ്യാപകനായും സെക്രട്ടേറിയറ്റിൽ ഉദ്യോഗസ്ഥനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പാഠപുസ്തക നിർമ്മാണത്തിലും ലിപി പരിഷ്കരണത്തിലും ശൂരനാടിന്റെ സംഭാവന വിലമതിക്കനാവാത്തതാണ്. 1984-ൽ പത്മശ്രീ, 1992-ൽ വള്ളത്തോൾ അവാർഡ്, 1994-ൽ എഴുത്തച്ഛൻ പുരസ്കാരം; മലയാളം, ഇംഗ്ലീഷ്, സംസ്കൃതം ഭാഷകളിൽ ഒന്നാം റാങ്കോടെ എം.എ. കേരള യൂണിവേഴ്സിറ്റിയും മീററ്റ് യൂണിവേഴ്സിറ്റിയും ഡി. ലിറ്റ് നൽകി ആദരിച്ചിരുന്നു.



## കമുകറ പുരുഷോത്തമൻ (1930–1995)

ശബ്ദഗാംഭീര്യത്തിലൂടെ മലയാളികളുടെ മനസുകീഴടക്കിയ പ്രശസ്ത ഗായകനാ.യിരുന്നു കമുകറ പുരുഷോത്തമൻ. തമിഴ്ചുവയുള്ള മലയാള ഗാനങ്ങളിൽനിന്നുള്ള മോചനമായിരുന്നു കമുകറയുടെ പാട്ടുകൾ. 'പൊൻകതിർ' എന്ന ചിത്രത്തിലെ നാലുവരി ശ്ലോകം ആലപിച്ച് 1953-ൽ ആയിരുന്നു കമുകറ ചലച്ചിത്ര പിന്നണിഗായകനായത്. ആത്മവിദ്യാലയമേ, ഈശ്വരചിന്തയിതൊന്നേ, മറ്റൊരു സീതയെ കാട്ടിലേയ്ക്കയക്കുന്നു, ഏകാന്തതയുടെ അപാരതീരം, ചന്ദ്രന്റെ പ്രഭയിൽ, ആകാശപ്പൊയ്കയിലുണ്ടൊരു, തുമ്പപ്പൂ പെയ്യണ പൂനിലാവേ, ഗംഗായമുനാ, സംഗീതമേ ജീവിതം, ആച്ചാമരം ചാച്ചാമരം, തുടങ്ങിയ ആയിരത്തിലേറെ ചലച്ചിത്രഗാനങ്ങളും ലളിതഗാനങ്ങളും കമുകറ പാടിയിട്ടുണ്ട്. തമിഴ് ചലച്ചിത്രഗാനങ്ങളും ഇക്കൂട്ടത്തിൽ പെടുന്നു. കേരള സംഗീതനാടക അക്കാദമിയുടെ ലളിതഗായകനുള്ള അവാർഡ് 1983-ൽ കമുകറയ്ക്ക് ലഭിച്ചു.



## *From the Principal's Desk.....*

*I begin my tenure as the Principal of this Institution in a spirit of humility. I can measure upto my task only on the strength of the collective will, wisdom and effort of the students, the teachers and the administration.*

*The classroom and the curriculam continue to be the vital components of college education. But we need to go beyond. There has been a lull in co-curricular enterprise in the college in recent years. While material handicaps must be overcome, we also need to draw upon the resources that remain untapped.*

*There is greater need for collaborative effect in a democratic spirit. The Students Union, the College Magazine, and the Playgrounds can be the focal points of innovative adventure beyond the academic routine.*

*The healthy association of teachers and students has always been a strength of the College. This cannot be permitted to lapse through disuse. May the Almighty help us to group together in a spirit of common pursuit, so that we grow capable of giving present meaning to the continuing history of this Institution completing its 75th year.*

*I take this opportunity to congratulate the Editor and the members of the Editorial Committe of the College Magazine 1994-'95.*

*Signature*
**Dr. RAJAN VARGHESE**
*PRINCIPAL*

# പത്രാധിപ സമിതി


പ്രൊഫ. സി.ജെ. തോമസ്

ഡോ. രാജൻ വർഗ്ഗീസ്

പ്രൊഫ. എം. മാധവൻ കുട്ടി.

ജിമ്മി ജോസഫ്

സേതുനാഥ്

ഹാരിസ്

അക്ബർ

ഷിജു മാത്യു

ഹരികുമാർ

സ്റ്റുഡന്റ് എഡിറ്റർ

കെ.എം. മുഹമ്മദ് ഗെദ്ദാഫി

സബ് എഡിറ്റേഴ്സ്

സബാസ്റ്റ്യൻ

ബിന്ദുരാജ്

ഷറഫുദ്ദീൻ



# മലയാളപദ്യം

# UNION CABINET



Jacob Cherian
Chairman



Simi Varghese
Vice Chairman



Bruce Lee Kuruvila Thomas
General Secretary



Babu A. R.
University Union Counsillor



Sethunath P.
University Union Counsillor



Mohammed Shiyar
Arts Club Secretary



K. M. Gadhafi
Magazine Editor

# Representatives



Sebastian P. D.
II P G Rep.



Aby Jellas
III D C Rep.



Lakshmanan
II D C Rep.



Shibu Mathew
I D C Rep.

Farideen



Diljith M. N.
I st P D C Rep.

Preethi George



Bias Anna Varghese
Lady Rep.

# മഹാനഗരവും ശില്പകാരികകളും

ബ്രിജേഷ്. ജെ. മാത്യു
I DC Mathematics.



*കണ്ണുതുറന്നതുകൊണ്ടുമാത്രം ആരും ഒന്നും കാണുന്നില്ല; കാഴ്ച കണ്ണിലല്ല ഹൃദയത്തിലാണ്.*
*വെളിച്ചം ഹൃദയത്തിലായിരിക്കണം.*
*നാം സൃഷ്ടിക്കുന്ന അൽപ്പത്തരങ്ങളിൽ വെളിച്ചമില്ല.*
*നമ്മുടെ പിന്നിൽ വെളിച്ചത്തെ നിർത്തി നാം നമ്മുടെ തന്നെ നിഴലിനെ കണ്ടുപേടിച്ചു നിലവിളിക്കുന്നു...*

ഇനിയും പത്തുനിലകൾകൂടി മുകളിലേക്കു പടുത്തുയർത്താൻ ശേഷിയുള്ള അടിത്തറകളുള്ള ആ ആശുപത്രിയുടെ റിസപ്ഷനുമുന്നിൽ തെരുവോരങ്ങളിൽ ചാവാലി നായ്ക്കൾക്കൊത്ത് അലഞ്ഞു നടക്കുന്ന ഹരീന്ദ്രനെന്തിനാ ഒരു നോക്കുകുത്തിയെപ്പോലെ നിൽക്കുന്നത്?

ആറടിയടുത്ത ആ മനുഷ്യക്കോലത്തെ അരയിൽ ചുറ്റിയ അഴുക്കുപുരണ്ട ഒരു ഒറ്റമുണ്ടും അതേ നിറത്തിൽ മുഷിഞ്ഞൊരു ഷർട്ടും അലസമായി വളർന്നു നിൽക്കുന്ന താടിയും ചേർന്നു പൂർണ്ണമായും മറച്ചു. പോർട്ടിക്കോവിലേക്കൊഴുകി വന്നുനിന്ന വിദേശനിർമ്മിത കാറിൽ നിന്നുമിറങ്ങി വന്ന സ്ത്രീ ഹരീന്ദ്രനെ തുറിച്ചു നോക്കി. അവരുടെ മക്കൾ പരസ്പരം എന്തോ കമന്റുകൾ പറഞ്ഞു ചിരിച്ചു. അവരുടെ ഭർത്താവെന്നു തോന്നുന്ന മനുഷ്യന്റെ കണ്ണുകൾ കൂടി ഹരീന്ദ്രനിൽ പതിയുകയും പെട്ടൊന്നൊരതൃപ്തി മുഖത്തു പടരുകയും ചെയ്തുകഴിഞ്ഞപ്പോൾ ആ കുടുംബത്തിന്റെ പ്രധാന ശ്രദ്ധാകേന്ദ്രമായി മാറി ഹരീന്ദ്രൻ. പക്ഷെ തന്നെ തുറിച്ചുനോക്കുന്ന ആ കണ്ണുകളേയോ തന്നെ പരിഹസിച്ചുചിരിക്കുന്ന ആ മുഖങ്ങളേയോ ഹരീന്ദ്രൻ കണ്ടില്ല. അല്ലെങ്കിൽ കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചു.

ഡ്രൈവറിറങ്ങി പിൻസീറ്റിലേക്കു നടന്നതുകൊണ്ടാവണം ഹരീന്ദ്രന്റെ കണ്ണുകൾ ആ ഇരുണ്ട ഗ്ലാസ്സുകളിൽ പതിച്ചത് ഡോറുതുറന്ന് അയാൾ ഒരു വൃദ്ധയെ പിടിച്ചിറക്കിക്കൊണ്ടുവന്നു. നിവർന്നു നിൽക്കാൻപോലും ശേഷിയില്ലാത്തൊരു പ്രാണിയെ. അതു കണ്ടപ്പോഴാവാം ഹരീന്ദ്രന്റെ മുഖത്തൊരു ചിരി പടർന്നു. വല്ലാത്തൊരു സംതൃപ്തിയുണ്ടായിരുന്നു ആ ചിരിക്ക്, ഒരു പരിഹാസത്തിന്റെ ചുവ. ഹരീന്ദ്രന്റെ ചുണ്ടുകളിൽ വിടർന്ന ആ ചിരി യിൽ ചെറുപ്പക്കാരിയായ സ്ത്രീയും ഭർത്താവും ചൂളി. ഹരീന്ദ്രനോടുള്ള ദേഷ്യം അയാൾ തീർത്തത് ആ പാവം ഡ്രൈവറോടായിരുന്നു. "ഒന്നു വേഗം കൊണ്ടുവാടോ".

പലരും ദേഷ്യം വരുമ്പോഴങ്ങിനെയാണ്. ഒരു മുന്നാമനിൽ അതു തീർത്തിരിക്കും. കോപം വിഡ്ഢിത്തത്തിൽ ആരംഭിക്കുകയും പശ്ചാത്താപത്തിൽ അവസാനിക്കുകയും ചെയ്യുന്നുവെന്ന് ഇവരെന്തേ അറിയുന്നില്ല? തൊടുത്തുവിട്ടൊരസ്ത്രം പോലെയാണത് പലർക്കും തിരിച്ചെടുക്കാനാവില്ല. ആ വൃദ്ധ ഒരുപക്ഷെ അവരിലാരുടെയെങ്കിലും അമ്മയാവാം. ആ നിൽക്കുന്ന തടിച്ച മനുഷ്യൻ അവരുടെ മകനാണെങ്കിൽ അവരെന്നും ഒരു തണൽ കൊതിച്ചിട്ടുണ്ടാവില്ലേ? അവനാദ്യമായി കരഞ്ഞ് ഈ ലോകത്ത് ആദ്യ വിജയമാഘോഷിച്ചപ്പോൾ, കൈകു ഞ്ഞ്, ആ അമ്മയുടെ മാറിൽ പറ്റിച്ചേർന്നപ്പോൾ അവരുടെ മനസ്സെത്ര തുടിച്ചിട്ടുണ്ടാവാം. എന്തോ അങ്ങനെ ചിന്തിച്ചെങ്കിലും ഹരീന്ദ്രനതേക്കുറിച്ചൊന്നുമറിയില്ല. എന്തായാലും അവൻ വിവാഹം കഴിച്ചുകൊണ്ടുവരുന്ന പെൺകുട്ടിയിൽനിന്നുമൊരു കൈ സഹായം. അതവരുടെ മകളല്ല എന്നു വിശ്വസിക്കാൻ ഹരീന്ദ്രൻ കിണഞ്ഞു ശ്രമിച്ചു. ഒരു മകളും അമ്മയോടിതു ചെയ്യില്ല. എന്തുകൊണ്ടു ചെയ്തുകൂടാ? ഹരീന്ദ്രന്റെ ഉള്ളിൽ അടുത്ത ചോദ്യമുയർന്നു. അവരകത്തേക്കു പോയിട്ടും ഹരീന്ദ്രൻ ആ നിൽപ്പു തുടർന്നു. നഗരത്തിലേക്കു നോക്കിയുള്ള ഹരീന്ദ്രന്റെ നിൽപ്പ് അധികനേരം തുടരാൻ വെള്ളരിപ്രാവുപോലെ വന്ന ചെറുപ്പക്കാരി നേഴ്സ് സമ്മതിച്ചില്ല.

"അമ്മാവാ ഇവിടെ ഇപ്പോൾ രക്തത്തിന്റെ ആവശ്യമില്ല. അമ്മാവന്റെ ഗ്രൂപ്പിൽപ്പെട്ട രക്തം ഇവിടെ ആവശ്യത്തിലധികമുണ്ട്. ഇനിയും അധികമായാൽ സൂക്ഷിക്കാനുള്ള സൗകര്യം ഞങ്ങൾക്കില്ല".

ഭവ്യത കൈവിടാതെ അവൾ ഹരീന്ദ്രന്റെ സമീപത്തെത്തി പറഞ്ഞു.

അല്ലെങ്കിൽ തന്നെ രക്തം ഇപ്പോൾ ആർക്കു വേണം? ഈ മഹാനഗരത്തിന്റെ ഓടകളിൽപോലും ഇന്നൊഴുകുന്നതു രക്തമാണ്. മൂളിപ്പായുന്ന യന്ത്രങ്ങളുടെ ചക്രങ്ങൾ എന്തുമാത്രം രക്തത്തെ ഈ മഹാനഗരത്തിൽനിന്നും മാച്ച് കളഞ്ഞിട്ടുണ്ടാവാം.

രണ്ടുമാസം മുമ്പാണ് ഹരീന്ദ്രൻ ഈ ആശുപത്രിയിലെത്തുന്നത്. തെരുവിൽകൂടി ലക്ഷ്യമില്ലാതെയുള്ള അലച്ചിലിൽ ഒരപകടത്തിനു ദൃക്സാക്ഷ്യം വഹിച്ചു. ഹരീന്ദ്രൻ വണ്ടിയിടിച്ചയാളെ ഒന്നു കാണാൻ വേണ്ടി ആശുപത്രിയിൽ തടിച്ചുകൂടിയ ഒരുകൂട്ടം ജനങ്ങൾക്കിടയിൽ ഒരു സാധാരണക്കാരനെപ്പോലെ. അന്നുപക്ഷെ അൽപ്പനേരത്തേക്കെങ്കിലും ഒരസാധാരണക്കാരനാവാൻ ഹരീന്ദ്രനു കഴിഞ്ഞു, തന്റെ രക്തം അപകടം സംഭവിച്ചയാളുടെ സിരകളിലൂടെയൊഴുകിയപ്പോൾ, പക്ഷെ ഹരീന്ദ്രനു ലഭിച്ചത് ആ അസാധാരണത്വവും തുച്ഛമായ ഇരുപത്തിയഞ്ചുരൂപയുമായി തന്നു. അന്നത്തെ നിവൃത്തികേടുകൊണ്ടാണു ഹരീന്ദ്രനതു വാങ്ങിയത്. അതുകൊണ്ടു വിശപ്പടക്കി വയറു നിറഞ്ഞപ്പോൾ തന്റെ രക്തത്തിനു വിലപേശിയ ആശുപത്രി അധികൃതരോടു വെറുപ്പ്, കോപം പിന്നീടതു സംഘർഷമായി മാറി വല്ലാത്തൊരു മാനസിക പിരിമുറുക്കം

അതിന്റെ പരിഹാരഫലമായിരുന്നു ഹരീന്ദ്രൻ ഇവിടെ നിത്യസന്ദർശകനായത്. തനിക്കെഴുന്നേറ്റു സാധാരണയിലും വേഗത്തിൽ നടക്കാൻ കഴിഞ്ഞാൽ, ഹരീന്ദ്രൻ ആശുപത്രിയിലെത്തും. തന്റെ രക്തം വിൽക്കും. ആദ്യമൊക്കെ കിട്ടുന്ന തുച്ഛമായ കാശിന് ഹരീന്ദ്രൻ നല്ല ഭക്ഷണം വാങ്ങി കഴിക്കുമായിരുന്നു. ഒപ്പം കുറെ ചീരയും ബീറ്റ്റൂട്ടുമെല്ലാം രക്തം കൂടുതലുണ്ടാവാൻ. രണ്ടുദിവസം നന്നായി വിശ്രമിക്കും. വീണ്ടും ആശുപത്രിയിലെത്തും.

രക്തത്തിനു മൂല്യം കുറഞ്ഞതോടെ വരവ് ദിനംപ്രതിയായി. ശരീരത്തിന് എഴുന്നേറ്റു നടക്കാൻ ശേഷിയുള്ള ഒരവസ്ഥവരെ ഹരീന്ദ്രൻ രക്തമൂറ്റി വിൽക്കും. അങ്ങനെ രണ്ടു മൂന്നാഴ്ചകൾ കൊണ്ടു ഹരീന്ദ്രൻ ഒരു ചോരാട്ടാ ഫാക്ടറിയായി വളർന്നു. തന്റെ സിരകളിലോടുന്ന രക്തത്തിൽ തന്റെ ആദർശവും, യുക്തിയും കലർന്നിട്ടുണ്ട് എന്നു ഹരീന്ദ്രൻ ഉറച്ചു വിശ്വസിച്ചു. ആ ആദർശങ്ങളും യുക്തിയുമാണ് ഹരീന്ദ്രൻ ഊറ്റി വിൽക്കുന്നത്. അതിലൂടെ തനിക്കു നഷ്ടപ്പെട്ട അദ്ധ്യാപനമെന്ന തൊഴിലിന്റെ ഉന്മാദം മറ്റൊരുതരത്തിൽ ആസ്വദിക്കുകയായിരുന്നു ഹരീന്ദ്രൻ എന്നുവേണം കരുതാൻ. പക്ഷെ ഇന്ന് ഹരീന്ദ്രൻ എന്ന ഫാക്ടറിയുടെ പ്രധാന ഉല്പാദനവസ്തുവിനും മൂല്യമിടിഞ്ഞിരിക്കുന്നു.

ചെറുപ്പക്കാരിയായ നേഴ്സ് ഒരഞ്ചുരൂപ ഹരീന്ദ്രന്റെ കയ്യിൽ തിരുകി. അത്ഭുതത്തോടെ ഹരീന്ദ്രന്റെ കണ്ണുകൾ അവളുടെ മുഖത്തു പതിച്ചു. " ഭിക്ഷയാണ് അല്ലേ"?

നേഴ്സ് ഒന്നും മിണ്ടിയില്ല.

"സഹതാപം തോന്നിയിട്ടോ, വേഗം ഒഴിച്ചു വിടാനോ? എന്തായാലും വാങ്ങും. അതു നിവൃത്തികേടുകൊണ്ടാണെന്നറിയണം".

ആ അഞ്ചുരൂപയും വാങ്ങി ഹരീന്ദ്രൻ ആ പൊരിഞ്ഞവെയിലത്ത് നഗരത്തിലുയർന്നു നിൽക്കുന്ന കോൺക്രീറ്റ് അസ്ഥികൂടങ്ങൾക്കിടയിലൂടെയും, നിരത്തിലൊഴുകുന്ന യന്ത്രങ്ങൾക്കിടയിലൂടെയും അടുത്ത ആശുപത്രി ലക്ഷ്യമാക്കി നീങ്ങി. യന്ത്രങ്ങളിൽ നിന്നും വമിച്ച കറുത്തപുക പലതവണ ഹരീന്ദ്രനെ ഇരുട്ടിലാക്കി.

ഹരീന്ദ്രന്റെ ഭൂതകാലത്തിലേക്കു നമുക്കൊന്നെത്തിനോക്കാം.

ഹരീന്ദ്രൻ ജനിച്ചതെവിടെയെന്നു നമുക്കറിയില്ല. പത്തിരുപത്തഞ്ച് വർഷം മുമ്പാണ് ഹരീന്ദ്രൻ ഈ നഗരത്തിലെത്തുന്നത്. ഏതോ ഗ്രാമത്തിന്റെ വിശുദ്ധിയോടെ ഈ കോൺക്രീറ്റ് അസ്ഥികൂടങ്ങൾക്കിടയിലെത്തിയത് ഉന്നതപഠനത്തിനായാണ്. ആറടിയോളം ഉയരംവരും ഹരീന്ദ്രന്, അതിനൊത്ത വണ്ണവും. നീണ്ടമുഖം, മുഖത്തു കണ്ണട. എപ്പോഴും വൃത്തിയായി വസ്ത്രം ധരിച്ചിരുന്നത് ഹരീന്ദ്രന്റെ ഏറെ നല്ല ഗുണങ്ങളിൽ പ്രഥമദൃഷ്ട്യാ മനസ്സിലാക്കാൻ കഴിയുന്ന സംഗതിയാണ്. ആ കാലഘട്ടം ഹരീന്ദ്രൻ തരണം ചെയ്തത് പലരെയും അത്ഭുതപ്പെടുത്തി.

ഹരീന്ദ്രനെന്നും യാതനകൾ അനുഭവിക്കുന്നവരെ സഹായിക്കാനൊരു മനസ്സുണ്ടായിരുന്നു. അവരോടു സഹതാപമുണ്ടായിരുന്നു. പക്ഷെ ഹരീന്ദ്രനൊരിക്കലും തന്റെ തലച്ചോറിനെ ഉപരിപ്ലവത്തിനടിയറവെച്ചില്ല. കാരണം ഹരീന്ദ്രന്റെ പഠനകാലത്ത് നടന്ന വിപ്ലവങ്ങളൊന്നും തന്നെ ഇല്ലായ്മയിൽ നിന്നാരംഭിച്ച വിപ്ലവങ്ങളായിരുന്നില്ല. ഉടുക്കാൻ തുണിയും, കഴിക്കാൻ ഭക്ഷണവുമില്ലാത്തവന്റെ വിപ്ലവമായിരുന്നില്ല. ശത്രുക്കളെ ഉന്മൂലനം ചെയ്യാൻ മാത്രമായി ഒരു പ്രസ്ഥാനം. എന്നുവച്ചു ദിനംപ്രതി മുഖംമാറുന്ന രാഷ്ട്രീയത്തിലും ബലിയാടായില്ല. തന്റെ മസ്തിഷ്കത്തെ ലഹരികൾക്കു വിറ്റില്ല. ഹരിഹരന്റെയും, ജഗ്ജീത് സിംഗിന്റെയും, ഗുലാം അലിയുടെയുമൊക്കെ ഗസലുകളായിരുന്നു ഹരീന്ദ്രനെ നാമമാത്രമെങ്കിലും ഭരിച്ചിരുന്ന ബാഹ്യശക്തികൾ. അതുകൊണ്ടുതന്നെയാവാം ബാക്കി സഹപാഠികൾ നൈറ്റ് ക്ലബ്ബുകളിലും, പാർക്കുകളിലും, തിയറ്ററുകളിലും, ബാറുകളിലും തങ്ങളുടെ സന്ധ്യകളെ ക്രൂശിച്ചപ്പോൾ ഹരീന്ദ്രൻ നഗരത്തിലെ ചാളകളിലെ വേശ്യാത്തെരുവുകളിൽ തന്റെ സായാഹ്നങ്ങളെ കുരുതി കഴിച്ചത്.

അർദ്ധനഗ്നങ്ങളായ മാറിടങ്ങളോ, കടകണ്ണുകളോ അല്ല ഹരീന്ദ്രനെ ആ തെരുവുകളിലെത്തിച്ചത്. ശുദ്ധമായ ഗസലുകളായിരുന്നു. അവ തേടിയലഞ്ഞ ഹരീന്ദ്രൻ അവയുടെ ആത്മാവു കണ്ടെത്തിയത്. ഈ തെരുവുകളിലാണ്. ഒരിക്കൽപോലും ഇരുന്നൂറും, മുന്നൂറും രൂപാ ടിക്കറ്റുകൾ വെച്ചുനടത്തുന്ന ഗസൽ പരിപാടികൾക്കോ, പഞ്ചനക്ഷത്ര ഹോട്ടലിലെ ഗസൽ നിശകളിലോ ആസ്വാദകനായി എത്തിയിരുന്നില്ല.

"തങ്ങൾക്കു കിട്ടുന്ന മൂല്യങ്ങളെ പ്രീതിപ്പെടുത്താനാ അവിടെ ഗസലുകൾ പാടുന്നത്, പിന്നെ അല്പം പ്രശസ്തിക്കും. അവ ചീത്തയാണെന്നു ഞാൻ പറയില്ല. അതിലേറെ ഹൃദയത്തിൽ തറയ്ക്കുന്നത് അഗാധനിരാശയിൽ നിന്നോ, ഗതികേടിൽനി

ന്നോ, തങ്ങളുടെ വിധിവൈപരീത്യത്തെ ഓർത്തു
കേഴുന്ന ഈ തെരുവിലെ ഗായകരുടെ ഗസലുക
ളാണ്. അവയ്ക്ക് ജീവിതത്തിന്റെ ഗന്ധമുണ്ട്. പി
ന്നെ നിങ്ങൾക്കു യോജിക്കാൻ കഴിയാത്തത് ഈ
തെരുവിനെക്കുറിച്ചും ഇവിടുത്തെ അശ്ലീല നൃത്ത
ത്തെക്കുറിച്ചുമാണ്. ഗസലുകൾ എനിക്കുന്മാദമാണ്.
അതിനെ മുക്കിത്താഴ്ത്താൻ ഒരു ലഹരിക്കുമാവി
ല്ല. 'പെണ്ണ്' അല്ല ഹരീന്ദ്രന്റെ ഏറ്റവും വീര്യംകൂടി
യ ലഹരി. ജീവിതമാണ്. ജീവിതത്തിനാണ് ഏറ്റവും
ലഹരി. പിന്നെ ആധിപത്യം, അധികാരം അതും ക
ഴിഞ്ഞേ വരൂ മറ്റു ലഹരികളൊക്കെ."

തന്റെ സഹപാഠിയായ മൈസൂറുകാരി പ
ല്ലവി മാഥുറിന് തന്റെ ഈ സന്ധ്യാസന്ദർശനത്തി
നു വിശദീകരണം നൽകുകയായിരുന്നു ഹരീന്ദ്രൻ.
ഹരീന്ദ്രന്റേതായ ആദർശങ്ങളും യുക്തിവാദങ്ങളു
മെല്ലാം അയാൾക്കുണ്ടായിരുന്നു. തനിക്കുമാത്രം
നടപ്പിലാക്കാൻ കഴിയും എന്നയാൾ ഉറച്ചു വിശ്വ
സിച്ചിരുന്ന ആദർശങ്ങൾ.

രസതന്ത്രത്തിലെ സൂത്രവാക്യങ്ങളും, ലവ
ണങ്ങളുടെ സ്വഭാവവും കാർബൺ എന്ന ഒറ്റയാ
ന്റെ സവിശേഷതകളും അരച്ചു കലക്കി കുടിക്കു
ന്നതിനിടെ ഹരീന്ദ്രൻ മറന്നുപോയത് സൗഹൃദങ്ങ
ളായിരുന്നു. അതുമൂലം തന്നെ എന്നും തിരക്കിൽ
നിന്നൊഴിഞ്ഞു നിന്നിരുന്ന ഹരീന്ദ്രന്റെ കോളേജ്
ജീവിതത്തിന്റെ ആദ്യ കാൽഭാഗം തീരെ വർണ്ണാ
ഭമായിരുന്നില്ല. തിളക്കമാർന്നനിലയിൽ ബിരുദം
നേടിയിട്ടും ഹരീന്ദ്രൻ ബിരുദാനന്തരബിരുദത്തിന്
ചേർന്നില്ല. ഇതിനിടെ രണ്ടാംവർഷം മുതൽ ഹരീ
ന്ദ്രൻ തപാൽവഴി പഠനം ആരംഭിച്ചു. ചരിത്രത്തി
നുവേണ്ടി തന്റെ അടുത്തവർഷം ഉഴിഞ്ഞുവച്ചു. ഒ
രു വർഷത്തിനുശേഷം ചരിത്രത്തിൽ ബിരുദാനന്ത
ര ബിരുദത്തിനായി ഹരീന്ദ്രൻ വീണ്ടും ഈ കോ
ളേജിലെത്തി. ഹരീന്ദ്രന്റെ കോളേജ് ജീവിതത്തിന്റെ
ആദ്യപകുതി അവസാനിക്കുന്നത് രണ്ടുവർഷത്തി
നുശേഷം ചരിത്രത്തിൽ ബിരുദാനന്തര ബിരുദവും,
രസതന്ത്രത്തിൽ ബിരുദവും സമ്പാദിച്ച് ഈ പടിക
ളിറങ്ങുമ്പോഴാണ്.

ഹരീന്ദ്രനിപ്പോൾ മിഷൻ ഹോസ്പിറ്റലിന്റെ
മുന്നിലെത്തിക്കഴിഞ്ഞു. ആശുപത്രിക്കു മുന്നിൽ
തോക്കേന്തി നിന്ന സെക്യൂരിറ്റി കയർത്തതുകൊ
ണ്ടാവണം അൽപ്പനേരമെടുത്തു മതിൽക്കെട്ടിനക
ത്തു കടക്കാൻ.

മണിക്കൂറുകൾക്കു ശേഷം തിരികെയിറങ്ങി
വരുന്ന ഹരീന്ദ്രനെ നോക്കൂ മുഖത്തൽപ്പം പ്രസാ
ദമില്ലെ? ക്ഷീണത്തിനപ്പുറം ഒരു നേർത്ത പുഞ്ചിരി
ഗേറ്റുകടന്നുവന്ന ഹരീന്ദ്രൻ തന്റെ കയ്യിലിരുന്ന പ
ത്തുരൂപാ നോട്ട് തന്റെ നാസികയോടടുപ്പിച്ച് ഒരു
ദീർഘനിശ്വാസമെടുത്ത് ആ പത്തുരൂപാ നോട്ടിന്റെ
ഗന്ധം അല്പനേരം ഉള്ളിൽ നിർത്തി ആശ്വാസ
ത്തോടെ അയാൾ റോഡരികിൽനിന്നു. വർഷ
ങ്ങൾക്കു മുമ്പ് തന്റെ ഭാര്യ സുഖമില്ലാതെ ആശു
പത്രിയിൽ ഒരു ശസ്ത്രക്രിയയ്ക്കു വിധേയയാകേ
ണ്ടിവന്നൊരവസരത്തെ കുറിച്ചോർക്കുകയായിരു
ന്നു ഹരീന്ദ്രനപ്പോൾ. അന്നീ നഗരത്തിലൂടെ ഒരു
കുപ്പി രക്തത്തിനുവേണ്ടി താൻ നെട്ടോട്ടമോടി. അ
ന്നൊരുകുപ്പി രക്തത്തിന് ഇരുന്നൂറും മുന്നൂറും രൂ
പ വിലയുണ്ടായിരുന്നു. വീണ്ടും വീണ്ടും ആ പ
ത്തുരൂപാ നോട്ടിൽ തന്നെ ദൃഷ്ടിയുറപ്പിച്ചു നിൽക്കു
മ്പോൾ ഹരീന്ദ്രൻ ചിന്തിച്ചത് ആ മൂല്യശോഷണ
ത്തെ കുറിച്ചായിരിക്കണം. എന്നിട്ടും ഹരീന്ദ്രനു
വിഷമം തോന്നിയില്ല. തന്റെ രക്തം മൂലം പിടഞ്ഞു
തീരാൻ പോകുന്ന എത്ര ആത്മാക്കളാവും പു
നർജ്ജനിക്കുക അവയിലൂടെ, ആ തലമുറയിലൂടെ
അവരുടെ മക്കളുടെ, മക്കളുടെ, മക്കളുടെ സിരക
ളിലൂടെ തന്റെ രക്തമൊഴുകും, തന്റെ ആദർശങ്ങൾ
കലക്കിയ രക്തം. അവരൊന്നാകെ ഉയർത്തെഴു
ന്നേൽക്കും ഈ നഗരം കാൽക്കീഴിലാക്കാൻ തന്റെ
ആദർശങ്ങൾ അവരെ ഭരിക്കും. അങ്ങനെ സുന്ദര
മായ ഈ നഗരത്തിൽ ഐശ്വര്യം വിളയാടും. സി
മന്റും, കമ്പിയും, പെയിന്റും, വെള്ളപൂശിയ അംബര
മാടങ്ങളും മൂലമുള്ള ഐശ്വര്യമല്ല. മാനുഷികത
യുടെ, ക്ഷേമത്തിന്റെ അങ്ങനെ.. അങ്ങനെ... ഹരീ
ന്ദ്രന്റെ അടുത്തലക്ഷ്യം നമുക്കറിയില്ല. നഗരത്തി
ന്റെ തിരക്കിൽനിന്നും മാറി ഏതെങ്കിലും നാലാം
ക്ലാസ്സ് ഹോട്ടലിലേക്കായിരിക്കും.

ഹരീന്ദ്രന്റെ കോളേജ്ദിനങ്ങളുടെ രണ്ടാം
പകുതി ആരംഭിക്കുന്നത് പഠനം കഴിഞ്ഞ് രണ്ടു
വർഷങ്ങൾക്കു ശേഷമാണ്. തന്റെ മുപ്പതാം വയ
സ്സിൽ. ആ ഇടവേളയിൽ ഹരീന്ദ്രൻ എന്തുചെയ്തു
എന്നത് നമുക്കജ്ഞാതം. ഒരു ചെറിയ രൂപപരിണാ
മത്തോടെയാണ് ഹരീന്ദ്രൻ വീണ്ടും കോളേജിലെ
ത്തുന്നത്. അന്നു പഠിക്കാനാണു വന്നതെങ്കിൽ ഇ
ന്നു പഠിപ്പിക്കാനാണദ്ദേഹം എത്തിയിരിക്കുന്നത്.
ഹരീന്ദ്രവർമ്മ എന്ന തന്റെ പൂർണ്ണനാമധേയം
നൽകുന്ന ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ടുത
ന്നെ. ജോലിയിൽ പ്രവേശിച്ചു രണ്ടുവർഷത്തിനു
ള്ളിൽ ഹരീന്ദ്രൻ വിവാഹിതനായി. തെരുവിൽനി
ന്നും കൈപിടിച്ചുകൊണ്ടുവന്ന അന്നത്തിനുപോ
ലും വകയില്ലാത്തൊരു പാട്ടുകാരി പെണ്ണിനെ ഭാരി

സ്റ്റർ വിവാഹം ചെയ്ത് പാരമ്പര്യവും, ആഢ്യത്വവും പ്രസംഗിക്കുന്ന മറ്റു പ്രൊഫസർമാർക്കിടയിൽ ഒറ്റയാനായി നിന്നു.

ഹരീന്ദ്രന്റെ ചൂടൻ ക്ലാസ്സുകളും വ്യത്യസ്തമായ ഈ വിവാഹവും ഹരീന്ദ്രനെ വിദ്യാർത്ഥികളിലേക്കടുപ്പിച്ചു. പിന്നെയാണ് ഹരീന്ദ്രന്റെ കോളേജ് ജീവിതം വർണ്ണാങ്കിതമാവുന്നത്. എന്തു പ്രശ്നത്തിലും ഹരീന്ദ്രൻ വിദ്യാർത്ഥകളോടൊത്തുനിന്നു. അവരുടെ ആവശ്യങ്ങളറിഞ്ഞു ന്യായമെന്നു തോന്നിയപ്പോഴൊക്കെ അവരോടു ചേർന്നുനിന്നു പൊരുതി. അവരുടെ സ്വപ്നഹൃദയങ്ങളിൽ പാഞ്ചജന്യത്തിന്റെ മാറ്റൊലികളുണ്ടാക്കി പ്രതീക്ഷയുടെ കനകാങ്കുരങ്ങൾ വിളയിപ്പിച്ചു. അങ്ങനെ കർമ്മ തേജസിന്റെ സൂര്യമുഖമായി മാറുകയായിരുന്നു ഹരീന്ദ്രൻ. സത്യത്തിൽ ആ വഴി വിമുഖതയും, താൻ എന്നും തേച്ചുമിനുക്കി ചെത്തി ചിന്തേരിട്ട തന്റെ ആദർശങ്ങളും, മിഥ്യാധാരണകളും മൂലം നഷ്ടപ്പെട്ട തന്റെ കോളേജ് ദിനങ്ങളുടെ വർണ്ണങ്ങളാസ്വദിക്കുകയായിരുന്നിരിക്കണം ഹരീന്ദ്രൻ.

"ചെറുപ്പമാണു ഹരീന്ദ്രനെ വിദ്യാർത്ഥികളിലേക്കടുപ്പിക്കുന്നത്. കാലം ഹരീന്ദ്രനെ അത്‌ലറ്റിക് സ്റ്റേഡിയങ്ങളിൽനിന്നും സ്റ്റാഫ് റൂമിലെത്തിക്കും".

അപൂർവ്വമായി മാത്രം സ്റ്റാഫ് റൂം ഉപയോഗിക്കാറുണ്ടായിരുന്ന ഹരീന്ദ്രന്റെ ഈ സ്വഭാവത്തോട് പ്രതികരിക്കുകയായിരുന്നു ശുഭാപ്തിവിശ്വാസിയും തനി ഗാന്ധിയനുമായ പ്രധാനാദ്ധ്യാപകൻ. ശരിയാണ് ഹരീന്ദ്രൻ സ്റ്റാഫ് റൂം ഉപയോഗിക്കുന്നത് തനിക്ക് ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ മാത്രമാണ്. അല്ലെങ്കിൽ ക്ലാസ്സിൽ കയറാതെ അത്‌ലറ്റിക് സ്റ്റേഡിയത്തിലും, കാമ്പസ്സിലെ തണൽ മരങ്ങൾക്കു കീഴെയും സമയം ക്രൂശിക്കുന്ന വിദ്യാർത്ഥികളോടൊത്തു കാണും. അവരെയാരെയും നിർബ്ബന്ധിച്ച് ഹരീന്ദ്രൻ ക്ലാസ്സിലേക്കയയ്ക്കാറില്ല. ഒരു തരത്തിൽ തന്റെ അദ്ധ്യയനജീവിതത്തിൽ ഒരിക്കൽ പോലും കാരണങ്ങളില്ലാതെ ക്ലാസ്സിൽ കയറാതിരുന്ന ഹരീന്ദ്രൻ ഈ സ്റ്റാഫ്റൂമിൽ നിന്നിറങ്ങി നടക്കുന്നതിലൂടെ ആ സുഖം അനുഭവിക്കുന്നുണ്ടോ? ഉണ്ടാവാം.

വർഷങ്ങൾക്കുശേഷം തന്റെ മകളെയും കൂട്ടി സ്കൂളിലെത്തിയ ഹരീന്ദ്രന്റെ ദാമ്പത്യത്തെ കുറിച്ചും നമുക്കൊന്നുമറിയില്ല. ഹരീന്ദ്രനൊരു പെൺകുട്ടി ജനിച്ചു എന്നുമാത്രമേ നമുക്കറിയൂ.

"നിങ്ങളെ സംബന്ധിച്ചിടത്തോളം അവർ വെറും ഉഴപ്പരാണ്. ഉഴപ്പരെന്നു നിങ്ങളും അവരുടെ മാതാപിതാക്കളും മുദ്രകുത്തപ്പെട്ടവർ. ആർക്കും വേണ്ടാത്ത ജന്മങ്ങളെപ്പോലെ. അതവരെ ഭയപ്പെടുത്തുന്നില്ല, അത്ഭുതപ്പെടുത്തുന്നില്ല. കാരണം അവരിന്നു ബോധവാൻമാരാണ്, തങ്ങളുടെ പ്രായത്തിലുള്ള ഏതൊരാൺകുട്ടിക്കും ഈ കാലഘട്ടത്തിൽ വെറുപ്പും അവഗണനയും മാത്രമേ ലഭിക്കുകയുള്ളുവെന്ന്".

"മി. ഹരീന്ദ്രൻ, നിങ്ങളെന്തു ന്യായീകരിച്ചാലും കുട്ടികളുമായി ഇങ്ങനെ കൂത്താടി നടന്നാൽ അതവരുടെ ഭാവിയെ ബാധിക്കും, നിങ്ങൾ അമിത സ്വാതന്ത്ര്യമാണ് നൽകുന്നത്. നിങ്ങൾ മൂലമാണ് അവർ ക്ലാസ്സുകളിൽ കയറാത്തത്. നിങ്ങളുടെ ലക്ചറുകൾക്ക് എല്ലാവരുമെത്താറുണ്ടല്ലേ. അതു കഴിഞ്ഞാൽ ഗ്രൗണ്ടുകളിൽ നിങ്ങൾ നടത്തുന്ന പ്രഭാഷണങ്ങളായി, ചർച്ചകളായി".

ഡിസിൽവ എന്ന ധനശാസ്ത്ര അദ്ധ്യാപകന്റെ വാക്കുകൾക്കു കുറ്റപ്പെടുത്തലിന്റെ നിറമായിരുന്നു കൂടുതൽ. കോപം വന്നെങ്കിലും ഹരീന്ദ്രൻ അതിനോടു പ്രതികരിച്ചില്ല. കുലീനർക്കു കോപം വന്നാൽ അതവരുടെ സമചിത്തതയെ ബാധിക്കുന്നില്ല. സമുദ്രത്തിൽ തീ കത്തിച്ചാൽ വെള്ളം ചൂടാകാത്ത പോലെ.

"എന്നെക്കാളേറെ അനുഭവവും വിവരവുമുള്ളവരാണു നിങ്ങളിലേറെയും. നിങ്ങളിവിടുത്തെ വിദ്യാർഥികൾക്കു നൽകുന്നത് 'ബുദ്ധി'യാണ്. ബുദ്ധി കുത്തിവെയ്ക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഒരു വ്യക്തിക്ക് മറ്റൊരാൾക്ക് വിവേകം പകരാനാവും, വിവരങ്ങൾ നൽകാനാവും. പക്ഷെ അവരിൽ ബുദ്ധി കുത്തിവെയ്ക്കുന്നതിന് പരിധികളുണ്ട്. നിങ്ങൾ ചെയ്യുന്നത് അതുമാത്രമാണ്. അറിവിന്റെ ഉപഭോഗം അജ്ഞതയുടെ ആഴത്തെ ആശ്രയിച്ചിരിക്കുന്നുവെന്നു എന്തേ നിങ്ങളറിയുന്നില്ല. സമ്പത്തിന്റെ പ്രാധാന്യം ദാരിദ്ര്യത്തിന്റെ ശക്തിയെയും അധികാരത്തിന്റെ വിനിയോഗം അതില്ലാത്തവരുടെ എണ്ണത്തെയും ആശ്രയിച്ചാണിരിക്കുന്നത്. ഞാൻ ചെയ്യുന്നത് അവരെ ലോകം കാണിച്ചുകൊടുത്തിട്ട് അവരുടെ കഴിവിനനുസരിച്ച് ഒരു തട്ടകം തീർത്തുകൊടുക്കുക മാത്രമാണ്. കാരണം ബുദ്ധി കുത്തിവെയ്ക്കാൻ എനിക്കറിയില്ല തന്നെ".

മറ്റൊരു മറുപടിക്കും ഹരീന്ദ്രൻ കാത്തില്ല. ആരെയും ശ്രദ്ധിക്കാതെ ഹരീന്ദ്രൻ പുറത്തേക്കിറങ്ങി. ഹരീന്ദ്രന്റെ പഠനകാലത്ത് ഇങ്ങനെയൊരദ്ധ്യാപകനെ ഹരീന്ദ്രൻ പ്രതീക്ഷിച്ചിരിക്കണം, കൊതിച്ചിട്ടുണ്ടാകണം.

സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയങ്ങളാണ് ഹരീന്ദ്രന്റെ ജീവിതത്തിന്റെ ഗതി തിരിച്ചത്. വികലമായ നയങ്ങളെന്നു തോന്നിയതുകൊണ്ടാവണം ഹരീന്ദ്രൻ അവയ്ക്കെതിരെ ശക്തമായി പ്രതികരിച്ചു. രാഷ്ട്രീയ സംഘടനകളുടെ പിന്തുണയില്ലാതെ തന്നെ. ഹരീന്ദ്രന്റെ കോളേജ് വിദ്യാർത്ഥികൾ മാത്രമല്ല ഈ മഹാനഗരത്തിലെ വിദ്യാർഥികൾ മുഴുവൻ ഈ നിരത്തിൽ അണിനിരന്ന അക്ഷൗഹിണിയിൽ അംഗങ്ങളായി.

"ഞാൻ ജീവിക്കുന്ന ഈ സമൂഹത്തോടെനിക്കൊരു കടപ്പാടുണ്ട്. ഞാൻ പഠിപ്പിക്കുന്ന വിഷയങ്ങളോടും, മൂല്യങ്ങളോടും, ആദർശങ്ങളോടും എനിക്കൊരു പ്രതിബദ്ധതയുണ്ട്. അതിലുപരി എന്റെ വിദ്യാർഥികളോടു സ്നേഹവും. അതാണീ സമരത്തെക്കുറിച്ച് എന്റെ വിശദീകരണം".

വിദ്യാർഥികളോട് ചേർന്നുനിന്നു സമരയം ചെയ്തതിന് ഹരീന്ദ്രൻ നൽകിയ വിശദീകരണമാണിത്. കോളേജിൽ നിന്നുകിട്ടിയ സസ്പെൻഷന്റെ പിൻബലത്തോടെയാണ് ഹരീന്ദ്രൻ പിന്നീടു സമരം ചെയ്തത്. അതോടെ ഹരീന്ദ്രൻ വിദ്യാർത്ഥികളിലേക്കു വളരെ ആഴത്തിലിറങ്ങിവന്നു. സമരങ്ങളും, പ്രതിഷേധ പ്രകടനങ്ങളും വരെയെത്തി കാര്യങ്ങൾ.

സമാധാനപരമായ ഒരു പ്രകടനമായിരുന്നു ഹരീന്ദ്രന്റെ ലക്ഷ്യം. അപ്രതീക്ഷിതമായാണ് കലാപം പൊട്ടിപ്പുറപ്പെട്ടത്. കലാപങ്ങൾ ആരുടെയും കൈപ്പിടികളിലൊതുങ്ങുന്നില്ല, അവ സ്വയം ദിശ തിരഞ്ഞെടുക്കുകയാണ്. ചില കലാപങ്ങൾ അതുണ്ടാവാൻ കാരണക്കാരായവരെ വേദനിപ്പിക്കാതെ കടന്നുപോകും. ചിലപ്പോൾ ഇരുകൂട്ടർക്കും ക്ഷീണം സംഭവിക്കും. കലാപത്തിന്റെ മൂർത്തീഭാവമറിഞ്ഞത് ഈ നഗരത്തിന്റെ ഓടകളിലാണ്. അവയിലൂടെ മനുഷ്യരക്തം കവിഞ്ഞൊഴുകിയപ്പോൾ ഏറെ ശവശരീരങ്ങൾ ഈ നഗരത്തിന്റെ പലകോണുകളിൽ വീണടിഞ്ഞു.

സമരം തോറ്റോ ജയിച്ചോ എന്നത് അപ്രസക്തമാണ്. കാരണം ഇതൊരു രാഷ്ട്രീയ വടംവലിയാണ്. ഇവിടെ ആരും തോൽക്കാറില്ല ജയിക്കാറുമില്ല. തോൽവി ഉറപ്പായാൽ രണ്ടും കല്പിച്ചു കളിക്കുന്നു. തോൽവി ഒഴിവാക്കുക മാത്രമാണ് അവരുടെ ലക്ഷ്യം ജയം ഉറപ്പാക്കുന്നവനാണു ജയിക്കണമെന്ന് വാശിയുണ്ടാവുന്നത്. ഉറപ്പിച്ച് ഒരു കാലടി മുന്നോട്ടുവയ്ക്കാനുള്ള ധൈര്യം ഒരു സംഘടനകൾക്കുമില്ല. എല്ലാവർക്കും ചക്രവാളങ്ങളോളം ദൂരമുള്ള പ്രതീക്ഷകളേയുള്ളൂ, മധുരമായ വായ്ത്താരികളും. വിദ്യാർഥികളെ തല്ലിച്ചതച്ച ഒരു നിയമപാലകന്റെ മരണത്തിനുത്തരവാദിയായി നീണ്ട പതി നാലുവർഷം ഹരീന്ദ്രൻ ജയിലിലടയ്ക്കപ്പെട്ടു. തലച്ചോറിനെക്കാളുപരി തലകളുടെ എണ്ണത്തിനുമാത്രം പ്രാധാന്യമുള്ള ഈ ജനക്കൂട്ടത്തിനു സ്വയം മാറാനും മാറ്റപ്പെടാനും ആ പതിനാലുവർഷം ധാരാളം മതിയായിരുന്നു.

നോക്കൂ ഹരീന്ദ്രനിപ്പോൾ എം.ജി. റോഡിനു മുന്നിലെത്തി. നാലുകൂടുന്ന വഴിക്കു നടുവിൽ ഒറ്റമുണ്ടു ധരിച്ച് വടിയും കുത്തിപ്പിടിച്ച് വേഗത്തിൽ നടക്കുന്ന ആ മഹാമനുഷ്യന്റെ ഒരു ചുവടിന്റെ ശില്പത്തിനുതാഴെ. എന്നിട്ടു ഹരീന്ദ്രൻ മഹാനഗരത്തെ നോക്കി ഒന്നുചിരിച്ചു. വിളറിയ ചിരി നഗരത്തിലെ ഇരുട്ടിനെ ശപിച്ചു. മഹാനഗരത്തിലെ വഴിവിളക്കുകൾ ആ ചിരിക്കു മുന്നിൽ നാണംകെട്ടു. മഹാനഗരത്തിൽ അങ്ങിങ്ങായി മെർക്കുറി വെളിച്ചം മാത്രം കാണാമെന്നായി. പാർക്കിനു മുന്നിലുള്ള ഒരു ബഞ്ചാണ് ഹരീന്ദ്രന്റെ ലക്ഷ്യം. തന്റെ രണ്ടാഴ്ചയായുള്ള കിടപ്പാടം. യാചക നിരോധിത മേഖലയാണെന്നു പറഞ്ഞിട്ടൊന്നും കാര്യമില്ല. ചിലപ്പോൾ രാത്രി തലചായ്ക്കാൻ ഇടം കിട്ടിയെന്നു വരില്ല.

ഇത്രയേറെ തിക്തമായ അനുഭവങ്ങൾ സ്വയം ഏറ്റുവാങ്ങിയിട്ടും ഹരീന്ദ്രന് ഈ നഗരത്തോട് വെറുപ്പുതോന്നിയില്ല. ഈ കോൺക്രീറ്റ് അസ്ഥികൂടങ്ങളോ, കൃത്രിമ വഴിവിളക്കുകളോടോ വെറുപ്പ് തോന്നിയില്ല. വിചാരിച്ചതുപോലെതന്നെ ബഞ്ചുകൾ തന്നെക്കാൾ മുമ്പേ വന്നവർ കൈയടക്കിക്കഴിഞ്ഞു. ഹരീന്ദ്രനിനിയുള്ള സങ്കേതമെന്നു പറഞ്ഞാൽ കടൽത്തീരത്തുള്ള പാറക്കെട്ടുകൾക്കു പിന്നിലാണ്. അതിമനോഹരമാണീ നഗരം. നഗരത്തിന്റെ ഒരു ഭാഗമവസാനിക്കുന്നത് ഈ കടലോരത്താണ്. ഇതിനുമുമ്പ് പഠിക്കുന്ന കാലത്തും ഹരീന്ദ്രൻ ഇവിടെവന്നു രാത്രികാലങ്ങളിൽ ഉറങ്ങിയിട്ടുണ്ട്. ഈ മഹാമൗനത്തിന്റെ ഗർഭഗൃഹങ്ങളിൽനിന്ന് രാവിന്റെ നിഗൂഢതയും മാധുര്യവും ഊറ്റിയെടുത്ത് പലതവണ കുറിച്ചിട്ട കവിതകൾ, പക്ഷെ ഒരിക്കലും ഹരീന്ദ്രൻ പുലർച്ചകളിൽ വായിച്ചിരുന്നില്ല. എല്ലാം ഈ കടലിൽതന്നെയൊഴുക്കി. ഇടയ്ക്കിടെ തങ്ങളുടെ പുറത്തേക്കു വീഴുന്ന ലൈറ്റ് ഹൗസിലെ വെളിച്ചം മാത്രമാണൊരു ശല്യം. ഈ കടൽക്കരയിലിരുന്നാണ് ഗസൽ സായാഹ്നങ്ങൾക്കിടയിൽ പരിചയപ്പെട്ട അനുരാധാ ജസ്വന്ത് എന്ന കർണ്ണാടകക്കാ

രി വേശ്യ തന്റെ കഥ ഹരീന്ദ്രനോട് പറഞ്ഞത്. അന്നു ഹരീന്ദ്രന് കുറെ വേദനിച്ചു. എങ്കിലും ഹരീന്ദ്രന് വേശ്യാവൃത്തിയോട് പുച്ഛമായിരുന്നു. അതുമൂലം തന്നെ ഹരീന്ദ്രന് അനുരാധയോടൊരിക്കലും സഹതാപം തോന്നിയില്ല. അനുരാധ നല്ലൊരു കഥക് നർത്തകിയായിരുന്നു. അതാണു ഹരീന്ദ്രന് അനുരാധയോടു തോന്നിയ ആരാധനയ്ക്ക് കാരണവും.

ആളനക്കമൊന്നുമില്ലെന്നുവെച്ച് ആശ്വസിച്ച ഹരീന്ദ്രനു തെറ്റി. പൊതുമരാമത്തു പണിക്കു കൊണ്ടിട്ടിരുന്ന വലിയ പൈപ്പിൻ കുഴലിൽനിന്നും ഒരാളിറങ്ങിപ്പോവുന്നതു കാണായി. ഹരീന്ദ്രൻ അവിടേക്കു നടന്നടുത്തു. പകലു തെരുവുമുഴുവൻ അലഞ്ഞതിന്റെ ക്ഷീണമുണ്ട്. ഹരീന്ദ്രന്റെ കണ്ണുകൾ, ആലസ്യത്തോടെ പൈപ്പിൻ കുഴലിൽ ചാരിയിരിക്കുന്ന പെൺകുട്ടിയെ സശ്രദ്ധം പഠിക്കുകയായിരുന്നു. യൗവ്വനത്തിലേക്കു കാലെടുത്തു വെച്ചിട്ടധികമായില്ലെന്നു തോന്നിപ്പിക്കുന്ന അവൾ ഹരീന്ദ്രനെ കണ്ടപ്പോൾ വശ്യമായി ചിരിച്ചു. അവളുടെ കണ്ണുകളിലേക്കധികനേരം നോക്കിനിൽക്കാൻ ഹരീന്ദ്രൻ വല്ലാതെ ബുദ്ധിമുട്ടി.

നിമിഷാർദ്ധങ്ങളിലെങ്കിലും അവളുടെ കണ്ണുകളിൽ പതിഞ്ഞ നോട്ടത്തിൽനിന്നും ഹരീന്ദ്രൻ അവളിലെ പതർച്ചയറിഞ്ഞു, അവളുടെ മുഖത്തുണ്ടായ ഭാവമാറ്റം. അടുത്ത നിമിഷം തന്റെ മനസ്സിന്റെ പതർച്ചയും ഹരീന്ദ്രൻ അറിഞ്ഞു. അവൾ മുഖംപൊത്തി നിലത്തിരുന്നു കുറേയേറെ കരഞ്ഞു. അധികനേരം നോക്കിനിൽക്കാതെ ഹരീന്ദ്രൻ അവളുടെ തലമുടിയിൽ തലോടി. ജയിൽവാസം കഴിഞ്ഞുവന്ന നഗരത്തിന്റെ മുഖത്തെക്കുറിച്ചായിരുന്നു അയാളുടെ ചിന്തമുഴുവൻ. മാറ്റങ്ങൾ അയാൾ പൂർണ്ണമായും ഉൾക്കൊണ്ടു. അഴുക്കും, അഴിമതിയും ഒഴുകുന്ന നഗരത്തിലെ ഓടകൾ അയാൾ തിരിച്ചറിഞ്ഞു. നഗരം മുഴുവൻ ഇപ്പോൾ ഓടകളാണ്. അഴിമതി ഒഴുകുന്ന ഓടകൾ. നഗരത്തിന്റെ ഭിത്തിയിൽ മുഴുവൻ പുരോഗതിയുടെ ഒരിക്കലും മായാത്ത ചിത്രങ്ങൾ കോറിയിട്ടു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരമേറുകയായിരുന്നു അപ്പോൾ. അവയുടെ ചരിത്രരൂപങ്ങളാണ് ആ ഭിത്തികളിൽ ആലേഖനം ചെയ്യപ്പെട്ടത്. ഇല്ലാത്തവന്റെ അസ്ഥിമാടങ്ങൾ നഗരത്തിൽ അങ്ങിങ്ങായി മാത്രം കാണാവുന്ന മണലിൽ ലയിച്ചു. ഉള്ളവന്റെ അസ്ഥിമാടങ്ങളോ, ആകാശംതേടി പോയി. ലോകത്തിലെ മഹാത്ഭുതങ്ങളായ അംബരചുംബികൾക്കൊപ്പം അവയും ചരിത്രത്തിൽ സ്ഥാനം പിടിച്ചു. അവയ്ക്കിടയിലെവിടെയോ ഒരു ഓർമ്മപ്പിശകുപോലെ നഗരം കൊണ്ടിട്ടതാണ് ഈ പൈപ്പിൻ കുഴലുകൾ. അവയ്ക്കൊപ്പം നഗരം മനുഷ്യാത്മാക്കളേയും ഇവിടെ വലിച്ചെറിഞ്ഞിരിക്കുന്നു.

"പോട്ടെ ഞാനൊന്നും കണ്ടിട്ടില്ല",

ഹരീന്ദ്രൻ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. ഒരിക്കൽക്കൂടി ഹരീന്ദ്രന്റെ അടിത്തറയിളകുകയായിരുന്നു.

"ഒന്നറിഞ്ഞോട്ടെ നീ സ്വയം തിരഞ്ഞെടുത്തതാണോ"?

അല്ലെന്നൊരുത്തരം പ്രതീക്ഷിച്ച ഹരീന്ദ്രനവിടെയും തെറ്റി. ഒരു കള്ളിയെപ്പോലെ തല കുമ്പിട്ടില്ല. അവൾ ഉത്തരം പറഞ്ഞത് തലയുയർത്തിതന്നെ.

"എത്രനാളായി?"

"അറിയില്ല ദിനങ്ങളൊക്കെ ഞാൻ മറന്നിരിക്കണു മാഷേ".

"ഇപ്പോൾ കുറ്റബോധം തോന്ന്ണ്ടോ?"

"പലതവണ ഒരു വ്യക്തി മരിച്ചുകഴിഞ്ഞാൽ അയാൾക്കു കുറ്റബോധം തോന്ന്വോ മാഷേ? എന്തിനു തോന്നണം? എന്നെ പ്രാപിച്ചവരുടെ എണ്ണമെനിക്കറിയില്ല. അവരുടെയൊന്നും മുഖവുമെനിക്കോർമ്മയില്ല. ദാ ഇപ്പോ പോയ മനുഷ്യനില്ലേ. അയാളുടെ മുഖംപോലും എനിക്കു ശരിക്കോർമ്മയില്ല. ഒരു നേർത്ത രൂപം മാത്രം ഒന്നുറങ്ങിയെഴുന്നേറ്റാൽ ആ രൂപവും പൂർണ്ണമായി മാറും. ഒരാളെ മാത്രമെ എനിക്കോർമ്മയുള്ളൂ മാഷേ. ആദ്യമായി എന്നെ പ്രാപിച്ചയാളെ. അതും വികാരങ്ങളുടെ മൂർദ്ധന്യാവസ്ഥ തന്ന ഓർമ്മയല്ല. അയാൾ... അയാളെന്നെ പ്രാപിച്ചത് എന്റെ ഭർത്താവിന്റെ ശവക്കല്ലറയ്ക്കു പുറത്തുവെച്ചായിരുന്നു. ആ... ആ ഒരു വിഷമമേ എനിക്കുള്ളൂ".

അവളുടെ വിതുമ്പൽ ഒരു നേർത്ത ചിരിയായി.

"ഞാനെന്തിനു വിഷമിക്കണം മാഷേ അന്നാ ശവപ്പറമ്പിൽ ഞാൻ മാത്രമായിരുന്നില്ല, ശരീരം വിറ്റത് എന്നേപോലെ ആശ്രയമില്ലാത്ത ഗതിയില്ലാത്ത ധാരാളം യുവതികൾ. മാഷ് സ്വപ്നങ്ങൾവിൽക്കാൻ വന്ന ഈ നഗരമില്ലെ. അതിന്റെ അസ്ഥിമാടങ്ങൾ വരെ അഴുക്കു പുരണ്ടിരിക്കുന്നു".

ഹരീന്ദ്രൻ തിരിച്ചു നടന്നു. അവളുടെ ചിരി ഒരു പരിണാമ ദിശയിലേക്കു നീങ്ങി നേർത്തൊരു തേങ്ങലായി. ആ കണ്ണുനീരു വീണാലൊന്നും ഈ സമൂഹം നേരെയാവില്ല.

അവൾ പറഞ്ഞതുപോലെയായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. ദിവസവും ഉറക്കമെഴുന്നേൽക്കുമ്പോൾ ഇന്നലെകൾ മറന്നുപോവുക. ഒരു ഓർമ്മകളും കടപ്പാടുകളും, ബാദ്ധ്യതകളുമുണ്ടാവില്ല. ഓർമകളാണ് ബന്ധങ്ങളും, കടപ്പാടുകളും, ബാദ്ധ്യതകളുമെല്ലാം നൽകുന്നത്. ചിരിക്കാനോ കരയാനോ ഓർമകളില്ല. പുതിയ വ്യക്തികൾ, സംഭവങ്ങൾ. ഒരു സൂര്യാസ്തമനത്തോടെ തീരുന്ന ലോകം. എന്നാൽ തന്റെ കാര്യത്തിലോ ഇന്നലെകൾ തന്നെ കൊതിപ്പിക്കുകയാണ്.

"സാർ... "

അവൾ പിന്നാലെ ഓടിവന്നു.

" സാറെങ്ങോട്ടാ, എന്നെക്കൂടി കൊണ്ടുപോകൂ... എന്നെ ഈ നഗരത്തിൽനിന്നും രക്ഷിക്കണം."

വിശപ്പിനു വയറുനിറയ്ക്കാൻ ഗതിയില്ലാത്ത, സ്വന്തം രക്തമൂറ്റി വിൽക്കുന്ന താനും ശരീരം വിൽക്കുന്ന അവളുമായി എന്താ വ്യത്യാസം? അവളോടൊപ്പം നടക്കുമ്പോൾ ഹരീന്ദ്രനാദ്യമായി തന്റെ മകളെ കുറിച്ചോർത്തു. ലോകം മുഴുവൻ വേശ്യാവൃത്തിക്കടിമപ്പെട്ടിരിക്കുന്നു. ആണും, പെണ്ണുമെല്ലാം. എന്തിനധികം താനേറെ സ്നേഹിച്ചിരുന്ന ഈ നഗരം പോലും ഇന്നൊരു വേശ്യക്കു തുല്യമാണ്. നാലു പുത്തൻ നോട്ടുകൾ കണ്ടാൽ ആരെയും തന്റെ മടിയിലുറക്കുന്ന ഒരു ശില്പകാരിക. തന്റെ ആദർശങ്ങൾ ഈ വേശ്യയുടെ മടിത്തട്ടുകളിൽ വ്യഭിചരിക്കപ്പെടുന്നുവെന്നു തോന്നിയപ്പോൾ ഹരീന്ദ്രൻ കണ്ണുകളിൽ ഇരുട്ടുകയറി. ഇത്രയേറെ അനുഭവിച്ചിട്ടും, നഷ്ടപ്പെട്ടിട്ടും താൻ പിടിച്ചുനിന്നതിനു പിന്നിലത്തെ ബലം ഈ സമൂഹത്തിലെ ഒരു തലമുറയെ ഞാൻ പഠിപ്പിച്ചിട്ടുണ്ട്. തന്റെ ആദർശങ്ങളാണ് അവരെ നയിക്കുന്നത്. നാളെ അവരുണരും. തന്റെ ആദർശങ്ങൾ ഈ നാടുഭരിക്കും. അവർ ഈ നഗരം തുടച്ചു വൃത്തിയാക്കും. അഴിമതി നിറഞ്ഞ ഇവിടുത്തെ ഓടകൾ എന്നന്നേക്കുമായി മൂടും. ചുരുക്കം ആളുകളിലെങ്കിലും തന്റെ രക്തമുണ്ട്. രക്തം രക്തത്തെയറിയും. സാഹോദര്യം വളരും. ഇല്ലെങ്കിൽ താനെന്തിനാ തന്റെ രക്തം ഊറ്റിവിറ്റത്? ഹരീന്ദ്രനെ മുന്നോട്ടു നയിച്ച പ്രതീക്ഷകളായിരുന്നു അവയെല്ലാം. ഒടുവിൽ അതും ചക്രവാളങ്ങളിൽ അസ്തമിച്ചു. ഇല്ല ഈ തലമുറയ്ക്കൊന്നും മനസ്സിലാവില്ല. സ്വാർത്ഥമോഹങ്ങളേയുള്ളൂ അവർക്ക്. അവരൊരിക്കലും ഉണരില്ല. ഈ നഗരം അവരെ ഉണർത്തില്ല.

ഈ കടലെന്താണു മടിച്ചുനിൽക്കുന്നത്? തിരകൾ കടലിന്റേതാണ്, കടൽ തിരകളുടേതല്ല. ആരുടെ ആജ്ഞയ്ക്കുവേണ്ടിയാണു നീ കാക്കുന്നത്? കടൽ ഹരീന്ദ്രന്റെ ആത്മഗതമറിഞ്ഞു. തിരകൾ ഹരീന്ദ്രനെ വാരിപ്പുണർന്നു, അവളെയും. അടിതെറ്റി വീഴുമ്പോൾ മഹാനഗരത്തിന്റെ കൊതിപ്പിക്കുന്ന ഓർമകൾ ഹരീന്ദ്രനിൽ ബാക്കിയായി. തിരകൾ ഹരീന്ദ്രനെ കടലിന്റെ ഗർഭപാത്രത്തിലേക്കു കൊണ്ടുപോയി. തെറ്റുകളിൽനിന്നും രക്ഷപ്പെടുത്താൻ തന്റെ മകനെ ഒരിക്കൽകൂടി തന്റെ ഗർഭപാത്രത്തിലൊളിപ്പിക്കാനുള്ള ഒരമ്മയുടെ വ്യഗ്രത അതായിരുന്നു കടലിലും കണ്ടത്. തിരകളെടുത്തു കൊണ്ടുപോയിട്ടും അമ്മയ്ക്കൊരു ദുഃഖം ബാക്കി കിടന്നു. തന്റെ മകൻ വളർന്നിരിക്കുന്നു തന്റെ ഗർഭപാത്രത്തിലുൾക്കൊള്ളാൻ കഴിയുന്നതിനുമപ്പുറം. കടലിന്റെ ഗർഭപാത്രം വികസിച്ചു അവ എല്ലാം അതിർവരമ്പുകളും ഭേദിച്ചു വർദ്ധിച്ച വീര്യത്തോടെ തിരകൾ മഹാ നഗരത്തിന്റെ കോൺക്രീറ്റ് അസ്ഥികൂടങ്ങളിൽ ആഞ്ഞടിച്ചു. അവ മഹാനഗരം മുഴുവൻ വിഴുങ്ങി. വെള്ള പൂശി മിനുക്കിയെടുത്ത സൗധങ്ങളും, മനുഷ്യരെന്നവകാശപ്പെടുന്നവരുമെല്ലാം തിരകൾക്കടിയിലായി. രണ്ടുദിവസം നീണ്ടുനിന്ന പ്രളയം.

പ്രകൃതി നിയമംപോലെ രണ്ടാംദിവസം അന്തിയോടെ കടൽ ശാന്തമായി. അപ്പോഴേക്കും കടൽ മഹാനഗരത്തെ എന്നന്നേക്കുമായി ചരിത്രത്തിന്റെ ഏടുകളിൽനിന്നും മായ്ച്ചുകളഞ്ഞിരുന്നു. മൂന്നാം ദിവസം കടൽ ഹരീന്ദ്രനെ തിരികെ കൊണ്ടുവന്നിട്ടു. പോക്കുവെയിൽ മുഖത്തടിച്ചപ്പോൾ ഹരീന്ദ്രനു ബോധം വീണു. ജനവാസമില്ലാത്ത, ജീവജാലങ്ങളില്ലാത്ത, കോൺക്രീറ്റ് അസ്ഥികൂടങ്ങളും, മൂളിപ്പറക്കുന്ന യന്ത്രങ്ങളുമില്ലാത്ത മഹാനഗരത്തെ ഹരീന്ദ്രൻ നോക്കി കണ്ടു. എവിടെ താൻ ഗസലുകളാസ്വദിച്ച ആ വേശ്യാത്തെരുവ്?

അസ്ഥിമാടങ്ങൾ പോലും നഷ്ടപ്പെട്ട ഈ മഹാനഗരം കെട്ടിപ്പൊക്കേണ്ടതു താനാണ്, ഇവിടെതന്നെ എന്നോ, എങ്ങോ കൈവിട്ടുപോയ തന്റെ ആദർശങ്ങളാണ്, ജ്ഞാനമാണ്. പക്ഷേ താനിനി എത്രനാൾ? അതുകൊണ്ടു തന്നെ കാലത്തെ ഹരീന്ദ്രൻ സൗകര്യപൂർവ്വം മറന്നു. ഉറച്ച കാൽവെയ്പുകളുമായി ഹരീന്ദ്രൻ ആ പഴയതെരുവു ലക്ഷ്യമാക്കി നീങ്ങി. സത്യത്തിനും മിഥ്യയ്ക്കും ഇടയിലുള്ള നേരിയ വൈതരണിയിലൂടെ സംശയത്തിന്റെ ദുരൂഹതയിൽ നിന്നും യാഥാർത്ഥ്യത്തിന്റെ തെളിമയിലേക്ക്... പുതിയ ചരിത്രമെഴുതാൻ...

# വേദനിക്കുന്നവരുടെ സങ്കീർത്തനം



വേദനകളുടെ ഭാണ്ഡവും പേറി,
വേദികളിൽ പേക്കൂത്തുകൾ നടത്തുന്ന
വെൺമയില്ലാത്ത എന്നുടെ മനസ്സിനെ
വേദനകളില്ലാതെ സഹിച്ച എൻ പ്രിയസഖി.

വേദികളിൽ വിളക്കണഞ്ഞപ്പോഴും
വീഥികളിൽ ഏകനായലഞ്ഞപ്പോഴും
വേദനിച്ചവൾ നീ മാത്രമായിരുന്നു.
കരുണയുടെ കണികപോലുമില്ലാത്ത-
ശാന്തിയുടെ മന്ത്രങ്ങളില്ലാത്ത ലോകത്തിൽ
അലറി വിളിക്കുവാൻ
വിധിക്കപ്പെട്ടവൻ ഞാൻ.

നിന്നുടെ മടിയിൽ തലചായ്ച്ചുറങ്ങി,
നിന്റെ കണ്ണിലെ കരുണയും,
ചുണ്ടിന്റെ ലഹരിയും,
ദേഹത്തിൻ കാന്തിയും,
എനിക്കായ് നീ പങ്കുവച്ചപ്പോഴും.

നിന്നോട് കരുണ കാണിക്കുവാൻ
നിന്നുടെ സ്നേഹത്തെ അറിയുവാൻ
വാക്കിനെ കേഴ്ക്കുവാൻ കഴിഞ്ഞില്ല.
വേദനകളെ അകറ്റുവാനെല്ലാമുപേക്ഷിച്ച
ഇന്നു ഞാനറിയുന്നു, വേദനകളുടെ-
മലകളിലേക്ക് വേഗത്തിൽ
കരേറുന്നവൻ ഞാൻ.

ASIAN TECH

Affiliated to
Kerala Technical Education Society (K.T.E.S.)
India Govt. Regd. Engineering Society (I.E.T.S.)

കംപ്യൂട്ടറൈസ്ഡ്
അലുമിനിയം ഫാബ്രിക്കേഷൻ
കോഴ്സ്

ആർഗോൺ ആർക്ക് വെൽഡിംങ്,
X-RAY WELDING,
വിവിധ കംപ്യൂട്ടർ കോഴ്സുകൾ

കൂടുതൽ പ്രാക്ടിക്കൽ ക്ലാസ്സുകൾ, വിദഗ്ധമായ തിയറി ക്ലാസ്സുകൾ, ഫോറിൻ കട്ടിങ്ങ് മെഷീനിൽ കാർബൺ ടിപ്പ്ഡ് വാൾ ഉപയോഗിച്ചുള്ള പരിശീലനം

ASIAN TECH
Engineering Institute
Loni Bhavan, Parambithara Road,
West of Manorama Junction,
Near Rly. Track, Cochin - 36 Ph : 315024



# Keep quiet.

That's what most people do when someone asks them about computer education.

You don't have to stay quiet anymore. Computer education has become so commonplace these days — except that most people still do not know which computer institute to go to.

Now that your son or daughter would have finished their college for the year, you ought to send them to an excellent computer institute and ask them to pick up at least the rudiments of computers.

This will help them immensely when they later take up medicine, engineering or business management — or advanced studies in computers themselves.

MCS, with a multifarious lot of computer courses, will probably be your choice, and you are absolutely right.

MCS, which was established way back in 1985, has centres in Cochin, Chanaganacherry and Palai — and the MCS unit in Palai is rated fifth among nearly 500 government-accredited computer institutes in the whole of India offering the DOEACC approved O-level course in computer.

MCS is the only computer institute in Kerala to be ranked among the top ten in India.

In Cochin, MCS is at the Manorama Junction. Phone 314836.

**You don't have to stay quiet anymore.**

ഇന്നു ഞാനറിയുന്നു, എന്നിലെ എന്നിൽ-
നിന്നു നീ എങ്ങോ പോയ്മറഞ്ഞതും.
ഇന്നു ഞാനറിയുന്നു എൻ ദുഃഖം
ഇന്നു ഞാനറിയുന്നു നിൻ സ്നേഹം
ഇന്നു ഞാൻ കേഴുന്നു നിനക്കായ്.

പുഴകളുടെ കളകളാരവത്തിൽ
കിളികളുടെ കളകുജനത്തിൽ
പഥിതരുടെ സ്നേഹഭാഷണങ്ങളിൽ
മലകളെ ഉണർത്തും സൂര്യോദയത്തിൽ
മനസ്സിനെ മയക്കും സംഗീതലഹരിയിൽ
മാനത്തു പറക്കുന്ന കുഞ്ഞിക്കിളികളിൽ
ഇന്നു ഞാൻ തിരയുന്നു നിനക്കായ്.

ഏതോ മന്ത്രത്താൽ മറഞ്ഞിരിക്കും
എന്റേതുമാത്രമാം എൻ പ്രിയ സഖീ,
വരൂ, എന്നിലെ എന്നിൽ നീയലിയൂ
നിനക്കായ് തന്നിടാം
എൻ സ്നേഹവും ദേഹവു
നിനക്കായ് സമ്മാനിച്ചിടാം
എന്റെ ജീവന്റെ ജീവനു

**ജേക്കബ് ചെറിയാൻ**
രണ്ടാംവർഷ മലയാളസാഹിത്യം
ബിരുദാനന്തര ബിരുദം

AAT

*With best compliments from*

# Arabian Air Travels

HOSPITAL JUNCTION
ALUVA - 683 101. PHONE: 24673. FAX: 25876

*With Best Compliments From*

FACT

# FACT

THE
FERTILISERS
AND CHEMICALS
TRAVANCORE LIMITED
UDYOGAMANDAL - 683 501

# മതബന്ധിതമായ സമൂഹം

**ജിമ്മി ജോസഫ്**
രണ്ടാംവർഷ ബി.എ. ഇക്കണോമിക്സ്

*മനുഷ്യൻ സമൂഹമായി സംഘടിച്ച് ജീവിക്കാൻ തുടങ്ങിയപ്പോൾതന്നെ വിവിധ മതങ്ങളും ഉത്ഭവിച്ചു. മനുഷ്യന്റെ സാമൂഹ്യമായ വളർച്ചയിൽ ഏതു കാലഘട്ടത്തിലാണ് വിവിധ മതങ്ങൾ ഉടലെടുത്തതെന്ന് പ്രത്യേക തെളിവുകളൊന്നും ലഭ്യമല്ല. യുഗങ്ങളിലൂടെയുള്ള മനുഷ്യന്റെ വളർച്ചയുടെ ചരിത്രത്തിൽ മതങ്ങൾക്ക് ഏറ്റവും പ്രധാന സ്ഥാനമുണ്ട്.*



മതബന്ധിതമായ സമൂഹം...

എല്ലാ മതങ്ങളും ഈശ്വരനിൽ വിശ്വസിക്കുന്നു. ഈശ്വരനെന്ന സങ്കൽപ്പത്തിൽ തന്നെയാണ് എല്ലാ മതങ്ങളുടെയും അടിത്തറ. ഈശ്വരനെന്ന അദൃശ്യ സങ്കൽപ്പത്തെ ആരാധിക്കുവാൻ മതങ്ങൾ അനുശാസിക്കുന്നുണ്ടെങ്കിലും മനുഷ്യന്റെ സ്വഭാവ സംസ്കരണമാണ് എല്ലാ മതങ്ങളുടെയും ലക്ഷ്യം. സമൂഹത്തിന്റെ സംസ്കാരധാര നിയന്ത്രിക്കുന്നതും. മനുഷ്യമനസ്സിനെ സ്നേഹസമ്പന്നവും, ത്യാഗോജ്ജ്വലമാക്കുന്നതും മതങ്ങളാണെന്നു പറയാം.

ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാം മതം, ബുദ്ധമതം തുടങ്ങിയ അനേകം മതവിഭാഗങ്ങൾ ഇന്ന് നിലവിലുണ്ട്. ഈ മതവിഭാഗങ്ങൾക്കെല്ലാം ഒട്ടനവധി ഉപവിഭാഗങ്ങളും ഉണ്ട്. അതിപുരാതനമായ യഹൂദമതത്തിലാണ് ക്രിസ്തുജനിച്ചതും അദ്ദേഹത്തിന്റെ കാലശേഷം ക്രിസ്തുമതം ഉടലെടുത്തതും. യഹൂദമതം ഏകദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുന്നു. ക്രിസ്തു ദൈവപുത്രനാണെന്നും ദൈവം തന്നെയാണെന്നും ക്രിസ്ത്യാനികൾ [illegible] വിശ്വസിക്കുന്നു. എന്നാൽ വെറുമൊരു മനുഷ്യ[illegible] ദൈവമായി ഉയർത്തുകയെന്നത് യഹൂദർ അം[illegible]കരിക്കുന്നതല്ല. ഈശ്വരനെക്കുറിച്ച് ഒരു ത്രീ[illegible]ങ്കൽപമാണ് ക്രിസ്തുമതത്തിനുള്ളത്. യഹൂദ[illegible]

ഏകേശ്വരവാദം ക്രിസ്തുമതം അംഗീകരിക്കുന്നതല്ല. ക്രിസ്തുമതത്തിന്റെ സിദ്ധാന്തങ്ങൾ യഹൂദമതത്തിലും, സദാചാരമൂല്യങ്ങൾ ബുദ്ധമതത്തിലും അധിഷ്ഠിതമാണ്.

ക്രിസ്തുവിന് അഞ്ച് നൂറ്റാണ്ട് മുമ്പ് ജീവിച്ചിരുന്ന ശ്രീബുദ്ധനും അക്കാലത്തെ ഒരു സാമൂഹ്യ വിപ്ലവവാദിയായിരുന്നു. ക്രിസ്തുവും മിക്കവാറും ബുദ്ധന്റെ സരണിതന്നെ പിൻതുടർന്നു എന്ന് വേണം അനുമാനിക്കുവാൻ. ബുദ്ധന്റെ സിദ്ധാന്തങ്ങളും ഉപമകളും, ഭാഷണങ്ങളും മിക്കവാറും അതേ രൂപത്തിൽതന്നെ ക്രിസ്തു ആവർത്തിച്ചു. ശ്രീബുദ്ധന്റെ പ്രഭാഷണങ്ങളിൽനിന്നും, അദ്ദേഹം സമൂഹത്തിന് നൽകിയ അനുശാസനങ്ങളിൽനിന്നും വ്യത്യസ്തമായി ക്രിസ്തു പുതിയതായി യാതൊന്നും തന്നെ ആവർത്തിച്ചിട്ടില്ലെന്നു കാണാം. മുഹമ്മദ് നബിയും ഖുറാൻ വചനങ്ങളിലൂടെ മനുഷ്യസ്വഭാവ സംസ്കരണത്തെക്കുറിച്ചും സാമൂഹ്യനിയമങ്ങളെക്കുറിച്ചും പ്രതിപാദിച്ചു. ലക്ഷ്യം നന്മനിറഞ്ഞ ഒരു സമൂഹം തന്നെയായിരുന്നു. ഹിന്ദുമതത്തിന്റെ ആധികാരിക വേദപ്രമാണങ്ങളായ ഭഗവത്ഗീതയും, രാമായണവും, മറ്റ് പുരാതന കൃതികളും മനുഷ്യസ്വഭാവ രൂപീകരണത്തിനും സാമൂഹ്യനന്മക്കും പ്രാധാന്യം കൊടുത്തിരിക്കുന്നതായി കാണാം.

ചുരുക്കത്തിൽ എല്ലാ മതങ്ങളുടെയും ലക്ഷ്യം ഈശ്വരസേവയും, മനുഷ്യന്റെ സ്വഭാവസംസ്ക്കരണവും സാമൂഹ്യപുരോഗതിയുമാണ്. സ്നേഹമാണ് ഈശ്വരൻ. നാം പരസ്പരം സ്നേഹിക്കുമ്പോൾ അവിടെ ഈശ്വരസാന്നിദ്ധ്യമുണ്ട്. ഈശ്വരൻ സർവ്വവ്യാപിയാണ്, സ്നേഹസ്വരൂപനാണ്. സ്നേഹം, അനുകമ്പ, ദയ, കാരുണ്യം എല്ലാം ഈശ്വരന്റെ പേരുകൾതന്നെ. അങ്ങനെയെങ്കിൽ ഈശ്വരനെ ആരാധിക്കുവാൻ നാം സംഘടിത മതങ്ങളിൽ അഭയം പ്രാപിക്കണമോ? സംഘടിത മതങ്ങളുടെ ലക്ഷ്യം ഈശ്വര പൂജതന്നെയാണോ? സംഘടിത മതബന്ധമില്ലാതെ തന്നെ നമുക്ക് സ്വതന്ത്രമായി ഈശ്വരസേവ സാധ്യമല്ലേ?

ഓരോ ശിശുവും ഓരോ മതത്തിൽ പിറക്കുന്നു. പിറവിയോടുകൂടിതന്നെ ഒരു ശിശു മതബന്ധിതനാകുന്നു. മാതാപിതാക്കളുടെ മതം കുട്ടികളുടെ മതമായി പരിണമിക്കുന്നു. മനുഷ്യന്റെ വളർച്ചയിൽ മതബന്ധിതമായ സമൂഹത്തിൽനിന്നും അവന് മോചനമില്ലാതാകുന്നു. മതാധിഷ്ഠിതമായ സമൂഹത്തിൽനിന്നും വേർതിരിഞ്ഞ് ഒരു സ്വതന്ത്ര ജീവിതസരണി മനുഷ്യ സാധ്യമല്ലേ?

അവാച്യമായ പ്രകാശസ്ഫുലിംഗമാണ് ഈശ്വരസങ്കല്പം. ഇതുവരെ ആർക്കും അനാവരണം ചെയ്യാൻ സാധിച്ചിട്ടില്ലാത്ത ഒരു തേജസ്സ്. ഈശ്വരനെ വികലമായി വ്യാഖ്യാനിച്ച് സ്വാർത്ഥരൂപം നൽകിയാണ് ഓരോ മതങ്ങളും വളർന്നുവന്നത്. നിലനിൽപ്പിനും വളർച്ചയക്കുംവേണ്ടി സംഘടിത മതാദ്ധ്യക്ഷൻമാർ ഈശ്വരനാമത്തിന് വിവിധ രൂപങ്ങൾ നൽകിയിരിക്കാം. അതിനാലാകണം അനേകം ഈശ്വരൻമാരെ അനാദികാലം മുതൽ മനുഷ്യൻ സൃഷ്ടിച്ചിരിക്കുന്നതും.

ഈശ്വരൻ സർവ്വവ്യാപിയാണെന്നുതന്നെ സംഘടിത മതം പഠിപ്പിക്കുന്നു. പള്ളികളിലെ കളിമൺപ്രതിമകളിലും, ക്ഷേത്രങ്ങളിലെ കരിങ്കൽ വിഗ്രഹങ്ങളിലും നമുക്ക് ഈശ്വരനെ ദർശിക്കുവാൻ സാധ്യമല്ല. നമ്മുടെ ഓരോരുത്തരുടെയും സ്നേഹസമ്പുഷ്ടമായ ഹൃദയത്തിൽ ഈശ്വരനുണ്ട്. ഈശ്വരസങ്കൽപ്പത്തിന് മനുഷ്യൻ നൽകുന്ന വികലമായ പ്രതിരൂപങ്ങളാണ് പ്രതിമകളും കൽവിഗ്രഹങ്ങളും. സംഘടിത മതങ്ങളുടെ മതിൽക്കെട്ടിനുള്ളിൽ വിശ്വാസികളെ തളച്ചിടുന്നതിനായി മതാദ്ധ്യക്ഷൻമാർ നിരർഥകമായ നിയമസംഹിതയുണ്ടാക്കിയിരിക്കുന്നു. വിവേചനബുദ്ധിയുള്ള ആരാധകർ ആ മതിൽക്കെട്ടുകൾ പൊളിച്ച് പുറത്തുചാടാൻ വെമ്പുന്നു.

ഒരു മതവിഭാഗത്തെയും ഞാൻ പ്രത്യേകം എടുത്ത് പറയുന്നില്ല. ഇന്നത്തെ വിവിധ മതാദ്ധ്യക്ഷൻമാരുടെ കർമ്മപരിപാടികളും ജീവിതരീതികളും ശ്രദ്ധിക്കൂ. അനേകമനേകം ലക്ഷങ്ങൾ വിലമതിക്കുന്ന എയർകണ്ടീഷൻ സൗധങ്ങളിൽ അവർ വസിക്കുന്നു. ബെൻസ് കാറുകൾ ഉപയോഗിക്കുന്നു. ആർഭാടമായ ലൗകീക ജീവിതം.

ക്രിസ്തുവും, ബുദ്ധനും, മഹാവീരനും, മുഹമ്മദ് നബിയും ജീവിച്ചിരുന്നതെങ്ങനെ? അവരുടെ ജീവിതം ആത്മത്യാഗത്തിന്റെയും അതികഠിനമായ തപോനിഷ്ഠയുടെയും കഥകളല്ലേ? ഹിന്ദു വേദങ്ങൾക്ക് ജന്മമേകിയ മഹാമുനിമാരുടെ ജീവിതത്തെക്കുറിച്ചും നമുക്കറിയാം. ആ പരിശുദ്ധാത്മാക്കളുടെ പ്രതിനിധികളെന്ന് അവകാശപ്പെടുന്ന ഇന്നത്തെ മതമേലദ്ധ്യക്ഷന്മാരുടെ ഭൗതിക ജീവിത സരണി ലജ്ജാവഹമല്ലേ?

ഇന്ന് സമൂഹത്തിൽ നാം മതങ്ങൾക്ക് നൽകുന്ന സ്ഥാനം എന്ത്? സംഘടിത മതങ്ങൾ മനുഷ്യന്റെ വളർച്ചയിൽ ഇന്ന് എവിടെ എത്തിയിരിക്കുന്നു? തലമുറകളിലൂടെ വളർന്ന് വന്ന മതങ്ങൾ കാലാകാലത്ത് മതസിദ്ധന്മാരെകൊണ്ട് നിറഞ്ഞു. കാഷായവേഷധാരികളായ ഹിന്ദുസന്യാസിമാരും, വിവിധ വർണ്ണമേലങ്കി ധരിച്ച ക്രിസ്ത്യൻ പുരോഹിതൻമാരും, മുസ്ലീം മത പണ്ഡിതന്മാരുടെ ഓരോ മതത്തിനും അവരുടേതായ വ്യാഖ്യാനങ്ങൾ നൽകി, സിദ്ധികൾ ആരോപിച്ച്, വിചിത്ര പരിവേഷം നൽകി വളർത്തി. ആധുനിക യുഗത്തിലേക്കുള്ള വളർച്ചയിൽ ആദ്ധ്യാത്മികതയ്ക്ക് നഷ്ടപ്പെട്ട പരിപാവനത ഇനി ഒരിക്കലും വീണ്ടെടുക്കാനാവാത്തവിധം ഭൗതികവൽക്കരിച്ചുകഴിഞ്ഞു. എല്ലാ മതങ്ങളിലും, എല്ലാവിധത്തിലുള്ള ആരാധനാ രീതികളിലും, മതാചാര്യന്മാരുടെ ജീവിതചര്യയിലും ഈ വിധത്തിലുള്ള ആധുനിക വൽക്കരണം സംഭവിച്ചുകഴിഞ്ഞില്ലേ?

ഈ അടുത്തകാലത്ത് ഭാരത ദിഗ്വിജയ യാത്രയുടെ ഭാഗമായി ശൃംഗേരി മഠാധിപതി ഭാരതി തീർത്ഥസ്വാമി കൊച്ചിയിൽ എത്തി. എയർ കണ്ടീഷൻ ബെൻസ് കാറിന് മുകളിൽ പുലിത്തോൽ വിരിച്ചിരുന്ന് അദ്ദേഹം ആരാധകർക്ക് ദർശനം നൽകിയെന്ന പത്രവാർത്ത വായിച്ചു.

പുലിത്തോൽ സംസ്കാരം പുരാതനകാലത്ത് വനാന്തരങ്ങളിൽ ത്യാഗനിർഭരമായ ആദ്ധ്യാത്മിക ജീവിതം നയിച്ചുവസിച്ചിരുന്ന ഋഷിവര്യന്മാരുടേതായിരുന്നു. മരവുരിയുടുത്ത് കാട്ടുകിഴങ്ങുകൾ ഭക്ഷിച്ച് വിശപ്പടക്കി തറയിൽ പുലിത്തോൽ വിരിച്ചിരുന്ന് അവർ ആദ്ധ്യാത്മിക ചിന്തയിൽ മു-യിച്ചിരുന്നിരിക്കും. സർവ്വത്യാഗികളായ മഹർഷി-ര്യൻമാരെ സ്മരിച്ചാണല്ലോ ഇന്നും സമൂഹത്തിൽ മതാചാര്യൻമാർ പുലിതോൽ സംസ്ക്കാരം കൈ-വെടിയാത്തത്. ഏതായാലും ബെൻസ് കാറിന് മു-കളിൽ വിരിച്ച പുലിതോലിൽ ഉപവിഷ്ഠനാവുക-യെന്ന ആധുനിക മതശ്രേഷ്ഠന്റെ സംസ്കാരം എ-നിക്ക് മനസ്സിലാകുന്നില്ല. ഈശ്വരവിശ്വാസികളായ സാമാന്യബുദ്ധിയുള്ള ആരാധകർ ഇത്തരം വിക-ലമായ സംസ്കാരം ഉൾകൊണ്ടെന്നും വരില്ല.

കഴിഞ്ഞ ഏപ്രിൽ മാസത്തിൽ കേരളപര്യ-ടനം നടത്തിയ ശ്രീരാമകൃഷ്ണമിഷൻ അഖിലേ-ന്ത്യാ ഉപാദ്ധ്യക്ഷൻ സ്വാമി രംഗനാഥാനന്ദ അഭിപ്രാ-യപ്പെട്ടു "ദൈവത്തെ അന്വേഷിക്കേണ്ടത് മനുഷ്യ-ഹൃദയങ്ങളിലാണെന്ന്". ഈശ്വരനെ ആരാധിക്കു-വാൻ അമ്പലങ്ങളിലും പള്ളികളിലും പോകേണ്ട-തില്ല. നമ്മുടെ ഓരോരുത്തരുടേയും സ്നേഹസമ്പു-ഷ്ടമായ ഹൃദയം ഈശ്വരാലയമാണെന്നുതന്നെ സ്വാമി പറഞ്ഞു.

സ്നേഹമാണ് ഈശ്വരൻ, സർവ്വ വ്യാപി-യുമാണ്. അങ്ങനെ നാം വിശ്വസിക്കുമ്പോൾ ഹി-ന്ദുവിനും മുസ്ലീമിനും ക്രിസ്ത്യാനിക്കും പ്രത്യേകം ഈശ്വരൻമാരുണ്ടോ? ഹിന്ദുവും മുസ്ലീമും ക്രി-സ്ത്യാനിയും ആരാധിക്കുന്ന ഈശ്വരൻ ഒന്നുതന്നെ-യല്ലേ? പിന്നെന്തുകൊണ്ട് നമുക്ക് ജാതിവ്യത്യാസം മറന്ന് ഒന്നിച്ച് ഒരിടത്ത്കൂടി അരുപിയായ ഒരു ഈ-ശ്വരനെ ആരാധിച്ചകൂടാ?

ഇത്തരത്തിൽ നാം ചിന്തിക്കുമ്പോൾ മത-ബന്ധിതമായ സമൂഹത്തിൽ ചലനങ്ങൾ ഉണ്ടാ-ക്കുടെന്നില്ല. സമൂഹത്തിന്റെ വളർച്ചയ്ക്ക് വിവിധ മതങ്ങൾ വികലമായ മതസംഘട്ടനങ്ങൾക്ക് ഇടയാ-കുന്നതാണല്ലോ നാം കാണുന്നത്. അതുകൊണ്ട് സംഘടിത മതങ്ങളുടെ മതിൽക്കെട്ടുകൾ പൊളി-ച്ച് ഈശ്വരവിശ്വാസത്തിലും സാമൂഹ്യനന്മയിലും അധിഷ്ഠിതമായ ഒരു പുതിയ തലമുറ നമുക്ക് വി-ഭാവനം ചെയ്തുകൂടേ?

# ജീവിതം സാർഥകമാകുന്നത്

സി. ലിൻസി
ഒന്നാംവർഷ ബി.എസ്.സി. (ജന്തുശാസ്ത്രം)

'ഈ ജീവിതത്തിന്റെ അർത്ഥമെന്താണ്?' ഇന്ന് മനുഷ്യമക്കൾക്കിടയിൽ എങ്ങും മാറ്റൊലിക്കൊള്ളുന്ന ഒരു ചോദ്യമാണിത്. ഓരോവ്യക്തിക്കും തന്റേതായ ജീവിതമുണ്ട്. ഓരോ ജീവിതത്തിനും അർത്ഥവും ലക്ഷ്യവുമുണ്ട്. ആ മറഞ്ഞിരിക്കുന്ന അർത്ഥം സാക്ഷാത്കരിക്കാനും, ആ ലക്ഷ്യം നേടാനും അവുമാത്രമേ കഴിയൂ. അതിൽ അവൻ സംതൃപ്തനാകുന്നത്, ആ അർത്ഥവും ലക്ഷ്യവും അവന്റെ സ്വന്തമായതുകൊണ്ടാണ്.

മനുഷ്യന്റെ ലക്ഷ്യം ദൈവമാണെങ്കിൽ ജീവിതത്തിന്റെ അർത്ഥവും മറ്റൊന്നുമല്ല. ജീവതത്തിന് നാം കല്പിക്കുന്ന വിലയും മൂല്യവും മനശാസ്ത്രപരമായി പറഞ്ഞാൽ ഔഷധഗുണമുള്ളതാണ്. "എന്തേ എനിക്ക് ഈ വേദന?" എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ കഴിയാതെ, നിരാശപ്പെടുത്തുന്ന സാഹചര്യങ്ങളെ നേരിട്ടു മുന്നോട്ടുപോകുവാൻ അതു നമ്മെ സഹായിക്കുന്നു. ഒരുവന് അമൃത് മറ്റൊരുവന് വിഷമെന്ന് വരുമോ? വന്നേക്കാം. കാരണം, മനസ്സാണ് മൂല്യം കണ്ടെത്തുന്ന ശക്തി. വേദനയിലും ദുഃഖത്തിലും ഇഴഞ്ഞുനീങ്ങുന്ന ജീവിതം വെറും പൊള്ളയാണെന്ന നിലപാട് ചിലർ സ്വീകരിക്കാറുണ്ടല്ലോ.

അജ്ഞാതമായ ലക്ഷ്യങ്ങൾ തേടി, കണ്ണുനീരിൽ, വേദനയിൽ, നിരാശനായി ജീവിതം അവസാനിപ്പിക്കാനാണോ മനുഷ്യൻ അസ്തിത്വത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നത്? എങ്കിൽ "ഇല്ലായ്മ"യിൽനിന്ന് "ഉൺമ"യിലേക്കുള്ള വിളി അർത്ഥശൂന്യമാണെന്ന് പറയണം. മരണം കൊണ്ടവസാനിക്കുന്ന കുറെ കിതപ്പും അതിലേറെ കുതിപ്പുമാണോ ജീവിതം? അർത്ഥമില്ലാത്ത കുറെ ദിവസങ്ങളുടെ സമ്മിശ്രമാണോ ജീവിതം.

ജീവിക്കുക എന്നത് വേദനിക്കലും അതിജീവിക്കുക എന്നത് ജീവിതത്തിന് അർത്ഥം കണ്ടെത്തലുമാണെന്ന് മനുഷ്യൻ കണ്ടെത്തേണ്ടിയിരിക്കുന്നു. ജീവിതത്തിന് അർത്ഥമുണ്ടെങ്കിൽ സഹനത്തിനും മരണത്തിനും അർത്ഥമുണ്ടാകണം. ഇത് ഒരാൾക്ക് മറ്റൊരാളെ പറഞ്ഞുപഠിപ്പിക്കാവുന്ന ലക്ഷ്യമെന്നതിനേക്കാൾ ഓരോരുത്തരും സ്വയം കണ്ടെത്തേണ്ടതാണ്. എന്റെ ജീവിതം സമാധാനമായി മുന്നോട്ടുപോകും. നിരാശയുടെ കൊടുമുടിയിൽ എത്തിനിൽക്കുന്ന ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിന്റെ അർത്ഥമെന്താണ് ഒന്ന ചോദ്യത്തിന് പൊതുവായ ഒരുത്തരം നൽകാൻ കഴിയില്ല. കാരണം ജീവിതത്തിന്റെ അർത്ഥം ഓരോ മനുഷ്യനും ഓരോന്നായിരിക്കും. ചതുരംഗക്കളി പഠിക്കുന്ന ഒരാൾ തന്റെ ആശാനോട് "ആശാനേ, ഏറ്റവും നല്ല കരുനീക്കം ഏതാണെന്ന് പറയൂ" എന്ന് ആവശ്യപ്പെട്ടാൽ ആശാന് എന്ത് പറയാൻ കഴിയും? ഏതാണ്ട് ഇതുപോലെയാണ് എല്ലാ മനുഷ്യരുടെയും ജീവിതത്തിന്റെ അർത്ഥം ഇന്നതാണ് എന്നുപറയാനുള്ള ശ്രമവും. ചതുരംഗം കളിക്കുമ്പോൾ ഒരു പ്രത്യേക സാഹചര്യത്തിൽ ഒരു പ്രത്യേക എതിരാളിയെ തോല്പിക്കുന്നതിന് ഇന്ന നീക്കം കൊള്ളാം എന്ന് ഒരു പക്ഷേ, പറയാൻ കഴിഞ്ഞേക്കും. ജീവിതത്തെക്കുറിച്ച് അതുപറയുക വയ്യാ. ഓരോ വ്യക്തിക്കും തന്റേതായൊരു ജീവിതമുണ്ട്. ആ ജീവിതത്തിലൂടെ ആ വ്യക്തി നിറവേറ്റേണ്ടതായ തനതായ ഒരു ദൗത്യവുമുണ്ട്. ഈ ദൗത്യം വേറൊരാൾക്കും നിറവേറ്റാൻ ആകാത്തതാണ്. ആ ദൗത്യം സാധിക്കുന്നതിനുവേണ്ടത് ചെയ്യാൻ അയാൾക്കു മാത്രമെ കഴിയൂ.

ജീവിതത്തിലെ ഓരോ സാഹചര്യവും ഓരോ സംഭവവും ഓരോ വെല്ലുവിളിയാണ്. ഓരോ സാഹചര്യവും മനുഷ്യനോട് ചോദിക്കുകയാണ്. 'നിന്റെ ജീവിതത്തിന്റെ അർത്ഥമെന്ത്? നീ എങ്ങനെയുള്ളവനാണ്?' ചുരുക്കിപ്പറഞ്ഞാൽ ജീവിതം മനുഷ്യനെ ചോദ്യം ചെയ്യുകയാണ്. ജീവിതം ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള മറുപടി, ഉത്തരവാദിത്വത്തോടുകൂടിയ ജീവിതമാണ്.

പ്രശ്നങ്ങൾക്കു നടുവിലെ മനുഷ്യന്റെ ര

ക്ഷക്കെത്തുകയും ജീവിതത്തിന് അർത്ഥവും വെളിച്ചവും പകർന്നുകൊടുക്കുകയും ചെയ്യുവാനാണ് മതങ്ങൾ ശ്രമിക്കുക. ദൈവ-മനുഷ്യ ബന്ധത്തിലൂടെ മാത്രമേ അടിസ്ഥാനപരമായി ജീവിതത്തിനു പൂർണ്ണമായ അർത്ഥം കണ്ടെത്താനാവൂ എന്ന് മതങ്ങൾ പഠിപ്പിക്കുന്നു. സാർവ്വത്രികമായ ഈശ്വരപദ്ധതിയിലെ സുപ്രധാന കണ്ണിയാണ് താനെന്ന് മനസ്സിലാക്കുകയും തന്നെത്തന്നെ ഈ പദ്ധതിയുമായി താദാത്മ്യപ്പെടുത്തുകയും ചെയ്യുമ്പോഴാണ്, മനുഷ്യൻ തന്റെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുന്നത്.

യേശുവിൽ കേന്ദ്രീകരിക്കപ്പെട്ട ദൈവ-മനുഷ്യ സമാഗമം സ്നേഹത്തിന്റെ ഭാഷയിലൂടെ അവിടുത്തെ സഭയിൽ പുനരവതരിപ്പിച്ച്, അവസാനം യേശുവിലൂടെ പിതാവായ ദൈവവുമൊന്നിച്ച് നിത്യാനന്ദം അനുഭവിക്കുന്നതിലാണ് ക്രൈസ്തവൻ തന്റെ ജീവിത സാക്ഷാത്കാരം കണ്ടെത്തുന്നത്.

അള്ളാഹുവിന്റെ വിശ്വസ്തനായ സേവകനാണ് നിയതാർത്ഥത്തിൽ ഓരോ മുസൽമാനും. അവിടുത്തെ തിരുച്ചിത്തത്തിനു വിധേയനായി വർത്തിക്കുകയും ഈ ലോകത്തില് അള്ളാഹുവിന്റെ പ്രതിനിധിയായി ജീവിക്കുകയും ചെയ്യുക എന്നതിനാലാണ് അവൻ തന്റെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുന്നത്.

മനുഷ്യജീവിതത്തിന് പരമപ്രാധാന്യമുണ്ട ഹൈന്ദവ ദർശനത്തിൽ. മരണം കൊണ്ടവസാനിക്കുന്ന ഒന്നല്ല, ജീവിതം. ഡോക്ടർ രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ "ആത്മീയമായ അവസരങ്ങളുടെ പരമ്പരയാണ് ജീവിതം" പ്രകൃതി തന്നിരിക്കുന്ന കഴിവുകളെ അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കുകയും അവയെ തന്റെ ധാർമ്മികവും ആത്മീയവുമായ ജീവിത തലങ്ങളിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്നതു ഈ ജീവിതത്തിന്റെ ലക്ഷ്യമാണ്. പരമാത്മാവുമായുള്ള സായൂജ്യമാണ് ഓരോ മനുഷ്യന്റെയും പരമമായ ജീവിതലക്ഷ്യം. നിഷ്കാമകർമ്മത്തിൽക്കൂടി മാത്രമേ ഈ സായൂജ്യം നേടിയെടുക്കാനാവൂ. അദ്വൈതസിദ്ധാന്തമനുസരിച്ച് തന്റെ തന്നെ ഉള്ളത്തെ അന്വേഷിക്കുക എന്നതാണ് ഓരോ മനുഷ്യന്റെയും കർത്തവ്യം. 'അഹം ബ്രഹ്മാസ്മി' എന്ന് അന്തരാളം മന്ത്രിക്കുവോളം ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കണം.

ജീവിതത്തിന്റെ പൊരുൾ കണ്ടെത്താൻ മറ്റൊരു വഴിയുണ്ട്. 'സഹനം'. വേദന നേരിടാതെ ഒളിച്ചോടി രക്ഷപ്പെടാനാകാത്ത ഒരു പ്രതിസന്ധിയിൽ നമ്മുടെ നിയന്ത്രണത്തിനു വിധേയമല്ലാത്ത ഒരു സാഹചര്യത്തിൽ, ആർക്കും ഒരുതരത്തിലും നമ്മെ സഹായിക്കാനാവാത്ത അവസ്ഥാവിശേഷത്തിൽ, മഹത്തായ ഒരവസരമാണ് ലഭിക്കുന്നത്. വേദനയിലൂടെ, സഹനത്തിലൂടെ ജീവിതത്തിന്റെ അത്യഗാധവും പരമവുമായ അർത്ഥം കണ്ടെത്താനുള്ള അവസരം. വേദനയോടുള്ള നമ്മുടെ മനോഭാവം എന്താണ്? ഈ മനോഭാവത്തിലാണ് ജീവിതത്തിന്റെ പൊരുൾ.

ആഹ്ലാദം എന്ന ഒരു പെൺകുട്ടിയുടെ കൂടെ ഒരു മൈൽ നടക്കാൻ പോയി. അവൾ വാതോരാതെ വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു. എല്ലാം കേട്ടുകഴിഞ്ഞിട്ടും എനിക്ക് പുതിയൊരറിവും ലഭിച്ചില്ല. പിന്നീടൊരിക്കൽ ദുഃഖത്തിന്റെ കൂടെ ഒരു മൈൽ നടക്കാൻ പോയി. അവളൊരക്ഷരം ഉരിയാടിയില്ല. പക്ഷേ, ഹോ, ദുഃഖം എന്റെ കൂടെ നടന്നപ്പോൾ ഞാൻ അവളിൽനിന്നു പഠിച്ച സനാതന പാഠങ്ങൾ!" അതേ, ദുഃഖാനുഭവങ്ങൾക്ക് പഠിപ്പിക്കാൻ കഴിയുന്ന വിലപ്പെട്ട പാഠങ്ങളുണ്ട്.

സൂര്യപ്രകാശം മാത്രമെയുള്ളുവെങ്കിൽ ഈ ഭൂമി മരുഭൂമിയാകും. മഴയും വേണ്ടിയിരിക്കുന്നു. എങ്കിലേ സൗന്ദര്യമുള്ള പൂക്കൾ വിരിയൂ. രുചിയുള്ള പഴങ്ങൾ വിളയൂ. മഴമാത്രമായാൽ ഭൂമി സമുദ്രമായി മാറും. മഴയും വെയിലും ഇടകലരുമ്പോൾ ഭൂമി മനോജ്ഞമാകും. ദുഃഖവും ആഹ്ലാദവും ഇടകലരുമ്പോഴാണ് ജീവിതം ജീവിതമാകുന്നത്.

ജീവിതത്തിന്റെ പൂർണ്ണതയ്ക്ക് ദുഃഖത്തിന്റെ പാതയിലൂടെയും നാം ചരിക്കേണ്ടതാകുന്നു. അതുകൊണ്ടാണ് "എല്ലാവരുടെയും ജീവിതത്തിൽ കുറെ മഴപെയ്യണം" എന്നു മിൽസ് ബ്രദേഴ്സ് എന്ന പഴയ പാശ്ചാത്യഗായകസംഘം പാടിയത്. നമ്മുടെ ജീവിതത്തിൽ തെളിഞ്ഞ ആകാശവും പ്രസന്നമായ സൂര്യനും മാത്രം പോരെന്നു മിൽസ് ബ്രദേഴ്സ് സമർത്ഥിക്കുന്നു. ജീവിതം കാർമേഘാവൃതമാകുമ്പോൾ നാം എങ്ങനെ പ്രതികരിക്കുന്നു എന്നതിലാണ് നമ്മുടെ മേൻമ അടങ്ങിയിരിക്കുന്നത്. വെളിച്ചവും ഇരുളും സുഖവും ദുഃഖവും ജീവിതത്തിൽ ഒഴിച്ചുകൂടാത്തതാണെന്നു നമുക്കറിയാം.

നമ്മുടെ ഭാഗ്യത്തിന്റെ കർത്താവു നാം തന്നെയാണ്. നമ്മുടെ ജീവിതത്തിന്റെ കപ്പിത്താൻ നാം തന്നെ. ജീവിതത്തിന്റെ ഈ അടിസ്ഥാനതത്വം മഹാകവി ഉള്ളൂർ സമർത്ഥിക്കുന്നത് ഇങ്ങനെയാണ്:

> "നമിയ്ക്കിലുയരാം, നടുകിൽത്തിന്നാം
> നല്കുകിൽ നേടീടാം
> നമുക്കു നാമേ പണിവതു നാകം
> നരകവുമതുപോലെ'.

ഓരോ വ്യക്തിയുടെയും ജീവിതത്തിലുണ്ട്, വിജയത്തിനുള്ള ആഹ്വാനം. അവസരത്തിനൊത്ത്

(Contd....

# TRAINING PROGRAMMERS FOR THE LEADERS OF INFORMATION TECHNOLOGY

**LAUNCHING...**

For the FIRST TIME in KERALA from a core team of highly qualified and experienced IT professionals.
Quick.... intensive... innovative... and in-depth coverage of topics.
All these in a short span of time with RESIDENTIAL facility.

See tha table truth....

| COURSE | DURATION | | FEES Rs. (Inc. Hostel) |
|---|---|---|---|
| | Days | Hours | |
| Visual Basic | 15 | 150 | 2250 |
| Oracle | 15 | 150 | 2250 |
| C++ with OOPS | 15 | 150 | 2250 |
| AutoCad | 12 | 120 | 1800 |
| DTP | 12 | 120 | 1800 |
| FoxPre | 7 | 70 | 1200 |
| Windows | 7 | 70 | 1200 |
| Financial A/c (Package Development) | 7 | 70 | 1200 |

And more..... for you to pick 'n' choose from......

**Course High Lights**

- Detailed handling of subjects
- fees includes both COURSE FEE & HOSTEL CHARGES
- Print notes & Lab Assignment Disks
- The best way to be a WORLD CLASS Computer Professional

**ST. ANTONY'S COMPUTER ACADEMY**

St. John's building, Opp. St. Xavier's College
Palace Road, Aluva -1.

# തേങ്ങുന്ന വണ്ട്

അന്തരാത്മാവിലെ തേങ്ങുന്ന ചില്ലയിൽ
മൂളുന്ന വണ്ടിൻ കഥചൊല്ലിടാമോ?
നീങ്ങുന്ന മാനസ തോണിതൻ നടുവിലെ
വിഷാദത്തിൻ കഥ കഥിച്ചിടാമോ?

അങ്ങകലെ ശ്മശാനത്തിലേക്കുറ്റുനോക്കി
കുറുനരികൾ കേഴുന്നസ്ഥിപഞ്ജരത്തിനായ്
ഇന്നുവരും നാളെവരുമസ്തമിക്കാത്ത
പ്രതീക്ഷയുമായ് ശൂന്യതയിൽനോക്കി
അനന്തതയിൽ വീശുന്ന മാരുതിപോലെ
ഒടുങ്ങാത്ത കടൽമാല കണക്കെ
ദാഹം തീരാത്ത വേഴാമ്പൽ പോലെ
ജ്വലിക്കും അഗ്നികുണ്ഡം കെടുത്താൻ
വിണ്ടുകീറുമീ മാനസ വിഷാദം കെടുത്താൻ
ഒരിറ്റു സ്നേഹത്തിൻ മധുനുകരാൻ
വെമ്പൽ കൊള്ളുന്നവൾ കുറുനരിപോൽ.

ഉണരുന്ന പുഷ്പത്തിൻ മേനി നുകരാൻ
വെമ്പൽകൊള്ളുന്നു ദിനകരൻ കിരണങ്ങൾ
ഉണരുന്ന പുഷ്പത്തിൻ മധുനുകരാൻ
പാഞ്ഞിടുന്നവൾ തൻ കാമുകൻ വണ്ട്.
ഉണർന്നു മിഴിയധരങ്ങൾ കാട്ടി മോണയും
വിളിച്ചു അവളവനേകിടുന്ന നീർകുഴമ്പ്.
ആ ദിനത്തിലവൾ ചിത്തം മോഹിക്കുന്നു
മിനുസമാം പ്രതലത്തിൽ പ്രതിഫലിച്ചേ-
ഴുനിറങ്ങളായ് മാറുന്നീ ദിനകരൻ-
കിരണങ്ങൾ പോലെ തൻ സൗരഭം
ഈരേഴുപതിനാലു ലോകത്തിനും
മാർഗദീപമായ് മാറണമെന്ന്.

അവളറിഞ്ഞീല അരികെയൊരു
വിഷസർപ്പം ഝടുതിയിൽ പത്തി വിടർത്തി
പാഞ്ഞാഞ്ഞിടുന്നു കൊത്തുവാൻ
അവളുടെ മോഹം അർക്കന്റെ
നിദ്രയിൽ അകാലചരമംകൊള്ളുന്നു.
ഭാസ്കരൻ വീണ്ടും വരുന്നു
തിരയുന്നവളെ സകലിടത്തും
പക്ഷെ; കണ്ടില്ല, കണ്ടരികിൽ
പച്ചിലതൻ കാഹളം വീഴുന്ന
പഴുത്തിലതൻ മേനിയിൽ
ആരുമേകിയില്ലൊരു സാന്ത്വനം അവൾക്കാ
മുറിഞ്ഞവൾ തൻ മേനിയും കേഴുന്ന
കുറുനരിപോ

പായുന്നു കാമുകൻ വണ്ട് തിരയുന്നു
എവിടെയാണെവിടെയാണവൾ
തിരയുന്നു സകലിടത്തും വരുന്നു
നമുക്കരികെ ഊം-ഊം- എന്ന ചോദ്യമോടെ
പൂവിലും, മുള്ളിലും, കായിലും
കല്ലിലും പുല്ലിലും കാമ്പിലും തിരയുന്നു.
എവിടെയാണെവിടെയാണവൾ,
അവന്റെ മാനസവിഷാദം കെടുത്താൻ
പറഞ്ഞേവരും ഞാനാണെന്ന്
പക്ഷെ; തൻ സഖി നീയല്ല. പിന്നെയോ?

ദിനരാത്രങ്ങൾ കൊഴിയുന്നു പിന്നെയും
തിങ്ങുന്ന കൂരിരുട്ടിൽ കേൾക്കാം
അന്തരാത്മാവിലെ തേങ്ങുന്ന-
വണ്ടിൻ രോദനം നിത്യവും,
കേൾക്കുന്നുവോ നിങ്ങളും
അന്തരാത്മാവിലെ വിഷാദത്തിൻ
തേങ്ങലും അതിൻ നൊമ്പരവും.

സി.കെ. വിനോദ്കുമാ
II DC Chemistry.

(Continuation...)

യരുവാനും ആഹ്വാനങ്ങൾക്ക് ചെവികൊടുക്കുവാനും നാം സന്നദ്ധരാണെങ്കിൽ വിജയിച്ചതുതന്നെ.

'ജീവിതത്തിൽ കുറെയേറെ വർഷങ്ങൾ
പിന്നിട്ടതുകൊണ്ട് യാതൊരു കാര്യവുമില്ല
പിന്നിടുന്ന ഓരോ വർഷത്തിനും
ജീവിതം കൊടുക്കുന്നതിലാണ് മിടുക്ക്'.

(അലക്സ് കാ

ജീവിതം വിശ്രമിക്കാനുള്ളതല്ല. ജീവിതത്തിന്റെ അവസാനത്തിലാണ് വിശ്രമം. അതാണ് മര
അവിശ്രമമായ പരിശ്രമമായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം.

# കലാലയങ്ങളിൽ രാഷ്ട്രീയം വേണോ...?

ജോജൻ ജോസഫ്
ഒന്നാംവർഷ ബിഎ. മലയാളം

കഴിഞ്ഞ രണ്ടുവർഷംമുമ്പ് ഏറ്റവും അധികം ചർച്ചചെയ്യപ്പെട്ട വിഷയങ്ങളിലൊന്നാണ് കലാലയങ്ങളിൽ രാഷ്ട്രീയ വേണമോ വേണ്ടയോ എന്നത്. കേരളത്തിലെ പ്രമുഖ സമ്പർക്ക മാധ്യമങ്ങളിൽ ഈ വിഷയം ഒരു തുടർക്കഥയായിരുന്നു. പ്രബുദ്ധരായവർക്ക് ഒരു സംവാദ വിഷയവുമായിരുന്നു. കാലത്തിന്റെ തിരിമറിച്ചിലിൽ ഈ വിഷയവും യവനികയിൽ മറഞ്ഞു. എന്നാൽ 1994-ൽ വീണ്ടും ചിലരുടെയെങ്കിലും ഗൗരവ ചിന്തയ്ക്ക് ഈ വിഷയം കാരണമായി. ദിനപത്രങ്ങൾക്ക് കൊട്ടിഘോഷിക്കുന്നതിനുള്ള വാർത്തയായി തീർന്നു. കലാലയങ്ങളിൽ രാഷ്ട്രീയം വേണമോ വേണ്ടയോ എന്നതിനെക്കുറിച്ച് വസ്തുനിഷ്ഠമായ ഒരു വിലയിരുത്തലിന് പ്രേരിപ്പിക്കുന്നത് ഇതൊക്കെയാണ്.

വ്യക്തിത്വമെന്ന അമൂർത്ത ആശയം ഒരു മനുഷ്യസത്തയുടെ സമഗ്രവും, സാകല്യവുമായ ആവിഷ്ക്കാരത്തെയാണ് ഉൾക്കൊള്ളുക. വ്യക്തിപരതയും, സാമൂഹ്യപരതയും, ഈ വ്യക്തിത്വത്തിന്റെ ദ്വിമുഖങ്ങളാണ്. സമൂഹത്തിന്റെ സ്ഥാനം ഇവിടെ നിരാകരിക്കാൻ സാധിക്കുകയില്ല. നിഷ്ക്രിയമായ ഒരു സമൂഹത്തിനാകട്ടെ കർമ്മോത്സുകവും, ക്രിയാത്മകവും പുരോഗമനാത്മകവുമായ ഒരു സംസ്കൃതിയെ വാർത്തെടുക്കുവാനും കഴിയുകയുമില്ല. ഭൂതകാലത്തിന്റെ ഭാവങ്ങൾ ഏറ്റുവാങ്ങി കാലികതയുടെ സ്വപ്നങ്ങൾ ഉൾക്കൊണ്ട്, സുന്ദരമായ നാളയെ വിരിയിക്കാനുള്ള സർഗ്ഗാത്മകത പ്രബുദ്ധതയാർജ്ജിച്ച വ്യക്തിയുടെ അന്തഃചേതനയിലെ രൂഢമൂലമാകൂ! ഈ പ്രബുദ്ധതയ്ക്കുള്ള ഏക മാധ്യമം വിദ്യാഭ്യാസവും, ഏകരംഗം കലാലയവുമാണ്.

## വിദ്യാർത്ഥിയും വിദ്യാഭ്യാസവും:-

കടമ്മനിട്ട രാമകൃഷ്ണന്റെ മനോഹരമായ ഒരു കവിതയാണ് 'കോഴി'. അതിൽ തള്ളക്കോഴി കുഞ്ഞുങ്ങൾക്ക് നൽകുന്ന ഉപദേശമുണ്ട്;

"കണ്ണുവേണമിരുപുറമെപ്പോഴും
കണ്ണുവേണം മുകളിലും, താഴെയും
കണ്ണിലെപ്പോഴും കത്തിജ്വലിക്കു-
മുൾക്കണ്ണു വേണമടയാത്ത കണ്ണ്".

ഈ ശ്ലോകത്തിൽ ചിത്രീകരിക്കുന്നതുപോലെ ചുറ്റുപാടുമുള്ളവയെ നോക്കികാണുവാനും, ക്രിയാത്മകമായി പ്രതികരിക്കുവാനും സഹായിക്കുന്ന 'കണ്ണുവേണമിരുപുറമെപ്പോഴും' ഒരു വിദ്യാർത്ഥിക്ക്. സമാനവും ലംബവുമായ ഒരു വീക്ഷണം, എന്നും തന്നിൽ കത്തിജ്വലിക്കുന്ന കണ്ണും രൂപീകരിക്കുവാൻ വിദ്യാർത്ഥിക്ക് കഴിയണം. അതായത് ഉന്നതമായ ഒരു ജ്ഞാനം, സമാനവും ലംബവുമായ ഒരു വീക്ഷണം, ഒരു ദാർശനിക ചക്രവാളവികസനം എന്നിവയാണ് വിദ്യാഭ്യാസം ഒരു വിദ്യാർത്ഥിയിൽ സാധിതമാക്കേണ്ടത്. ചുരുക്കിപറഞ്ഞാൽ സമഗ്രമായ ഒരു ജീവിതദർശനം രൂപീകരിക്കാൻ വിദ്യാഭ്യാസത്തിന് കഴിയണം.

വിദ്യ അർത്ഥിക്കുന്നവനാണ് വിദ്യാർത്ഥി. ഗുരു വിദ്യ ദാനംചെയ്യുന്നവനും. ജീവിതത്തിന്റെ സമഗ്രമായ ഒരു പഠനമാണ് വിദ്യാലയങ്ങളിൽ ഉ

ണ്ടാകേണ്ടതെങ്കിൽ വിദ്യാർത്ഥിയെ രാഷ്ട്രീയത്തിൽ നിന്നും വിഭിന്നമായി കാണുക അസാധ്യമാണ്. കാരണം ഒരോ വിദ്യാർത്ഥിയും പൗരനാണ്. ഗുരു നിത്യ ചൈതന്യയതി പരിവർത്തനോൻമുഖ വിദ്യാഭ്യാസത്തിൽ വ്യക്തമാക്കുന്നതുപോലെ 'ഒരു വിദ്യാർത്ഥിയും പൗരനാകേണ്ടവനല്ല, പ്രത്യുത ഓരോ വിദ്യാർത്ഥിയും, ഒരേ സമയം വിദ്യാർത്ഥിയും പൗരനുമായിരിക്കണം'. അതായത് വിദ്യാർത്ഥിയും പൗരനും ഒരേസമയം വിദ്യാർത്ഥിയിൽ സമ്മേളിക്കണം.

**രാഷ്ട്രീയം വേണം.**

ഭാരതീയ പാരമ്പര്യങ്ങളിൽ പ്രഥമദൃഷ്ട്യാ, നമുക്കു വ്യക്തമാകും, വ്യക്തിയുടെ സമഗ്ര വളർച്ച, നമ്മുടെ നൂറ്റാണ്ടുകളിലെ സംസ്കാരത്തിന്റെ സത്തയാണ്. രാഷ്ട്രീയം വിദ്യാഭ്യാസത്തിന്റെ ഭാരമായി പരിഗണിച്ച്, പഠിച്ച് ജീവിച്ചുവന്ന കാലഘട്ടമായിരുന്നു നമുക്കുണ്ടായിരുന്നത്. നളന്ദയിലും, തക്ഷശിലയിലും രാജാക്കൻമാരും വിജ്ഞാനികളും, അദ്ധ്യാപകരും, വിദ്യാർത്ഥികളും ഒത്തൊരുമിച്ച് രാഷ്ട്രനിർമ്മിതിയിലേർപ്പെട്ടിരുന്ന മഹത്സംസ്കാരത്തിന്റെ ഉടമകളാണ് നാം. ഒരു ബൃഹത് വീക്ഷണമുള്ള ഒരു വ്യക്തിക്കും വിദ്യാർത്ഥിക്കും കലാലയത്തിൽ രാഷ്ട്രീയം വേണ്ട എന്നഭിപ്രായപ്പെടാൻ സാധിക്കുകയില്ല.

ചിന്തിക്കുവാനും, ക്രിയാത്മകമായി പ്രതികരിക്കുവാനും സാധിക്കുന്ന ജീവിതകാലത്തിന്റെ നല്ലൊരു പങ്കും ഒരു പൗരൻ ചെലവഴിക്കുന്നത് വിദ്യാഭ്യാസ രംഗത്താണ്. അവിടെ ശരിയായ രാഷ്ട്രീയാവബോധം ലഭിക്കുന്നില്ലെങ്കിൽ രാഷ്ട്രീയത്തിന്റെ പ്രാഥമിക പാഠങ്ങൾ എവിടെ നിന്നവൻ സ്വന്തമാക്കും. രാഷ്ട്രീയം ഒരു ഉത്തമപ്രവർത്തനശൈലി നൽകുന്ന പ്രത്യയശാസ്ത്രമാണ്. കലാലയത്തിൽനിന്നും ഇത് എടുത്തുമാറ്റുന്നതോടുകൂടി വിദ്യാർത്ഥിയുടെ സമഗ്രവളർച്ചയിൽ ഉൾപ്പെടുന്ന രാഷ്ട്രീയവബോധം, നേതൃത്വവാസന, രാഷ്ട്രനിർമ്മിതിയിലുള്ള പങ്കാളിത്തം എന്നിവ ഹനിക്കപ്പെടും. അതിനാൽ കാലികതയുടെ ബന്ധനത്തിനടിപ്പെടാതെ ഭാവിയിലേക്കോ ഭൂതത്തിലേക്കോ നോക്കിക്കാണുവാൻ കഴിയുന്ന ഒരു വ്യക്തിക്കും, കലാലയത്തിൽ രാഷ്ട്രീയം വേണ്ട എന്നഭിപ്രായപ്പെടാൻ സാധിക്കുകയില്ല. അർത്ഥവത്തായി ആവിഷ്കരിച്ച ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിൽ രാഷ്ട്രീയ ബോധവൽക്കരണവും, ജീവിത സാഹചര്യവും ആനുപാതികമായി നൽകിക്കൊണ്ട്, ആസൂത്രിതമായ ഒരു വിദ്യാഭ്യാസ സംസ്കാരത്തിൽ ഉത്തമരായ പൗരൻമാർ രാഷ്ട്രത്തിന്റെ ശ്രേയസ്സ് വർദ്ധിപ്പിക്കുവാൻ ഉയർന്നുവരട്ടെ എന്ന് നമുക്ക് ആശിക്കാം.

**കലാലയങ്ങളിൽ രാഷ്ട്രീയം വേണോ...?**

ജീവിതത്തിന്റെ നല്ലൊരുഭാഗം വിദ്യ അഭ്യസിക്കുന്നതിനായി കലാലയത്തിൽ ചെലവഴിക്കുമ്പോൾ കലാലയത്തിന് പുറത്ത് വന്നതിനുശേഷം മാത്രം വിദ്യാർത്ഥികൾ രാഷ്ട്രീയം എന്തെന്നറിഞ്ഞാൽ മതി എന്ന് പറയുന്നതിൽ എന്തെങ്കിലും യുക്തിയുണ്ടോ? പ്രബുദ്ധരായവരുടെ ചിന്തയിൽ ഇത്തരമൊരു ചോദ്യം ഉദിക്കാൻ എന്തായിരിക്കും പ്രേരണ.

1959–ലെ വിമോചന സമരകാലത്ത് ശാന്തമായിരുന്ന കലാലയങ്ങൾ രാഷ്ട്രീയത്തിന്റെ പേരിൽ കുത്തഴിഞ്ഞ പ്രസ്ഥാനങ്ങളാകുവാൻ തുടങ്ങിയത്. 1969–ൽ സി. അച്യുതമേനോൻ സർക്കാർ സർവ്വകലാശാല സിൻഡിക്കേറ്റിൽ വിദ്യാർത്ഥി പ്രാതിനിധ്യം നടപ്പിലാക്കിയതോടെ കലാലയത്തിലെ കക്ഷിരാഷ്ട്രീയം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തി. 1969ൽ തന്നെ ആദ്യമായി രാഷ്ട്രീയാടിസ്ഥാനത്തിൽ കലാലയങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടന്നു. അതിനെ തുടർന്ന് നടന്ന കുപ്രസിദ്ധമായ 'ഒരണ' സമരത്തിൽ ഐക്യമുന്നണി വിദ്യാർത്ഥികൾക്കുവേണ്ടി പൊരുതിയത് ഹാർബർ തൊഴിലാളികളും, ഇടതുമുന്നണി വിദ്യാർത്ഥികൾക്കുവേണ്ടി പൊരാടിയത് ചേർത്തല ചെത്ത് തൊഴിലാളികളുമായിരുന്നു എന്ന് പരസ്യമായതാണ്.

**വേണ്ട എന്നു പറയുന്നതിന്റെ പൊരുൾ**

ഇന്നു കലാലയങ്ങളിൽ രാഷ്ട്രീയം കക്ഷിരാഷ്ട്രീയമായിതന്നെ നിലനിൽക്കുന്നു. ഇതുമൂലം വിദ്യാർത്ഥി വിദ്യാർത്ഥി ബന്ധമെന്നതുപോലെ തന്നെ, വിദ്യാർത്ഥി അദ്ധ്യാപകബന്ധവും തകരുന്നു. അടുത്തിരുന്നുപഠിക്കുന്ന കൂട്ടുകാരനെ യാത്രകൾക്കുശേഷം തെരുവിലിട്ട് വെട്ടിവീഴ്ത്തുവാൻ രാഷ്ട്രീയക്കാരായ വിദ്യാർത്ഥികൾക്ക് ഒരു മടിയുമില്ല. അത്തരം ക്രൂരവിനോദങ്ങൾക്ക് ഇരയായ ആയിരങ്ങളുടെ പ്രതിനിധിയാണ് തലശ്ശേരി ബ്രണ്ണൻ കോളേജിലെ അഷറഫും, കോഴിക്കോട് കലാശാലാ യുവജനോൽസവത്തിൽ മരിച്ച ആർ.കെ. കൊച്ചനിയനും!! പൊതിച്ചോറുമായി കലാലയങ്ങളിലേക്കു പോകുന്ന നിങ്ങൾ മടങ്ങിവരുന്നത് ആംബുലൻസിൽ മൃതശരീരമായിട്ടാണെങ്കിലോ? നിങ്ങ

നൊന്തു പ്രസവിച്ച നിങ്ങളുടെ അമ്മയ്ക്ക് സഹിക്കാനാവുമോ? വിദ്യാർത്ഥി സമരങ്ങൾ രാജ്യത്തിന്റെ തന്നെ സാമ്പത്തിക ഭദ്രതയ്ക്ക് കോട്ടം വരുത്തുന്നു. കലാലയ രാഷ്ട്രീയത്തിന്റെ അവകാശമായ വിദ്യാർത്ഥി സമരങ്ങളുടെ മറവിൽ വിദ്യാർത്ഥികൾ പൊതുമുതൽ നശിപ്പിക്കുന്നു. സർക്കാർ ബസ്സുകളും, സ്ഥാപനങ്ങളും തകർക്കുന്നതുവഴി വിദ്യാർത്ഥികൾ തങ്ങളുടെതന്നെ മാതാപിതാക്കളുടെ കീശയാണ് കുത്തിക്കീറുന്നത്; അവരുടെ ചോരയും നീരുമാണ് ഊറ്റിക്കളയുന്നത്; കാലാകാലങ്ങളിലൂടെ പടുത്തുയർത്തിയ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത അവർ തച്ചുടയ്ക്കുന്നു. 1982-ലെ വിദ്യാർത്ഥി സമരം മൂലം തകർക്കപ്പെട്ടത് 50-ൽ പരം കെ.എസ്.ആർ.ടി.സി. ബസ്സുകളാണ്. 1985-ലെ പോളിടെക്നിക് സമരം മൂലം 119-ഉം 1993ലെ വിദ്യാർത്ഥി സമരംമൂലം 30ൽപരം ബസ്സുകളും അവർ തകർത്തു. 1994ലെ സമരമാകട്ടെ, ഇതിന് മുമ്പൊന്നും ഇല്ലാത്തവിധം കേരളീയരെ ആകമാനം നടുക്കി. 'കൂത്തുപറമ്പ്' സംഭവവും വിദ്യാർത്ഥി സമരവും കൂടി കലർന്നതിനാൽ കോടികളുടെ നഷ്ടമായിരുന്നു സംഭവിച്ചത്.

എന്തിനാണ് ഇത്തരമൊരു നികൃഷ്ട രാഷ്ട്രീയം? രാഷ്ട്രീയക്കളിയുടെ ഫലമായി ഇന്ന്, വിദ്യാഭ്യാസനിലവാരം താഴ്ന്നുവരികയാണ്. അഖിലേന്ത്യാ പരീക്ഷകളിൽ കേരളം പിന്തള്ളപ്പെടുന്നു. എസ്.എസ്.എൽ.സി-ക്ക് 100ശതമാനം പരാജയം വാങ്ങുന്ന സ്കൂളുകളുടെ എണ്ണം വർദ്ധിക്കുന്നു. "വിദ്യാധനം സർവ്വധനാൽ പ്രദാനം" എന്നാണല്ലോ ചൊല്ല്. മഹനീയമായ രാഷ്ട്രീയത്തെ വിദ്യാഭ്യാസവുമായി കൂട്ടികുഴയ്ക്കരുത്. ചെറുപ്പത്തിൽ നന്നാകാത്തവർ വലുതായാലും നന്നാവുകയില്ലല്ലോ. അതിനാൽ വിദ്യാർത്ഥികളെയും കലാലയത്തെയും ഒരുപോലെ കാർന്നുതിന്നുന്ന മാരകമായ രാഷ്ട്രീയമെന്ന ക്യാൻസറിനെ കലാലയത്തിന്റെ മതിൽക്കെട്ടുകൾക്കുള്ളിൽനിന്നും വേരോടെ പിഴുതെറിയേണ്ട സമയം അതിക്രമിച്ചോ? ഇന്നത്തെ കലാലയ രാഷ്ട്രീയം കണ്ടുകൊണ്ട് ഗൗരവമായി ചിന്തിക്കുവാനും മാറ്റത്തിന്റെ ശംഖൊലിനാദം മുഴക്കുവാനും കലാസാംസ്ക്കാരിക നായകൻമാർ മാത്രം മതിയോ... ?


# Is this what life after college looks like?



LCC offers you a future. A rewarding future in the field of computers, the fastest growing industry in the world. At a time when unemployment is rempant and the future insecure. LCC shows the way to those who wish to carve out a challenging and interesting career with computers.

LCC LAKHOTIA COMPUTER CENTRE

K. M. K. Junction
N. Paravur , Ph: 45080
Marine Drive, Ernakulam
Ph: 355545

# തിരിച്ചറിവ്

നാണുവിന്,

മോൻ വരണം

അമ്മ കാത്തിരിക്കും.

എന്ന്

അമ്മ.

എഴുതിയോ മോളേ ..... ?

ഉം.... ഇത്രയും മതിയോ അമ്മേ... ഇനി എന്തെങ്കിലും....

വേണ്ട... എനിക്ക് വേറൊന്നും എഴുതാനില്ല. ഇനി നീപോയി ഉറങ്ങിക്കോളൂ. നാളെത്തന്നെ പോസ്റ്റ് ചെയ്യണം കേട്ടോ... ?

ഇത് എത്രാമത്തെയാണെന്ന് എഴുതുന്ന തനിക്ക് പോലും നിശ്ചയമില്ലാതിരിക്കുന്നു.

അവൻ വരുമോ? വരുമായിരിക്കും അല്ലേ... അമ്മ. ഉം... ആരോ വിലക്കിവിട്ട മൂളൽ പുറത്തേക്ക് തെറിച്ചുവീണു.

യാത്ര പോലും ചോദിക്കാതെ...

അമ്മ വന്ന് കിടക്കൂ. ഇതാ ഗുളിക കഴിച്ചോളൂ. പുതപ്പിച്ച് കിടത്തിയിട്ട് തിരിഞ്ഞുനടക്കുമ്പോൾ അമ്മയുടെ മുഖത്തെ വെളിച്ചം വഴികാട്ടുന്നുണ്ടായിരുന്നു.

സൂര്യൻ വരുമോ... ?

ഇത്തവണ ശബ്ദം തൊണ്ടക്കുള്ളിൽ കുരുങ്ങി ശ്വാസംമുട്ടി മരിച്ചു.

സൂര്യനാരായണൻ.

ഞാനും മറ്റുള്ളവരും സൂര്യനെന്ന് വിളിക്കും. അമ്മ നാണൂന്നും.

അമ്മ മാത്രം എന്തേ നാണൂന്ന് വിളിക്കുന്നേ? ഒരിക്കൽ ചോദിച്ചു. ചോദ്യം കേട്ടമാത്രയിൽ അമ്മ ചിരിച്ചു.

കുട്ടീ നിനക്കറിയില്ലേ... സൂര്യൻ എല്ലാവർക്കും വേണ്ടീട്ടാണ്. പക്ഷെ ന്റെ നാണൂ എന്റെ മാത്രം സ്വന്താ... എന്റെ മാത്രം.

പറഞ്ഞു നിറുത്തിയപ്പോൾ അമ്മയുടെ കണ്ണുകളിൽ ഉരുണ്ടുകൂടിയ സുതാര്യതയിലൂടെ നീലാകാശവും അതിൽ പ്രഭചൊരിയുന്ന സൂര്യനെയും കണ്ടു.

ഞാൻ സൂര്യനെന്നേ വിളിക്കൂ. കത്തിജ്വലിക്കുന്ന സൂര്യൻ (അങ്ങനെ കരുതാനാ ഏറെ ഇഷ്ടം)

രാവിലെ പത്രം വന്നപ്പോൾ തന്നെ അമ്മയെ വിളിച്ചുണർത്തി.

അമ്മേ... ദാ നോക്ക് പത്രത്തില് സൂര്യന്റെ പടം വന്നിരിക്കുന്നു.

എന്താ കുട്ടീ.... എന്താ.

അമ്മ ക്ഷീണിച്ച കണ്ണുകൾ വലിച്ചു തുറന്നു.

അമ്മേ പടം.... സൂര്യന്റെ.

സൂര്യനോ, ഏത് സൂര്യന്റെ... സൂര്യഭഗവാന്റെയോ... അമ്മയെ താങ്ങി തലയിണയിൽ ചാരി ഇരുത്തി.

അമ്മയുടെ നാണു വലിയ ആളായിരിക്കുണു. പത്രത്തില് പടം വന്നിട്ടുണ്ട്. അമ്മയുടെ മുഖത്ത് യാതൊരു ഭാവമാറ്റവും കണ്ടില്ല. ഒന്നും മനസ്സിലാവാത്ത പോലെ വെറുതെ ഇരുന്നു.

ന്റെ നാണു അങ്ങനെയൊന്നും ആവില്ല... ഇല്ല. അമ്മ പിറുപിറുത്തുകൊണ്ടിരുന്നു.

അവൻ വരോ...?

ആ ചോദ്യത്തിന് ഉത്തരം തേടാനെന്നപോലെ ഞാൻ പത്രത്തിലാകെ തിരഞ്ഞുകൊണ്ടേയിരുന്നു.

പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന അമ്മയെ അഭിമുഖീകരിക്കാതെ തിരിഞ്ഞുനടക്കുമ്പോൾ എന്റെ ഉള്ളിലും ആയിരം ചോദ്യങ്ങൾ ജനിക്കുകയും ഒപ്പം മരിക്കുകയും ചെയ്യുന്നതറിഞ്ഞു.

ഫോണിന്റെ ബെല്ലടിയാണ് ചോദ്യങ്ങളിൽ നിന്നുള്ള രക്ഷകനായി എത്തിയത്.

ഹലോ.... ആരാ....

ഞാനാ... സൂര്യനാരായണൻ. നാളെ വീടിന്റെ അടുത്ത് ഒരു വഴിതടയൽ സമരം ഉണ്ട്. ... യാൽ വീട്ടിൽ വരാമെന്ന് അമ്മയോട് പറഞ്ഞേക്കൂ.

ഫോൺ താഴെവയ്ക്കുന്ന ശബ്ദം മാത്രമേ തിരിച്ചറിയാനായുള്ളൂ.

ആരാ കുട്ടീ... അവിടെ...

അമ്മേടെ നാണു നാളെ വരണൂന്ന് ഫോണിൽ പറഞ്ഞതാണ്. പറഞ്ഞുതീർന്നപ്പോൾ അമ്മയുടെ മുഖത്ത് സൂര്യൻ വന്നുനിറഞ്ഞു. വീടാകെ പ്രകാശം ചൊരിഞ്ഞു. നല്ല കുളിർമ്മയുള്ള നനുത്ത പ്രകാശം.

എന്നെക്കുറിച്ചെന്താണാവോ ഒന്നും ചോദിക്കാതിരുന്നത്. ഒരുപക്ഷേ മനഃപൂർവ്വമായിരിക്കും. വരുമ്പോ ചോദിക്കാലോ... വരട്ടെ.

അവൻ വന്നാൽ നിന്റെ കാര്യം പറയണം. ഇനി എല്ലാംകഴിഞ്ഞിട്ടേ അവനെ എങ്ങോട്ടേയ്ക്കും വിടുന്നുള്ളൂ.

ഓപ്പ മരിച്ചപ്പോ കൊടുത്ത വാക്കാ... നിന്നെ അവന് കൊടുക്കാന്ന്. ഓപ്പയെ വഞ്ചിക്കാനാവില്ല. അമ്മയുടെ വാക്കുകളിലോരോന്നിലും പൊള്ളുന്ന സൂര്യന്റെ ചൂടുണ്ടായിരുന്നു.

അമ്മ.... മോനേയും കാത്ത് ഇവിടിരുന്നോളൂ. എനിക്ക് വേറെ പണിയുണ്ട്. പറഞ്ഞിട്ട് നടക്കുമ്പോൾ അമ്മയുടെ ചുണ്ടുകൾ വിടരുന്നുണ്ടായിരുന്നു. എല്ലാം അറിയാം എന്ന മട്ടിൽ.

അച്ഛൻ മരിച്ചപ്പോൾ ഇവിടെ വന്നതാണ്. പിന്നെ അമ്മയും അച്ഛനുമെല്ലാം അച്ഛൻ പെങ്ങൾ ആയിരുന്നു. അറിവ് വയ്ക്കുന്തോറും അച്ഛൻ പെങ്ങൾ അമ്മയായി മാറുകയായിരുന്നു.

അമ്മ മകനെയും പ്രതീക്ഷിച്ച് ഇരിക്കാൻ തുടങ്ങിയിട്ട് ഒത്തിരി ആയിരിക്കുന്നു സമയം.

ഇവിടാരുമില്ലേ...

ആരോ വിളിക്കുന്നുണ്ടല്ലോ. അമ്മയെക്കണ്ടിട്ടു കാണാത്തപോലെ അയാൾ ഉറക്കെ വിളിച്ചു ചോദിച്ചു. അയാൾ ആകെ വിയർത്ത് ക്ഷീണിതനായിരുന്നു. വാതിൽ തുറന്ന് ചെന്നപ്പോൾ സൂര്യൻ തന്നെ പറ്റിക്കാൻ പറഞ്ഞുവിട്ടതാവും എന്നാണ് കരുതിയത്. കുറെനേരം നോക്കിയിട്ട് അയാൾ...

സൂര്യൻ പോയി......

വഴിതടയൽ സമരത്തിന്റെ ഇടയ്ക്ക് നടന്ന വെടിവെയ്പ്പിൽ സൂര്യൻ...

ആയിരം സൂര്യന്മാർ ഒരുമിച്ച് തലയിൽ ഉദിക്കുന്നതറിഞ്ഞു. ആ അഗ്നിയിൽ എരിഞ്ഞമരാൻ മനസ്സ് വെമ്പുകയായിരുന്നു. സ്ഥലകാലബോധം വന്നപ്പോൾ അയാൾ പോയിരുന്നു. അപ്പോഴും മനസ്സ് ശാന്തമാക്കി അമ്മ കാവൽക്കാരിയെപ്പോലെ ഇരിക്കുകയായിരുന്നു.

അമ്മേ.... സൂര്യൻ....

എന്താ കുട്ടീ. രാത്രിയായോ. അവൻ നാണു വന്നില്ലല്ലോ ഇതുവരെ. രാത്രിയായാൽ അവന് പേടിയാവില്ലേ....

ഈശ്വരാ ഈ അമ്മയെ എന്ത് പറഞ്ഞ് സമാധാനിപ്പിക്കും. ചെങ്കോലും കിരീടവും തന്ന ഈശ്വരൻ അത് ഉപയോഗിക്കാൻ ശക്തിമാത്രം തന്നില്ലല്ലോ.

കുറെ ശബ്ദങ്ങൾ അടുത്ത് വരുന്നുണ്ടായിരുന്നു. എനിക്ക് പരിചിതമല്ലാത്ത കല്ലുകളുടെ ദൃഢതയുള്ള ശബ്ദങ്ങൾ. കുറെയേറെ മുഷ്ടികൾ ആകാശത്തേയ്ക്ക് ഉയരുന്നുണ്ട്. വെള്ളത്തുണിയിൽ ചുവപ്പ് ഏറെ പടർന്നിരുന്നു. കുറെയേറെ ശബ്ദങ്ങൾ കേട്ടിട്ടും അമ്മയുടെ കണ്ണുകൾ ചലിച്ചില്ല.

അവൻ വന്നോ?.....

സൂര്യന് കിടക്കാൻ സ്ഥലം കൊടുക്കുമ്പോൾ അമ്മയെ പതുക്കെപിടിച്ച് നെഞ്ചോട് ചേർത്തു.

അമ്മേ...... അമ്മയുടെ നാണു വന്ന് കിടക്കുന്നു. പറഞ്ഞുനിറുത്തിയതിന് അകമ്പടിവന്നത് തടഞ്ഞുവച്ചിരുന്ന തേങ്ങലായിരുന്നു. കുത്തിയൊലിച്ച് പുറത്തേയ്ക്ക് ഒഴുകിക്കൊണ്ടിരുന്നു. തന്റെ കൈ തട്ടിമാറ്റി നിലത്ത് ഇരുന്ന അമ്മ പതുക്കെ എഴുന്നേറ്റ് അകത്തേയ്ക്ക് പോയി.

അല്ല... അതെന്റെ നാണുവല്ല................ന്റെ നാണുവല്ല.

പക്ഷേ എന്തോ ഉറച്ചിട്ടെന്നപോലെ അമ്മ വീണ്ടും പുറത്തേയ്ക്ക് വന്നു. പുതപ്പിച്ചിരുന്ന തുണി വലിച്ചുമാറ്റി നെഞ്ചിൽനിന്നുയരുന്ന ചുവപ്പിലേയ്ക്കും വായിൽനിന്ന് പതഞ്ഞുയരുന്ന വെളുപ്പിലേയ്ക്കും മാറിമാറി നോക്കി.

അതെ എന്റെ നാണുവാ ഇത്. എന്റെ മാത്രം. ഇത് കണ്ടോ. ഇതെന്റെ ചോരയാ.... ഇതെന്റെ നെഞ്ചിലെ വെള്ളാ.... പൊയ്ക്കോളൂ.... ഇത് നിങ്ങളുടെ സൂര്യനല്ല.... എന്റെ നാണുവാ....

സൂര്യന്റെ മുഖത്തോട് മുഖംചേർത്ത് അമ്മ ഉറങ്ങി.

അപ്പോൾ ചക്രവാളത്തിൽ ചുവപ്പ് ഏറെ പടർന്നിരുന്നു.

**സുനിതകുമാരി**
രണ്ടാംവർഷ
എം.എസ്.സി. ബോട്ടണി

# മാനുഷികമൂല്യങ്ങൾ വർത്തമാനകാലത്തിൽ

**ദീപ്തി ഡി. നായർ**
III B.A

മാനുഷികമൂല്യങ്ങൾക്കുപരിയായി മനുഷ്യ ജീവികൾക്കുതന്നെ വിലയും നിലയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിയ്ക്കുന്നത്. നമ്മുടെ സഹജീവികളോടും, ചുറ്റുപാടുകളോടും നാം കാണിക്കുന്ന കരുണയും, നന്മയും എല്ലാം കൂടിച്ചേർന്ന ഒരു വികാരത്തെ അല്ലെങ്കിൽ ചിന്താഗതിയെ ഉപബോധമനസ്സിലെങ്കിലും നാം പ്രതിഷ്ഠിക്കുന്നു. തുടർന്നുള്ള ജീവിതത്തിൽ ഈ വികാരം പിന്തുടർന്നുപോകാൻ നമ്മെ സമൂഹം പ്രേരിപ്പിക്കുന്നു. പക്ഷെ, സ്നേഹവും, നന്മയും, മനുഷ്യരാശിയുടെ നിലനിൽപ്പും ലാക്കാക്കിയുള്ള ഇത്തരം വികാരങ്ങളെയോ വിചാരധാരയെയോ 'മാനുഷികമൂല്യങ്ങൾ' എന്ന തലക്കെട്ടിൽ ഇന്നു നാം ഒതുക്കിനിർത്താൻ ശ്രമിക്കുകയാണ്.

മനുഷ്യത്വത്തിന്റെ അടിസ്ഥാന ഭാവങ്ങളാണ് സ്നേഹം, കരുണ, നന്മ തുടങ്ങിയവ. മനുഷ്യബന്ധങ്ങൾക്ക് കൂടുതൽ കെട്ടുറപ്പുണ്ടായിരുന്ന ഒരു കാലഘട്ടത്തിലാണ് ഇവയെല്ലാം പ്രാധാന്യത്തോടെ നിലനിന്നിരുന്നത്. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" എന്ന ക്രിസ്തുവചനത്തെ തീർത്തും അർത്ഥവത്താക്കുന്ന ഒരുകാലം നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്നു. പക്ഷെ ഇന്ന് ഇത്തരത്തിലുള്ള ബന്ധങ്ങൾക്ക് ഒരു മുത്തശ്ശിക്കഥയുടെ ലാഘവത്വം വന്നിരിക്കുന്നു. പുതിയ തലമുറയ്ക്ക് അപരിചിതമാണ് ഈ മനുഷ്യബന്ധങ്ങൾ.

കച്ചവടസിനിമകളും, വിദേശ മാധ്യമങ്ങളും ആണ് ഇന്ന് നമ്മുടെ സമൂഹത്തെ നിയന്ത്രിക്കുന്നത്. പരമ്പരാഗതമായി നാം പിന്തുടരുന്ന ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അർത്ഥമില്ലാതായിക്കൊണ്ടിരിക്കുന്നു. "പ്രായോഗിക മനസ്ഥിതിയുള്ള" ജനങ്ങളുടെ എണ്ണം കൂടുന്നതനുസരിച്ച് മാനുഷിക മൂല്യങ്ങളുടെ വിലയും ഇടിഞ്ഞുകൊണ്ടിരിക്കുന്നു. ഭൗതികതയ്ക്കു കൂടുതൽ ഊന്നൽ നൽകിക്കൊണ്ട്. ഭൗതികസുഖങ്ങൾക്കായി നാം പ്രായോഗികതയെ കൂട്ടുപിടിക്കുന്നു. പ്രായോഗികമതി അല്ലെങ്കിൽ Practical Minded ആയ ഒരാളാണ് ഈ സമൂഹത്തിൽ മാന്യൻ. ഇത്തരത്തിലുള്ള ഒരു വ്യക്തിക്ക് "ജീവിക്കാൻ പഠിച്ചവൻ" എന്ന ഒരു പേരും സമൂഹം നൽകുന്നു.

ആത്മീയസുഖമെന്തെന്നറിയാത്ത മനുഷ്യബന്ധങ്ങൾക്കു തീരെ വിലകൽപ്പിക്കാത്ത ഇവർ ജീവിക്കാനായി മാതാപിതാക്കളെ തള്ളിപ്പറയുകയോ, ആത്മാർത്ഥ സുഹൃത്തുക്കളെ വഞ്ചിക്കുകയോ, എന്തിന് സ്വാർത്ഥലാഭത്തിനായി കുറെ ജീവിതങ്ങൾ നശിപ്പിക്കുകയോ ചെയ്താൽപോലും നമ്മുടെ സമൂഹം അത്ഭുതപ്പെടുന്നില്ല. സമൂഹത്തിന്റെ കണ്ണിൽ ഇവയെല്ലാം പ്രായോഗികതയുടെ വിവിധ വശങ്ങളാണ്.

വർത്തമാനപത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും കൂടി ദിവസേന നാം കാണുകയും കേൾക്കുകയും ചെയ്യുന്ന കൊലപാതകങ്ങളും അക്രമങ്ങളും നമ്മുടെ മനസ്സിൽ ഒരു പോറൽ പോലുമേൽപ്പിക്കുന്നില്ല. ഒരു സിനിമാക്കഥ വായിക്കുന്ന ലാഘവത്തോടെ നാം പ്രത്യേകലേഖകന്റെ അന്വേഷണാത്മക റിപ്പോർട്ടുകൾ വായിച്ചു തള്ളുന്നു. മാനുഷിക മൂല്യങ്ങൾക്കു പ്രാധാന്യം നഷ്ടപ്പെട്ടതോടെ ജീവിച്ചുപോന്ന വഴിത്താരകളിലെവിടെയോ വച്ച്

മനസാക്ഷിയും നമുക്ക് കൈമോശം വന്നിരിക്കുന്നു. മനഃസാക്ഷിക്കുത്ത് എന്താണെന്നും അതെപ്പോഴാണ് അനുഭവേപ്പെടുന്നതെന്നും നാം സൗകര്യപൂർവ്വം മറന്നുകളഞ്ഞിരിക്കുന്നു.

മാതാപിതാക്കൾക്കും, ഗുരുക്കൻമാർക്കും ഈശ്വരനൊപ്പം സ്ഥാനം നൽകി ആദരിച്ചുപോന്ന പാരമ്പര്യമാണ് നമുക്കുള്ളത്. പക്ഷെ, ഇന്ന് തന്നെ വളർത്തിവലുതാക്കി, തന്റെ എല്ലാ ഉയർച്ചയ്ക്കും കാരണമായ അച്ഛനമ്മമാരെ അവരുടെ വാർദ്ധക്യകാലത്തിൽ അവരെ ശുശ്രൂഷിക്കാനുള്ള അവസരംകൂടി നഷ്ടപ്പെടുത്തി മനുഷ്യൻ സ്വയം അവന്റെ നാശത്തിലേക്കുള്ള വഴിതുറക്കുന്നു.

പ്രായോഗികമതിയായ ഒരു വ്യക്തി തന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് ധനസമ്പാദനത്തിനുവേണ്ടിയാണ് എന്നുള്ളത് തർക്കമറ്റ കര്യമാണ്. ഇന്നത്തെ സമൂഹത്തിൽ ജീവിക്കാൻ പണം ആവശ്യമാണ് എന്നുള്ളത് സത്യമെങ്കിലും അത് സമ്പാദിക്കുന്നതിനായി നാം സ്വീകരിച്ചുപോരുന്ന വഴികൾ പണ്ടത്തെ കാലങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. മഹാത്മാഗാന്ധിയുടെ അഭിപ്രായത്തിൽ ലക്ഷ്യവും, മാർഗ്ഗവും ഒപ്പത്തിനൊപ്പം പ്രാധാന്യമർഹിക്കുന്നു. പക്ഷെ ഇന്ന് തന്റെ ലക്ഷ്യമായ ധനസമ്പാദനത്തിനായി ഏത് മാർഗം വേണമെങ്കിലും സ്വീകരിക്കാൻ മനുഷ്യൻ തയ്യാറായിരിക്കുന്നു.

ജീവിത സുഖങ്ങൾ ത്യജിച്ച് ആത്മീയഗുരുക്കൻമാരായി തീർന്നവരോട് സമൂഹത്തിനിന്ന് പുച്ഛമാണ്. ഏറ്റവും മുന്തിയതരത്തിലുള്ള വേഷവിധാനങ്ങളും, വാഹനവും മറ്റുമുള്ളവരാണ് ഇന്നത്തെ സമൂഹത്തിൽ മാന്യൻമാർ. മനുഷ്യനന്മ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവരുടെ നേർക്ക് നാം വിമർശനശരങ്ങൾ എയ്യുന്നു. എന്നാൽ പരസ്യമായി സത്യവിരുദ്ധമാർഗങ്ങളിലൂടെ പണം സമ്പാദിക്കുന്നവരെനാം പൂവിട്ടു പൂജിക്കുന്നു.

മാനുഷിക മൂല്യതകർച്ചയെപോലെ തന്നെ പ്രാധാന്യമർഹിക്കുന്നു തകർച്ചയ്ക്കുള്ള കാരണങ്ങളും. എല്ലാവരേയും തട്ടിമാറ്റി, നശിപ്പിച്ച് മുന്നേറാനുള്ള വഴികളാണ് ജനനം മുതൽ തന്നെ നമ്മുടെ ചെവികളിലോതിത്തരുന്നത്. 'സ്വന്തം കാര്യം സിന്ദാബാദ്' എന്നത് ഒരു വ്യക്തി തന്റെ മുഖമുദ്രയായി സ്വീകരിക്കുന്നു. തന്മൂലം മറ്റ് മനുഷ്യജീവനുകളുടെ തകർച്ച അവൻ കണ്ടാസ്വദിക്കുന്നു. ഈ സ്ഥിതിതന്നെ നാളെ തനിക്കു സംഭവിക്കാമെന്ന സത്യം അവൻ മറക്കുന്നു.

ജീവിതലക്ഷ്യങ്ങൾക്കായ സിനിമകളേയും ടെലിവിഷനിലെ എണ്ണമറ്റ വിദേശ ചാനലുകളേയും കൂട്ടുപിടിക്കുന്ന പ്രവണത തുടരുന്നിടത്തോളം കാലം മാനുഷികമൂല്യതകർച്ച നമുക്ക് തടുക്കാനാവില്ല. അതിനുപരിയായി വളർന്നുവരുന്ന ന്യൂക്ലിയർ കുടുംബപശ്ചാത്തലവും. മുത്തച്ഛനും മുത്തശ്ശിയുമെല്ലാം ഇന്ന് വെറും പഴങ്കഥ. ആ കാലത്തിലേയ്ക്കൊരു തിരിച്ചുപോക്ക് ഇനി തീർത്തും അസാദ്ധ്യമാണ്. അതുകൊണ്ട് നമ്മുടെ ഇന്നത്തെ ജീവിത രീതിക്കുതകുന്ന തരത്തിലുള്ള പുതിയ ഒരു സംസ്കാരം നാം കെട്ടിപ്പടുക്കേണ്ടിയിരിക്കുന്നു. ഈ പുതിയ സംസ്കാരത്തിൽ മാനുഷിക മൂല്യങ്ങൾക്ക് അവയർഹിക്കുന്ന പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ ഒരുപക്ഷെ ഈ തകർച്ച മനുഷ്യരാശിയുടെ നിലനിൽപ്പിനെ തന്നെ ദോഷകരമായി ബാധിച്ചേക്കാം.


*With best compliments from*

EXCLUSIVE SHOWROOM FOR READYMADE DRESSES

**Bonnys**
SHIRTS

K.S.R.T.C. ROAD, PERUMBAVOOR. PHONE: 3359 (P.P.)

മംഗള മുഹൂർത്തങ്ങൾ
അനശ്വരമാക്കുവാൻ

ഫോൺ: 25405

22ct. സ്വർണ്ണാഭരണങ്ങൾക്ക്

# തെറ്റയിൽ ജ്വല്ലറി

ലൂർദ് സെൻ്റർ,

ആലുവ

*N. B.* ഞങ്ങൾക്ക് മറ്റെങ്ങും ശാഖകളില്ല.

# നാലുമണിപ്പൂക്കൾ

ബിന്ദു എം.ആർ.
I M.A. ഇംഗ്ലീഷ് ലിറ്ററേച്ചർ

നീറനെഞ്ചിൽപ്പൊന്നുരുക്കുന്നസ്സന്ധ്യ!
നീളൻ ഘടികാര സംഗീതമലിഞ്ഞ വഴികളിൽ
നാകലോകത്തിന്നൊടുക്കത്തെക്കനിവായ്
നാലുമണിപ്പൂക്കളുണരുന്നതും നോക്കി
ഉമ്മറക്കൽത്തൂൺ ചാരിക്കാൽനീട്ടി
സ്മരണതൻ സാഗരതീരത്തു നിന്നുണരുകയായ് മുത്തശ്ശി.

മൃതുള്ളിവിയർപ്പിലലിഞ്ഞപോം കുങ്കുമപ്പൊട്ടു
പോലെറെച്ചുവന്നവ; രിടകലർന്നമ്പല
ക്കൽവിളക്കിൻ നാളങ്ങൾപോലെയഗ്നിയാലും
മഞ്ഞപ്പൂക്കളിനിയും തങ്ങൾ കണ്ടിടാപ്പൂലരി
പോലേറെയേറ്റം വെളുത്തവർ.

ആയിരംമുണ്ണിച്ചിരികണ്ടുപോയ് മുത്തശ്ശിയാ-
പ്പൂമുഖങ്ങളിൽ ജ്വലൽക്കാരമീ കാലത്തിൽ
പിഞ്ചുകൾപോലെത്തന്നെ;യിരുൾ
വഴികൾ വരുവതറിയാതറിയാതെ
മദിച്ചാർത്തു ചിരിയ്ക്കുന്നവരൊന്നുപോലൊന്നുപോൽ.

എന്തിനു പിറന്നതീയന്ത്യയാമത്തിൽ നിങ്ങൾ
ഇത്തിരിക്കഴിഞ്ഞീസ്സൂര്യനും കടൽമുഖത്താണ്ടുപോം
പക്ഷികൾ കൂട്ടിലേയ്ക്കൊന്നൊന്നായ് ചേക്കേറിടും
മൃത്യുഞ്ജപമന്ത്രമുച്ചരിച്ചി മുത്തശ്ശിയുമൊന്നുറ-
ങ്ങുവാൻ പോയിടു,മിനിയുമെന്തിനിച്ചിരിവ്യർത്ഥം?

ഇത്തിരിക്കഴിഞ്ഞുദിക്കും നിലാനൂലിൽപ്പിണ-
ച്ചി ജീവനെയാകാശമേറ്റീട്ടെന്നും
പുലർമഞ്ഞിലേറെ കുളിർത്തീമണ്ണിൽ
മുഖംപൂഴ്ത്തി മരിച്ചു വീഴുന്നവ;രരുണ
പ്പുലരിയുമുജ്ജ്വലമുച്ചകളുമറിയാതുള്ളവർ

എന്തിനു ചിരിപ്പതീ വൃദ്ധയെക്കണ്ടിട്ടാണോ?
ഞാൻ വെറും വയസ്സിയാ;ണജ്ഞാതമാണേറെയെൻ
കാര്യമെങ്കിലും കണ്ടിട്ടുണ്ടാം സമയരഥവേഗ-
ന്യയാത്രകളിലെന്നെയേവരുമെന്നുമെന്നും.

പ്രാതേ കഴിഞ്ഞതെൻ സൂര്യനമസ്ക്കാരം
മദ്ധ്യേ പൊഴിഞ്ഞതുമെൻ വേർപ്പുതുള്ളികൾ
അന്തിയിൽ കണ്ടു ഞാൻ പക്ഷിപ്രയാണങ്ങൾ
ഇരവിൽപ്പൂത്തു നിലാവിലെൻ സ്വപ്നങ്ങൾ
പ്രണയം പകുത്തു ഞാനമ്മയായിട്ടായിരം
തലമുറയ്ക്കായുസ്സു പ്രാർത്ഥിച്ചിനിയെന്ത്?

"നാലുമണികഴിഞ്ഞതീ ജീവനായ് മൃത്യുഞ്ജപ
മന്ത്രമുച്ചരിച്ചീ മുത്തശ്ശിയുമൊന്നുറങ്ങാൻ പോകും.
അതിനുമുൻപൊരു മാത്ര; പതിഞ്ഞുമ്മ
വയ്ക്കട്ടെ ഞാനതിമൃദുലം ദലങ്ങളിലുതിരും കണ്ണുനീരാൽ.

അരികിലില്ലാരുമിവിടെ വിജനമീമുറ്റവു-
മിറയവുമകത്തെന്നുണ്ണികൾ നേരത്തേ-
തന്നുറങ്ങാൻ പോയാവോയൊച്ച
യൊന്നുമേ കേൾപ്പാനില്ല.

ഇടയ്ക്കുമുറിയുന്ന ഗദ്ഗദം കാണാമപരാഹ്നവും
കഴിഞ്ഞിരുൾ പരന്നു മുന്നിലവ്യക്ത-
രായിതുവരെ ചിരിച്ചതാപ്പൂക്കൾ
പതിയെ മുത്തശ്ശിയെണീക്കുന്നു വിറയാർന്ന
കൈകളാൽപ്പകരുന്നു നിലവിളക്കിൻതിര-
കളാലിനി, പിന്നെച്ചുളിഞ്ഞ കരംകൂപ്പി
മൃദുവായ് ജപിക്കുന്നീശ്വരനാമമിടയ്ക്കെ-
ന്തോർത്തിട്ടോ കരയുന്നു പിന്നെയും ജപിക്കുന്നു
കത്തിപ്പടരും തിരികളിലുരുകിപ്പൊന്നാകുന്നാ-
ച്ചുളിഞ്ഞ കവിളിലെ കണ്ണുനീർച്ചാലുകൾ
കണ്ടിട്ടോ ചിരിക്കുന്നു മുന്നിലിരുളി-
ലവ്യക്തരായാ നാലുമണിപ്പൂക്കൾ.

# കറുത്ത പകലുകൾ

അയാളെ കണ്ടാൽ ഒരു നൈരാശ്യത്തിൽ മുങ്ങിക്കഴിയുന്ന ഒരുവന്റെ രൂപമാണ്. ബാഹ്യരൂപം കണ്ടാൽ ഒരു തെമ്മാടിയെന്നോ മറ്റോ തോന്നാം. പക്ഷേ ആ മനസ്സ് സ്നേഹവായ്പിനായെന്നും കൊതിച്ചിരുന്നു. തുച്ഛമായ ജോലിയിൽനിന്നും കിട്ടുന്ന രൂപകൊണ്ട് എങ്ങിനെയാണ് ജീവിക്കുക? നീറിപ്പുകയുന്ന മനസ്സും, തളരുന്ന മെയ്യുമായ് തണുത്ത തിണ്ണയിൽ തലചായ്ക്കുമ്പോൾ, കുറേ ചൂടുപിടിച്ച ചിന്തകൾ അയാളെ വലയംചെയ്തിരിക്കും. ഒടുവിൽ, കണ്ണുനീർ രണ്ടരുവിപോലെ ഒഴുകും. അതീതകാലസ്മൃതികൾ ഓടിയെത്തും. നിസ്സാരനായ താൻ, ഒരു പണക്കാരി പെൺകുട്ടിയെ സ്നേഹിച്ചുപോയതിന്റെ പേരിൽ കിട്ടിയ ശിക്ഷയും. രാധ, അവൾ പാവമായിരുന്നു. അവൾക്ക് സ്നേഹിക്കാനേ അറിയൂ.... അവൾ തെറ്റുകാരിയല്ലെന്ന് അയാൾക്കറിയാം. പക്ഷേ എവിടെയോ ഒരു കുഴപ്പമുണ്ട്.

അന്ന്, ഒരുദിവസം സന്ധ്യമയങ്ങിയ നേരത്ത് രണ്ടക്രമികൾ ചാടിവീണത്... അയാളെ പൊതിരെ തല്ലുകയായിരുന്നു. ഒടുവിൽ, ബോധം വീണപ്പോൾ ഒരു കലുങ്കിനടിയിലായിരുന്നു. കട്ടപിടിച്ച ഇരുട്ടിനെ കീറിമുറിച്ച്... അയാൾ അവിടെനിന്നും അങ്ങനെ രക്ഷപ്പെടുകയായിരുന്നു. പല സ്ഥലത്തും തെണ്ടി നടന്നു... പരിഹാസത്തിന്റെയും നൈരാശ്യത്തിന്റെയും നാളുകൾ... അവസാനമൊരു ചെറിയ ജോലി അയാൾക്ക് തരപ്പെട്ടു. ആ ജോലി ഉപേക്ഷിക്കാതെ ഇന്നുമയാൾ കൊണ്ടുനടക്കുന്നു.

പലതും ചിന്തിച്ചപ്പോൾ അടങ്ങാത്ത അലകളാണെന്ന് അയാൾക്ക് തോന്നി. ഉറക്കംവരാത്ത രാത്രികളിൽ, ചൂടുചിന്തകളെ അമ്മാനമാട്ടി, നേരം വെളുപ്പിക്കുന്നു. അപ്പോഴാണ് മറ്റൊരുചിന്ത അയാളെ അലട്ടിയത്... തന്റെ നാട്ടിൽ ഒന്നുപോയാലോ... രാധ അവിടെയുണ്ടായിരിക്കുമോ...? താൻ ജനിച്ചു വളർന്ന നാട്... പോകണമെന്നുള്ള ആഗ്രഹ[...]ളിൽ തുടികൊട്ടി.

സമയം രാവിലെ 10 മണി... ആകാശ[...] കാർമേഘങ്ങൾ കൂടുകെട്ടി, പെയ്യാൻ വെ[...] നിൽക്കുന്നു. ആ മുഷിഞ്ഞ വസ്ത്രത്തോടെ ത[...] അയാൾ പുറത്തിറങ്ങി. നിരത്തിൽ ആളുകളു[...] തിക്ക് കൂടികൊണ്ടിരുന്നു. ഒരു മഴത്തുള്ളി അ[...] ളുടെ മുഖത്ത് വന്നുവീണു. വീണ്ടുമയാൾ അ[...] ത്തേക്ക് പോയി. പൊടിപിടിച്ച തറയുടെ കോണി[...] ഒരു പഴഞ്ചൻ കാലൻകുട ചാരിവെച്ചിരുന്നു... [...] ത്ത് വന്ന് അയാളത് വിടർത്തിനോക്കി അവിട[...] ടെ ദ്വാരം വച്ചിരിക്കുന്നു. സാരമില്ല... ഇല്ലാത്ത[...] നേക്കാൾ ഭേദമല്ലേ ഒന്നുള്ളത്.

ആളുകൾ അയാളെ ശ്രദ്ധിക്കുന്നുണ്ടെങ്കിലു[...] അയാളത് സാരമായി എടുത്തില്ല. കുട്ടികൾ അ[...] ളെക്കണ്ട് 'അയ്യോ... ഭ്രാന്തൻ' എന്നൊക്കെ വി[...] പ്പോഴും, യഥാർത്ഥത്തിൽ അയാൾക്ക് ചിരിയാ[...] വന്നത്... തന്റെയീ മുടിയും, ദീക്ഷയും കണ്ടാ[...] രു ഭ്രാന്തന്റെ രൂപംതന്നെ. ചുണ്ടിൽ വെറുപ്പി[...] പുഞ്ചിരിവിടർന്നു. റെയിൽവെ സ്റ്റേഷനിൽ എ[...] മ്പോൾ മദ്ധ്യാഹ്നം കഴിഞ്ഞിരുന്നു. കുറേനേ[...] അവിടെ ചുറ്റിപ്പറ്റിനിന്നു. ചുവന്ന ചക്രവാളം [...] യാൾ സ്വപ്നം കാണുകയായിരുന്നു. പിന്നീട്[...] ണ്ടിവന്നു നിന്നപ്പോൾ അയാളെങ്ങനെയോ അ[...] കയറിപ്പറ്റി. ആളുകൾക്ക് മുഖം കൊടുക്കാതെ [...] മൂലയിലേക്ക് നീങ്ങി അയാൾ നിന്നു. അപ്പോ[...] ഒരുപാട് സ്വപ്നങ്ങളുമായി അയാളുടെ മനസ്സ് [...] തക്കുകയായിരുന്നു. അവിടെ, തന്നെ കാത്തിരി[...] വാനും, തനിക്ക് കാത്തിരിക്കുവാനും ആരു[...] ല്ലോ... എന്നിട്ടുമെന്തേ... മനസ്സിനിത്ര വെമ്പൽ...

ട്രെയിനിൽനിന്ന് ഇറങ്ങിയപ്പോൾ അയാ[...] ചിന്തിച്ചത് മറ്റൊന്നായിരുന്നു; തന്നെ അറിയു[...] ആരും നിരത്തിലുണ്ടാകരുതേയെന്ന്... അയാൾ[...]

കാശത്തിൽനിന്നും ഇരുട്ടിലേക്ക് മാറി... ഇപ്പോഴി ഇരുട്ടാണ് തന്നെ തുണയ്ക്കേണ്ടത്. അതാ... ഇപ്പോ... മഴപെയ്യും. മഴയ്ക്കുമുമ്പ് തന്റെ ലക്ഷ്യസ്ഥാനത്ത് എത്തിരുന്നെങ്കിൽ എന്നയാൾ ആഗ്രഹിച്ചു...

കട്ടപിടിച്ച ഇരുട്ടിലൂടെ അയാൾ പതുക്കെ നടന്നു... അലർച്ചയോടെ കാറ്റും മഴയും തുടങ്ങി. കുടനിവർത്തി... നിരത്തിലൂടെ സാവധാനമയാൾ നടന്നു... തണുത്ത കാറ്റ് വീശിയപ്പോൾ ദേഹം വല്ലാതെ തണുത്തെങ്കിലും മനസ്സിൽ ജ്വലിക്കുന്നത് ചുടുള്ള ചിന്തകളാണെന്ന് അയാൾക്കു തോന്നി. കുടയുടെ ദ്വാരത്തിലൂടെ വെള്ളത്തുള്ളികൾ അയാളുടെ തലയിലും ശരീരത്തിലും തെറിച്ചു... അയാൾക്ക് ഈർഷ്യതോന്നി... കുട ചൂടുന്നതും ചൂടാതിരിക്കുന്നതും ഒരുപോലെതന്നെ... അയാളാ കുട ഒരു ഓടയിലേക്ക് വലിച്ചെറിഞ്ഞു... അത് കാറ്റിൽപ്പാറന്ന് എവിടെയോ അപ്രത്യക്ഷമായി... വസ്ത്രങ്ങൾ ശരീരത്തിൽ ഒട്ടിപ്പിടിച്ചു. എങ്കിലും അതൊന്നും കൂസാതെ അയാൾ നടന്നു. പെട്ടെന്നാണ് നേരിയ രോദനം കേട്ടത്... അയാൾ തിരിഞ്ഞുനോക്കി... ഒരു കറുത്തരൂപം... മുഖം വ്യക്തമല്ല... ഇടിമിന്നൽ പ്രകാശത്തിൽ കണ്ടു... മഴയിൽ നനഞ്ഞു കുതിരുന്ന ഒരു യുവതി. അയാളാദ്യമൊന്നു സംശയിച്ചു... അല്ല അത് രാധയല്ല. ആ സ്ത്രീരൂപം വേഗത്തിൽ നടന്നടുത്തു... അയാളെന്തെങ്കിലും പറയുംമുമ്പേ അവൾ തുടക്കമിട്ടു... 'ദയവുചെയ്ത് എന്നെ... ഉപേക്ഷിക്കരുത്... ഇവൾ തന്റെയാരാണ്...? വേഷം മാറിവന്ന യക്ഷിയോ...? അവൾ എന്തൊക്കെയോ പുലമ്പിക്കൊണ്ടിരുന്നു. പെട്ടെന്ന്, അകലെ... കുറേ വെളിച്ചം കാണാറായി... കൂടെ ഹുങ്കാര ശബ്ദങ്ങളും. 'ദയവായി... അവരുടെ കൈകളിലേക്ക് എന്നെ കൊടുക്കരുതേ...' അതൊരു യാചനയായിരുന്നു... പിന്നൊന്നും അയാൾ ചിന്തിച്ചില്ല. മഴയെ അവഗണിച്ച് അവളുടെ കൈയുംപിടിച്ച് ഓടുകയായിരുന്നു... കുത്തിയൊലിക്കുന്ന വെള്ളത്തിലൂടെ അവളുടെ കൈയും പിടിച്ച് ഓടിയപ്പോൾ, അയാളൊന്നറിഞ്ഞു... തനിക്ക് അപായം സംഭവിക്കുമെന്ന്. പെട്ടെന്നാണ് കല്ലിൽത്തട്ടി രണ്ടുപേരും വെള്ളത്തിൽ കമിഴ്ന്നുവീണത്. പുറകിൽ, 'നിൽക്കടി... അവിടെ...' അസഭ്യവാക്യങ്ങളും മുഴങ്ങുന്നുണ്ടയിരുന്നു. ഒരുകൂട്ടം ആളുകൾ അവരുടെ അടുത്തേക്ക് ഓടിയടുത്തു... അയാളെ അവർ തലങ്ങും വിലങ്ങും പ്രഹരിച്ചു... 'ഒരു രക്ഷകൻ വന്നിരിക്കുന്നു... കൊല്ലെടാ അവനെ'. പരിഹാസവാക്കുകൾ. എന്തെങ്കിലും പറയുംമുമ്പേ അയാൾ മൃതപ്രായനായ് കഴിഞ്ഞിരുന്നു... അവളെ അവർ വലിച്ചിഴച്ചു കൊണ്ടുപോയി. അവളെ പ്രഹരിക്കുന്നതു കണ്ടപ്പോൾ അയാളുടെ മനസ്സ് തേങ്ങി. അവൾതന്റെയാരുമല്ല... എന്നിട്ടുമെന്തോ ഒരു മമത...

കുത്തിയൊലിക്കുന്ന വെള്ളത്തിൽ അയാൾ ഒരു ജഡത്തെപ്പോലെ കിടന്നു. വായിലൂടെയും, മൂക്കിലൂടെയും രക്തം ചീറ്റി, വെള്ളത്തിന് അരുണിമ കലർന്നുകൊണ്ടിരുന്നു... ഒടുവിൽ അവളുടെ തേങ്ങലും ഇല്ലാതായി... എല്ലാം അവസാനിച്ചെന്നപോലെ. മൃതപ്രായനായ അയാൾ ചുവന്ന ചക്രവാളമോർത്ത് നെടുവീർപ്പിട്ടു... മനസ്സിന് കർണ്ണികാരത്തിൽ വർണ്ണമേകിയ അയാളുടെ സ്വപ്നങ്ങളവിടെ തകർന്നടിയുകയായിരുന്നു. അഴുക്ക് വെള്ളത്തിൽ, എഴുന്നേൽക്കാൻ ശക്തിയില്ലാതെ ഒരു ജഡത്തെപ്പോലെ അയാൾ അവിടെത്തന്നെ കിടന്നു.... അപ്പോഴും... തകർത്തുപെയ്യുന്ന മഴ അയാളെ.... കുളിപ്പിച്ചുകൊണ്ടുതന്നെയിരുന്നു.

**മഞ്ജുഷ പി.വി.**
I BSc. Zoology

*One minutes Colour & Black and White Photos*

**VIJAY PHOTOS**

STUDIO & COLOUR LAB
PHOTO GOODS DEALERS
JN. ANGAMALY. PHONE: 52080

# നിഴലുകൾ




സന്ധ്യ ആ...
IInd PDC, Ist Gro...


ഇപ്പോൾ സമയം 9.30. കാർ പ്രധാന നിരത്തിൽനിന്നുമാറി തിരക്കുകുറഞ്ഞ ഒരു വഴിയിലൂടെയാണ് പോകുന്നത്. ഇരുവശവും നിരനിരയായി വളർന്നിനിൽക്കുന്ന അകേഷ്യാമരങ്ങൾ. മെല്ലെ തലോടി കടന്നുപോകുന്ന കാറ്റിനും അകേഷ്യാപൂക്കളുടെ ഗന്ധം. ഈ ഗന്ധം എന്നിൽ വീണ്ടും നിന്റെ ഓർമ്മകളെ ഉണർത്തുകയാണ്. നീ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന ഗന്ധം. നീ സ്വന്തമാക്കാൻ മോഹിച്ചവയ്ക്കൊക്കെ ഈ ഗന്ധമായിരുന്നുവെന്ന് നീ പറയാറുണ്ടായിരുന്നല്ലോ. എനിക്കുൾപ്പടെ.

അന്ന്, കോരിച്ചൊരിയുന്ന മഴയുള്ള ആ ദിവസം. അന്നാണ് ഞാൻ നിന്നെ ആദ്യമായി കണ്ടത്. നിന്റെ മുടിയിൽനിന്നും ഉടുപ്പിൽനിന്നു വെള്ളത്തുള്ളികൾ ഇറ്റുവീഴുന്നുണ്ടായിരുന്നു. തണുപ്പുകൊണ്ടാകാം, നിന്റെ പല്ലുകൾ കൂട്ടിയിടിക്കുന്ന ശബ്ദം എനിക്കുകേൾക്കാമായിരുന്നു. അപ്പോഴത്തെ നിന്റെ നിഷ്കളങ്കഭാവം ഇപ്പോഴും ഞാനോർക്കുന്നുണ്ട്. നിന്റെ സ്വപ്നങ്ങളൊളിപ്പിച്ച കണ്ണുകളും കുസൃതിനിറഞ്ഞ പുഞ്ചിരിയും പിന്നീടു വളരെനാൾ ഞാൻ മനസ്സിലേറ്റിയിരുന്നുവല്ലോ.

ഇപ്പോഴും ഓർക്കുമ്പോൾ അത്ഭുതം തോന്നുന്നുവല്ലേ പിന്നീടുള്ള നമ്മുടെ കൂടിക്കാഴ്ച. ലൈബ്രറിയിലെ ഒരു കോപ്പിമാത്രമുള്ള പുസ്തകത്തിന് ആവശ്യക്കാർ നമ്മൾ രണ്ടുപേരുണ്ടായിരുന്നു. ഒടുവിൽ Share ചെയ്യാനുള്ള ലൈബ്രേറിയന്റെ നിർദ്ദേശം നീരസത്തോടെയെങ്കിലം അനുസരിക്കുകയേ നിർവ്വാഹമുണ്ടായിരുന്നുള്ളു. ഇടയ്ക്കിടയ്ക്ക് ആവശ്യത്തിനും അനാവശ്യത്തിനുമുള്ള നിന്റെ ചോദ്യങ്ങൾ എനിക്ക് വളരെ അരോചകമായാണ് തോന്നിയത്. പക്ഷെ പിന്നെപിന്നെ ഞാൻ നിന്റെ സംസാരത്തെ ഇഷ്ടപ്പെടാൻ തുടങ്ങി. ഒപ്പം നിന്നെയും. നല്ല Friends ആയിതുടരാം എന്ന നിർദ്ദേശത്തോടെയാണ് നീ അന്നുയാത്ര പറഞ്ഞത്. ആ... നിർദ്ദേശം മനസ്സിന്റെ കോണിലെ നൊമ്പരമാ... ണ് എനിയ്ക്കനുഭവപ്പെട്ടത്. ഒരു പക്ഷേ നല്ല Frien... ആവുന്നതിൽക്കവിഞ്ഞ് മറ്റെന്തോകൂടി ഞാനു... ആഗ്രഹിച്ചിരിക്കണം. വിലക്കുകളെല്ലാം മറികട... വീണ്ടും നിന്നിലേക്കടുക്കാൻ എന്നെ പ്രേരിപ്പി... തും ആ ആഗ്രഹമായിരുന്നിരിക്കണം. എന്നും കോ... ളേജിനെ വെറുത്തിരുന്ന ഞാൻ പിന്നീട് വളരെ... രത്തെ കോളേജിലെത്തുമായിരുന്നത് എന്തുകൊ... ണ്ടാണെന്ന് എനിക്കിപ്പോഴും അറിയില്ല. ഞാനറി... തെ എന്റെ ഉള്ളിലിരുന്ന് മറ്റാരോ എന്നെ നിയ... ക്കുകയായിരുന്നു. പലപ്പോഴും മനസ്സാക്ഷി വില... യിരുന്നു. പക്ഷേ നിന്റെ കണ്ണുകളിലെ വാചാ... അപ്പോഴെല്ലാം എന്നെ തളർത്തിക്കളഞ്ഞു.

ഞാൻ ഇടയ്ക്കിടെ നിന്നോടു പറയാറുണ്ടാ... യിരുന്നില്ലേ I like you, like, 'Q' like 'u' എന്ന്. പക്ഷേ... അങ്ങനെ പറയുന്നത് നീ ഒരിക്കലും ഇഷ്ടപ്പെട്ടി... ന്നില്ല. Q വിനോടൊപ്പം U ഇല്ലാത്ത വാക്ക് എ... ങ്കിലും ഉണ്ടായാലോ എന്നായിരുന്നു നിന്റെ ഭയ... അല്ലെങ്കിലും ഒരിക്കലും സംഭവിക്കാനിടയില്ലാ... കാര്യങ്ങളെ ഭാവനയിൽ കണ്ടു ഭയക്കുക എന്ന... നിന്റെ ശീലമായിരുന്നല്ലോ. നീ ഒരിക്കലും നിന്നി... വിശ്വസിച്ചിരുന്നില്ല. ഒരു സ്വപ്നജീവിയായിരി... നായിരുന്നു എന്നും നിനക്കിഷ്ടം. ആത്മവിശ്വാ... ല്ലാത്തവരെ പണ്ടേ ഞാനിഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ... എന്നിട്ടും... എന്നിട്ടും എനിക്ക് നിന്നെ ഇഷ്ടപ്പെ... തിരിക്കാൻ കഴിഞ്ഞില്ല. നീ പറയാറുള്ളതുപോലെ... അതെന്റെ ഏറ്റവും വലിയ ബലഹീനതയായിരു... രിക്കാം. പക്ഷെ നിന്നെപ്പോലെ ഞാനും എന്നു... സ്വപ്നങ്ങളുടെ തടവുകാരിയായിരന്നു. സ്വ... ങ്ങൾക്കും മേഘങ്ങൾക്കും മാത്രമേ എന്നെ സ്വ... ധീനിക്കാൻ കഴിയൂ എന്നായിരുന്നു എന്റെ വി...

സം. പക്ഷെ പിന്നീട് നീ എന്റെ ജീവനും സ്നേഹവും ചൈതന്യവുമായി മാറിയപ്പോൾ എനിക്കാവിശ്വാസത്തെ തിരിത്തേണ്ടിവന്നു. മേഘങ്ങളുമായുള്ള എന്റെ ചങ്ങാത്തത്തെ ഒരിക്കലും നീ ഇഷ്ടപ്പെട്ടിരുന്നില്ല. മേഘങ്ങൾ ശൂന്യമാണെന്നുപറഞ്ഞ് നീ പലപ്പോഴും എന്നെ നിരുത്സാഹപ്പെടുത്താറുണ്ടായിരുന്നുവല്ലോ. നിന്നെ എനിക്കറിയാം. എനിക്കു മാത്രമേ അതറിയൂ. അതുകൊണ്ട്... അതുകൊണ്ടു മേഘങ്ങളേയും ഞാനെന്നിൽനിന്ന് അകറ്റിനിർത്തി. നിനക്കുവേണ്ടി. നിനക്കുവേണ്ടിമാത്രം. നിന്റെ മുന്നിൽ അവയൊന്നും എനിക്കു വിലപ്പെട്ടതല്ലല്ലോ. എന്റെ സ്നേഹത്തിന്റെ തുടക്കമെന്നപോലെ ഒടുക്കവും നീ തന്നെയാണ്, എന്റെ സർഗചൈതന്യത്തിന്റെ ഉത്തുംഗശൃംഗം നിന്റെ മനസ്സാണ്. എന്റെ ചിന്തകളുടെ ഉറവിടം നിന്റെ ഭാവനകളാണ്. ജന്മജന്മാന്തരങ്ങളിലും ഞാൻ നിന്നോടൊപ്പമുണ്ടാകും.

അന്ന് കടൽക്കരയിൽ നമ്മളൊരുമിച്ച് ചെലവഴിച്ച സായാഹ്നം നിനക്കോർമ്മയുണ്ടോ? ചക്രവാളത്തിന്റെ ചുവപ്പുനിറം നിന്റെ മുഖത്തു പ്രതിഫലിച്ചിരുന്നു. അപ്പോഴത്തെ നിന്റെ കണ്ണുകളിലെ ഭാവം എനിക്കിപ്പോഴും നിർവ്വചിക്കാനാവുന്നില്ല. അങ്ങുദൂരെ ചെങ്കടലിൽ പാതിതാണ സൂര്യനെ ചൂണ്ടി നീയെന്നോടു പറഞ്ഞു അസ്തമയമാണ് ഏറ്റവും മനോഹരമെന്ന്. സമ്മതിക്കുകയേ എനിക്കു നിർവ്വാഹമുണ്ടായിരുന്നുള്ളു. നീ ഒരിക്കലും കണ്ടിട്ടില്ലാത്ത ഉദയത്തിന്റെ രംഗിവർണ്ണിക്കാൻ ഞാനും അശക്തനായിരുന്നുവല്ലോ.

സ്നേഹവിശ്വാസങ്ങളിലൂടെ, മധുരവും, കയ്പും നിറഞ്ഞ, ശരിയും തെറ്റും വേർതിരിച്ചുകാണിച്ച ജീവിതാനുഭവങ്ങളിലൂടെ ഊടുംപാവുമിട്ടു നാം നെയ്തെടുത്ത ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ; നമ്മളിൽ മാത്രമൊതുങ്ങുന്ന ലോകത്തെക്കുറിച്ചുള്ള വർണ്ണപ്രതീക്ഷകൾ, എല്ലാം എത്രപെട്ടെന്നാണ് തകർന്നടിഞ്ഞത്. ഇലപൊഴിഞ്ഞ മരങ്ങളും പാടാത്ത പക്ഷികളും ചേർന്ന് പകുത്തെടുത്ത നാടിനെക്കുറിച്ചും, ആർത്തലയ്ക്കുന്ന തിരമാലകളെ തടുത്ത് ചെങ്കുത്തായി നിൽക്കുന്ന പാറക്കെട്ടുകളുടെ നിർവ്വികാരതയെക്കുറിച്ചും, സ്നേഹത്തിന്റെ മാസ്മരികതയിൽ പുഞ്ചിരിയോടെ മരണത്തെ പുൽകിയ തോഴിയെത്തേടിയലയുന്ന രാജകുമാരന്റെ ആത്മരോദനത്തെക്കുറിച്ചും നീ പറഞ്ഞുതന്ന നൂറായിരം കഥകൾ മാത്രം ബാക്കിയായി. കാലത്തിന്റെ കുത്തൊഴുക്കിൽ എന്നോ കൈവിട്ടുപോയ വേടത്തിപ്പെണ്ണിനെ തിരിച്ചുകിട്ടുമെന്നുള്ള വ്യാമോഹത്തിൽ ഏകനായി തീരത്തലയുന്ന രാജകുമാരനെക്കുറിച്ചു പറയുമ്പോൾ നിന്റെ കണ്ണുകളിൽ നനവു പടരുന്നത് ഞാൻ കാണുന്നുണ്ടായിരുന്നു. വ്യാഴവട്ടത്തിലൊരിക്കൽമാത്രം താഴ്വരകളെ നീലക്കടലാക്കുന്ന കുറിഞ്ഞിപ്പൂക്കളെക്കുറിച്ച് ഞാൻ വാചാലയാകുമ്പോഴെല്ലാം താഴെ നിന്നെ നോക്കി പുഞ്ചിരിക്കുന്ന മുക്കുറ്റിപ്പൂക്കളോട് കണ്ണുകൾ കൊണ്ടുസംസാരിക്കാനായിരുന്നല്ലോ നിനക്കിഷ്ടം.

ഒടുവിൽ ഗദ്ഗദങ്ങളും നെടുവീർപ്പുകളുമില്ലാതെ എന്നെന്നും ഓർമിക്കൻ രണ്ടിറ്റു കണ്ണുനീർമാത്രം എനിക്കുനല്കി നീ യാത്രപറഞ്ഞപ്പോൾ ' കേൾക്കാത്ത ഗനങ്ങൾ കേട്ടവയിലും മധുരമാണ് എന്ന പല്ലവിയും എനിക്കാശ്വാസം നല്കിയില്ല.

എങ്കിലും ആകാശത്തിലൂടെ തെന്നി നീങ്ങുന്ന സന്ദേശവാഹകരായ വെള്ളിമേഘങ്ങളിൽ, അനന്തമായ ആഴക്കടലിന്റെ നീലിമയിൽ, പുൽനാമ്പുകളിലെ ഇറ്റുവാഴാൻ വെമ്പിനിൽക്കുന്ന മഞ്ഞുതുള്ളികളിൽ, പച്ചപ്പുവുകൾക്കിടയിലൂടെത്തിനോക്കുന്ന കുഞ്ഞുപൂവിൽ എല്ലാമെല്ലാം ഞാൻ നിന്റെ സന്നിധ്യമറിയുന്നു.

നിനക്കറിയാമോ, നിലാവുള്ളരാത്രികളിൽ തുറന്നിട്ട ജാലകത്തിലൂടെ അങ്ങകലെ ആകാശത്ത് ഒരു കുഞ്ഞുനക്ഷത്രം ഇപ്പോഴും എന്നെ നോക്കി പുഞ്ചിരിക്കുകയാണ്.

...... ഉയർന്നു കേൾക്കുന്ന മന്ത്രധ്വനികളാണ് ചിന്തയിൽനിന്നുണർത്തിയത്. ഒടുവിൽ ലക്ഷ്യസ്ഥാനത്തെത്തിയിരിക്കുന്നു. ആയിരമായിരം ആത്മാക്കളുടെ പാപം വഹിക്കുന്ന ഗംഗാനദിയെ എനിക്കിപ്പോൾ കാണാം. നിന്റെ ഒരാഗ്രഹവും ബാക്കിയാവാൻ ഞാനാഗ്രഹിക്കുന്നില്ല. ഇപ്പോൾ നിന്റെ ചിതാഭസ്മവും പേറി ഇവിടെ നിൽക്കുമ്പോൾ ഞാൻ പരിപൂർണ്ണ സംതൃപ്തയാണ്. ഇപ്പോൾ ഈ ഗംഗയുടെ മാറിൽ, എന്നെവന്നു പൊതിയുന്ന നിഴലുകളിൽ നിന്നെയെനിക്കു വേർതിരിച്ചറിയാം. എനിക്കുചുറ്റുമുയരുന്ന ആയിരമായിരം ശബ്ദങ്ങളിൽ നിന്റെ ശബ്ദം എനിക്കു കേൾക്കാം. ആത്മാവിനെ സ്പർശിക്കുന്ന ഈ തണുപ്പിൽ നിന്നെ ഞാൻ വീണ്ടുമനുഭവിക്കുന്നു.

അതെ – ഇപ്പോൾ നിന്നെ ഞാൻ വീണ്ടുമനുഭവിക്കുന്നു.

❐

# രൂപങ്ങൾ


പ്രസാദ് പാറപ്പുറം
ഒന്നാം വർഷ മലയാള സാഹിത്യം


"അപ്പോ പ്രത്യയശാസ്ത്രങ്ങൾ തകർച്ചയെ നേരിടുകയാണെന്നാണോ ടീച്ചർ പറഞ്ഞുവരുന്നത്..."

തന്റെ വരികളിലെ ആന്തരധ്വനി ഇപ്പോൾ മുഴുൻ മനസ്സിലാക്കിയിരിക്കുന്നു. അല്ലെങ്കിൽ അതവന്റെയൊരു വിനോദമാണല്ലോ. ഞാനെന്തുപറഞ്ഞാലും അവനതിൽ ആയിരം വ്യാഖ്യാനങ്ങൾ കണ്ടെത്തും. നിറഞ്ഞ ക്ലാസ്സിൽ ഒന്നുംമിണ്ടാതെ അവനിരിക്കുമ്പോൾ എനിക്കുതോന്നും, അവന്റെ ചിന്തകൾ ക്ലാസ്സ് മുറിയുടെ കോണിൽത്തട്ടി പ്രതിഫലിക്കുന്നുണ്ടെന്ന്... ഒഴിഞ്ഞ ക്ലാസ്സുകൾക്കുശേഷം ഡിപ്പാർട്ട്മെന്റിലേയ്ക്ക് ടീച്ചറേയെന്ന വിളിയുമായ് അവനോടിയെത്തും. അവന്റെ സംശയങ്ങൾ തീർക്കുവാൻ ഷെൽഫിലെ പുസ്തകങ്ങൾ മുഴുവൻ വാരിവലിച്ചിടേണ്ടിവരും... എന്നിട്ടും തൃപ്തിയാവാതെ 'ഹെഡ്ഡി'നോട് ചോദിക്കും. അദ്ദേഹത്തിന്റെ ചുണ്ടിലെ ചെറുചിരി കാണുമ്പോൾ തന്റെ ജാള്യത പുറത്തായോ എന്നാണ് തോന്നുക.

പിറ്റേന്നവൻ വരുമ്പോൾ തലേന്നു ചോദിച്ചതിന്റെ ഉത്തരം അവൻതന്നെ കണ്ടെത്തിയിട്ടുണ്ടാകും.

"അപ്പോ അങ്ങനെയായിരിക്കുമല്ലേ..."

അതുകേൾക്കുമ്പോൾ അവന്റെ വിജ്ഞാനസാഗരത്തിനു മുമ്പിൽ തലകുമ്പിട്ടുനില്ക്കേണ്ടിവരും. എന്റെ ലജ്ജകണ്ട് "ശ്ശെ" എന്ന ഭാവത്തിൽ വരാന്തയുടെ അരുപിടിച്ച് തിരിച്ചു നടക്കുമ്പോൾ, ഭൂതകാലത്തിന്റെ അകത്തളങ്ങളിൽനിന്നും എന്തോ പുറത്തേക്കുവരുന്നതുപോലെ...

അവനെക്കുറിച്ച് പഠിക്കുവാൻ ഞാനൊരു പാഴ്ശ്രമം നടത്തി. എനിക്കെന്നെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല എന്നിരിക്കുമ്പോൾ ഞാൻ വേറൊരാളെക്കുറിച്ച് തിസീസ് തയ്യാറാക്കാൻ ശ്രമിക്കുന്നു. മനസ്സെന്ന വിലക്കുവാനുള്ള ശ്രമം... മനസ്സിനെ മറികടക്കാൻ ഞാൻ നേരത്തേ പഠിച്ചതാണ്..

എഴുതാപ്പുറങ്ങളിലൂടെയായിരുന്നു അ
ന്റെ യാത്രകൾ.... നിർജ്ജീവ ബാല്യത്തിന്റെ ക
ണ്ണുകളിൽ നിസ്സഹായതയോടെ വലിയൊരു ജീ
തദുരന്തം ഈ കൊച്ചുകാലയളവിൽ താണ്ടേണ്ടി
വന്ന പയ്യൻ... പക്ഷെ അവന്റെ മനസ്സ്, ഈ ത
ത്തിലായ് മാറിയതെങ്ങനെ...

അവിടെയാണ് ഞാൻ പരാജയപ്പെട്ടത്. എ
ന്റെ മനസ്സുപോലെയാണ് എല്ലാവരുടേയും മനസ്സ്
ന്ന് നിനച്ച ഞാനെത്ര വിഡ്ഢിയാണെന്ന് അപ്പോ
എനിക്ക് മനസ്സിലായി.

"ടീച്ചർക്കറിയോ, അവനീശ്വരന്റെ കഥ
ഒരിറ്റു സ്നേഹത്തിനുവേണ്ടി അലഞ്ഞ് എങ്ങും
കിട്ടാതെവന്നപ്പോൾ ഓരോ അവയവങ്ങളേയും
നംപ്രതി കീറിമുറിച്ച് അതിൽ സ്നേഹം കണ്ടെത്താ
യ അവനീശ്വരനെ..."

സത്യത്തിൽ ഞെട്ടലാണെനിക്കുണ്ടായത്
ഇവിടെയ്ക്ക് എന്തിനാണവൻ അവനീശ്വരനെ കൊ
ണ്ടുവന്നത്.

അവൻ വരാത്ത ദിനങ്ങളിൽ എന്റെ ക്ലാ
സ്സുകൾ നിർജ്ജീവങ്ങളായിരുന്നു.

"ടീച്ചറുടെ വീടെവിടെയാണ്..."

"ചങ്ങനാശ്ശേരി"

"കുട്ടികളെന്തെടുക്കുന്നു..."

നീണ്ടുകിടന്ന താലിയിലേയ്ക്ക് അറിയാതെ
ന്റെ കൈകൾനീണ്ടു. മറക്കാൻ ശ്രമിക്കുന്നതെല്ലാം
തികട്ടിവരുന്നു.. ഇവിടെനിന്നും ഒരൊളിച്ചോട്ടം
വേണ്ടിവരുമോ..

"ടീച്ചറെന്താ മിണ്ടാത്തത്..."

നില്ക്കുന്ന ഭൂമി സ്വയം താണുപോകുന്ന
തുപോലെ...

"അടുത്തയാഴ്ച പരീക്ഷയല്ലേ... താൻ പോ
യിരുന്ന് പഠിക്കാൻ നോക്ക്. വെറുതെ വേണ്ടാത്ത
തൊക്കെ...."

എന്റെ സ്വരത്തിന്റെ കാഠിന്യമവനെ ഭയപ്പെടുത്തിയോ എന്നൊരു സംശയം. അടുത്തദിവസങ്ങളിൽ അവനെ ക്ലാസ്സിലേക്കു കണ്ടില്ല... റിവിഷൻ നടത്തേണ്ട ഞാൻ ജീവിതത്തിന്റെ റിവിഷനിലേയ്ക്ക് എത്തിനോക്കേണ്ടിവന്നു. കുഴഞ്ഞു കസേരയിലേക്കിരിക്കുമ്പോൾ അവന്റെ മുഖം മാത്രമേ എന്റെ മനസ്സിൽ തെളിഞ്ഞുവന്നുള്ളൂ... നിഷ്കളങ്കത മുറ്റി നിൽക്കുന്ന ഭാവം. ചിന്തകളുടെ ലോകത്ത് തപസ്സുചെയ്യുന്നതിന്റെ ഫലം ആ കണ്ണുകളിൽ തെളിഞ്ഞുകാണാം. ഇന്നലെവരെ അവനാരായിരുന്നെനിക്കറിയില്ല... പക്ഷെ... ഇന്നവനെന്റെ ആരൊക്കെയോയായിതീർന്നിരിക്കുന്നു...

പരീക്ഷാ ഹാളിൽ പേപ്പറിൽ ദൃഷ്ടിയൂന്നി പേന അലസ്സമായി കൈവിരലുകൾക്കുള്ളിലൂടെ പായിക്കുന്ന അവനെ കണ്ടപ്പോൾ സങ്കടം തോന്നി. ഞാനവനെ വേദനിപ്പിച്ചിരിക്കുന്നു... എന്റെ വാക്കുകളവനെ ധർമ്മസങ്കടത്തിലാക്കിയിരിക്കുകയാണ്. ഹാളിൽ അവനെ അഭിമുഖീകരിക്കാനുള്ള ശക്തി എനിക്കുണ്ടായിരുന്നില്ല. ആരുടേയോ പുറകെ പേപ്പർ മടക്കി അവനും എഴുന്നേറ്റു... എനിക്കു പിടിച്ചുനിൽക്കാനായില്ല... ഞാൻ നീട്ടിവിളിച്ചു...

"നന്ദൂ...."

അവനാവിളി കേട്ടില്ലെന്നുണ്ടോ... അതോ...

ഞാനവനെ പിടിച്ചുവലിച്ച് ഒഴിഞ്ഞ ക്ലാസ്സ്മുറികൾക്കുള്ളിലടച്ചു...

"എന്താ നന്ദൂയിത്. ഞാനെന്തുതെറ്റാ നിന്നോട് ചെയ്തത്... താനെന്നോട് മിണ്ടാതിരിക്കുമ്പോൾ... എന്റെ വേദന ഞാനാരോടാ പറയ്യാ..."

അവന്റെ കണ്ണിൽനിന്നും രക്തത്തുള്ളികൾ എന്റെ കൈകളിലേയ്ക്കിറ്റുവീഴുന്നത് ഞാനറിഞ്ഞു.

"ഈ വെക്കേഷന് നമുക്കൊരുമിച്ചെന്റെ വീട്ടിലേക്കുപോകാം. എല്ലാം ഞാനവിടെച്ചെല്ലുമ്പോൾ കാണിച്ചുതരാം."

വാതിൽ തുറക്കുമ്പോൾ എന്തോ രഹസ്യം കണ്ടുപിടിച്ചപോലെ പ്രിൻസിപ്പൽ തല ചൊറിയുന്നുണ്ടായിരുന്നു.

ഡിസംബറിലെ കുളിരിനെ സാക്ഷിയാക്കി നന്ദുവുമൊത്ത് നാട്ടിലേക്ക് യാത്രയായി. അവന്റെയടുത്ത് ചേർന്നിരിക്കുമ്പോൾ നഷ്ടപ്പെട്ടതെന്തോ തിരിച്ചുകിട്ടിയ ഭാവമായിരുന്നു എനിക്ക്. യാത്രയുടെ ക്ഷീണം നന്ദുവിനെ തളർത്തിയെന്നു തോന്നുന്നു. ഉച്ചയായതോടെ ഒന്നുമറിയാതെ അവനെന്റെ തോളിലേക്കു ചെരിഞ്ഞു. കുണ്ടുകളും കുഴികളും താണ്ടി ബസ്സ് അമറുമ്പോൾ അവന്റെ തല ആഞ്ഞാഞ്ഞെന്റെ തോളിനെ പിടിച്ചുകുലുക്കി. അപ്പോഴും എന്റെ കൺകളിൽനിന്നും അശ്രു താഴേക്കു പതിക്കുന്നത് ഞാനറിഞ്ഞു. നിശബ്ദയാത്രയുടെ അന്ത്യം ഞങ്ങൾ ഗ്രാമത്തിലെത്തി. പരന്നുകിടക്കുന്ന പുഴകണ്ടപ്പോൾ നന്ദുവിന്റെ മുഖം വികസിച്ചു.

"ടീച്ചറെത്ര ഭാഗ്യവതിയാ... സുന്ദരമായ പുഴ... പച്ചപിടിച്ചുകിടക്കുന്ന വയലുകൾ... ശീതളമായ ഒറ്റയടിപ്പാത... എന്തുകൊണ്ടും ഗ്രാമവാസം ഒരു സുഖം തന്നെയാണേ..."

"അതെ നന്ദു ഞാൻ സൗഭാഗ്യവതിയാണ്... എന്റെ ഭാഗ്യത്തിന്റെയും സുഖത്തിനേയും കുറിച്ചുള്ള അറിവ് പുറംഭാഗം മാത്രം കണ്ടിട്ടാണല്ലോ... അകത്തളങ്ങളിലേക്ക് ചെല്ലുമ്പോൾ നന്ദു ഞെട്ടരുത്. അപ്പോഴും പറയണം ടീച്ചറെത്ര ഭാഗ്യവതിയാണെന്ന് -"

ആത്മഗതം ഉറക്കെയായിപ്പോയോ എന്നൊരു സംശയം.

"ടീച്ചറുവല്ലതും പറഞ്ഞോ..."

"ഇല്ല കുട്ട്യേ..."

"അല്ലാ ടീച്ചറെ നാഗരീകത നാട്ടിൻപുറത്തെ ആക്രമിക്കുകയാണോ... അതോ നാട്ടിൻപുറം നഗരത്തെ കീഴടക്കാനുള്ള ശ്രമത്തിലാണോ?"

"എന്താ നന്ദൂന്റെ അഭിപ്രായം..."

"ഇല്ല.... ഒന്നൂല്യ... ഇനിയെത്ര ദൂരോണ്ട് ടീച്ചറുടെ വീട്ടിലേയ്ക്ക്?"

"ദേ ആ കാണുന്നതാണെന്റെ ഗേഹം".

അവന്റെ മുഖത്ത് അതിഥിയുടെ ഭാവം. വീടിന്റെ പടികടക്കുമ്പോൾ ഞാനവനെ ശ്രദ്ധിച്ചു. രക്ഷാസ്ഥാനത്തെത്തിയ പ്രതീതി...

വാതിൽ തുറക്കുമ്പോൾ അവൻ ചോദിച്ചു.

"ഇവിടെയാരും താമസിക്കുന്നില്ലേ...?"

"പിന്നേ..."

ഇടനാഴികളിലൂടെ അവനെയൊട്ടിനടക്കുമ്പോൾ അവനിൽനിന്നും പടർന്ന സുഗന്ധം മനസ്സിന്റെ വ്രതശുദ്ധിയെ തകർക്കുമോയെന്നു തോന്നി. പാതിയടഞ്ഞുകിടന്ന വാതിലുകളോരോന്നാ

യ് തുറന്ന് അവന്റെയൊപ്പം അകത്തളങ്ങളിലേക്കു നീങ്ങി. അവസാനത്തിന്റേതിനു മുന്നിലുള്ള വാതിൽ തുറന്നു.

"ഈ കിടക്കുന്നതാരാണെന്നു നന്ദൂന് പറയുവാൻ പറ്റ്വോ...?"

പെട്ടന്നവന്റെ സാമർത്ഥ്യമവസാനിച്ചതു പോലെ. തെല്ലുനേരത്തെ മൂകതയ്ക്കുശേഷമവൻ പറഞ്ഞു.

"ടീച്ചറുടെയച്ഛൻ..."

"മോനിവിടെ തെറ്റി... തെറ്റുകളുടെ നീണ്ട പരമ്പരയാണ് ഇനി നന്ദുവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ പോകുന്നത്. ഇതെന്റെ ഭർത്താവാണ്."

വാക്കുകൾ മുഴുമിക്കുന്നതിനുമുമ്പേ അവൻ മുറിക്കു പുറത്തിറങ്ങി. "താൻ കണ്ടുകഴിഞ്ഞില്ല... ന്റെ കുട്ടികളെ കാണണ്ടേ തനിക്ക്." ആ മുറിയുടെ താക്കോൽ മനസ്സിന്റെ അറകൾക്കുള്ളിലായിരുന്നു.

"ദേ, കണ്ടോ ഇതെന്റെ ആദ്യസന്താനം... ഇത് രണ്ടാമത്തേത്.. അത് മൂന്ന്... നാല്.... അഞ്ച്..."

ടീച്ചറുടെ കണ്ണുകളിൽനിന്നും ജീവിതത്തിന്റെ കയ്പുനീർ ധാരധാരയായൊഴുകി.

"ടീച്ചറേ..."

അവന്റെ കൈകൾ എന്റെ തോളില... തോളിൽനിന്നുമത് താഴേക്കിറങ്ങുന്നതും ... ഞാൻ പിടഞ്ഞുവീഴുന്നതും, വീഴ്ചയിൽ ... പറന്നുയരുന്നതും ഞാനറിഞ്ഞു.

ഉണർന്നപ്പോൾ അകലെ വെള്ള ... രുന്നു. തലേന്നു പെയ്തമഴയുടെ അവശിഷ്ട... പറ്റിപ്പിടിച്ച് കിടക്കുന്നു. നന്ദുയെവിടെ... അവ... സഞ്ചി മുറിയിൽനിന്നും അപ്രത്യക്ഷമായി... ന്നു... നന്ദുവിനെ കാണുന്നില്ല.

എനിക്ക് പാവയായ് പിറന്ന കുഞ്ഞു... ല്ലാം കത്തിയമരുകയാണ്. ഭർത്താവുകിടന്ന ... യിലേക്ക് ഓടിയെത്തി. വായിൽനിന്നൊഴുകി... ക്തം തലയിണയിൽ കട്ടപിട്ടിച്ചു കിടക്കുന്നു... കിടപ്പുകണ്ടപ്പോൾ ഇത്രയും നാളും കിടന്ന... അർത്ഥമുണ്ടായിരുന്നുവോ എന്നൊരു തോന്ന...

പുറത്താരോ ഓടി മറയുന്നതിന്റെ ... രം... മനപ്പൂർവ്വം ഞാനത് പിന്തുടരുവാൻ ... ല്ല.


Select Today

*For all range of Bajaj Two-wheelers in your home town*

VEHICLES INDIA

BAJAJ SHOW ROOM
CHENDAMANGALAM JN.
N. PARAVUR PH: 42763

* Easy Finance Available
* Original Spare Parts available

*Visit our Show Room! Select Your Bajaj*

# Union Nominies



Prof. James Jairaj
Staff Advisor



Prasanth
Debating Club



Manoj Joseph
Quiz Club Secretary



Manoj Francis
Nominies



Bijoy Joseph
Cine club Secretary



Anto K. J.
Canteen



Haris
Planning Form



Manoj
S. S. League

UNION INAGURATION & ARTS CLUB INAGURATION



## യൂണിയൻ സംഘടിപ്പിച്ച കവിയരങ്ങിൽ നിന്ന്....



കോളേജ് യൂണിയൻ സംഘടിപ്പിച്ച ഒരു പ്രഭാഷണത്തിൽ - **സുകുമാർ അഴീക്കോട്.**

# വ്യതിചലനം

ഏകാന്തയെൻ മനസ്സിനെ തൊട്ടുണർത്തി, സ്മരണകൾ
ആർത്തലയ്ക്കും കടലുപോലിരമ്പി; അന്നെനിക്കു
സങ്കൽപ്പമായിരുന്നു സ്വപ്നഗോപുരങ്ങൾ
നിഷ്കളങ്കത്വം കൊണ്ട് ഗോപുരചാർത്തിനുവർണ്ണമിട്ടു.

ആ വർണ്ണങ്ങൾ മനസിലൊരിളം തെന്നലായി മാറി
എൻ ജീവിതവും താളം നിലയ്ക്കാത്തരുവിയായി മാറി
ചലനങ്ങളിൽ പുൽനാമ്പുകളോടുകളിചൊല്ലി
വഴക്കുന്ന പാറകൾ മനസ്സിനെ കലപില ചൊല്ലിച്ചു
വഴിത്താരയിൽ കിടാക്കളെ ഞാൻ തീറ്റിച്ചു.

ഒഴുകിയൊഴുകി ഞാനെത്തിയിന്നിവിടെവരെയും
ഇന്നൊഴുക്കിൻ ശബ്ദങ്ങൾ വിപ്ലവ വീരഗാഥകളായ്
തഴുകിയ കൈകളിന്നു മുഷ്ടിചുരുട്ടി നീട്ടി.
വഴുക്കുന്ന പാറകൾ കൈയിലെ സമരായുധമായ് മാറി

മനസ്സിലെ വർണ്ണങ്ങൾ ചുവന്ന ചോരപ്പാടുകളായ്
തരിക്കുന്നു കൈകളിന്നു സമരത്തിൻ ധ്വനികേട്ടാൽ
മനസ്സു കീഴ്മേൽ മറിയുന്നു. ഗുരുവിനെ ശപിക്കുന്നു
കൊഴിയും ദിനങ്ങൾ യാഥാർത്ഥ്യമാം തകരുന്ന
വർണ്ണ ഗോപുരങ്ങൾ തൻ ദുരന്തഗാനം.

**വേലായുധൻ കെ.കെ.**
മൂന്നാംവർഷ ധനതത്വശാസ്ത്രം

*With best compliments from*

**DEPAUL COMPUTER ACADEMY**
ANGAMALY SOUTH-683 573. PHONE: 04856-52106
'O' LEVEL & 'A' LEVEL COMPUTER COURSES
under the DOEACC Scheme of Govt. of India
Short term courses: D.T.P., F.A., Office Automation etc.
*Our Payback is the professional excellence of our students*

# രക്തസാക്ഷിയുടെ സാക്ഷ്യം

ഷാഹിന വി.കെ.
III B.A, Malayalam

*"ഇങ്കിലാബ് സിന്ദാബാദ്"*
*"സച്ചിദാനന്ദൻ സിന്ദാബാദ്"*
*"രക്തസാക്ഷി സിന്ദാബാദ്"*

ഇങ്കിലാബ് വിളികൾ തുടരെത്തുടരെ മുഴങ്ങുന്നു. ആൾക്കൂട്ടം വർദ്ധിച്ചുവരുന്നു. എല്ലാവരുടെ കൈകളിലും ഉയർത്തിപ്പിടിച്ചിരിക്കുന്ന രക്തവർണ്ണപതാക. രക്തസാക്ഷിയുടെ രക്തത്തിനുണ്ടായിരിക്കുമോ ഇത്രയും ചെമപ്പ്? വീണ്ടും ഓർമ്മകൾ പിന്തുടരുന്നു.

കാലത്തിനപ്പുറത്തേക്ക് സച്ചിദാനന്ദന്റെ ഓർമ ഇവർ കൊണ്ടുനടക്കുമോ? അതോ എന്നോ വീണുപിടഞ്ഞ ഒരു പാവം ജീവന് പകരം നിൽക്കാൻ ഈ ചുവന്ന പൂക്കൾ മതിയാകുമോ?

കണ്ണുകളടഞ്ഞപ്പോൾ സച്ചിദാനന്ദൻ നിന്നു ചിരിക്കുന്നു. അയാളുടെ ചിരി സാധാരണപോലെ ആയിരുന്നില്ല. അല്പം പുച്ഛം കലർന്ന് ചുണ്ടിന്റെ വശം കോടി വികൃതമായ ചിരി സാധാരണ സച്ചിദാനന്ദൻ ചിരിക്കുമ്പോൾ ഒരു നിലാവിന്റെ ലഹരി ഞങ്ങൾക്ക് പകർന്നു കിട്ടുമായിരുന്നു. വല്ലപ്പോഴും മാത്രം ലഭിക്കുന്ന അനുഭൂതി ആ വേഷം... നീണ്ട ജുബ്ബയും അയഞ്ഞ കാലുറയും മുഷിഞ്ഞ്, ചോരയും ചെളിയും പുരണ്ട് കോലൻമുടി നിറയെ പൊടി- സന്തതസഹചാരിയായ തോൾ സഞ്ചിയുമില്ല.

"എന്തുവേഷമാണിത്, സച്ചിദാനന്ദാ?" ഒരല്പം പരിഭ്രമത്തോടെ ഞാൻ ചോദിച്ചു. സച്ചിദാനന്ദൻ വീണ്ടും ചിരിച്ചു- ചുണ്ടുകോടിയ ആ വികൃതമായ ചിരി.

"നമുക്ക് നടക്കാൻ പോകാം" അയാൾ ക്ഷണിച്ചു.

ഞങ്ങൾ ലൈബ്രറിയിൽ നിന്നിറങ്ങി സ്റ്റെപ്പിലേക്ക് നടന്നു. എന്നും ചുവന്ന പൂക്കൾ നിറഞ്ഞിരുന്ന വാകമരങ്ങളിലെ പൂക്കൾക്ക് പീതനിറം കലർന്നിരുന്നു. മഴക്കാലമായതിനാലാകാം സ്റ്റെപ്പിൽ നിറയെ പൂപ്പൽ. ആരുമില്ലാതെ ഒഴിഞ്ഞ മൂകമായ പരിസരം. പ്രണയജോടികൾ ഈ പടവുകളെ മറന്നിരിക്കുമോ? അല്ലെങ്കിൽ പ്രണയംതന്നെ ഇവിടുള്ളവർക്ക് അന്യമായോ? ഞാൻ അതിശയിച്ചു.

എന്തോ എന്റെ ചിന്തകൾ സച്ചിദാനന്ദൻ ഊഹിച്ചിരിക്കുന്നു. ചുറ്റുപാടും വീക്ഷിച്ച് അയാൾ പറഞ്ഞു "ഇന്നൊഴിവല്ലേ. എല്ലാവരും തീയേറ്ററുകളിലോ റെസ്റ്റോറന്റുകളിലോ കാണും".

ഞാൻ സച്ചിദാനന്ദനെ ശ്രദ്ധിക്കുകയായിരുന്നു. എപ്പോഴും കാണുന്ന നിസ്സംഗതയല്ല അയാളുടെ മുഖത്ത്. പലപ്പോഴും വാദപ്രതിവാദങ്ങളിൽ പങ്കെടുത്ത് ശബ്ദഘോഷത്തോടെ സംസാരിക്കുമ്പോഴുള്ള രോഷഭാവം ഇപ്പോഴവിടെ സ്ഥാനം പിടിച്ചിരിക്കുന്നു. സച്ചിദാനന്ദനും എന്നെ ശ്രദ്ധിച്ചിരിക്കണം. "നിനക്കെന്തുപറ്റി?, വല്ലാതെ ക്ഷീണിച്ചിരിക്കുന്നുവല്ലോ?" ഞാൻ പുഞ്ചിരിക്കാൻ ശ്രമിച്ചു. പണ്ട് അവരെന്നെ കളിയാക്കുന്നതോർക്കുകയായിരുന്നു ഞാൻ. ആറംഗസംഘത്തിലെ രണ്ടു പെണ്ണുംഗങ്ങളിൽ ഏറ്റവും തടിച്ചിയായിരുന്നു ഞാൻ. നീണ്ട മൗനത്തിനു വിരമമിട്ടുകൊണ്ട് സച്ചിദാനന്ദൻ തന്നെ സംസാരിച്ചു. "നീ കഴിഞ്ഞ സെപ്റ്റംബർ ഓർക്കുന്നില്ലേ? നമ്മൾ ഇവിടെ വന്നിരുന്ന് ഫെമിനിസത്തെക്കുറിച്ചും സമരങ്ങളെക്കുറിച്ചുമെല്ലാം ചർച്ചചെയ്തത്. അന്ന് ഞാൻ ഫെമിനിസത്തെ എതിർത്തപ്പോൾ നീ പിണങ്ങിയതും പിന്നീട് നിന്നെ മിണ്ടിക്കാൻ ഞാൻ കഷ്ടപ്പെട്ടതുമെല്ലാം".

ഞാൻ കെട്ടുപിണഞ്ഞ ചിന്തകളെ വേർതിരിക്കാൻ ശ്രമിക്കുകയായിരുന്നു. അയാൾ പറഞ്ഞത് നേരാണ്. എന്നും എന്തിനെക്കുറിച്ചും ഉറച്ച അഭിപ്രായമാണ് സച്ചിദാനന്ദന്. പറഞ്ഞത് സമ്മതിച്ചുകൊടുത്തില്ലെങ്കിൽ അവിടം യുദ്ധക്കളം പോലെയാകും. രാജേഷാണ് പ്രധാന എതിരാളി. സച്ചിദാനന്ദനെ ചൂടുപിടിപ്പിക്കാൻ ഞങ്ങളെന്നും രാജേഷിന്റെ പക്ഷത്തു ചേർന്നിരുന്നു. പക്ഷെ ഫെമിനിസത്തെക്കുറിച്ചു പറഞ്ഞപ്പോൾ മാത്രം രാജേഷും സച്ചിദാനന്ദനൊപ്പം ചേർന്നു. ഞാനും സന്ധ്യയും മാത്രമായി വാദിക്കാൻ. അന്നത്തെവഴക്ക് തീർക്കാൻ സച്ചിദാനന്ദന് ഒത്തിരി പണം ചെലവാക്കേണ്ടിവന്നു.

അതെല്ലാം ഓർത്തപ്പോൾ എനിക്കു ചിരിവന്നു. സച്ചിദാനന്ദനും ചിരിച്ചു. "നീ അതൊന്നും മറന്നിട്ടില്ല അല്ലേ?. നീയെന്റെ ശ്രീജയെ കാണാറു

ണ്ടോ?" ആ അന്വേഷണം എന്നെ പൊട്ടിച്ചിരിപ്പിച്ചു: "ഇനിയും കവിത വല്ലതും കയ്യിലുണ്ടോ?" സച്ചിദാനന്ദന്റെ മുഖത്ത് ശോകത്തിന്റെ ഇരുളിമ. "അന്ന് സമാജത്തിൽ ചൊല്ലിയ കവിതയുടെ കാര്യമാ ഞാൻ ചോദിച്ചത്. പാവം ശ്രീജ ആ കുട്ടി അന്നു വല്ലാതെ പേടിച്ചുപോയി അല്ലേ?"

സച്ചിദാനന്ദന്റെ പ്രണയസ്വപ്നങ്ങൾക്ക് നിറം പകർന്നവളായിരുന്നു ശ്രീജ. ഒന്നാം വർഷക്കാരിയായ അവളെ പാട്ടിലാക്കാൻ ഞങ്ങൾ പറഞ്ഞുകൊടുത്ത വിദ്യയായിരുന്നു സമാജത്തിലെ കവിതചൊല്ലൽ. നേരിട്ടു പ്രണയലേഖനം കൊടുക്കാൻ അയാൾക്ക് ധൈര്യമില്ലായിരുന്നു. അന്ന് ഞങ്ങളെ ഏറെ രസിപ്പിച്ചത് ഞങ്ങളുടെ അധ്യാപകൻ ആ കവിതയെപ്പറ്റി ഏറെ പുകഴ്ത്തിപ്പറഞ്ഞതാണ്. എന്തായാലും ശ്രീജയെ കിട്ടിയില്ലെങ്കിലും 'കവി' എന്ന ബഹുമതി സച്ചിദാനന്ദന് കിട്ടി.

ഞാൻ വളരെ നേരം സംസാരിച്ചു വീട്ടിലെ കാര്യങ്ങളും കൂട്ടുകാരെപ്പറ്റിയും, എല്ലാവരിലുംവന്ന അകൽച്ചയുമെല്ലാം. സച്ചിദാനന്ദൻ എല്ലാം കേട്ടിരുന്നു. "നവംബറിലെ ആ ദിവസം നീ ഓർക്കുന്നുണ്ടോ?" സച്ചിദാനന്ദന്റെ ചോദ്യം എനിക്കൽപ്പം ഞെട്ടലുണ്ടാക്കി. "നമ്മൾ ടൂറിന് പോകാൻ പ്ലാനിട്ടിരുന്ന ദിവസം? തലേന്ന് കുറച്ചു സാധനങ്ങൾ വാങ്ങാൻ ടൗൺവരെയൊന്നു പോയതാണ്. പിക്കറ്റിംഗും പോലീസ് ലാത്തിച്ചാർജ്ജും മുറയ്ക്ക് നടക്കുന്നതുകൊണ്ട് വേഗം തിരിച്ചുപോരണമെന്ന് അമ്മ പ്രത്യേകം പറഞ്ഞിരുന്നു.

"വേണ്ട സച്ചി വേണ്ട ഇനി അധികം പറയണ്ട"- ഞാൻ കണ്ണുകൾപൊത്തി തേങ്ങിപ്പോയി,

പിന്നീട് നടന്നതെല്ലാം ഇന്നലെക്കണ്ടതുപോലെ-

"കല്ലെറിഞ്ഞ വിദ്യാർഥികളോട് മടങ്ങിപ്പോകാൻ പോലീസ് മൂന്നുവട്ടം അഭ്യർത്ഥിച്ചു, അവസാനം അവർക്കുനേരെ വെടിവെച്ചു. മൂന്നുപേർ കൊല്ലപ്പെട്ടു. അനേകം പേർക്ക് പരിക്കേറ്റു".

പിറ്റേന്ന് പത്രത്തിൽ വാർത്തകണ്ടപ്പോൾ സാധാരണ സംഭവമായതുകൊണ്ട് വെറുതെയൊന്നു കണ്ടോടിച്ചതേയുള്ളൂ. പക്ഷേ എനിക്കേറ്റവും പരിചിതമായ ആ മുഖവും മരിച്ചുകിടക്കുന്നവരുടെ കൂട്ടത്തിൽ-

പരിഭ്രാന്തരായി ഓടിയ ജനക്കൂട്ടത്തിനിടയിൽ സച്ചിദാനന്ദനും പെട്ടുപോയി എന്ന് രാജേഷ് പറഞ്ഞപ്പോഴും മനസ്സ് ഇനിയും സമ്മതിക്കാനാവാത്ത സത്യത്തിനെതിരായിരുന്നു. പിന്നീട് സച്ചിദാനന്ദന്റെ വീട്ടിൽ, ചെളിയും രക്തവും പുരണ്ട ആ മുഖവും ഏകപുത്രന്റെ മരണത്തിൽ തേങ്ങിക്കരയുന്ന അമ്മയും, റീത്തുവെക്കാൻ തിക്കിത്തിരക്കി വന്ന പാർട്ടിനേതാക്കളും... സച്ചിദാനന്ദൻ അപ്പോഴും ചിരിച്ചുകാണുമോ?

സച്ചിദാനന്ദന് സ്മാരകം പണിയാനായി പാർട്ടിനേതാക്കൾ സമീപിച്ചപ്പോഴായിരുന്നു ആ അമ്മയുടെ വീറും വാശിയും കണ്ടത്. "എന്റെ മകന് സ്മാരകം പണിത് പൂജിക്കാൻ അവൻ നിങ്ങൾക്കൊരുപദ്രവും ചെയ്തില്ലല്ലോ?" ആ അമ്മയുടെ സ്വരത്തിലെ പരിഹാസം അവരെ ഇളിഭ്യരാക്കിയിരിക്കണം. എന്നിട്ടും രക്തസാക്ഷിമണ്ഡപത്തിൽ ഇന്ന് പുഷ്പാർച്ചന നടക്കും - അറിയാതെ തറച്ച ഒരു വെടിയുണ്ടക്കുവേണ്ടി.

"എന്റെ അമ്മ" സച്ചിദാനന്ദൻ തേങ്ങുന്നു. അയാളുടെ കണ്ണിൽനിന്നും കണ്ണീരിനുപകരം ചെളിയും ചോരയുമാണല്ലോ ഇറ്റുവീഴുന്നത്. അല്പമൊരമ്പരപ്പോടെ ഞാൻ ആശ്വസിപ്പിക്കാനായി കൈകൾ നീട്ടി, മേശക്കാലിലിടിച്ച് എന്റെ കൈവല്ലാതെ വേദനിച്ചു. ഞാൻ കണ്ണുതുറന്നു.

സ്വപ്നാലസ്യത്തിലിരിക്കുമ്പോഴും അകലെനിന്ന് ഇങ്കിലാബിന്റെ മുഴക്കം കാതുകളിൽ.

*With best compliments from*

**Science Academy**

**Alwaye-1.**

# കോളേജ് ക്യാമ്പസുകളുടെ ഭാവിഭദ്രത

റോഷൻ അബ്രഹാം
I B.Sc, Chemistry

കോളേജ് ക്യാമ്പസുകളുടെ ഭാവി എന്താകും എന്ന് ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കാരണം ഒരു നാഥനില്ലാ കളരിപോലെയാണ് ഇന്ന് പല കോളേജ് ക്യാമ്പസുകളും. സമരങ്ങളുടെയും, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളുടെയും ഈറ്റില്ലമായി മാറിയിരിക്കുകയാണ് പല ക്യാമ്പസുകളും.

ചുക്കില്ലാത്ത കഷായമില്ല എന്നുപറയുന്നതുപോലെയാണ് ഇന്ന് സമരമില്ലാത്ത കോളേജില്ല എന്നുപറയുന്നത്. അദ്ധ്യയന ദിവസങ്ങളിൽ ഭൂരിഭാഗവും സമരങ്ങളുടെ പേരിൽ നഷ്ടപ്പെടുന്നു. പരീക്ഷയിൽ പരാജയപ്പെടുന്ന വിദ്യാർത്ഥിക്ക് ഭാവി ഒരു ചോദ്യചിഹ്നമായി മാറുന്നു. അടുത്തകാലം വരെ വിദ്യാർത്ഥിനികൾ സമരങ്ങളിൽ കാര്യമായി പങ്കെടുത്തിരുന്നില്ലെങ്കിലും ഇപ്പോൾ അവരും സമരത്തിന്റെ മുൻപന്തിയിലെത്തിയിരിക്കുന്നു. സ്ത്രീ പുരുഷ സമത്വം അവർ സമരത്തിന്റെ കാര്യത്തിലും നടപ്പാക്കിതുടങ്ങിയിരിക്കുന്നു.

സമരത്തിന് ആധാരമായ കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കുമ്പോഴാണ് നാം അത്ഭുതപ്പെടുന്നത്. പലപ്പോഴും നിസ്സാരകാര്യങ്ങൾക്കുവേണ്ടിയാണ് വിദ്യാർത്ഥികൾ തെരുവിലിറങ്ങാറ്. സമരകാരണം പോലും അറിയാതെ ഇറങ്ങുന്നവരും കുറവല്ല. നേതാക്കൻമാർക്കു പിന്നാലെ ശിഷ്യൻമാർ നീങ്ങുന്നു. കുഴപ്പമുണ്ടാവുമെന്ന് ഉറപ്പായാൽ നേതാക്കൻമാർ മുങ്ങുകയും ചെയ്യും. സമരങ്ങളെ അടിച്ചമർത്തുന്ന പോലീസിന്റെ കയ്യിൽനിന്നും പീഢനം ഏൽക്കേണ്ടിവരിക പാവം വിദ്യാർത്ഥികൾക്കാവും. ആശുപത്രിവാസമാണ് സമരത്തിൽ പങ്കെടുത്താൽ നമുക്ക് കിട്ടുന്ന പ്രതിഫലം. പരിക്കേറ്റ അണികളെ നേതാക്കൻമാർ തീർച്ചയായും സന്ദർശിക്കും. കൂടുതൽ പേർ രക്തസാക്ഷികളായാൽ അത്രയും കൂടുതൽ വോട്ട് എന്നതാണ് അവരുടെ ചിന്ത.

സമരങ്ങളെല്ലാം അനാവശ്യമാണെന്നല്ല പറഞ്ഞുവരുന്നത്. ന്യായമായ ഏതാവശ്യത്തിനും സമരം ചെയ്യാം. പക്ഷേ, ഇന്നത്തെ സമരരീതി മാറ്റിയേ തീരൂ. കാരണം ഇന്ന് സമരങ്ങളോടനുബന്ധിച്ച് നടത്തുന്ന പ്രകടനം ഒരുതരം തകർക്കൽ പ്രകടനം ആയിട്ടാണ് അവസാനിക്കാറ്. സർക്കാർ വാഹനമോ ബസ്സോ ആ വഴിവന്നാൽ തീർന്നു പ്രകടനക്കാരുടെ അച്ചടക്കം. ബസ്സിലെ യാത്രക്കാർ ജീവനുംകൊണ്ട് ഓടേണ്ടിവരും. ഈ സ്വഭാവം മാറ്റിയേതീരൂ. പൊതുമുതൽ നശിപ്പിക്കുക എന്നത് സംസ്ക്കാരമുള്ള ഒരു സമൂഹം ചെയ്യുന്ന പ്രവൃത്തിയല്ല. ഇന്ത്യയെപ്പോലുള്ള ഒരു ദരിദ്രരാജ്യത്ത് പൊതുമുതൽ നശിപ്പിക്കുക എന്നത് അക്ഷന്തവ്യമായ ഒരു കുറ്റമാണ്. നാല് ബസ്സ് പൊളിച്ചാലേ സർക്കാർ കണ്ണുതുറക്കൂ എന്ന ധാരണയും മാറ്റിയേ തീരൂ. സമരം ചെയ്ത് നേടേണ്ട ആവശ്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ സത്യസന്ധമായ അറിവുണ്ടാക്കുക. ന്യായമായ ആവശ്യമാണെങ്കിൽ അവർ തീർച്ചയായും രംഗത്തുവന്ന് പ്രതികരിക്കും. വിദ്യാർത്ഥിസമൂഹത്തിന്റെ ആവശ്യങ്ങൾക്കുനേരെ കണ്ണടയ്ക്കാൻ ഒരു സർക്കാരിനും കഴിയില്ല. മറിച്ചുള്ള സമരരീതികൊണ്ട് കുറെ രക്തസാക്ഷികളെ സൃഷ്ടിക്കാമെന്നല്ലാതെ വേറെ നേട്ടമൊന്നുമില്ല. സമരത്തിന്റെ തീച്ചൂളയിൽ മക്കളെ നഷ്ടപ്പെട്ട അമ്മമാരുടെ ശാപം നമ്മെ വിടാതെ പിന്തുടരും. അക്രമം ഭയന്ന് സർക്കാർ ആവശ്യത്തിന് വഴങ്ങിയെന്നിരിക്കും. പക്ഷേ അത് ഒരു വിജയമല്ല. അക്രമത്തിന്റെ വഴി വിദ്യാർത്ഥി സമൂഹത്തിന് ചേർന്നതല്ല.

സമരത്തെക്കുറിച്ച് പറയുമ്പോൾ വിദ്യാർത്ഥി രാഷ്ട്രീയത്തെക്കുറിച്ച് പറയാതെ വയ്യ. വിദ്യാഭ്യാസ കാരണം സമരം എന്ന പ്രതിഭാസം വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവന്നത്രാഷ്ട്രീയ പ്രവർത്തകരാണ്. വിദ്യാർത്ഥി രാഷ്ട്രീയം എന്നാൽ സമരം എന്നതാണ് അർത്ഥം എന്ന നിലവന്നു. വിദ്യർത്ഥികൾക്ക് രാഷ്ട്രീയം വേണോ വേണ്ടയോ എന്ന് ചൂടുപിടിച്ച ചർച്ചകൾ നടക്കുന്ന ഇക്കാലത്ത് സമരങ്ങളുടെ വേലിയേറ്റം തന്നെ ഉണ്ടായിട്ടുണ്ട്. പതിനെട്ടു വയസ്സുള്ളവർക്ക് വോട്ടവകാശമുള്ള ഈ രാജ്യത്ത് കലാലയരാഷ്ട്രീയം വേണ്ട എന്നുപറയു

ക ബുദ്ധിമുട്ടാണ്. പക്ഷേ സ്കൂൾ തലത്തിൽ അത് നിരോധിക്കണം. ചിന്തിച്ചു തീരുമാനമെടുക്കാൻ കഴിവില്ലാത്ത പിഞ്ചുവിദ്യാർത്ഥികളാണ് രാഷ്ട്രീയക്കാരുടെ കളിപ്പാവകൾ. അവരുടെ ചരടുവലികൾക്കനുസരിച്ച് കുട്ടികൾ നീങ്ങുന്നത് അപകടമാണ്. അത് തടഞ്ഞേ തീരൂ. ഐക്യബോധവും നേതൃത്വപരിശീലനവും രാഷ്ട്രീയപ്രവർത്തനം വഴിലഭിക്കുമെങ്കിലും അതിന്റെ ദൂഷ്യവശങ്ങളാണ് വിദ്യാർത്ഥികൾക്ക് സാധാരണ കിട്ടാറ്.

ക്യാമ്പസുകളുടെ ഭാവി ഇരുണ്ടതാക്കുന്ന ഒരു ദുർഭൂതമാണ് മയക്കുമരുന്ന്. കോളേജ് ക്യാമ്പസുകളിൽ സുലഭമായി ലഭിക്കുന്ന ഒന്നായി മാറിയിരിക്കുന്നു അത്. മയക്കുമരുന്നിന് അടിമപ്പെട്ട് കിറുങ്ങിനടക്കുന്ന ചെറുപ്പക്കാർ നമ്മുടെ ക്യാമ്പസുകളിലെ നിത്യകാഴ്ചയാണ്. മയക്കുമരുന്ന് മാഫിയായുടെ പിടിയിലമർന്ന് ചിറകറ്റുവീഴുന്ന ചിത്രശലഭങ്ങളുടെ കഥകൾ പെരുകുന്നു. മയക്കുമരുന്നിടിമപ്പെട്ട കോളേജ് കുമാരീകുമാരൻമാർ ചെയ്തുകൂട്ടുന്ന പേക്കൂത്തുകൾ പത്രമാസികകളിലെ സ്ഥിരം വാർത്തയായി മാറിയിരിക്കുന്നു. ലാഘവബുദ്ധിയോടുകൂടി കാണേണ്ട കാരമല്ലിത്. വിദ്യാർത്ഥികൾക്കിടയിൽ വേരൂന്നിക്കൊണ്ട് തഴച്ചുവളരുന്ന മയക്കുമരുന്നെന്ന വടവൃക്ഷത്തെ വേരോടെ പിഴുതെറിയേണ്ടത് വിദ്യാർത്ഥികളുടെ കടമയാണ്. പാശ്ചാത്യ രാജ്യങ്ങളിൽ മയക്കുമരുന്നിന്റെ സ്വാധീനഫലമായി ഉടലെടുത്ത ഹിപ്പി സംസ്കാരം ഭാരതത്തിലും ആവർത്തിക്കും. ഒടുവിൽ യാതൊരു സംസ്കാരവുമില്ലാത്ത കാടൻമാരായി വിദ്യാർത്ഥികൾ വളർന്നാൽ അത് ഈ രാജ്യത്തിന്റെ അന്ത്യമായിരിക്കും കുറിക്കുക. വിദ്യാർത്ഥികൾ വിചാരിച്ചാൽ മാത്രമേ ഈ വിപത്തിൽനിന്ന് രക്ഷപ്പെടാൻ സാധിക്കൂ. ഒന്നാമതായി മയക്കുമരുന്നിന്റെ ഉറവിടത്തെപ്പറ്റി അധികാരികൾക്ക് സത്യസന്ധമായ വിവരം നൽകുക. രണ്ടാമതായി വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്നിനെതരായ ഒരു അവബോധം സൃഷ്ടിക്കുക. മൂന്നാമതായി ഇതിനടിമപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് അവരെ പുനരധിവസിപ്പിക്കുക. അവർ വീണ്ടും പഴയ ദുശ്ശീലത്തിലേക്ക് തിരിച്ചുപോകുന്നത് തടയുക. അടുത്തകാലത്തായി പല വിദ്യാർത്ഥി സംഘടനകളും മയക്കുമരുന്നിനെതിരായ പ്രചരണം നടത്തിയിരുന്നു. ഇത് ഒരു ശുഭസൂചനയാണ്.

വിദ്യാർത്ഥി സമൂഹത്തെ ആഴത്തിൽ ബാധിച്ചിരിക്കുന്ന ദുശ്ശീലങ്ങൾ ഇനിയുമുണ്ട്. പുകവലി, മദ്യപാനം എന്നിവ ഒരു ഫാഷനായി മാറിയിരിക്കുന്നു. അടുത്തകാലംവരെ വിദ്യാർത്ഥികൾക്കിടയിൽ നിഷിദ്ധമായിരുന്ന കാര്യങ്ങളാണ് ഇവ… ന്നോർക്കണം. അശ്ലീല മാസികകളും, സിനിമകളും വിദ്യാർത്ഥികളിൽ വലിയ സ്വാധീനം ചെലുത്തുന്നു. ഇത് തടഞ്ഞേതീരൂ. ഭാരതത്തിന്റെ സംസ്കാരത്തിന് ചേർന്നതല്ല ഇവയൊന്നും.

വിദ്യാഭ്യാസരംഗത്തെ മൂല്യത്തകർച്ചയ്ക്ക് ഒരുപരിധിവരെ കാരണങ്ങളായത് മുകളിൽ പറഞ്ഞ കാര്യങ്ങളാണ്. എന്നാൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു കാരണം ബിരുദങ്ങളുടെ മൂല്യത്തകർച്ചയാണ്. കാശുകൊടുത്ത് വാങ്ങാൻ കിട്ടുന്ന ഒന്നാണ് ഇന്ന് ബിരുദം. കടലാസുകഷണത്തിന്റെ വിലപോലുമില്ലതിന്. വെറുതെ ഒരു ബിരുദം നേടിയതുകൊണ്ട് ഒരു കാര്യവുമില്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഗാന്ധിജി മനസ്സിലാക്കിയിരുന്നു. എന്നാൽ നാം മനസ്സിലാക്കാൻ വൈകി. സ്വാശ്രയ കോഴ്സുകൾ അനുവദിച്ച നടപടി അടുത്തകാലത്ത് വളരെ വിവാദം സൃഷ്ടിച്ച ഒന്നാണ്. പണം മാത്രമാണോ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടാൻ ഉള്ള മാനദണ്ഡം, പാവപ്പെട്ട വിദ്യാർത്ഥിക്ക് സ്വപ്നം കാണാൻപോലും അവകാശമില്ലാത്ത ഒന്നാണോ അത്? തീർച്ചയായും പണമല്ല വിദ്യാഭ്യാസം നേടുന്നതിനുള്ള മാനദണ്ഡം. മറിച്ച് വിദ്യാർത്ഥിയുടെ കഴിവാണ്. പക്ഷേ പുതിയ കോളേജുകൾ തുടങ്ങാൻ പണമില്ലെന്ന് ഗവൺമെന്റ് പറയുന്നു. സംസ്ഥാനത്തുനിന്നും അയൽ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന കോടിക്കണക്കിന് രൂപ നമ്മുടെ സംസ്ഥാനത്ത് തന്നെ നിക്ഷേപിക്കുന്നത് തീർച്ചയായും നല്ല കാര്യമാണ്. കാര്യക്ഷമതയ്ക്കും, നിലവാരത്തിലും ഉന്നതമാനദണ്ഡങ്ങൾ പുലർത്തുന്ന സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടാകണം. പണമുള്ളവൻ ഇല്ലാത്തവനെ സഹായിക്കുക എന്നതായിരിക്കണം സർക്കാർ നയം. സമ്പത്തികശേഷിയുള്ളവരിൽനിന്നും ഉയർന്ന ഫീസ് വാങ്ങി ആ പണംകൊണ്ട് പാവപ്പെട്ട വിദ്യാർത്ഥിക്കും പഠനസൗകര്യം നൽകുക. താഴ്ന്നപലിശനിരക്കിൽ വിദ്യാഭ്യാസം നൽകാൻ ബാങ്കുകളും മുന്നോട്ടുവരണം. ഏറ്റവും ശ്രദ്ധിക്കേണ്ട കാര്യം ഈ സ്വകാര്യ സ്ഥാപനങ്ങളെ സർക്കാർ ശ്രദ്ധയോടെ വീക്ഷിക്കണം എന്നതാണ്. ലാഭേച്ഛ ഇല്ലാതെയും നിലവാരത്തിൽ ഔന്നത്യം പുലർത്തിയും അവ പ്രവർത്തിക്കുന്നുണ്ടോ എന്ന് അടിക്കടി ശ്രദ്ധിക്കണം.

വിദ്യാഭ്യാസരംഗത്തെ നിലവാര തകർച്ചയുടെ മറ്റൊരു ഉദാഹരണമാണ് അഖിലേന്ത്യാ തലത്തിൽ നടത്തുന്ന മത്സരപരീക്ഷകളിലെ കേരളീയരുടെ ദയനീയ പ്രകടനം. ഉന്നത സിവിൽ സർവീ…

സ പരീക്ഷകളിൽ വിജയം നേടുന്ന കേരളീയരു
ടെ എണ്ണം വർഷംതോറും കുറഞ്ഞുവരുന്നു. ഐ.
ഐ.ടി. മുതലായ നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാ
പനങ്ങളിലും പ്രവേശനം നേടുന്ന കേരളീയർ നാ
മമാത്രമാണ്. ഒരുതരത്തിൽ ഈ സ്ഥിതിവിശേഷ
ത്തിന് കാരണക്കാർ നാം തന്നെയാണ്. സാക്ഷരത
യിൽ രാജ്യത്തിന്റെ മുമ്പന്തിയിൽ നിൽക്കുന്ന കേ
രളം ഉന്നത വിദ്യാഭ്യാസരംഗത്ത് പിന്നോക്കം പോ
കുന്നുവെങ്കിൽ അതിന് കാരണം നമ്മുടെ വിദ്യാ
ഭ്യാസരംഗത്ത് വന്ന മൂല്യതകർച്ചയാണ്. ആധുനി
ക സാങ്കേതികവിദ്യകളായ കമ്പ്യൂട്ടറും മറ്റും പാ
ഠ്യക്രമത്തിൽ ഏർപ്പെടുത്തി ഉത്തരേന്ത്യൻ സംസ്ഥാ
നങ്ങൾ മുന്നിലെത്തി. ഒരുകാലത്ത് ഇന്ത്യൻ ഭരണ
രംഗത്ത് അതികായൻമാരെ സൃഷ്ടിച്ച സംസ്ഥാന
മാണ് കേരളം എന്നോർക്കണം.

മേല്പ്പറഞ്ഞ കാര്യങ്ങളിൽനിന്നും വ്യക്ത
മാവുന്നത് കോളേജ് ക്യാമ്പസുകളുടെ ഭാവി ഒട്ടും
ശോഭനമല്ല എന്നതാണ്. പാശ്ചാത്യമാധ്യമങ്ങളുടെ
കടന്നുകയറ്റത്തോടെ ഒരുതരം ഫാഷൻ സംസ്കാ
രം ക്യാമ്പസുകളിൽ തീപോലെ പടരുന്നു. ആർഷ
ഭാരത സംസ്കാരത്തിന്റെ അന്ത്യംകുറിക്കുന്ന അ
വസ്ഥയിലേക്കാണ് കാര്യങ്ങളുടെ പോക്ക്.
ആൺകുട്ടിയേയും പെൺകുട്ടിയേയും തിരിച്ചറി
യാൻ കഴിയാത്തവിധത്തിലാണ് പുതിയ വേഷ-വി
ധാനങ്ങൾ. എല്ലാവിധത്തിലും മലിനീകൃതമായി
ക്കൊണ്ടിരിക്കുകയാണ് ക്യാമ്പസ് സംസ്കാരം.
ഈ സ്ഥിതിക്ക് മാറ്റംവരുത്തേണ്ട അദ്ധ്യാപകരും
വിദ്യാർത്ഥികളും ഒരുതരത്തിൽ ക്യാമ്പസുകളുടെ
ഭാവിതകർക്കുന്ന രീതിയിലല്ലേ പ്രവർത്തിക്കുന്നതെ
ന്ന് ചിന്തിക്കേണ്ടതാണ്.

ശമ്പളസ്കെയിലും, ക്ഷാമബത്താഗഡുവും,
ജോലിസമയം കുറയ്ക്കലും മാത്രമാണ് ചില അ
ധ്യാപകരുടെയെങ്കിലും ചിന്തയിലുള്ളത്. മാസാമാ
സം ശമ്പളം എണ്ണിവാങ്ങുന്നതൊഴിച്ചാൽ ഒരു പ്രാ
ധാന്യവും അവർ സ്വന്തം തൊഴിലിന് നല്കാറില്ല.
പഠനം നടന്നില്ലെങ്കിലും വേണ്ടില്ല ശമ്പളം കൂട്ടിയേ
തീരൂ. പഠിപ്പിക്കുക എന്നത് കേവലം ഒരു തൊഴി
ലായി കാണാതെ ഒരു സേവനമായി അദ്ധ്യാപകർ
കണക്കാക്കണം. വിദ്യയുടെ നെയ്ത്തിരി പകർന്നു
നൽകുക എന്നത് ഒരു അദ്ധ്യാപകന്റെ കടമയാണ്.

തൊഴിലില്ലായ്മയും വിദ്യാഭ്യാസരംഗത്തെ
പ്രതിസന്ധിക്ക് കാരണമാണ്. പഠനശേഷം ഒരു
ജോലി എന്നത് ഏതൊരു വിദ്യാർത്ഥിയുടെയും
സ്വപ്നമാണ്. ഒരു ഉപജീവനമാർഗ്ഗം നേടാൻ ഉപ
കരിച്ചില്ലെങ്കിൽ പഠിച്ചിട്ട് എന്ത് നേടാൻ എന്നാണ്
യുവതലമുറയുടെ ചോദ്യം. തൊഴിൽരഹിതരുടെ
സമരം വരുമ്പോൾ ലക്ഷം തൊഴിൽ പദ്ധതിവരു
ന്നു എന്ന് പറഞ്ഞ് സർക്കാർ സമരക്കാരുടെ ക
ണ്ണിൽ പൊടിയിടുന്നു. പദ്ധതി കടലാസിൽ ഒതു
ങ്ങി മരിക്കുന്നു. തൊഴിൽരഹിതരും നിരാശരുമാ
യ ചെറുപ്പക്കാർ അക്രമമാർഗങ്ങളിലേയ്ക്ക് തിരി
ഞ്ഞാൽ അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല.

ക്യാമ്പസുകളുടെ ഭാവി ഇരുളടഞ്ഞതാണെ
ങ്കിലും പ്രകാശം പരത്തുന്ന ഒരുതിരി നമ്മുടെ മു
ന്നിലുണ്ട്. അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമി
ച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമെ ആ തിരി തെളിയി
ക്കാൻ സാധിക്കൂ. അദ്ധ്യാപകരും വിദ്യാർത്ഥികളും
ഒത്തൊരുമിച്ച് പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തി
ക്കേണ്ട സ്ഥലമാണ് വിദ്യാലയം. അവിടെ പുറമെ
നിന്നുള്ള ഒരു ശക്തിയും കൈകടത്തുന്നത് അനു
വദനീയമല്ല. അത് കലാലയ ജീവിതത്തിന്റെ ഭദ്രത
യ്ക്ക് ഭംഗംവരുത്തും.

ഗുരുശിഷ്യ ബന്ധത്തിന്റെ പ്രസക്തി വ്യക്ത
മാവുന്നത് ഈ സന്ദർഭത്തിലാണ്. പ്രാചീനഭാരത
ത്തിൽ പല ബുദ്ധിമുട്ടുകളും സഹിച്ചാണ് വിദ്യനേ
ടിയിരുന്നതെങ്കിൽ ഇന്ന് അത് ഒരു ബട്ടൺ അ
മർത്തുമ്പോൾ പുറത്തുവരുന്ന ഒന്നായി മാറിയിരി
ക്കുന്നു. ഗുരുവും ശിഷ്യനും തമ്മിൽ ഒരു ആത്മ
ബന്ധം ഉടലെടുക്കണം. അദ്ധ്യാപകർ ശിഷ്യരെ
പൂർണ്ണമായി മനസ്സിലാക്കി അവന്റെ വീഴ്ചകളെന്തെ
ന്നറിഞ്ഞ അവനെ അതിൽനിന്നെല്ലാം മോചിതനാ
ക്കണം. ശരിയായ മാർഗനിർദ്ദേശം നലകാൻ ആ
ളില്ലാത്തതാണ് ഇന്ന് പലപ്രശ്നങ്ങളുടെയും കാര
ണം. ഗുരുശിഷ്യബന്ധം ഊട്ടി ഉറപ്പിച്ചെങ്കിൽ മാ
ത്രമേ വിദ്യാഭ്യാസ നിലവാരം ഉയരുകയും ക്യാമ്പ
സുകളുടെ ഭാവി ശോഭനമാവുകയും ചെയ്യൂ. പു
തിയ സാമ്പത്തിക നയങ്ങളുടെ വെളിച്ചത്തിൽ തൊ
ഴിലില്ലായ്മ പരിഹരിക്കപ്പെടുമെന്ന് വിശ്വസിക്കാം.

രോഗം ബാധിച്ച കോളേജ് ക്യാമ്പസുകളെ
അദ്ധ്യാപകരും വിദ്യാർത്ഥികളും ഒത്തൊരുമിച്ച്
ചികത്സിച്ച് രക്ഷപ്പെടുത്തണം. ക്യാമ്പസുകളുടെ
മരണം സമൂഹത്തിന്റെ മരണമാണ്. സമൂഹം മരി
ച്ചാൽ രാഷ്ട്രവും. ഐശ്വര്യസമ്പൂർണ്ണമായ ഒരു
കോളേജ് ക്യാമ്പസ് ഒരു ഓർമ മാത്രമായി അവ
ശേഷിക്കുന്നതിനുമുമ്പ് അതിനെ രക്ഷിക്കാൻ ഓ
രോവ്യക്തിയും മുൻകൈയെടുത്തേ തീരൂ. ഭാരത
ത്തിന്റെ ഭാവിവാഗ്ദാനങ്ങളുടെ ഭാവിഭാസുരമാ
ക്കാൻ ആ തീരുമാനം ഓരോവ്യക്തിയും എടുക്കു
മെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഒരുപൊൻ പുലരി
ക്കായി നമക്കൊരുമിച്ച് കൈകോർക്കാം.!!! ☐

# വസന്തകാലം

തസ്മിൻ കെ.എ.
I P.D.C., IIIrd Group

വസന്തകാലമേ നീയെൻ പ്രിയതോഴി
നിൻ മനോഹാരിതയെൻ ദൃഷ്ടിക്ക് പിയൂഷം
നീവന്നണയുമവേളയെനിക്കുരുത്സവനാള്
വസന്തകാലമേയെൻ പ്രിയതോഴീ
വന്നണയൂ നീ മേളവാദ്യഘോഷമോടെ.

നീവരും നാളിനെ വരവേൽക്കുവാനായ്,
നിൻതോഴിമാരാകുമച്ചെടികൾ മലർതാല-
മേന്തുന്നു, കുയിലുകൾ പാടിസ്തുതിക്കുന്നു-
മയിലുകളാടി തിമിർക്കുന്നു, അളികൾ
ചുറ്റിലും പറക്കുന്നു, ശലഭങ്ങൾ മലർതേടിയെത്തുന്നു
ഈ കേളികൾ വസന്തമേ നിൻ വരവേൽപ്പിനായ്
നിനക്കായ് വല്ലികൾ ഭൂഷകളൊരുക്കുന്നു
ഹരിത താഴ്‌വരയുടയാട ഞൊറിയുന്നു
നിൻകേളി കാണുവാനായ് പ്രകൃതിതന്നെയൊരുങ്ങുന്നു
വസന്തമേ നിൻ ശോഭയേവർക്കുമസൂയാജനകം.

നിന്നാസനം നളിനാസൗതൻ മടിത്തട്ടോ!
നീവരും നാളിലുമെൻമനം ഖിന്നയായ്-
ക്ഷിതിയിൽ പലദിക്കിലും ചുറ്റിത്തിരിയുന്നു.
എന്തിനാണെന്നറിയില്ല, ആർക്കായെന്നറിയില്ല
അഴൽ തിങ്ങിയയെനിക്കുനിൻമലർഹാരം തന്നിൽ-
നിന്നൊരു മലരെങ്കിലും ദാനമായ് തന്നാലും.
നിന്നാഹ്ലാദത്തിലൊരംശമെങ്കിലുമെനിക്കു-
നീ ദാനമായ് തന്നാലും പ്രിയസഖീ.



പഞ്ചശരൻപോലും നിനക്കായ് തിരയുന്നു.
ദേവഗണങ്ങൾ നിന്നെ പുണരുന്നു
നിൻ സൗരഭം ഭൂമിക്കനന്ദമേകുന്നു
ദുഃഖമാനന്ദമാക്കുമ നിൻ കേളികൾ
എവർക്കുമേറ്റവും പ്രിയങ്കരം.

നീയെത്ര കാമിനി, നീയെത്ര ശ്രേഷ്ഠ!
മമഹൃത്തിൽ നീയെന്നും മായാത്ത ഓർമ്മകൾ
വസന്തമേ നീയെൻ പ്രിയസഖി
വർണ്ണത്തുടുപ്പാർന്ന കൂട്ടുകാരി.

ഐശ്വര്യ നിക്ഷേപ പദ്ധതി

ഐശ്വര്യ നിക്ഷേപ പദ്ധതി. തികച്ചും വ്യത്യസ്തമായ സവിശേഷതകളോടെ.
ഓരോ 46 ദിവസം കൂടുമ്പോഴും നിങ്ങളുടെ നിക്ഷേപത്തിന് പലിശ
കണക്കാക്കപ്പെടുന്ന അനുപമമായ ഒരു ഹ്രസ്വകാല നിക്ഷേപ പദ്ധതി.

## ഐശ്വര്യ നിക്ഷേപ പദ്ധതി.

മൂന്ന് മാസക്കാലയളവിൽ പലിശ രണ്ട് തവണ കണക്കാക്കപ്പെടുന്നതിനാൽ
നിങ്ങളുടെ പണത്തിന് കൂടുതൽ മൂല്യം ഓരോ 45 ദിവസം കൂടുമ്പോൾ
നിക്ഷേപം പലിശയുൾപ്പെടെ സ്വമേധയാ പുതുക്കപ്പെടുന്നു.
നിർദ്ദേശങ്ങൾക്കൊന്നും വേണ്ടി കാത്ത് നില്ക്കാതെ.
ഐശ്വര്യ നിക്ഷേപ പദ്ധതി: 46 ദിവസത്തെ ചുരുങ്ങിയ കാലാവധി
സ്ഥിരനിക്ഷേപങ്ങൾക്ക് ബാധകമല്ല ഉയർന്ന പലിശയും.
അടിയന്തിര ഘട്ടങ്ങളിൽ സൗകര്യപ്രദമായ രണ്ടു മാർഗ്ഗങ്ങളും 75 ശതമാനം
വരെ വായ്പയെടുക്കുകയോ അല്ലെങ്കിൽ ഏറെ പലിശ നഷ്ടപ്പെടാതെ
നിക്ഷേപം പിൻവലിക്കുകയോ ആകാം.
ഐശ്വര്യ നിക്ഷേപ പദ്ധതി. ഐശ്വര്യത്തിലേക്കുള്ള സംയോജിതമായ ഒരു
നീക്കം.
ഫെഡറൽ ബാങ്കിന്റെ 358 ശാഖകളിൽ ഏതെങ്കിലുമായി ബന്ധപ്പെടുക.
ഇന്ന് തന്നെ.

ചെയർമാൻ എം. പി. കെ. നായർ.

ഫെഡറൽ ബാങ്കിൽ നിന്നും.

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ് രജി. ഓഫീസ്, ആലുവ, കേരളം

Corporate Office, Alway, Branches Nationwide, Correspondents World wide

ANNOUNCING A NEW RATE OF INTEREST FOR NRIS 14.5%

| INTEREST RATES WITH EFFECT FROM 2.8.95 (FOR NRNR DEPOSITS) | |
|---|---|
| Period | Interest rate |
| 6 months to 1 year | 14.5% |
| Above 1 year to 3 year | 13.5% |

At Federal Bank, the interest rates on NRNR deposits have further increased. Which is all the more reason to bank with us, your perfect banking partner.

For further details on our NRI services, please contact us at any of our 358 branches.

THE FEDERAL BANK LIMITED

Regd. Office, Alwaye, Kerala

# സ്മൃതി

മേരിക്കുട്ടി പി.ജെ.
II B.A. Psychology

ഏട്ടന്റെ അസ്ഥിത്തറയിൽ ദീപം കൊളുത്തുമ്പോഴും മിനിക്കുട്ടിയുടെ മനസ്സ് ഉത്തരം കിട്ടാത്ത അനേകം ചോദ്യങ്ങളുടെ നടുവിൽപെട്ട് ഉഴലുകയായിരുന്നു..... ഏട്ടനെവിടെ പോയതായിരിക്കും.... ഏട്ടാ... മിനിക്കുട്ടിയുടെ മനസ്സ് കേണു.

പതിവിലേറെ ശബ്ദകോലാഹലങ്ങൾ കേട്ടാണ് അന്ന് മിനിക്കുട്ടി ഉണർന്നത്. പരിചയമില്ലാത്ത ഒട്ടേറെ മുഖങ്ങൾ. അകത്തളങ്ങളിൽ അവ അലിഞ്ഞലിഞ്ഞില്ലാതാവുന്നു. അപരിചിതർക്കിടയിൽ മിനിക്കുട്ടി ഒറ്റപ്പെട്ടു. ആരോ നേർത്ത ശബ്ദത്തിൽ പറയുന്നത് കേട്ടു. ദേ... നാരായണി... മിനിക്കുട്ടി ഉണർന്നിരിക്കണു. ശബ്ദത്തിന്റെ ഉടമയെതേടി മിനിക്കുട്ടി മുറിക്കുചുറ്റും കണ്ണോടിച്ചു. പക്ഷേ അതും അപരിചിത മുഖംതന്നെ. അപരിചിതർക്കിടയിലൂടെ പകച്ച മുഖവുമായി അവൾ അമ്മയെ അന്വേഷിച്ചു. ആരോ അവളെ അകത്തളത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അമ്മയുടെ കണ്ണിൽനിന്ന് അശ്രുകണങ്ങൾ അടർന്നുവീഴുന്നത് കണ്ട് മിനിക്കുട്ടി അമ്പരന്നു. മോളേ എന്റുണ്ണിപോയല്ലോ. അമ്മയുടെ വിലാപം അവളുടെ ചെവിയിൽ മാറ്റൊലിക്കൊണ്ടു. പക്ഷേ അവൾക്കൊന്നും ഉൾക്കൊള്ളാനാവുന്നില്ലായിരുന്നു. ആരോ ശാസിക്കുന്നതുകേട്ടു. "എന്താ സാവിത്രീത് കൊച്ചുകുട്ടികളെപ്പോലെ നീയ് കുട്ടിയെ പേടിപ്പിക്കാതെ." അൽപം കഴിഞ്ഞപ്പോൾ വടക്കേതിലെ നാരായണിയേട്ത്തി വന്ന് അവളെ എടുത്തുകൊണ്ടുപോയി.

കോലായിലൂടെ അടുക്കളയിലേക്ക് നീങ്ങുമ്പോൾ അച്ഛന്റെ പരിക്ഷീണമായമുഖം അവളിൽ അമ്പരപ്പുളവാക്കി. ആരൊക്കെയോ അച്ഛനെ വീശുന്നുണ്ട്. മിനിക്കുട്ടി ഓർത്തു ഏട്ടനെമാത്രം കാണുന്നില്ലല്ലോ? എന്റെ ഏട്ടനെവിടെ? ആ ചോദ്യം അവളുടെ മനസ്സിൽകിടന്ന് വട്ടംകറങ്ങി. വിശപ്പിന്റെ ഉൾവിളി ഉണ്ടായിരുന്നിട്ടും നാരായണിയേട്ത്തി കൊടുത്തതൊന്നും അവൾ കഴിക്കാൻ കൂട്ടാക്കിയില്ല. അവളുടെ സമസ്യയ്ക്കൊരുത്തരമെന്നോണം അവൾകണ്ടു– നടുമുറിയിൽ അരിയുടേയും പൂവിന്റെയും പാതിപകുത്ത തേങ്ങകളിൽ നിന്നുയരുന്ന ദീപങ്ങളുടേയും നടുവിൽ നിശ്ചേഷ്ടം വിശ്രമിക്കുന്ന അവളുടെ ഏട്ടനെ – വെളുത്ത ശീലയാൽ പൊതിയപ്പെട്ട് കിടക്കുന്ന ഏട്ടനെ. ദീപങ്ങളുടെ പ്രഭാവലയത്തിൽ ഏട്ടന്റെ മുഖത്ത് ഒരു പ്രത്യേക കാന്തിതന്നെ അവൾ ദർശിച്ചു. ചന്ദനത്തിന്റെയും സാമ്പ്രാണിയുടേയും ഗന്ധം മുറിയെ കീഴടക്കിയിരുന്നു. ആദ്യായിട്ടാണല്ലോ ഏട്ടനെ ഇങ്ങനെ കാണുന്നതെന്നവളോർത്തു. ഇതും ചികിൽസയുടെ ഭാഗമായിരിക്കുമോ? മിനിക്കുട്ടി വിളിച്ചു. ഏട്ടാ... ഏട്ടാ... നിശ്ശബ്ദം. മിനിക്കുട്ടി ചോദിച്ചു. എന്താ നാരായണിയേട്ത്തി എന്റെ ഏട്ടനൊന്നും മിണ്ടാത്തത്. ആ ചോദ്യത്തിലെ നിഷ്കളങ്കത ആരേയും തളർത്തിക്കളയുമായിരുന്നു.

പിന്നെയെല്ലാം പെട്ടെന്നായിരുന്നു. ഇരു... നോടെ കയറിവന്ന ബന്ധുക്കൾ കർമ്മങ്ങളാരംഭിച്ചു. കർമ്മങ്ങൾ തുടരുമ്പോൾ പറഞ്ഞറിയിക്കാനാവാത്ത ഒരു ഭാവം മിനിക്കുട്ടിയുടെ മുഖത്ത് പ്രതിഫലിച്ചിരുന്നു. കർമ്മങ്ങളുടെ അവസാനം ഏട്ടനെ എല്ലാവരും കൂടി പുറത്ത് പടിഞ്ഞാറെപറമ്പിൽ അടുക്കിവച്ചിരിക്കുന്ന പട്ടടയിലേക്ക് കൊണ്ടുപോകുന്നത് കണ്ടപ്പോൾ അവളുടെ ഉള്ളം നടുങ്ങി. മിനിക്കുട്ടി ഉറക്കെകരഞ്ഞു. 'ഏട്ടനെ നിങ്ങളെങ്ങോട്ട് കൊണ്ടുപോവ്വാ, ഇല്ല ഞാൻ സമ്മതിക്കില്ല. ഏട്ടാ... അച്ഛാ ഏട്ടനെ കൊണ്ടുപോവരുതെന്ന് പറയ്' ചിതയ്ക്കു തീ കൊളുത്തുന്നത് മിനിക്കുട്ടിക്ക് സഹിച്ചില്ല. അവൾ അലറിക്കരഞ്ഞു. 'ഇല്ല... ഇല്ല... എന്റെ ഏട്ടനെ കത്തിക്കാൻ ഞാൻ സമ്മതിക്കില്ല. ഇല്ല... ഏട്ടാ... ആരോ നിർദ്ദേശിച്ചു 'കുട്ടിയെ അപ്പുറത്തേക്ക് കൊണ്ടുപോ'.

കരഞ്ഞുകരഞ്ഞ് മിനിക്കുട്ടി തളർന്നുറങ്ങി. കുറെ ദിവസങ്ങൾ മിനിക്കുട്ടി ഏട്ടനെ അന്വേഷിച്ചു നടന്നു. പിന്നെ പിന്നെ ഏട്ടന്റെ അസ്ഥിത്തറയിൽ ദീപം കൊളുത്തുകയായിരുന്നു അവളുടെ കർത്തവ്യം. എന്തോ ഒരു പൂർണ്ണത മിനിക്കുട്ടി അതിൽ കണ്ടെത്തിയിരുന്നുന്ന് തോന്നുന്നു. സന്ധ്യയാവാൻ വേണ്ടി അവൾ ആകാംഷയോടെ കാത്തിരിക്കുകയിരുന്നു.

വളരുന്തോറും മിനിക്കുട്ടി കൂടുതൽ കൂടുതൽ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുകയായിരുന്നു. സത്യത്തിന്റെ മുഖം ഭീകരമാണെന്നവൾക്ക് തോന്നി. മിനിക്കുട്ടി യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ ശ്രമിക്കുകയായിരുന്നു. ഏട്ടനെ നഷ്ട... സമൂഹത്തോട് അവൾക്ക് അടക്കാനാവാത്ത വിദ്വേഷമായിരുന്നു. മിനിക്കുട്ടി തന്നിലേയ്ക്ക് തന്നെ

തുങ്ങിക്കൂടുകയായിരുന്നു. എന്നെങ്കിലും തന്റെ വിദ്വേഷം അതിന്റെ അതിർവരമ്പുകൾ ഭേദിച്ച് വിഹരിക്കുമോയെന്നവൾ ഭയന്നു. അമ്മയുടെ അശ്രു നിറഞ്ഞ കണ്ണുകളും അച്ഛന്റെ വിഷാദം പുരണ്ടമുഖവും അവളെ അസ്വസ്ഥയാക്കി. ദുഃഖഭാരത്താൽ നരപടർന്നുകയറിയ അച്ഛന്റെ മുടികളോടവൾക്ക് സഹതാപം തോന്നി. അകത്തളങ്ങളുടെ കനത്ത നിശ്ശബ്ദത അവളെ കൂടുതൽ മൗനിയാക്കി. പൂജാമുറിയിൽനിന്ന് പുറത്തിറങ്ങാതെ ദിവസങ്ങളോളം ശ്രീകൃഷ്ണവിഗ്രഹത്തിന്റെ പാദങ്ങളിൽ തലചായ്ച്ചുകിടക്കുന്ന അമ്മയുടെ അവസ്ഥ അവളെ വല്ലാതെ വേദനിപ്പിച്ചു.

മൂകത തളംകെട്ടിയ അകത്തളത്തിലിരുന്ന് അവൾ പുതുമ നശിക്കാത്ത പഴയകാര്യങ്ങൾ ഓർത്തു. സന്തോഷം അലതല്ലിയിരുന്ന ശബ്ദമുഖരിതമായ വീട്. ഏട്ടന്റെ നിർത്താതെയുള്ള 'മിനിക്കുട്ടി...' വിളികൾ ഏറ്റുവാങ്ങിയിരുന്ന അകത്തളങ്ങൾ. എന്നും രാവിലെ ഏട്ടൻ വേണമായിരുന്നു മിനിക്കുട്ടിയെ ഉണർത്താൻ. അവൾക്കെല്ലാം ഏട്ടനായിരുന്നു. തൊടിയിലൂടെ കൊണ്ടുനടന്ന് താരാട്ടുപാടുന്ന ഏട്ടൻ. അതുപോലെതന്നെ അച്ഛനും അമ്മയ്ക്കും എന്തിനും ഏട്ടൻ വേണമായിരുന്നു. 'ഉണ്ണി...' എന്ന വിളികേൾക്കാതെ അകത്തളങ്ങൾക്ക് ഉറങ്ങാൻ കഴിയുമായിരുന്നില്ല. നാട്ടുമാവിൽ നിന്ന് തുടുത്ത മാങ്ങാപറിച്ച് മുകളിലിരുന്ന് കൊതിപ്പിക്കുന്ന ഏട്ടൻ... അങ്ങനെ ഒത്തിരി ഒത്തിരി ഓർമ്മകൾ. ഏട്ടന് മെഡിസിന് പ്രവേശനം കിട്ടിയെന്നറിഞ്ഞപ്പോൾ പതിവിനു വിപരീതമായി തറവാട്ടിലൊരു മൂകാന്തരീക്ഷമായിരുന്നു. ഏട്ടനെ പിരിയുന്ന കാര്യമോർക്കാൻ കഴിയുമായിരുന്നില്ല. അച്ഛൻ ഒത്തിരി പറഞ്ഞു. 'എന്റുണ്ണീ നീയെന്തിനാ ഈ പണിക്ക് പോണത്. കണ്ട ചത്തോന്റെക്കെ ദേഹം വെട്ടിപ്പൊളിച്ചിട്ട് എന്ത് കിട്ടാനാ'. പക്ഷേ ഇക്കാര്യത്തില തന്റെ തീരുമാനത്തിൽനിന്ന് വ്യതിചലിക്കാൻ ഏട്ടൻ തയ്യാറായിരുന്നില്ല. സേവനം ഏട്ടന്റെ ജീവിതാഭിവാഞ്ജയായിരുന്നൂന്ന് തോന്നണു. ഏട്ടനെ യാത്രയയ്ക്കുമ്പോൾ കണ്ണുനീർ അടക്കാനാവുന്നില്ലായിരുന്നു. അമ്മയുടേയും അച്ഛന്റെയും സ്ഥിതിയും മറിച്ചല്ലായിരുന്നു. വടക്കേതിലെ നാരായണിയേടത്തി ശാസിച്ചു. 'ആയ് എന്താത്? ഉണ്ണി പഠിക്കാൻ പോണതല്ലെ. നിങ്ങടെ സങ്കടം കണ്ടാ തോന്നും കുട്ടി മരിക്കാൻ പോവാണെന്ന്. കണ്ണുനീര് തുടച്ച് കുട്ടിയെ സന്തോഷായിട്ട് യാത്രയയ്ക്ക്.' അവസാനമായപ്പോഴേയ്ക്കും ഏട്ടനും താങ്ങാനാവുന്നില്ലായിരുന്നു. അച്ഛനായിരുന്നു ഏട്ടനെ കൊണ്ടന്നാക്കിയത്. തിരിച്ചുവരുമ്പോൾ അച്ഛന്റെ മുഖം മ്ലാനമായിരുന്നു.

ഏട്ടൻ പോയതിനുശേഷം മിനിക്കുട്ടിയുടെ ദിനചര്യകളെല്ലാം തെറ്റി. പോയതിന്റെ 13-ാം ദിവസം അച്ഛന് ഒരു ടെലഗ്രാം കിട്ടി. "ഉണ്ണിക്ക് സുഖമില്ല എത്രയും വേഗം എത്തിച്ചേരുക". അതായിരുന്നു ഉള്ളടക്കം. വീട്ടിൽ ഒരു കൂട്ടക്കരച്ചിലിന്റെ ആരംഭമായിരുന്നു. പോസ്റ്റോഫീസിൽനിന്ന് വന്ന അച്ഛൻ ആ വേഷത്തിൽതന്നെ യാത്രയായി. അച്ഛൻ ചെല്ലുമ്പോൾ ഏട്ടൻ അച്ഛനുപോലും കണ്ടാൽ തിരിച്ചറിയാത്ത അവസ്ഥയിലായിരുന്നു. ദിവസങ്ങളോളം തുടർന്നുവരുന്ന ഉപവാസം ഏട്ടനെ ആ പരുവത്തിലാക്കിയിരുന്നു. അച്ഛനെ കണ്ടിട്ട് ഏട്ടൻ യാതൊരു പരിചയഭാവവും കാണിച്ചില്ല. റാഗിംഗിന്റെ വർണ്ണപ്പൊലിമയിൽ ഏട്ടന് സ്വന്തം മനസ്സിന്റെ സമനിലതന്നെ നഷ്ടപ്പെടുകയായിരുന്നു. നിറഞ്ഞ കണ്ണുകളോടെ യാത്രയാവുമ്പോൾ പ്രൊഫസർ അച്ഛനെ ഓർമിപ്പിച്ചു. "കുട്ടിയെ സൂക്ഷിക്കണം. സ്വയം നശിപ്പിക്കാനുള്ള ഒരു പ്രവണതയുണ്ട്." അതുകൂടി കേട്ട അച്ഛന്റെ മനസ്സ് പൂർണ്ണായും തളർന്നു. എങ്കിലും അച്ഛൻ ആശ കൈവിട്ടില്ല. തറവാട്ടിൽ കൊണ്ടുവന്ന് വൈദ്യന്മാരുടെ ഒരുസംഘത്തെ തന്നെ വരുത്തി. തലയിൽ തളംവയ്ക്കൽ, നെയ് സേവിക്കൽ, നസ്യം ചെയ്യൽ ചികിൽസകൾ അങ്ങനെ നീണ്ടുപോയി. അറിയാവുന്ന അമ്പലങ്ങളിലേയ്ക്കെല്ലാം വഴിപാടുകൾ നേർന്ന് പൂജാമുറിയിൽനിന്ന് പുറത്തിറങ്ങാതെ അമ്മ ഉള്ളുരുകി പ്രാർത്ഥിച്ചു. മിനിക്കുട്ടിക്ക് മാത്രം ഒന്നും മനസ്സിലാകുന്നുണ്ടായിരുന്നില്ല. എന്താ ഏട്ടൻ തന്റെകൂടെ കളിക്കാത്തത്. അവളുടെ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാൻ ആരുമില്ലായിരുന്നു. പക്ഷേ ഏറെ സൂക്ഷിച്ചിട്ടും അച്ഛൻ പതുക്കെയൊന്ന് മയങ്ങിപ്പോയ ആ രാത്രിയിൽ ഏട്ടൻ ഈ നശിച്ച സമൂഹത്തിൽനിന്നും അനന്തതയിലേക്ക് പറന്നുയർന്നു.

ഒരു കുടുംബത്തെമുഴുവൻ തീരാദുഃഖത്തിലാഴ്ത്തിയിട്ട് ഈ സമൂഹം എന്ത് നേടി. ഭീമമായ ജനസംഖ്യയിൽനിന്ന് ഒരാളെ തള്ളിക്കളയാൻ കഴിഞ്ഞതാണോ ഈ സമൂഹത്തിന്റെ ഏതാനും വിദ്യാർത്ഥികളുടെ നേട്ടം. മിനിക്കുട്ടി ദൃഢനിശ്ചയം ചെയ്തു ഈ സമൂഹത്തെ അവരെ നശിപ്പിക്കണം. അവൾ തന്നെ ആലോചിച്ചു. അതുകൊണ്ടെന്തു നേടാൻ. ഏട്ടന്റെ ആയുസ്സ് മടക്കിലഭിക്കില്ല. ഈ മഹാപ്രപഞ്ചത്തിൽനിന്ന് നശിച്ച സമൂഹത്തിൽനിന്ന് ആര് എന്ത് നേടാൻ? ചിന്തകൾ ഒരിടത്തും എത്തുന്നില്ല. അനാഥപ്രേതം പോലെ അലയുകയാണ് ചിന്തകളിൽ അലയുമ്പോൾ ഒരു മന്ദമാരുതൻ മിനിക്കുട്ടിയെ തഴുകി കടന്നുപോയി. ഏട്ടന്റെ ആത്മാവാണെന്ന് മിനിക്കുട്ടി വിശ്വസിച്ചു. മിഥ്യയായിരിക്കാം. എങ്കിലും അൽപനേരത്തെ ആശ്വാസത്തിനായ് മിനിക്കുട്ടി അത് ഒരു യാഥാർത്ഥ്യമായി തന്നെ കരുതട്ടെ. ❐

ചർച്ച

# ഹോമിക്കപ്പെടുന്ന മലയാളത്തിന്റെ ആത്മാവ്



ജെ. ബിന്ദുരാജ്
-കറസ്പോൺഡന്റ്-

"എന്നുടെ ഭാഷയാണെൻ തറവാട്ടമ്മ
അന്യയാം ഭാഷ വിരുന്നുകാരി"

മലയാളത്തിന്റെ അഭിമാനസ്തംഭമായ മഹാകവി വള്ളത്തോൾ നാരായണമേനോന്റെതാണ് അർത്ഥസമ്പുഷ്ടമായ ഈ വരികൾ. വള്ളത്തോളിന്റെ തൂലികയിൽ പ്രതിഫലിച്ചുകണ്ടത് തന്റെ ഭാഷയാണ് തന്റെ തറവാട്ടമ്മയെന്നും വിദേശഭാഷകൾ വെറും വിരുന്നുകാരികൾ മാത്രമാണെന്നുമുള്ള സങ്കല്പമായിരുന്നു. പക്ഷേ ഈ ചിന്താഗതി വള്ളത്തോളിന്റെ തൂലികയിലേയ്ക്ക് ചുരുണ്ടുകൂടിയോ എന്നതാണ് ഇന്നേറെ പ്രസക്തമായിരിക്കുന്ന ചിന്താവിഷയം. വിരുന്നുണ്ണാൻ വന്നവർ ആതിഥ്യമര്യാദകൾ ലംഘിച്ച് നമ്മുടെ സമൂഹത്തെ "സ്റ്റാറ്റസി"ന്റെയും "ഡിക്നിറ്റി"യുടെയും പേക്കോലം കെട്ടിച്ച് അടക്കിവാഴുന്ന ഒരവസ്ഥയിലേയ്ക്കാണോ നമ്മെ കൂട്ടിക്കൊണ്ടുപോയത്? ഭാഷയെന്നതിലുപരി ആംഗലഭാഷ ഒരു ഫാഷനായി പരിണമിച്ചുവോ?

മനുഷ്യൻ കാലപ്രയാണത്തിൽ മാതൃഭാഷയിൽനിന്നും മെല്ലെ അകന്നു. വള്ളത്തോളിന്റെ വരികൾക്കും ആശയങ്ങൾക്കും മീതെ 'മിഥ്യാബോധം' എന്ന വല്മീകം വളർന്നുവന്നു. കവി കുഞ്ഞുണ്ണിമാഷിന്റെ വരികൾ ഒന്നു ശ്രദ്ധിക്കൂ.

"ജനിച്ച നിമിഷം തൊട്ടെൻ മകനിംഗ്ലീഷു
പഠിക്കണം
അതിനായ് ഭാര്യതൻ പേറിംഗ്ലണ്ടിൽ
തന്നെയാക്കി ഞാൻ!"

കാലപ്രവാഹത്തിൽ ത്യജിക്കപ്പെട്ടത് മലയാളത്തിന്റെ ആത്മാവായിരുന്നു. അമ്മയുടെ മുലപ്പാലിനെ തള്ളിപ്പറഞ്ഞ ഉപഭോക്തൃസംസ്ക്കാരത്തിന്റെ വളർച്ചയായിരുന്നു അവിടംമുതൽ. മലയാളം പറയുന്നവന്റെ തല മനോഹരമായി മൊട്ടയടിക്കുന്ന, തറവാട്ടമ്മയ്ക്ക് തറവില കല്പിക്കുന്ന ഒരു സംസ്കാരമാണോ കേരളത്തിൽ ഉടലെടുക്കുന്നത്? ആശാന്റെ രണ്ടുവരി കാവ്യം നമ്മുടെ നാവിൽ അപ...
സ്യമായിത്തീരുന്നുവോ?

ഇതിനെല്ലാമിടയ്ക്ക് എൽ.കെ.ജി, യു.കെ.
ജി. കളുടെ മാറാപ്പും പേറി, ശൈശവവും ബാ...
വും കൗമാരവുമൊക്കെ നഷ്ടപ്പെട്ട ഒരുകൂട്ടം കു...
ട്ടികളുണ്ട് നമ്മുടെ നാട്ടിൽ. അക്ഷരാർത്ഥത്തിൽ
അവർ അനാഥരല്ല- അവർക്ക് അന്നവും വസ്...
വും ആഭരണങ്ങളുമുണ്ട്. പക്ഷേ അവരുടെ ...
ല്യവും ബാല്യകാല സ്വപ്നങ്ങളുമെല്ലാം ...
കിന്റർഗാർട്ടൻ' എന്ന ഒരൊറ്റ സങ്കല്പത്തിലൊ...
ങ്ങി വിജ്ഞാനം വിലയ്ക്കുവാങ്ങുന്നു 'നാവു...
ഇംഗ്ലീഷു ചവയ്ക്കുന്നു'!

ഒന്നാം ഭാഷയുടേയോ രണ്ടാംഭാഷയു...
യോ പ്രശ്നമല്ല ഇവിടെ. ഭരണഭാഷയും, കോ...
തിഭാഷയും ബോധന ഭാഷയും (ആധാരഭാഷയു...
മലയാളമാക്കിയതുകൊണ്ട് ഇതിന് പ്രതിവിധിയാ...
കുന്നില്ല. സമൂഹത്തിലെ ചില മിഥ്യാധാരണകളാ...
ണ് ആദ്യം മാറ്റേണ്ടത്. ഈ അവസരത്തിലാണ് ...
രു ചർച്ചയുടെ അനിവാര്യത നാം മനസ്സിലാക്കു...
ത്. ഈ 'കാസറ്റ് റെക്കോർഡഡ്' ചർച്ചയിൽ പ...
ടുക്കുവാനായി കേരളത്തിലെ അതിപ്രഗത്ഭരായ
സാഹിത്യസാംസ്കാരികനായകൻമാരേയും അധ്യാ...
പകരേയും വിദ്യാർത്ഥികളെയും സമീപിച്ചപ്പോൾ
അവർ പ്രകടിപ്പിച്ച ആവേശം വിഷയത്തിന്റെ ...
സക്തിയിലേക്ക് വിരൽചൂണ്ടുന്നു. മറ്റുപല പ്രമു...
രായ സാഹിത്യ-രാഷ്ട്രീയ നായകന്മാരുടെ പ്ര...
ഗങ്ങളിൽനിന്നും ലേഖനങ്ങളിൽനിന്നും സംഗ്ര...
ച്ച വസ്തുതകൾ കൂടി ഞങ്ങൾ ഇതിൽ ഉൾക്കൊ...
ള്ളിച്ചിട്ടുണ്ട്. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ ...
ന്യവ്യക്തികളോടും എന്റെ ആത്മാർത്ഥമായ ന...
ഞാൻ രേഖപ്പെടുത്തിക്കൊള്ളട്ടെ.

**കെ.എൽ മോഹനവർമ്മ**

പ്രഗത്ഭനായ മലയാള നോവലിസ്റ്റും കേരളസാഹിത്യ അക്കാദമി അവാർഡു ജേതാവുമാണ് ശ്രീ. കെ.എൽ. മോഹനവർമ്മ. മലയാളത്തിന് ഇന്ന് സംഭവിച്ചിട്ടുള്ള അപചയത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം മലയാളികളായ നമുക്കുതന്നെയാണെന്നാണ് അദ്ദേഹം വാദിച്ചത്.

മലയാളികൾ മലയാളത്തെ അവഗണിച്ച് ഇംഗ്ലീഷുഭാഷയ്ക്കു പുറകേ പോകുവാൻ ഒരുപാടു കാരണങ്ങളുണ്ട്. അതിലൊന്ന് പുറംനാടുകളിലേയ്ക്കുള്ള മലയാളിയുടെ പ്രയാണമാണ്. ഈ യാത്ര ആഗോളതലത്തിൽ അംഗീകൃതമായ ഒരു ഭാഷയെ ആശ്രയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ഇംഗ്ലീഷ് അറിയുക, പറയുക എന്നത് 'ഭദ്രലോക'ത്തിന്റെ 'സ്റ്റാറ്റസ് സിംബലായി'മാറിയിരിക്കുന്നു. നിലനിൽപ്പിനായുള്ള പോരാട്ടത്തിൽ ആധുനികർ പാശ്ചാത്യത ഉൾക്കൊള്ളുകയും നമ്മുടെ സംസ്കാരത്തെ തള്ളിക്കളയുകയും ചെയ്യുന്നു. നമ്മുടെ ഇന്നത്തെ സമൂഹം 'പറയുന്നതൊന്ന്, പ്രവർത്തിക്കുന്നത് മറ്റൊന്ന്' എന്ന രീതിയിൽ മാറിക്കഴിഞ്ഞിരിക്കുന്നു. മലയാളത്തിന്റെ അപചയത്തെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്നവരുടെ മക്കളും ചെറുമക്കളും പഠിക്കുന്നത് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലാണ്. മലയാളികൾ കേരളം ഭരിക്കാൻ തുടങ്ങിയപ്പോഴാണ് മലയാളത്തോട് അവജ്ഞ തോന്നിപ്പിക്കുന്ന സമ്പ്രദായം ഉണ്ടായത്.

എന്നിരുന്നാലും ഇന്നത്തെ സാഹചര്യത്തിൽ 'മലയാളം മാത്രം മതി' എന്നൊരു സങ്കുചിത മനോഭാവം വച്ചുപുലർത്തുന്നതിനോട് എനിക്ക് യോജിപ്പില്ല. ഏതൊരുഭാഷയും വികസിക്കുന്നത് അത് മറ്റുഭാഷകളിൽനിന്നും ആശയങ്ങളും വാക്കുകളുമെല്ലാം കടമെടുക്കുന്നതുകൊണ്ടാണ്. അത് മലയാളത്തിലും അനിവാര്യമാണ്. നിലവിലുള്ള ഭരണ-ബോധന-നിയമ മാധ്യമങ്ങൾ മലയാളീകരിച്ചതുകൊണ്ടായില്ല, സമൂഹത്തിലെ ചില മിഥ്യാധാരണകളാണ് മാറേണ്ടത്.

## പ്രൊഫ. കെ.എൻ ഭരതൻ

പ്രഗത്ഭനായ വാഗ്മിയും വിദ്യാഭ്യാസ വിചക്ഷണനും എറണാകുളം മഹാരാജാസ് കോളേജ് മുൻ പ്രിൻസിപ്പാളുമാണ് പ്രൊഫ. കെ.എൻ. ഭരതൻ. മലയാളിയുടെ നാട്ടിൽ മലയാളം മന്ദീഭവിക്കുന്നുവെന്ന് വസ്തുനിഷ്ഠമായ വാദങ്ങളിലൂടെ അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇംഗ്ലീഷുഭാഷയോടുള്ള ഒരു ജനവിഭാഗത്തിന്റെ വളർന്നുവരുന്ന അമിതാഭിമുഖ്യമാണ് മലയാളഭാഷയുടെ അപചയത്തിന് നിദാനം. ഇംഗ്ലീഷു മീഡിയത്തിൽ കുട്ടികളെ അയച്ചുപഠിപ്പിക്കുന്നതിനോട് എനിക്ക് വിയോജിപ്പില്ല. എന്നാൽ മാതൃഭാഷയുടെ മഹാത്മ്യം ഉൾക്കൊണ്ടവരായിരിക്കണം; അവരെ അത് ഉൾക്കൊള്ളാൻ അനുവദിക്കുകയും വേണം.

പ്രൈമറി, ഹൈസ്ക്കൂൾ, കോളേജ് തല വിദ്യാഭ്യാസം പൂർണ്ണമായും മാതൃഭാഷയിലൂടെയായിരിക്കണം. മാതൃഭാഷാ മാധ്യമ വിദ്യാഭ്യാസത്തിലൂടെ മാത്രമെ നമുക്ക് ശാസ്ത്രവിഷയങ്ങളുമായി സാകല്യം പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ആദ്യമേ ഇംഗ്ലീഷിൽതന്നെ പഠിപ്പിക്കണമെന്ന് നിർബന്ധിക്കുന്നത് 'കഥയറിയാതെ ആട്ടം കാണിക്കുന്നതു' പോലെ നിരർത്ഥകമാകും എന്നത് തീർച്ച. മാതൃഭാഷയിൽ ആധികാരികമായ ഒരു ജ്ഞാനം ഉണ്ടാക്കിയശേഷം അവർക്ക് ഇംഗ്ലീഷ് ഗ്രന്ഥങ്ങളെ ആശ്രയിക്കാമല്ലോ.

മലയാളഭാഷയോട് മലയാളിയുടെ മനസ്സിൽ അപാരമായ ആദരവ് സൃഷ്ടിയിൽമാത്രമേ മലയാളത്തോട് മലയാളി കാട്ടുന്നുവെന്ന് പറയുന്ന അവഗണന ഒഴിവാക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ഭരണ-ബോധന-നിയമ മാധ്യമങ്ങൾ മലയാളീകരിക്കേണ്ടത് അനിവാര്യമാണ്. മലയാള ഭാഷ കൈകാര്യം ചെയ്യാൻ കഴിയുന്നത് മേന്മയാണ് എന്ന മനോഭാവം ജനമനസ്സുകളിൽ വളർന്നുവരണം.

കമനീയമായ സ്വർണ്ണാഭരണങ്ങൾക്ക്
ഐശ്വര്യ
ജ്വല്ലേഴ്സ്
ജംഗ്ഷൻ, അങ്കമാലി

## സി.കെ. ഗംഗാധരൻ

കേരളത്തിലെ അറിയപ്പെടുന്ന സാഹിത്യകാരനും സാമൂഹിക-സാംസ്ക്കാരിക പ്രവർത്തകനും വിരമിച്ച മലയാള അധ്യാപകനുമാണ് ശ്രീ. സി.കെ. ഗംഗാധരൻ. എല്ലാഭാഷകളും ഒരു ശരീരത്തിന്റെ അവയവങ്ങൾ മാത്രമാണ് എന്നു വിശ്വസിക്കുന്ന അദ്ദേഹം ഓരോ ഭാഷയ്ക്കും അതിന്റേതായ വ്യക്തിത്വമുണ്ടെന്നും ആ വ്യക്തിത്വം നിലനിർത്താനാണ് നാം ശ്രമിക്കേണ്ടതെന്നും വ്യക്തമാക്കുകയുണ്ടായി.

വിദ്യാഭ്യാസം മാതൃഭാഷയിലൂടെ നടപ്പാക്കണം എന്നാഹ്വാനം ചെയ്ത ഗാന്ധിജിയുടെ ആശയം ഭാരതത്തിൽ വേരോടിയില്ല. നമ്മുടെ നാട്ടിൽ ഇംഗ്ലീഷു സംസാരിക്കുന്നത് ഒരമിതാഭിമാനമായി മാറിയിരിക്കുന്നു. ഇംഗ്ലീഷുഭാഷ കൈകാര്യം ചെയ്യുന്നവന് എങ്ങും പ്രാമുഖ്യം കല്പിക്കുന്ന ഭരണവ്യവസ്ഥിതിയാണ് കേരളത്തിൽ നിലവിലുള്ളത്. "അവൾ കോൺവെന്റിൽ പഠിച്ചവളാണ്. മലയാളം അറിയില്ല"- എന്നു പറയുന്നതാണ് കേമത്തം എന്നുപലരും ധരിക്കുന്നു.

കേവലം ഇരുപതോ ഇരുപത്തഞ്ചോപദങ്ങൾകൊണ്ട് ജീവിതം തള്ളിനീക്കുന്ന സമൂഹത്തെയല്ല നമുക്കാവശ്യം. അലകുംപിടിയും മാറ്റി ഭാഷയെ ഉപയോഗിക്കുവാനുള്ള കഴിവ് കുട്ടികൾക്കുണ്ടായിരിക്കണം. അക്കാരണം കൊണ്ടുതന്നെ വ്യത്തപഠനവും വ്യാകരണവും മറ്റുമെല്ലാം കലാലയത്തിലേയ്ക്ക് മാറ്റിവെയ്ക്കണം എന്ന അഭിപ്രായത്തോട് എനിക്ക് വിയോജിപ്പുണ്ട്.

മലയാള ഭാഷയോടുള്ളു അവഗണന ഒഴിവാക്കാൻ നിലവിലുള്ള വ്യവസ്ഥകൾക്കുനേരെ ഒരു സമരാഹ്വാനം അനിവാര്യമായിത്തീർന്നിരിക്കുന്നു. മലയാളഗ്രന്ഥങ്ങൾ വീടുകളിൽ ശേഖരിക്കുകയും അവ പ്രയോജനപ്പെടുകയും വേണം. 'എന്റെ ഭാഷ ലോകോത്തരമാണ്. എല്ലാം ഇവിടെ ആരംഭിക്കുന്നു, അവസാനിക്കുന്നു' എന്ന സങ്കുചിത മനോഭാവം നാം വച്ചുപുലർത്തരുത്. മറ്റുഭാഷകളിൽനിന്ന് ആശയങ്ങളോ പദങ്ങളോ കടമെടുക്കാൻ നാം വിമുഖത കാട്ടരുത്. ഈ വിധത്തിൽ മല... ളം ഇന്നു നേരിടുന്ന അവഗണനകൾ അവസാ...പ്പിക്കാനാവും എന്നു ഞാൻ പ്രത്യാശിക്കുന്നു.

## സുനിൽ പി. ഇളയിടം

പ്രഗത്ഭനായ വാഗ്മിയും മലയാള ഗവേഷ... ദ്യാർത്ഥിയും പുരോഗമന കലാ സാഹിത്യസംഘം മേ... സെക്രട്ടറിയുമാണ് ശ്രീ. സുനിൽ പി. ഇളയിടം. നമ്മുടെ സാ... മൂഹിക, സാംസ്ക്കാരിക, സാമ്പത്തിക, രാഷ്ട്രീയ മേഖ... ലെ ഒരു സർവ്വതോമുഖ തിരിച്ചറിവിലൂടെ മാത്രമേ നമുക്ക് മ... ലയാളത്തോട് മലയാളി കാട്ടുന്ന അവഗണന ഒഴിവാക്കാൻ സാധിക്കുകയുള്ളുവെന്ന് അദ്ദേഹം പ്രസ്താവിച്ചു.

നമ്മുടെ ജീവിതത്തിന്റെ ഉയർന്നതല... ളിൽ മലയാളത്തിന് പ്രാധാന്യം കുറഞ്ഞിട്ടുണ്ട് എ... ന്നത് വാസ്തവമാണ്. പാശ്ചാത്യവത്ക്കരണവു... കൊളോണിയലിസവും സൃഷ്ടിച്ച ആഭിമുഖ്യ... ന്റെ സന്തതിയാണ് അമിതമായ ആംഗലഭാഷാ സ്നേ... ഹം. ഭാഷയുടെ തലത്തിൽ ഈ ആഭിമുഖ്യം ... ർവ്വചനീയമല്ല. ഒരു സംസ്കൃതിയുടെ ശൈഥി... വും മറ്റൊരുസംസ്കൃതിയുടെ അധിനിവേശവു... ന്നേ നമുക്കിതിനെ വിശേഷിപ്പിക്കാനാവൂ.

മലയാള സാഹിത്യരംഗത്ത് പുരോഗതിയോ അധോഗതിയോ എന്ന ചോദ്യത്തിന് കൃത്യവും ... ണ്ഡിതവുമായ ഒരുത്തരം നൽകാനാവില്ല. ... ണം സാഹിത്യത്തിന് സാർവ്വലൗകികമായ ഒരു ... നദണ്ഡം നമുക്ക് കല്പിക്കാനാവില്ല. ആധുനി... ത ആകമാനം ഒരു ഇറക്കുമതി ചരക്കാണെന്ന് ... ദിക്കുകയും മലയാള സാഹിത്യരംഗത്ത് അപച... സംഭവിച്ചുവെന്നും കരുതുന്നത് വ്യർത്ഥമാണ്. ... രണം ഭാവുകത്വമണ്ഡലം വ്യതിചലിച്ചുകൊ... യിരിക്കുന്നു.

മലയാളഭാഷയ്ക്ക് ഇന്ന് സംഭവിച്ചിരിക്കു... ന്ന അവഗണന കേവലം ഭാഷാപരമായി മാത്രം ... ണക്കിലെടുക്കാനാവുന്ന ഒന്നല്ല. ഒരു ജനതയുടെ സംസ്കാരത്തെ, അതിന്റെ മഹത്വത്തെ, ഈടു...

*Give Colours to your memories !!!*

**FOTO FINE**

QUICK FILM PROCESSING
QUALITY COLOR PRINTS

കളർഫിലിമുകൾ ഒരു മണിക്കൂറിനുള്ളിൽ പ്രോസസ് ചെയ്ത് ഗുണനിലവാരമുള്ള പ്രിന്റുകൾ
വിവിധ സൈസുകളിൽ ലഭിക്കുന്ന പെരുമ്പാവൂരിലെ ഏകസ്ഥാപനം.

**ഫോട്ടോഫൈൻ**
**കംപ്യൂട്ടറൈസ്ഡ് കളർ ലാബ്**

മുനിസിപ്പൽ ഓഫീസിനു സമീപം, കോർട്ട് റോഡ്, പെരുമ്പാവൂർ. ഫോൺ: 22952

യ്പുകളെയെല്ലാം തിരിച്ചറിയാൻ ജനതയെ പ്രേരിപ്പിച്ച് പ്രാദേശികമായിത്തന്നെ, സാർവ്വദേശീയമായി ത്തീരാൻ സഹായിക്കുന്ന ഒരു സങ്കീർണ്ണമായ ജീവിതം ബോധം സൃഷ്ടിച്ചാൽ മാത്രമേ മാതൃഭാഷയോട് നാം കാട്ടുന്ന അവഗണന ഒഴിവാക്കാൻ കഴിയുകയുള്ളൂ. ജീവിതമാകെ പാശ്ചാത്യമട്ടിൽ നടക്കുമ്പോൾ മലയാള ഭാഷയ്ക്കുമാത്രം ഒരു തിരിച്ചുവരവ് അസാദ്ധ്യമാണെന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

## സി.ജി. ജയപാൽ

വൈജ്ഞാനിക സാഹിത്യരംഗത്ത് ഭാഷയിലെ ഏറ്റവും വലിയ ശൈലീനിഘണ്ടുവടക്കം ഒട്ടേറെ ഭാഷാഗ്രന്ഥങ്ങൾ സംഭാവനചെയ്ത വ്യക്തിയാണ് ശ്രീ. സി.ജി. ജയപാൽ. മലയാള ഭാഷാധ്യാപകനായിരുന്ന ഇദ്ദേഹത്തിന് ദേശീയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഭരണ–ബോധന–നിയമ മാധ്യമം മലയാളമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം സംസാരിക്കുകയുണ്ടായി.

1. ആരെയാണോ ഭരിക്കുന്നത്; അവർക്ക് ഭരണഭാഷ മനസ്സിലാകണം. മലയാളിയുടെ നാട്ടിൽ സാധാരണക്കാരന് മനസ്സിലാവുന്നത് മലയാളമാണ്. അല്പസ്വല്പം ഇംഗ്ലീഷുപഠിച്ചിട്ടുള്ള ഉദ്യോഗസ്ഥവൃന്ദമാണ് ഇതിന് തടസ്സം സൃഷ്ടിക്കുന്നത്. തങ്ങൾ ചെയ്യുന്ന അഴിമതികൾ സാധാരണക്കാർ അറിയരുതെന്നും അതിൻപടി അവരെ ചൂഷണത്തിന് വിധേയരാക്കാമെന്നും അവർ കരുതുന്നു. ഭാഷയുടെ പുരോഗതിമൂലം ഭരണഭാഷ മലയാളമാക്കുന്നതിൽ യാതൊരു അപാകതയുമില്ല. മലയാളത്തിലില്ലാത്ത സാങ്കേതികപദങ്ങൾ ഇതരഭാഷകളിൽനിന്നും സ്വീകരിക്കുന്നതിൽ വൈമുഖ്യം പാടില്ല.

2. നിയമത്തിന്റെ കാര്യത്തിലും മാതൃഭാഷാവത്ക്കരണം ആവശ്യമാണ്. കക്ഷിതൊട്ട് ന്യായാധിപൻവരെ എല്ലാവർക്കും അറിയാവുന്ന ഭാഷയിൽ അത് കൈകാര്യം ചെയ്യണം.

3. ലോക ചരിത്ര പരിശോധന നടത്തിലായാൽ ബോധനമാധ്യമം മാതൃഭാഷയല്ലാത്ത ഏക സംസ്ഥാനം കേരളം മാത്രമായിരിക്കും. കാര്യങ്ങൾ ഭംഗിയായി ഗ്രഹിക്കാൻ ഇതിലുപരി മറ്റൊരുമാർഗ്ഗവും ഇല്ല. പ്രൈമറി തലത്തിൽ വിദ്യാഭ്യാസം മാതൃഭാഷയിലൂടെ നടത്താത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം കൊടുക്കാൻ പാടുള്ളതല്ല.

കേരളത്തിൽ ഭരണ–നിയമ–ബോധന മാധ്യമം മലയാളീകരിക്കുമെന്ന് സംസ്ഥാന രൂപീകരണ സമയത്ത് തീരുമാനമെടുത്തതാണ്. മുപ്പത്തൊമ്പതുകൊല്ലമായിട്ടും നമുക്കത് നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നത് ഒരു തീരാശാപമാണ്.

1. പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകളുടേയും ചോദ്യങ്ങൾ മലയാളത്തിലായിരിക്കണം.
2. മാതൃഭാഷ അഭ്യസിക്കാത്ത ഒരുവന് എസ്. എസ്. എൽ.സി പാസ്സാകാൻ അവസരം നൽകരുത്.
3. ആഫീസുകളിൽ നിന്നയക്കുന്ന എല്ലാ ഉത്തരവുകളും മലയാളത്തിലായിരിക്കണം. ഇതിനാവശ്യമായ ഗ്രന്ഥങ്ങൾ സർക്കാർതന്നെ മലയാളത്തിൽ നിർമ്മിക്കാൻ തയ്യാറാകണം.

## കെ. വേണുഗോപാൽ

പ്രഗത്ഭനായഅദ്ധ്യാപകനും ആലുവ വിദ്യാധിരാജ വിദ്യാഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രധാന അദ്ധ്യാപകനുമാണ് ശ്രീ. കെ. വേണുഗോപാൽ. ഇംഗ്ലീഷു ഭാഷയിലൂടെയുള്ള പ്രാഥമികവിദ്യാഭ്യാസം മിക്കവാറും വിദ്യാർത്ഥികൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി അദ്ദേഹം തുറന്നു സമ്മതിക്കുകയുണ്ടായി

മാതൃഭാഷാ വിദ്യാഭ്യാസത്തിലുപരി എന്തെങ്കിലും നേട്ടങ്ങൾ ആംഗലഭാഷാ വിദ്യാഭ്യാസംകൊണ്ട് ഉണ്ടായിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നില്ല. ശാസ്ത്രവിഷയങ്ങളുമായി സാകല്യം പ്രാപിക്കാൻ മാതൃഭാഷാ വിദ്യാഭ്യാസമാണ് ഏറ്റവും ഉത്തമം. 'ഇംഗ്ലീഷുകരണ്ടി' വാ ജനിക്കുമ്പോൾതന്നെ യിൽത്തിരുകി അവന്റെ ബാല്യം ഹോമിക്കുന്നത് ' കുളിപ്പിച്ച് കുട്ടിയെ ഇല്ലാതാക്കും'പോലെയാണ്.

With best compliments from

SPORTOMS
KODAVATH COMPLEX
OPP. ST. MARY'S H.S.
ALWAYE- 683 101 KERALA STATE

With best compliments from

ST. ANTONY'S COLLEGE
ALUVA.

ഇന്ന് എല്ലാ ജീവിതമേഖലകളിലും പാശ്ചാത്യഅനുകരണമാണ് ദർശിക്കാനാവുന്നത്. നമ്മുടെ സംസ്ക്കാരത്തിന് യോജിക്കാത്ത പലതും നാം ഉൾക്കൊള്ളാൻ ശ്രമിക്കുന്നു. ബോധന മാധ്യമത്തിന്റെ കാര്യത്തിൽ, ഒരു പന്തലിൽതന്നെ രണ്ടുവിളമ്പിന്റെ ആവശ്യം നമ്മുടെ രാജ്യത്തുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഈ വിദ്യാലയത്തിൽ (വിദ്യാധിരാജ വിദ്യാഭവൻ, ആലുവ) ചേർക്കപ്പെടുന്ന ആകെ വിദ്യാർത്ഥികളിൽ വെറും 10% മാത്രമേ ഇംഗ്ലീഷിൽ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരായിട്ടുള്ളൂ എന്നതാണ് എന്റെ വ്യക്തിപരമായ കാഴ്ചപ്പാട്.

ഇംഗ്ലീഷു ഭാഷാ വിദ്യാഭ്യാസം 'പ്രസ്റ്റീജി'ന്റെ തലത്തിൽമാത്രം ഒതുങ്ങിക്കൂടിയിരിക്കുന്നു എന്നത് വസ്തുത. ഇംഗ്ലീഷ്, ഭാഷയെന്നതിലുപരി ഒരു 'ഫാഷനാ'യി പരിണമിച്ചിരിക്കുന്നു. സാമൂഹിക, സാംസ്ക്കാരിക രംഗങ്ങളിലുള്ള തിരിച്ചറിവിലൂടെ മാത്രമേ നമ്മുടെ സംസ്കാരത്തിന്റെ ഏടുകളിലേയ്ക്കുള്ള ഒരു തിരിച്ചുപോക്ക് സാദ്ധ്യമാവുകയുള്ളൂ.

## ബ്രൂസിലി കുരുവിള തോമസ്സ്

പ്രഗത്ഭനായ വാഗ്മിയും തനതായ വ്യക്തിത്വവും സ്വന്തമായ അഭിപ്രായങ്ങളുമുള്ള ശ്രീ. ബ്രൂസിലി കുരുവിള തോമസ് രണ്ടാംവർഷ മലയാള സാഹിത്യബിരുദ വിദ്യാർത്ഥിയും ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് യൂണിയൻ ജനറൽ സെക്രട്ടറിയുമാണ്.

ഇംഗ്ലീഷു പഠിക്കുമ്പോഴും സ്വന്തംഭാഷയോട് ആദരവുണ്ടായിരുന്നു എന്നതാണ് സ്വാതന്ത്ര്യത്തിനുമുമ്പുള്ള അവസ്ഥ. സ്വാതന്ത്ര്യത്തിനു ശേഷവും ഇത് തുടരുന്നു, കേരളത്തിലൊഴികെ. കേരളത്തിൽ മലയാളിക്ക് മലയാളത്തോട് അവഗണനയുണ്ടെന്നുള്ളത് വാസ്തവം.

മലയാളം എവിടെയും ഒരു പകരക്കാരനായി മാറുന്നു. ശാസ്ത്രമാനവിക വിഷയങ്ങൾ ലഭിക്കാത്തവന് സർക്കാർ ഒരു അശരണ വിദ്യാർത്ഥി സഹായ ബോർഡു നിർമ്മിക്കുന്നു- 'മലയാളം ഡിപ്പാർട്ടുമെന്റ്', ഡിഗ്രിമാത്രം അടിസ്ഥാനമാക്കിയിട്ടുള്ള ജോലികളുണ്ട് – ഇവിടെയും തഴയപ്പെടുന്നത് മലയാളം പഠിച്ചവർ. ചുരുക്കിപ്പറഞ്ഞാൽ മലയാളം എവിടെയും അവഗണിക്കപ്പെടുന്നു.

ഈ അവഗണനയിൽനിന്നും മലയാളത്തെ മറികടത്തുവാൻ നമ്മുടെ സമൂഹത്തെ ബോധവത്ക്കരിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്കാരത്തെ കുറിച്ചും പൈതൃകത്തെക്കുറിച്ചും ജനങ്ങളെ ബോധവത്ക്കരിക്കുന്നതോടൊപ്പം തന്നെ ഭാരതീയ സംസ്കൃതിക്കും മാതൃഭാഷയ്ക്കും പ്രാധാന്യം നൽകുന്ന ഉന്നതനിലവാരമുള്ള വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തേണ്ടതായിട്ടുണ്ട്. കാലക്രമേണ സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റുന്ന ഈ വിദ്യാലയങ്ങൾ ഒരു പുതിയ തലമുറയെ വാർത്തെടുത്തേക്കും.

മലയാളത്തെ, കേരളത്തെ, നമ്മുടെ സംസ്കാരത്തെ സ്നേഹിക്കുവാൻ കഴിയുന്ന ഒരു തലമുറയ്ക്കു മാത്രമേ മലയാളത്തെ സംരക്ഷിക്കാനാവൂ.

## ഡോ. എ. ഗോപിനാഥൻ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ റിസർച്ച് ഗൈഡും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ അദ്ധ്യാപകനുമാണ് ഡോ. എ. ഗോപിനാഥൻ. സ്വന്തം വേരുകളിലെ ജൈവോർജ്ജത്തെ സാർവ്വകാലിക പരിതോവസ്ഥകളിലേയ്ക്ക് പ്രസരിപ്പിക്കുമ്പോഴാണ് ഭാഷയും സാഹിത്യവും വികാസം പ്രാപിക്കുന്നത് എന്നദ്ദേഹം വ്യക്തമാക്കുകയുണ്ടായി.

മലയാളഭാഷയോട് മലയാളികാട്ടുന്ന അവഗണന ഒഴിവാക്കാൻ മലയാളിയുടെ ആത്മാഭിമാനം വീണ്ടെടുക്കുകയാണ് ആദ്യംവേണ്ടത്. മലയാളതനിമയുടെ ഊർജ്ജമൂല്യത്തെ സൂക്ഷ്മമായി കണ്ടറിയുകയും ആദിസ്രോതസ്സിന്റെ അരോഗമായ പ്രവാഹത്തിന് ആക്കം കൂട്ടുകയും വേണം.

ടെഡ് ഹ്യൂസിനെ മലയാളി അറിയും, പക്ഷേ ജി. ശങ്കരപ്പിള്ളയെ അറിയില്ല എന്ന അവസ്ഥ മാറണം. തൊട്ടയൽപക്കത്തെ തമിഴൻപനെപ്പറ്റി പിന്നെ പറയാനുണ്ടോ? "ഞാൻ എന്റെ മുറിയുടെ എല്ലാ വാതിലുകളും ജാലകങ്ങളും മലർക്കെ തുറന്നിരിക്കുന്നു. എല്ലാ രാജ്യത്തുനിന്നുമുള്ള കാറ്റും ഈ മുറിയിലേയ്ക്ക് വരട്ടെ. പക്ഷേ, ഒരു കാറ്റിനെയും എന്റെ കാലുകളെ എന്റെ മണ്ണിൽനിന്ന് പറിച്ചെടുക്കാൻ ഞാൻ അനുവദിക്കില്ല" എന്ന ഗാന്ധിജിയുടെ സത്യവചനത്തിന് ഈ ചർച്ചയിൽ പ്രസക്തിയുണ്ട്.

താഴ്ന്ന ക്ലാസ്സുകളിലെ ഭാഷാ പഠനത്തിലാണ് നാം ആദ്യം ശ്രദ്ധവയ്ക്കേണ്ടത്. ഭാഷ പഠിപ്പിക്കുന്നവർ ഉന്നതകഴിവുള്ളവരായിരിക്കണം. വ്യാകരണനിയമങ്ങളിലൂടെയല്ല, സമ്പന്നമായ കാവ്യജീവരൂപത്തിന്റെ മുലപ്പാലു നുകർന്നുകൊണ്ടാവണം വിദ്യാർത്ഥി തന്റെ മാതൃഭാഷയെ സ്നേഹിക്കേണ്ടത്. ഫോക്‌ലോറിന്റെ അനന്തസാദ്ധ്യതകൾ ഇതിനായി ഉപയോഗിക്കണം.

മലയാള സാഹിത്യരംഗത്ത് മുൻകാലത്തേക്കാൾ പുരോഗതി ദൃശ്യമാകുന്നുണ്ട്. പക്ഷേ വായന കുറച്ചു പേരിലേക്ക് ചുരുങ്ങി കൂടിയിരിക്കുന്നു. നല്ല അറിവ് കച്ചവട താത്പര്യങ്ങളിൽ നശിപ്പിക്കപ്പെടുന്നു.

## ഗോപകുമാർ എം.ജി.

പ്രഗത്ഭനായ യുവകഥാകൃത്തും ആലുവ യൂണി

കോളേജ് ഒന്നാംവർഷ മനഃശാസ്ത്രവിദ്യാർത്ഥിയും ഒരു പ്രസ്ഥാനത്തിന്റെ വക്താവുമാണ് ശ്രീ. ഗോപകുമാർ എം.ജി. മലയാളത്തോട് മലയാളികാട്ടുന്ന അവഗണന നമ്മുടെ സ്വാർത്ഥതാത്പര്യങ്ങൾക്കായി നാം സൃഷ്ടിച്ചതാണെന്ന് അദ്ദേഹം വാദിച്ചു.

നമ്മുടെ സംസ്കാരത്തിന്റെ തലത്തിലുണ്ടായ അധോഗതിയാണ് മലയാളഭാഷയുടെ അപചയത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നത്. ബിരുദഫാക്ടറികളിൽനിന്നുള്ള മലയാള ഉത്പന്നങ്ങൾക്ക് വില കുറയുന്നു; മലയാളം പറയുന്നത് മാനഹാനിക്ക് കാരണമായിത്തീരുന്നു.

ഭരണ–നിയമ–ബോധന മാധ്യമം മലയാളീകരിക്കണം എന്ന വാദത്തോട് വിയോജിപ്പുണ്ട്. ആഗോളതലത്തിൽ അംഗീകൃതമായ ഒരുഭാഷയെ ഉത്തരം കാര്യങ്ങൾക്ക് ആശ്രയിക്കുന്നതിൽ തെറ്റില്ല എന്നു ഞാൻ വിശ്വസിക്കുന്നു.

മലയാളത്തോട് മലയാളികാട്ടുന്ന അവഗണന ഒഴിവാക്കാൻ നമ്മുടെ സംസ്ക്കാരത്തെ, അതിന്റെ ചലനങ്ങളെ നാം തിരിച്ചറിയേണ്ടത് അനിവാര്യം. ജനമനസ്സുകളിൽ മലയാളത്തോട് ആദരവ് വളർത്തുന്നതോടൊപ്പംതന്നെ മലയാള ഉത്പന്നങ്ങൾക്ക് ന്യായമായ 'മാർക്കറ്റ് വില' ഉറപ്പുവരുത്തുകയും വേണം.

## കേട്ടതും കേൾക്കേണ്ടതും

### എം.പി. വീരേന്ദ്രകുമാർ

ശാസ്ത്രവും സാങ്കേതികവിദ്യയും മലയാളത്തിൽ പഠിക്കാൻ കഴിയില്ലെന്നും അതിനുപറ്റിയ പദസമ്പത്ത് ഇംഗ്ലീഷിലേ ഉള്ളുവെന്നുമുള്ള ഒരു തെറ്റായ പ്രചാരണം മുമ്പുണ്ടായിരുന്നു. ലോകത്ത് കൊളോണിയൽ വാഴ്ച ഉണ്ടായസ്ഥലങ്ങളിൽ മാത്രമാണ് മാതൃഭാഷയുടെ കാര്യത്തിൽ അടിമത്തമനോഭാവം വച്ചുപുലർത്തുന്നത്. വൈചാരിക–വൈകാരിക തലങ്ങളെ ഉണർത്താൻ മാതൃഭാഷയ്ക്കു മാത്രമേ കഴിയുകയുള്ളു. അച്ഛനെന്നും അമ്മയെന്നും മാതൃഭാഷയിലൂടെ വിളിച്ചാലേ വൈകാരികത ഉണ്ടാകൂ. മമ്മി, ഡാഡി എന്നുവിളിക്കുന്നത് തികച്ചും യാന്ത്രികമാണ്. നൈസർഗ്ഗിമായ ബോധമണ്ഡലത്തിന്റെ വളർച്ചയ്ക്ക് മാതൃഭാഷ കൂടിയേ തീരൂ.

(മാർച്ച് – 25 – 1995 / കായംകുളം)

### ഡോ. യു.ആർ. അനന്തമൂർത്തി

മലയാള ഭാഷയുടെ ഭാവി അപകടത്തിലാകുംവിധമാണ് ഇംഗ്ലീഷ്മീഡിയം സ്കൂളുകളുടെ ബാഹുല്യം. ഒരു വിദേശഭാഷ ഒന്നാം ഭാഷയായി പഠിപ്പിക്കുന്ന ഏകസംസ്ഥാനം കേരളമാണ്. ഇംഗ്ലീഷുഭാഷ പഠിക്കുന്നതോടെ മാതൃഭാഷയോടുള്ള ആർത്തി കുട്ടികൾക്ക് നഷ്ടമാകുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുപകരം മാതൃഭാഷയിൽ അധ്യയനം നടത്തി 'നല്ല ഇംഗ്ലീഷ്' പഠിപ്പിക്കുകയാണ് വേണ്ടത്.

(ജനുവരി – 9 – 1995 / കോഴിക്കോട്)

### എം.ടി. വാസുദേവൻ നായർ

'തിരുക്കുറളിലെ നാലുവരികൾ ഉദ്ധരിക്കാൻ കഴിഞ്ഞാൽ തമിഴകത്ത് ഒരു പെൺകുട്ടിക്ക് അത് വലിയ യോഗ്യത തന്നെയാണ്. ഇവിടെ ആശാന്റെ രണ്ടുവരികൾ ഒരു കുട്ടി ഉദ്ധരിച്ചാൽ അവനോ അവളോ നാടൻ, കൺട്രി, അപരിഷ്കൃതവസ്തു!'

(കിളിവാതിലിലൂടെ എന്ന എം.ടി.യുടെ ഗ്രന്ഥത്തിൽനിന്ന്)

### ടി.എൻ. ജയചന്ദ്രൻ

കോളേജ് തലത്തിൽ മലയാളം ഒറ്റയടിക്കു പഠനമാധ്യമമാക്കാൻ പറ്റില്ല. തുടക്കത്തിൽ ഇംഗ്ലീഷു പാഠപുസ്തകങ്ങൾ ഉപയോഗിച്ച് മലയാളത്തിൽ പഠിപ്പിക്കുക. സമാന്തരമായി മലയാളത്തിൽ പാഠപുസ്തകങ്ങൾ നിർമ്മിക്കാനുള്ള യത്നം തുടരുക. മലയാളത്തിൽ പാഠപുസ്തകങ്ങൾ എന്നാൽ മലയാളതർജ്ജമകൾ എന്നല്ല അർത്ഥം. അവ മലയാളത്തിൽ തയ്യാറാക്കിയവ തന്നെയായിരിക്കണം. ഓരോ വിഷയവും പഠിച്ച് മനസ്സിലാക്കി വിദഗ്ധർ തയ്യാറാക്കിയ പാഠപുസ്തകങ്ങൾ. ഇതെല്ലാം പ്രായോഗികം തന്നെ – മലേഷ്യ, ജപ്പാൻ, അവർക്കൊക്കെ ആകാമെങ്കിൽ നമുക്കുമാകാം.

(മലയാളമനോരമ (ഞായറാഴ്ച)/ മാർച്ച 26 – 1995)

### ഇ.എം.എസ്. നമ്പൂതിരിപ്പാട്

ത്രിഭാഷാ ഫോർമുല ഏറെക്കുറെ അംഗീകരിക്കാവുന്നതാണെങ്കിലും ഒന്നാംസ്ഥാനം മാതൃഭാഷയ്ക്കുനൽകി, പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ ആക്കണം. ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സെക്കന്ററി തലത്തിൽ മാത്രം പഠിപ്പിക്കണം. പക്ഷേ പ്രാഥമികതലത്തിൽ മലയാളം പഠിപ്പിച്ചശേഷം അത് പിന്നീട് ഒരു നിർബന്ധ ഭാഷയാക്കരുത്. മാതൃഭാഷയോട് കടുംപിടുത്തം വേണമെന്ന് ഞാൻ വാദിക്കുന്നില്ല. കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിൽ ഭാഷാപഠനം അനിവാര്യമല്ല. ശാസ്ത്ര–കലാ–സാഹിത്യകാര്യങ്ങളുടെ പ്രാഥമികത പഠിക്കാൻ ഇംഗ്ലീഷുഭാഷയെ ആശ്രയിക്കണം. അഖിലേന്ത്യാതലത്തിൽ ബന്ധമുണ്ടാക്കാൻ ഹിന്ദിയും പഠിക്കണം. ഈ രീതിയിലുള്ള ഒരു പുനഃക്രമീകരണം ത്രിഭാഷാ പാഠ്യപദ്ധതി വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

(മാർച്ച് 17, 1995 / തൃശ്ശൂർ)

ചർച്ച അവസാനിക്കുന്നു.

കവിത

# പുഴയുടെ സ്വപ്നം


ബിന്ദു എം.ആർ
I M.A. English




സ്വപ്ന ഭ്രംശങ്ങളിൽ നിന്നിടയ്ക്കേതു,
സ്വരസാധകം കേൾക്കുന്നൂ തിരിയുമ്പോൾ
തെളിയുന്നൂ നിറകണ്ണിൽ പഴയ
പുഴയുടെ രുദ്രവീണ! പൊട്ടിയ-
കമ്പികളിന്നും പൊഴിക്കുന്നൂ
കനൽ മൗനങ്ങളിൽ സ്വപ്നസങ്കീർത്തനം.

കനൽ വഴികളിൽ വറ്റാതെ നീറി-
നീറി ഞാനൊഴുകുമ്പോൾ കല്പടവി-
ലാരിതൊരു കാമുകി കാൽകടഞ്ഞിരിക്കുന്നു!
നീലാക്കീറുകെട്ടതാമെൻ നെഞ്ചിൽ നോക്കി...
താജ്മഹൽ കറുക്കുന്നൊരെൻ തീരം നോക്കി
കൺപൊത്തേണ്ട നീയിന്നുനിന്റെ
പ്രണയിക്കായൊഴുകുന്നു ഞാൻ വീണ്ടും
കരളിലൊരു വേണുഗാനസ്മൃതിയുമാ-
മുഗളന്റെ നെഞ്ചുപിളർത്തതാം ഗസലുമായ്!

പാതയോരത്തേതു വൃദ്ധ? വിനായക-
വിഗ്രഹം തകർത്തു വിഘ്നങ്ങൾ വന്നൊരു
വീടുപേക്ഷിച്ചവൾ, വെറുതെ ഗതിയറ്റുനില്പു
വര്യ! വിടർത്തു കൈക്കുമ്പിളിൽ കമണ്ഡലുവി-
ലേകം സ്വന്തമാം മൃതിക്കുള്ള തീർത്ഥമി-
ന്നേറെ ശവങ്ങളെൻ നെഞ്ചിൽ വാഴ്കിലും
ചാരത്തിന്നമ്മമെന്നിൽ തിളയ്ക്കിലും മേകാ-
മൊരു തർപ്പണത്തിനുള്ള ജലബിന്ദുക്കൾ!

പുലിനീന്തിവന്ന നഖപ്പാടുകൾ പതിഞ്ഞതാ-
മേതോ കന്യതൻ ഋതുരക്തമലിഞ്ഞതാം
എത്ര പാപികൾ തന്നഴുക്കുകൾ കഴുകിയതാ
മെന്റെ നീരെന്നിട്ടുമൊഴുകുന്നു ഞാൻ
വിഷലിപ്തമെങ്കിലും വീണ്ടും വഴികളിൽ.
ഇന്നും ചോരചിന്തിയിന്നു നിങ്ങൾ പോകവേ
പാടാം ഞാൻ നിങ്ങൾക്കായെന്നിൽ
മരിച്ച കവികൾ തൻ ഗീതികൾ?
ചിരന്തന സ്മൃതികൾ തൻ ചരിത്രയേടുകൾ
ചിലമ്പിൻ കിലുക്കങ്ങൾ, ചിരികളും.

നിങ്ങൾക്കു മാത്രമായിന്നുമൊഴുകുന്നു ഞാൻ
നീളേപ്പൂക്കൾ നിറഞ്ഞ ചില്ലയിൽ
നിന്നായിരം പൂക്കൾ പൊഴിയുന്നതാ-
മൊരു കാലത്തിന്നായ് മാത്രം കാതോർത്തി
ഹിമവാന്റെ കുടന്നയിൽ നിന്നൊഴുകി
യൊടുക്കത്തെ കല്പാന്തകടലിലലി-
യുവോളവും പാടുന്നിതേ സ്വപ്നസങ്കീർത്തന
ങ്ങൾ ഞാൻ, നിങ്ങൾക്കായ്, നിങ്ങൾക്കായ്
മാത്രം.

# അഭിമുഖം

*ആലുവ U.C. College-ൽ N.C.C.യുടെ ഔദ്യോഗിക ചുമതല കഴിഞ്ഞ 20വർഷമായി സ്തുത്യർഹമായി നിർവ്വഹിച്ചശേഷം വിരമിക്കുന്ന മേജർ, ഡോ. രാജൻ വർഗ്ഗീസ് സാറുമായുള്ള അഭിമുഖം:-*

ചോ: *സാർ യു.സി. കോളേജിൽ എൻ.സി.സി. ഓഫീസറായിട്ട് എത്രവർഷമായി പ്രവർത്തിക്കുന്നു.*

ഉ: 1968-ൽ യു.സി. കോളേജിൽ ചേർന്നപ്പോൾ മുതൽ എൻ.സി.സി.യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. 1975 ജൂലൈയിൽ അന്ന് ഓഫീസർ ആയിരുന്ന ക്യാപ്റ്റൻ ജി. ഡി. ഗബ്രിയേൽ സാറിനോടൊപ്പം എൻ.സി.സി.യിൽ ഓഫീസറായിട്ട് പ്രവർത്തനം ആരംഭിച്ചു.

ചോ: *വിദ്യാർത്ഥി ആയിരുന്ന കാലത്ത് സാറിന്റെ എൻ.സി.സി. പ്രവർത്തനത്തെക്കുറിച്ച് വിശദീകരിക്കാമോ?*

ഉ: ഓ! എന്റെ വിദ്യാർത്ഥി ജീവിതത്തിലെ മധുരസ്മരണകളിലേക്ക് എത്തിനോക്കുന്ന ചോദ്യം നന്നായി. 1962-66 വരെ സീനിയർ ഡിവിഷൻ എൻ.സി.സി. കേഡറ്റായിരുന്നു. സി. സർട്ടിഫിക്കറ്റ് ബി-ഗ്രേഡിൽ പാസ്സാകുകയും സെന്റ്. തോമസ് കോളേജ് കോഴഞ്ചേരിയിൽ സീനിയർ അണ്ടർ ഓഫീസറായും പ്രവർത്തിച്ചിട്ടുണ്ട്. പർവ്വതാരോഹണം, ദീർഘദൂരനടത്തം, പ്രകൃതി പഠന ക്യാമ്പുകൾ, മുതലായ പരിപാടികളിൽ വിദ്യാർത്ഥി ആയിരുന്ന കാലത്തുതന്നെ പങ്കെടുത്തിരുന്നു. സ്കൂൾ പഠനകാലത്ത് സ്കൗട്ട് ലീഡറായിട്ട് പ്രവർത്തിച്ചിട്ടുണ്ട്.

ചോ: *കോളേജ് കാലഘട്ടത്തിലെ പ്രകൃതിപഠന ക്യാമ്പുകളാണോ ഇപ്പോൾ താങ്കൾക്ക് Nature Action Group-ൽ തുടർന്ന് പ്രവർത്തിക്കുന്നതിന് ഉത്തേജനം നൽകിയത്.*

ഉ: അതെ. കോളേജിൽ പഠിച്ചിരുന്ന കാലത്ത് പ്രകൃതിപഠന ക്യാമ്പുകളിൽനിന്ന് ലഭിച്ച അറിവും പ്രോത്സാഹനവും ആണ് ഇന്ന് എനിക്ക് NatueAction Group-ൽ പ്രവർത്തിക്കാനുള്ള താൽപര്യം നല്കിയത്.

ചോ: *യു.സി. കോളേജിൽ അദ്ധ്യാപകനായ ശേഷം എൻ.സി.സി.യിൽ ചാർജ് വഹിക്കാനിടയായ സാഹചര്യം?*

ഉ: (മുഖത്ത് പതിവുള്ള പുഞ്ചിരിയോടെ തുടർന്നു.) യു.സി. കോളേജിൽ 1975-ൽ രണ്ടാമതൊരു എൻ.സി.സി. ഓഫീസറായി എന്നെ ജോലി ഏല്പിച്ചപ്പോൾ എൻ.സി.സി.യോടുള്ള താല്പര്യവും കുട്ടികളുമായി ഒത്തുചേർന്നുള്ള പ്രവർത്തനങ്ങളെ കുറിച്ചുള്ള പ്രതീക്ഷകളുമായിരുന്നു ഈ ജോലി ഏറ്റെടുക്കാനുള്ള എന്റെ തീരുമാനത്തിനു പുറകിൽ. 20 വർഷത്തിനുശേഷം തിരിഞ്ഞുനോക്കുമ്പോൾ ആ തീരുമാനത്തിൽ സന്തോഷിക്കാൻ ഏറെയുണ്ടെന്നും മനസ്സിലാകുന്നു.

ചോ: *എൻ.സി.സി. പോലുള്ള സംഘടനകളിലെ അംഗത്വംമൂലം കലാലയ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെയാണ്?*

ഉ: എൻ.സി.സി. പ്രവർത്തനം ഒരുവലിയ സുഹൃദ് ബന്ധം ഉണ്ടാകുന്നതിന് സഹായകമാണ്. എൻ.സി.സി.യിൽ കൂടുതൽ സമയം ചിലവഴിക്കുന്ന കേഡറ്റുകൾക്ക് ഇപ്പോൾ എഞ്ചിനിയറിംഗ് കോളേജിലും മെഡിക്കൽ കോളേജിലും മറ്റ് ഉപരിപഠന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആനുകൂല്യങ്ങൾ നിലവിലുണ്ട്. എൻ.സി.സി. പരിശീലനത്തിലൂടെ താല്പര്യമുണ്ടായി ഓരോ വർഷവും യു.സി. കോളേജിലെ ഒന്നോ അതിലധികമോ യുവാക്കൾ സൈന്യത്തിൽ ഓഫീസറായി നിയമനം നേടിയിട്ടുണ്ട്. നേതൃ പരിശീലനം, സാഹസിക സംരംഭങ്ങളിൽ ഉള്ള പരിശീലനം, സൈന്യഘടകങ്ങളുമായുള്ള പരിചയം, ദേശീയദിനാഘോഷങ്ങളിലെ പങ്കാളിത്വം വിദ്യാലയങ്ങളിലും, കലാലയങ്ങളിലും ഉള്ള ക്രിയാത്മകമായ നേതൃത്വം, സാമൂഹ്യസേവനം, വെള്ളപ്പൊക്കം, വരൾച്ച, അപകടങ്ങൾ മുതലായ പ്രതിസന്ധികളിൽ ദുരിതാശ്വാസ പ്രവർത്തന പ

ങ്കാളിത്വം ഇവയൊക്കെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഗുണങ്ങളിൽ ഉൾപ്പെടുന്നു.

ചോ: *എൻ.സി.സി. യുമായുള്ള മുൻപരിചയത്തിന്റെ വെളിച്ചത്തിൽ പഴയതലമുറയും, പുതിയ തലമുറയും തമ്മിലുള്ള പ്രവർത്തന ശൈലികളിൽ ഉള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്? വ്യത്യാസങ്ങൾക്കുള്ള പ്രധാനപ്പെട്ട കാരണങ്ങൾ ഒന്നു വിശദീകരിക്കാമോ?*

ഉ: വിദ്യാർത്ഥികൾക്ക് എൻ.സി.സി പ്രവർത്തനത്തിൽ പഴയതലമുറയും, പുതിയ തലമുറയുമായി കാര്യമായ വ്യത്യാസം ഇല്ല എന്നുതന്നെ പറയാം. എങ്കിലും ഓരോ സമയത്ത് എൻ.സി.സി. സംഘടനാ നേതൃത്വത്തിൽ വരുന്ന മാറ്റങ്ങൾ കരണം പരിശീലന പദ്ധതികളിലും കേഡറ്റുകൾക്ക് ലഭിക്കുന്ന സൗകര്യങ്ങളിലും ഉള്ള അപര്യാപ്തത എൻ.സി.സി. പ്രവർത്തനങ്ങളെ ബാധിച്ചുകണ്ടിട്ടുണ്ട്. കുട്ടികളുടെ പരിശീലനത്തിൽ ആവശ്യത്തിന് മേൽനോട്ടവും നേതൃത്വവും കൊടുക്കുകയും, അവരുടെ ഒദ്യോഗിക വേഷവിധാനങ്ങൾ നല്ല നിലവാരത്തിൽ ഉള്ളവ നൽകുകയും ചെയ്താൽ എൻ.സി.സി. പരിശീലനത്തിന് കൂടുതൽ വിദ്യാർത്ഥികൾ സന്നദ്ധരാകും എന്നാണ് എന്റെ അഭിപ്രായം. പരിശീലന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുകയും വേണം.

ചോ: *എൻ.സി.സി. ഒരു രാഷ്ട്രസേവനം എന്നനിലയിൽ എല്ലാ കലാലയ വിദ്യാർത്ഥികൾക്കും എൻ.സി.സി.യിലെ പ്രവർത്തനം നിർബന്ധമാക്കണമെന്ന വാദഗതിയോട് സാർ യോജിക്കുന്നുവോ? ആധുനിക വിദ്യാഭ്യാസരീതിയുമായി ബന്ധപ്പെടുത്തി വിശദീകരിക്കാമോ?*

ഉ: എല്ലാ വിദ്യാർത്ഥികൾക്കും എൻ.സി.സി. പരിശീലനം എന്ന വിഷയത്തെകുറിച്ച് അനുകൂല അഭിപ്രായമില്ല. താല്പര്യമുള്ളവർക്ക് പോലും വേണ്ടത്രസൗകര്യങ്ങൾ കൊടുക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ അത്തരം ഒരു മാറ്റം പ്രായോഗികപ്രാധാന്യമർഹിക്കുന്നില്ല. നേതൃത്വപരിശീലന പ്രസ്ഥാനങ്ങൾ വേറെയും ഉള്ളതുകൊണ്ട് താല്പര്യമുള്ളവർക്ക് വേണ്ടത് തിരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നത് നന്നായിരിക്കും.
ഐക്യവും അച്ചടക്കവുമാണ് എൻ.സി.സി.യുടെ ആപ്തവാക്യം. ഇതുമായി പൊരുത്തപ്പെടുന്നവർക്ക് എൻ.സി.സി. പരിശീലനം വ്യക്തിത്വ വികസനത്തിന് കാര്യമായ സംഭാവനകൾ നൽകും.

ചോ: *ഔദ്യോഗിക ഭാരവാഹിത്വം ഒഴിയുന്ന ഈ അവസരത്തിൽ ഭാവിതലമുറയിലെ വിദ്യാർത്ഥികൾക്ക് നൽകാനുള്ള സന്ദേശം?*

ഉ: ഭാവി ജീവിതത്തിനെ അടുക്കും ചിട്ടയോടും കൂടിമുന്നോട്ട് കൊണ്ടുപോകുന്നതിൽ എൻ.സി.സി.ക്ക് നല്ലൊരു പങ്ക് ഉണ്ടെന്നാണ് എന്റെ വിശ്വാസം. ആയതിനാൽ പഠനത്തോടൊപ്പം തന്നെ ഇത്തരത്തിലുള്ള സംഘടനകളിലേയ്ക്ക് കൂടുതൽ പേർ കടന്നുവരേണ്ടതുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് എൻ.സി.സി. പരിശീലനം പ്രയോജനപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു. □

**മാത്യു ടി. ഇടിക്കുള**
I B.Sc., Maths

*With best compliments from*

**Science Centre**
Lourde Centre, Alwaye. Phone: 26089

കവിത



# കടലോരത്തുനിന്ന്...

കടലോരത്തുച്ചത്തിൽ കരഞ്ഞുനിൽക്കുന്നു
വസന്തം പൂക്കൾ ചാറിയൊരുക്കിയ നമ്മൾ തൻ
പാത, യകലെയിരുണ്ടു നീലിച്ചോരബ്ധിതൻ
കവിളിലുരുകുമധരത്താവസാന ചുംബനം
കൊത്തിപ്പിരിഞ്ഞുപോകുന്നു; തിമിരശൈല
മതിൽ പുതുവെളിച്ചം കൊത്തിയ സൂര്യനും
അതിരികളെഴാത്തതാ; മീ, യാഴിതൻ ഹൃദയ
തീരങ്ങളിലേറെ പറന്നു തളർന്ന നമ്മൾതൻ
പ്രണയ കാലപറവകൾ പതത്രമറ്റെരിയും
ത്രിസന്ധ്യയും പോകയായി, കലി-
കാലത്തിന്നഴൽ തിങ്ങുമീക്ഷീണങ്ങൾ
കലങ്ങിയെത്തുമിരുട്ടാം കണ്ണുനീരാൽ നാം
നനയുമ്പോൾ, നിമിഷങ്ങൾ നിശ്ശബ്ദമാം ശവമഞ്ചം
പേറിയാൾത്തിരക്കൊഴിയും നമ്മൾതൻ ശിരസ്സി-
ലേയ്ക്കിടറിയെത്തുന്നു, ഇനിയുമാവില്ലിവിടെ
സ്വപ്നമണൽവീടുകെട്ടുവാനൊരു തിര വീണ്ടും
പടിയിറങ്ങേണ്ട വസന്തം മണക്കും രണ്ടു നാമങ്ങളി-
പ്പൊളും മണലിൽ കോറിയിട്ടീ കടലിൻ
നിഗൂഢതയിലേയ്ക്കൂർന്നിറങ്ങാം, വരൂ... സഖീ.

**ഗിരീഷ് കെ. ചിറ്റേടൻ**
I B.A., Malayalam

# മോചനം



സജീവ് കെ.കെ.
I B.A. Economics

നിതാന്തനിശ്ശബ്ദതയിൽ പുതഞ്ഞ് ഘനീഭൂതമായ കണ്ണീർപോലെ ഭൂമി; ഇരുട്ടിന്റെ കരിമ്പാറക്കെട്ടിൽനിന്നും മോചിതയായ ഭൂമി. കിഴക്ക് സൂര്യന്റെ തങ്കപ്രഭയേറ്റ് ഭൂമി തരളിതമായി. അയാൾ അന്നും പകലിന്റെ വരവിനെ കാക്കാതെ നേരത്തെ എണീറ്റു. തനിക്കു മുന്നിൽ നീണ്ടുകിടക്കുന്ന പകൽ. ഇനിയും എത്രയോ പകലുകൾ...

അയാളുടെ കണ്ണുകളിൽ ദയനീയതയുടെ ഒരു നേർത്ത ആവരണം. അയാൾ തന്റെ ശിരസ്സുയർത്തി. ധവളകോമളമായ മൂടൽമഞ്ഞിനാൽ മുഖാവരണമണിഞ്ഞ, അനന്തവിശാലമായ നീലാകാശം. കൂരിരുട്ടിന്റെ കറുപ്പ്തിന്ന് മയങ്ങിക്കിടന്ന ജീവരാശികളെ തൊട്ടുണർത്താൻ മഞ്ഞിൻമറ നീക്കി കടന്നുവന്ന ആദ്യകിരണങ്ങൾ. ഇനിയും എത്രയോ പ്രഭാതങ്ങൾ?....

പഴകിതുടങ്ങിയ തന്റെ സർട്ടിഫിക്കറ്റുമായി അയാൾ നഗരം ചുറ്റിയലഞ്ഞു. കാടുകാണാഞ്ഞ് അലയുന്ന കിളിയെപ്പോലെ. അയാളുടെ പ്രതീക്ഷമങ്ങി. കണ്ണുകൾ കലങ്ങി. ഇനി എവിടെ തനിക്കഭയം. വീട്ടിലേക്ക് ഇല്ല; ഇനിയങ്ങോട്ടില്ല. അയാളുടെ മനസ്സ് മന്ത്രിച്ചു. ഉച്ചച്ചൂടിന്റെ കനത്തകുത്തിൽ അയാളുടെ തല മരവിച്ചു. മെല്ലിച്ച അയാളുടെ ശരീരം വെട്ടിവിയർത്തു. ലോകം വിഴുങ്ങുവാനുള്ള വിശപ്പ്. എന്തെങ്കിലും... അയാളുടെ മനസ്സ് തേങ്ങി. അയാൾ എത്തിവലിഞ്ഞു നടന്നു. അടുത്തുള്ള കുപ്പത്തൊട്ടിയിൽ... ആർത്തിയോടെ... എച്ചിൽ; തെണ്ടിപ്പിള്ളേരും പട്ടികളും തമ്മിൽ... വിശപ്പിന്റെ സമരം അയാൾ അവിടെനിന്നും പിൻതിരിഞ്ഞു. ഇനിയെവിടെ...

രാത്രിയുടെ ആഗമനം പ്രതീക്ഷിച്ചുകൊണ്ട് പക്ഷികൾ ചേക്കേറാൻ തുടങ്ങി. പടിഞ്ഞാറ് ആകാശത്തിന്റെ ചക്രവാളത്തിൽ ഒരു കൂട്ടക്കുരുതി...

പടിഞ്ഞാറ് മേഘപടലങ്ങൾ രക്തപങ്കിലമായി ചി
തറിക്കിടക്കുന്നു. മുനിഞ്ഞുകത്തുന്ന വിളക്കിന്റെ
കാൽചോട്ടിൽ അയാൾ എത്തി. ബൾബിന്റെ പ്ര
കാശത്തിനുചുറ്റും പ്രാണികൾ. അയാൾ അവിടെ
കുത്തിയിരുന്നു. അയാളുടെ മനസ്സിനെ തണുപ്പിച്ചു
കൊണ്ട്, നേർത്ത ചാറ്റൽ മഴപെയ്തു. അതിന്റെ
സുഖാനുഭൂതിയിൽ ലയിച്ച്, പുതുമണ്ണിന്റെ സുഗ
ന്ധവും ഏറ്റ് അയാൾ കണ്ണടച്ചുകിടന്നു. അടഞ്ഞ
കൺപോളകൾ തുറന്നു. കണ്ണുനീർപുഷ്പങ്ങൾ
വിടർന്നു. ചെറുപ്പത്തിലെ, അത്ഭുതാനന്ദങ്ങളുടെ
വർണ്ണമേഖലയിലേക്ക് ആ മനുഷ്യൻ കൺമിഴിച്ചു
നോക്കി.

തന്റെ കുട്ടിക്കാലം... അയാളുടെ മനസ്സിലേ
യ്ക്ക് പുതുമണ്ണിന്റെ സുഗന്ധവും, പുത്തൻ പുസ്ത
കത്തിന്റെയും പുത്തൻ ചെരുപ്പിന്റെയും സുഗന്ധം...
കുട്ടിക്കാലത്തിന്റെ ഓർമ്മ അയാളുടെ മനസ്സിനെ
ഒരു കുളിർകാറ്റുപോലെ മൂടി. ദളമർമ്മരങ്ങളിൽ,
കളകൂജനങ്ങളിൽ കാനനച്ചോലകളുടെ മധുരാ
നാലപങ്ങളിൽ, ഊരുചുറ്റുന്ന കാറ്റിന്റെ വളകിലു
ക്കങ്ങളില, സാഗരോർമികളുടെ നർമസല്ലാപങ്ങ
ളിൽ, പടഹധ്വനികളിൽ, മേഘഗർജ്ജനങ്ങളിൽ
അജ്ഞാതവും അനാദ്യന്തവുമായ ഏതോ സംഗീ
ത്തിന്റെ പ്രതിധ്വനി അയാൾ ശ്രവിച്ചു.

തന്റെ പഠിപ്പിനായി സമ്പാദ്യം മുഴുവൻ
അയാളുടെ അച്ഛൻ ചിലവിട്ടു. അവസാനകാലത്ത്
തന്റെ മകന്റെ തണലിൽ... അയാളുടെ അച്ഛൻ ആ
ശ്വസിച്ചു. അയാൾ മുതിർന്നു. പരീക്ഷകൾ ഉയർന്ന
മാർക്കോടെ അയാൾ ജയിച്ചു. കോളേജിൽ അയാൾ
ചേർന്നു. പുതുകൂട്ടുകാർ; പുതുവസന്തത്തിന്റെ
റുകയിൽ അയാളുടെ ഹൃദയം തുടികൊട്ടി.
ടാനുകോടി മൺതരികളെ വിദ്യുദ്ദീപമാലകളാൽ
നിശീഥിനിയുടെ രംഗമണ്ഡലം അണിയിച്ചൊരുക്കു
ന്ന അദൃശ്യകരകൗശലത്തിൽ ഉദയാസ്തമയ

ളിൽ, ജനിമൃതികളിൽ, ഇളംതളിർ കരിയിലയായി നിലംപതിക്കുന്നു. പുഴു പൂമ്പാറ്റയായും, ശിശു വൃദ്ധനുമായി രൂപംമാറുന്നു. പരിണാമപ്രക്രിയയിൽ പ്രപഞ്ചമഹാനാടകത്തിന്റെ ചുരുളഴിയാത്ത പൊരുളുകൾ തേടാൻ അയാളുടെ ജിജ്ഞാസ കൺവിടർത്തി. കോളേജ് ക്യാമ്പസിന്റെ ഹരമായി മാറിയവൻ; ഉയർന്നമാർക്കോടെ ഡിഗ്രി നേടി. ഇനിയെന്ത്.

ഭാവി അയാളെ തുറിച്ചുനോക്കി. രാഹു അയാളുടെ ജീവിതത്തെ ഗ്രസിച്ചു. അയാളുടെ കഷ്ടകാലത്തിന്റെ നെല്ലിപ്പടി മലർക്കേ തുറന്നു. പഠിക്കുന്ന കാലത്ത്, വൃദ്ധ മാതാപിതാക്കളുടെ സ്വപ്നവും ആവേശവുമായിരുന്ന അയാൾ ഇന്നിപ്പോൾ കണ്ണിലെകരടാണ്. അയാൾ ജീവിതത്തിന്റെ മരുഭൂമികളും മഹാരണ്യങ്ങളും താണ്ടുന്നു; അപാര സാഗരങ്ങളിൽ ഊളിയിടുന്നു. അയാൾ തന്റെ പച്ചയായ ജീവിതത്തിന്റെ ഏടുകളിലേക്ക് ഇറങ്ങിച്ചെന്നു. വൃത്തികെട്ട നഗരമുഖത്തിന്റെ പ്രാന്തപ്രദേശങ്ങളിലേക്ക് അയാൾ നടന്നുനീങ്ങി. കൊടുമുടികളുടെ ഔന്നത്യവും, കൊടുങ്കാറ്റിന്റെ ഭാഷയും സ്വായത്തമാക്കാൻ അയാൾ ശ്രമിച്ചു. കണ്ണീർക്കയങ്ങളിൽ മുങ്ങിത്തപ്പുന്നു.

ബാഹ്യാകാശതലങ്ങളിൽ ചിറകില്ലാതെ പറന്ന അയാൾ, ഒരു ശക്തമായ ദണ്ഡനമേറ്റ് മറിഞ്ഞുവീണു. പിടഞ്ഞെഴുന്നേറ്റ അയാളെ കുറെ കാക്കിധാരികൾ വളഞ്ഞു.

ജയിൽ അറയുടെ അകത്ത് ഒരു അനാഥപ്രേതത്തെപ്പോലെ അയാൾ കിടന്നു. ചിറിയുടെ ഭാഗത്ത് കട്ടച്ചോര. അവിടെ ഈച്ചകൾ അരിക്കുന്നു. ഒന്നും ചെയ്യാത്ത അയാൾക്ക് നിരവധി കേസുകൾ അടിച്ചേൽപ്പിച്ചു. മൂന്നുവർഷം കഠിനതടവ്... ഒരു പ്രതികാരം പോലെ കോടതിയും അയാളെ ശിക്ഷിച്ചു. ആ ജീവിതത്തിന്റെ കറുത്ത ഏടുകൾ ഒന്നായി തീർന്നുകൊണ്ടിരുന്നു.

സ്വാതന്ത്ര്യത്തിന്റെ വെളിച്ചം തെളിയുന്ന നിമിഷമായിരിക്കും അടുത്തപ്രഭാതം; എന്നയാൾ പ്രത്യാശയോടെ സങ്കല്പിക്കും. ആ പ്രത്യാശയുടെ പ്രഭാതങ്ങൾ ഒന്നൊന്നായി കൊഴിഞ്ഞുകൊണ്ടിരിക്കുന്നു. ആ കൽഭിത്തികളിൽ അയാളുടെ കണ്ണുനീർ വീണ് എത്രപ്രാവശ്യം കുതിർന്നിട്ടുണ്ട്. അയാളുടെ മുന്നിലൂടെ കടുത്തവേനലും കടുത്തമഴയും കടന്നുപോയി. ജീവിതത്തിന്റെ കറുത്ത ഏടുകളിലെ വിവിധഘട്ടങ്ങളിൽ മനുഷ്യനിലുളവാക്കുന്ന വികാരങ്ങൾ ഋതുഭേദങ്ങളിലൂടെ പ്രകൃതിയും അവതരിപ്പിക്കുന്നുണ്ട്.

ഒടുവിൽ അയാൾ മോചിതനായി. മുഷിഞ്ഞു വികൃതമായ വസ്ത്രങ്ങൾ, ജടപിടിച്ചുവളർന്ന താടിയും മുടിയും. അയാൾ നടന്നു. അയാൾക്കു മുന്നിൽ നീണ്ടവഴി. മനസ്സിന്റെ സമനില തകരാറിലാകുന്നു. പ്രകൃതിയെ വീണ്ടും കരിപ്പുതപ്പ് പുതപ്പിക്കാനുള്ള ശ്രമവുമായി തമസ്സ് കൂടുകൂട്ടി. അടുത്തുള്ള റെയിൽവെയിൽകൂടി ഹൃദയത്തിന്റെ അഗാധതലങ്ങളിലേ, ഇരുട്ടിന്റെ ആത്മാവിനെ കീറിമുറിച്ചുകൊണ്ട് നീണ്ട ടോർച്ചടിച്ചുകൊണ്ട് ഒരു ട്രെയിൻ കടന്നുപോയി. അതോടൊപ്പം അയാളുടെ ജീവനും. ട്രെയിനിന്റെ ഹുങ്കാരശബ്ദത്തിൽ അയാളുടെ നിലവിളി അലിഞ്ഞലിഞ്ഞുചേർന്നു.

❐

CST NO. 24160516

*With best compliments from*

# VARGHESE MEDICALS

ANGAMALY-683 572. PHONE: 52219, 52619

കവിത

# പ്രയാണം

നിയാസ് എ.കെ.
I B.Sc. Physics

കപടമീ ലോകത്തിൽ നിന്നോടിയൊളിക്കാൻ
ആദ്യമായെന്റെ മനസ്സ് മന്ത്രിച്ചു:
അതിനായ് ഞാനെന്റെ പായ്‌വഞ്ചിയില,
കടലിന്റെ വിദൂരങ്ങളിലേയ്ക്ക് കുതിച്ചു
അനന്തമായ മാനത്തെ, ജീവന്റെ മർമ്മരം
കാതോർത്തുപോയി ഞാൻ
ഏകാന്തതയിൽ മുഴുകി, ജന്മത്തിന്റെ
യാഥാർത്ഥ്യങ്ങൾ മറക്കാൻ കൊതിച്ചു ഞാൻ
പക്ഷേ;
വിപ്ലവത്തിന്റെ ആ ക്രൂശിത രാത്രിയിൽ
കാറ്റുനിലച്ചു.

ഞാനും എന്റെ അബോധമനസ്സിലെ സ്വപ്നങ്ങളും
എന്റെ പായ്‌വഞ്ചിയും മാത്രം കടലിൽ ശേഷിച്ചു
ജീവന്റെ ഉറവിടമാകും ധവളരശ്മികൾ
ചുവപ്പായി മാറുന്നത് ഞാനറിഞ്ഞു.
എന്റെ മനസ്സിലെ,
മറവിയുടെ ഭ്രാന്തമാം ചിതയിൽനിന്നും
ഓർമ്മയുടെ മാലാഖമാർ ഉയിർത്തെഴുന്നേറ്റു
പകലിനെ കാലൻ അപഹരിക്കുന്ന വേളയിൽ
ഞാൻ കടലിനോട് ചോദിച്ചു:
അറിയുമോ നി ഞങ്ങളുടെ പൂർവ്വികരെ,
അവർനിന്റെ അനന്തമായ
കോണുകളെ നിർവ്വചിച്ചു:
നിന്റെ മാതൃത്വത്തിന്,
അവർ പുതിയ മാനങ്ങൾ സൃഷ്ടിച്ചു
നിന്നിൽ ഹൃദയമർപ്പിച്ച്,
നിന്റെ ലവണജലം കുടിച്ച്
നിന്റെ പൈതൃകത്തിലേയ്ക്കവർ
യാത്രയായി...



നിന്റെ ഉയിരിൽനിന്ന് വേറിടുന്ന
ഓരോ ജലബിന്ദുവും
അവരുടെ സ്വപ്നങ്ങളായിരുന്നു!
നിനക്കുചെയ്യാൻ ഒരുപാട്
ജോലികൾ നീക്കിവെച്ച്
ചരിത്രത്തിന്റെ ഏടുകളിൽ, എന്നെന്നേയ്ക്കുമായ്
അവരസ്തമിച്ചു.
അവർ നിന്റെ തിരിച്ചുവരിനെ കാംക്ഷിച്ചു!
വാക്കുകളുടെ സ്വത്വം നഷ്ടമാകുന്ന
ഈരുണ്ട ഈ രാത്രിയിൽ,
നിന്റെ അനന്തമായ ആഴങ്ങളിൽ മുഴുകി
ഞാനെല്ലാം വിസ്മരിക്കട്ടെ.
വേരുകളുടെ ഉറവിടമായ നിന്റെ
സമൃദ്ധമർമ്മരം
ഉൽവേയ്ക്കുന്നത്, ഞാനുൽവേിച്ചിടത്തുനിന്നുതന്നെ
നിന്നിൽ പ്രതിഛായയർപ്പിച്ച്,
സ്വച്ഛന്ദം വിഹരിക്കുന്ന മേഘത്തുണ്ടുകൾ
നഷ്ടങ്ങളുടെ കഥകൾ പറയുകയാണോ?
ഞങ്ങളുടെ വിജയം, നീ നിത്യവും സന്ധിക്കുന്ന
ചക്രവാളം വരെ നീണ്ടുകിടക്കുന്നു
ഭൂമിയിലെ പുതിയ നിശ്ശബ്ദതയ്ക്കെതിരെ
നിന്റെ തിരമാലകൾ ശബ്ദമുയർത്തുന്നു
അവർ നിന്റെ തിരിച്ചുവരവിന്നായ്
മുറവിളി കൂട്ടുന്നതാവാം
നിന്റെ മടിത്തട്ടിലെ തുറമുഖം
നിന്നിലേയ്ക്ക് നോട്ടമെയ്യുന്നു,
ഒരു സ്വേച്ഛാധിപതി കണക്കേ!
അങ്ങകലെ, ഏതോ രാജവീഥിയിലെ
ഒരുപറ്റം മനുഷ്യമൃഗങ്ങൾ,
പൈശാചികമായി നിന്നെ ഉറ്റുനോക്കുന്നു!
ഒരു പക്ഷേ, അവർ നിന്റെ നമ്മുടെ
മരണം പ്രവചിക്കുകയാവാം!!!

കവിത

# വേക്കാഴ്ചകൾ

ഷറഫുദ്ദീൻ കോവൂർ
I B.Sc. Phsycology



അസ്ഥിപഞ്ജരങ്ങളിൽ പന്തംകൊളുത്തുന്ന സന്ധ്യയെ കണ്ടോ?
തുടചീന്തി, നിൻകുടലറുത്തോടുന്ന കുതിരയെകണ്ടോ?
ചുടലക്കളങ്ങളിൽ ചുടുരക്തം ചിന്തിയ നിൻ അമ്മയെകണ്ടോ?
എരിയുമെൻ കനവ് ജാലകങ്ങളിൽ ഇരുൾ കഴുകനെകണ്ടോ?

പണമെരിച്ചുയരുന്ന *[1]'അഗ്നി'യെ കണ്ടോ?
ഇരയെ കരിക്കാൻ ഒരുങ്ങും തിരക്കു കണ്ടോ?
എൻ മസ്തിഷ്കവും ഉദരവും എരിച്ചൊഴുക്കി
ക്കുറിക്കുമവരുടെ *[2]'കയ്യൊപ്പ്'കണ്ടോ?

എൻ ജനനിയുടെ പുലരാത്ത രാവുകണ്ടോ?
തലമുറ കുറിച്ചിട്ടുഴലുമുയിരിനെ കണ്ടോ?
ഇനിയുദിക്കാത്തൊരർക്കനെ കണ്ടോ?
എൻ അമ്മയുടെ കരൾകൊത്തിവലിക്കും കഴുകനെ കണ്ടോ?
ഇനിയും വിടരാത്ത മലർമൊട്ടു കണ്ടോ?

തളിരും, കുളിരും, പൂക്കാതെ കരിയുന്നെൻ തേന്മാവുകണ്ടോ?
വിഷമുറും മാമ്പഴം കൊത്തിരക്തം തുപ്പിമലയ്ക്കുമാ കാകനെ കണ്ടോ?
വിഷലിബ്ദമച്ഛന്റെ ബീജം പുകയുന്ന തലമുറകളെ കണ്ടോ?
നിന്റെ തലച്ചോറുചവിട്ടിമെതിക്കുന്ന *[3]'ശീതതെരുവു്' കണ്ടോ?

നിന്റെ *[4]'ചിന്തകൾ' കടിച്ചുകീറുന്ന ചെന്നായ്ക്കളെ കണ്ടോ?
നിന്റെ കർണ്ണപുടങ്ങൾ *[5]'ആന്റിന'യുടെ എച്ചിലുണ്ണുന്നതും കണ്ടോ?
നിന്റെ ഗർഭപാത്രത്തിലെ വിഷം മോന്തുന്ന-
രാ ഭ്രൂണത്തിന്നും കടമെഴുതുമീ സ്വാതന്ത്ര്യവും കണ്ടോ?

സ്മൃതിയുടെ ശ്യാമസുഷിരങ്ങളിൽ നുഴഞ്ഞിറങ്ങുമാ
ഊർവ്വര സ്വപ്നവും കണ്ടോ?
അവർ ചൂഴ്ന്നെടുത്ത നിൻ ജീർണ്ണിച്ച-
കണ്ണുകളുടെ ദുർഗന്ധമുണ്ടോ?

*[1] ഭാരതം വിക്ഷേപിച്ച 'അഗ്നി' എന്ന ഉപഗ്രഹം (വിശപ്പു മാറ്റാത്ത അന്ധമായ ശാസ്ത്രപുരോഗതിയുടെ മാത്സര്യം)
*[2] രാജ്യത്തെ തീറെഴുതിക്കൊടുക്കാൻ കരാറുകളിൽ ഒപ്പുവെക്കുന്ന ഒപ്പ് (ഗാട്ട്, ഡങ്കൽ...)
*[3] നമ്മുടെ അസ്ഥിത്വവും ചിന്തയും കുത്തക രാജ്യങ്ങൾക്ക് പണയപ്പെടുത്തുന്നത്.
*[4] രാജ്യത്തിന്റെ ശാസ്ത്രസാങ്കേതിക രഹസ്യങ്ങൾ ശാസ്ത്രജ്ഞരും നിയമപാലകരും ചേർന്ന് ഒറ്റുകൊടുക്കുന്നു.
*[5] വിദേശ കുത്തക രാജ്യങ്ങളുടെ അഴുകിയ സംസ്കാരവും ഉൽപന്നങ്ങളും വിറ്റഴിക്കുന്നതിന് കണ്ടുപിടിച്ച പുതിയ കമ്പോള തന്ത്രം
(വിദേശ സാറ്റലൈറ്റ് ചാനലുകളുടെ അതിക്രമം)

# ആൻഫ്രാങ്ക്-കണ്ണീരു നനഞ്ഞ ഒരോർമ്മക്കുറിപ്പ്

മാർട്ടിൻ കെ.പി.
II B.A. Economics

(ആൻഫ്രാങ്ക് - ഹിറ്റ്ലറുടെ കിരാതവാഴ്ച- കാലത്ത്, നാസി തടങ്കൽപാളയത്തിൽ കിടന്ന ശൈശവം വിടാത്തൊരു ജൂതപെൺകുട്ടി. യുദ്ധം കഴിഞ്ഞപ്പോൾ ഇവളുടെ ഡയറിത്താളുകളിൽനിന്ന്, നാസികളുടെ ക്രൂരതയും, ജൂതവർഗ്ഗത്തിന്റെ നിസ്സഹായതയും നമ്മൾ വായിച്ചറിഞ്ഞു. ഇന്നലെയുടെ ക്രൂരതകളെ കുറിച്ചുള്ള ഇവളുടെ വിവരണങ്ങൾ ഫാസിസ്റ്റ് ശക്തികൾക്കെതിരെയുള്ള ഒരു മുന്നറിയിപ്പാണ്.)

ആൻഫ്രാങ്ക്,
നിന്റെയീ ഡയറിയിൽ,
നീ കോറിയിട്ട ലിപികളിൽ,
ഒരു യുഗത്തിൻ നൊമ്പരപാടുകൾ കാണുന്നു ഞാൻ
ഒരു പൊൻചിലങ്കതൻ താളം പിഴക്കലും
ഒരോടകുഴലിൻ തപ്തനിശ്വാസവും.

വെടിയേറ്റു വീഴുന്ന ജൂതന്റെ
തളം കെട്ടിയ രക്തസങ്കീർത്തനങ്ങളും,
തൂക്കുമരത്തിലെ,
മനുഷ്യപുത്രന്റെ പ്രാണ ഞരക്കവും
വേട്ടയാടിപിടിക്കാൻ,
മുന്നോട്ടുപായുന്ന
നാസിനായുടെ കണ്ണിലെ രക്തതിളക്കവും;
നിന്റെയീ വരകളിൽ കാണുന്നു ഞാൻ.

ഒരു കറുത്തപെണ്ണിൻ നിഷ്കളങ്കതയും,
ഒരു യുഗത്തിൻ ക്രൂരതയുറും
രൗദ്രഭാവങ്ങളും,
മനുഷ്യരൂപം പൂണ്ട്
ഒരു കറുത്ത കൈയിൻ ക്രൂരതയും
വെണ്മ ചിതറിയ നിൻപുസ്തകത്താളിൽ,
നീ കോരിയൊഴിച്ച വർണ്ണമേളങ്ങളിൽ
വായിച്ചറിയുന്നു ഞാൻ.



ഇവിടെ,
ഒരു കുഞ്ഞു ജീനിയസ്സിൻ മൗനവേദനയുണ്ട്,
നഗ്നമാക്കപ്പെട്ട
ഒരു ജൂതപ്പെണ്ണിൻ,
കൊഴിഞ്ഞു വീഴ്ത്തപ്പെട്ട രക്തപുഷ്പങ്ങളുണ്ട്.
ഗ്യാസ് ചേമ്പറിനുള്ളിൽ,
ഒരിറ്റു ശ്വാസത്തിനായ്
കൊതിക്കുമൊരശ്വത്തിൻ
അണപ്പും കിതപ്പും
ഒരു തുള്ളിവെട്ടം കൊതിക്കും,
മൺചിരാതിൻ നൊമ്പരവുമുണ്ട്.

ആൻഫ്രാങ്ക്,
എനിക്കു മതിയായി,
നിന്റെ ഡയറി ഞാനടച്ചുവെക്കയാണ്,
ഇതു ചെയ്തവരും ഞാനും
ഒരേ കുലത്തിൻ സന്തതികളെന്നോർത്ത്,
ഒരേയുഗത്തിൻ കൗരവപുത്രരെന്നോർത്ത്
നനഞ്ഞ കണ്ണുകളടച്ച്,
ഒരുനിമിഷം ഞാൻ മാപ്പിരക്കട്ടെ
ഇതിന്നലെയുടെയൊരോർമത്തെറ്റാവാതിരിക്കട്ടെ,
നാളെയിലേക്കൊരിരുണ്ട മുന്നറിയിപ്പും.


CAMS
COMPUTER CENTRE
ESTD. 1979

COURSES
- For graduates & under Graduates
- Cover 'O' Level syllabus +Online Applications, in 8 months
- Short Term Courses in FA, Office Automation, windows, Word, Foxpro etc.
- Long Term & Short Term Courses with Advanced Modules CLIPPER, MS-WINDOWS, FOXPRO and RDBMS (ORACLE)
- Special Courses in Computerised Accounting annd Data Entry and IT & CA for CA/ICWA/ACS/MBA students.

We give Incentives, Placement & On the job Training

FEATURES
- Exposure to LAN/UNIX environment
- Combine Video based and live lectures
- Personalized Attention
- Maximum Computer Time
- Live Project
- Choice of Class Timings
- Practicals daily from the very first day.

Computerised Accounting & Management Service Pvt. Ltd.
Telstar, Ravipuram, M. G. Road, Cochin - 16, Tel: 354947
EXCELLENCE THROUGH EXPERIENCE

*Whatever be your need in computer education, you have it here - at*

# PCC

## (PARAVOOR COMPUTER CENTRE & I. T.C)

**I & II Floor, Gurudarsan Complex (Opp: Old K. S. R. T. C Bus Stand)**

**N. PARAVOOR - 683 513**

## Courses of Govt. of India & Other Courses

- ▲ Data Preparation & Computer Software (I.T.I.)
- ▲ Diploma in computer Applications
- ▲ Diploma in Computer Science
- ▲ P. G. Diploma in Computer Applications
- ▲ Autocad, DTP & Advanced Courses like DCA in Video & Multimedia, Video & Modelling, 2D Drafting, 3D Modelling and Courses for periods varying from 1 month to 18 month

❖ BEST & MOST MODERN LAB
❖ EXCELLENT FACULTY
❖ MORE COMPUTER HOURS
❖ LIBRARY WITH LATEST REFERENCE BOOKS & PUBLICATIONS
❖ NEVER FAILING POWER SUPPLY

PCC

stands for

**TOTAL COMPUTER EDUCATION AT THE MINIMUM POSSIBLE EXPENSE**

*Make a Visit - See the Difference!*

*Join a Course and Feel the Difference!!*

# നിസ്വാർത്ഥ സേവനത്തിന്റെ പുതിയൊരദ്ധ്യായം

## നാഷണൽ സർവ്വീസ് സ്കീം - പ്രവർത്തന റിപ്പോർട്ട് 1994-95

*പ്രോഗ്രാം ഓഫീസേഴ്സ്*

പ്രൊഫ: ജേക്കബ് കോശിബ്

മിസ്റ്റർ. പി.വി. ശ്രീനിവാസൻ

മിസ്. നിർമ്മല പി.കെ. (എൻ.എസ്.വി)

### *വോള: സെക്രട്ടറിമാർ*



ബിനി. എം.കെ.
III Economics



ജോജി വി.ഒ



ടോണി എം.ജെ
II B.A. Economics



റെയ്ച്ചൽ എബ്രഹാം

സജീവപ്രവർത്തനങ്ങളുടെ ഒരുവർഷമായിരുന്നു 1994-95. വോളണ്ടിയർമാരുടെ സർവ്വതോൻമുഖമായ വികാസത്തെ ലക്ഷ്യമാക്കി സജ്ജീകരിച്ച പ്രവർത്തന പരിപാടികളായിരുന്നു ഈ വർഷം നടപ്പിലാക്കിയത്.

1994 ഓഗസ്റ്റ് 10 മുതൽ 16വരെ അംഗത്വവാരമായി ആചരിച്ചു. 500 വിദ്യാർത്ഥികളോളം അംഗങ്ങളായിചേർന്നു. ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം സെപ്തംബർ 2-ാം തീയതി ബഹു. പ്രിൻസിപ്പൽ പ്രൊഫ. സി.ജെ.തോമസ് നിർവ്വഹിച്ചു.

### എൻ.എസ്.എസ്. വാരം.

വിവിധ പരിപാടികൾകൊണ്ട് ശ്രദ്ധേയമായ ഈ വർഷത്തെ എൻ.എസ്.എസ്. വാരാഘോഷം ഒക്ടോബർ 3 മുതൽ 7 വരെ പൂർവ്വാധികം ഭംഗിയായി ആചരിച്ചു. വാരാഘോഷപരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് പ്രിൻസിപ്പാൾ പ്രൊഫ. സി.ജെ തോമസ് പതാക ഉയർത്തുകയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സുകൾ IMA-യുടെ സഹകരണത്തോടെയുള്ള രക്തദാനവും രക്തഗ്രൂപ്പ് നിർണ്ണയവും നടന്നു. കോളേജിലെ വിദ്യാർത്ഥികളുടെ രക്തഗ്രൂപ്പ് നിർണ്ണയിക്കാൻ കഴിഞ്ഞതുമൂലം അനേകം പാവപ്പെട്ട രോഗികൾക്ക് രക്തം നൽകി ജീവൻ രക്ഷിക്കാൻ കഴിഞ്ഞു.

### മിനിക്യാമ്പ്

സെപ്തംബർ 12, 13 തീയതികളിൽ ആലുവ യു.സി. കോളേജിൽ വച്ചുനടത്തിയ ദ്വിദിന ക്യാമ്പിൽ

ക്യാമ്പസ് ക്ലീനിംഗ് ആയിരുന്നു ഏറ്റെടുത്തുനടത്തിയ വിജയകരമായ ജോലി.

**ഓറിയന്റേഷൻ കോഴ്സ്.**

വോളണ്ടിയേഴ്സിനുവേണ്ടി ആഗസ്റ്റ് 24–ാം തീയതി ഒരു ഓറിയന്റേഷൻ കോഴ്സ് സംഘടിപ്പിച്ചു. ബഹു:പ്രിൻസിപ്പാൾ ഉദ്ഘാടനം നിർവ്വഹിക്കുകയും മുൻപ്രോഗ്രാം ഓഫീസർമാർ "എൻ.എസ്.എസ്-ഉം വ്യക്തിത്വവികാസവും" എന്നതിനെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം മുൻവോള ണ്ടിയർമാർ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ശേഷം കലാസാംസ്കാരിക പരിപാടികളും അ വതരിപ്പിച്ചു.

**ദശദിന ക്യാമ്പ്**

ഈ വർഷത്തെ ദശദിനക്യാമ്പ് അങ്കമാലി പുളിയനം സെന്റ് ഫ്രാൻസീസ് എൽ.പി. സ്കൂളിൽ വ ച്ചു നടന്നു. പഞ്ചായത്തു പ്രസിഡന്റ് ശ്രീ പൗലോസ് ചാറ്റുകുളം ക്യാമ്പിന്റെ ഉത്ഘാടനം നിർവ്വഹിച്ചു. പ്ര ധാന ലക്ഷ്യമായി ഏറ്റെടുത്ത പുളിയനം ഇടതുകര കനാലിന്റെ പുനർനിർമ്മാണം സംതൃപ്തിയോടെ നിർവ്വഹിക്കാൻ കഴിഞ്ഞു. കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ, റാലി, ട്രക്കിംഗ് മൂതലായ പരിപാടിക ളും സംഘടിപ്പിച്ചു. എല്ലാദിവസവും ക്യാമ്പംഗങ്ങളും നാട്ടുകാരും സംയുക്തമായി കലാപരിപാടികളും ക്രിസ്തുമസ് രാത്രിയിൽ പ്രത്യേക ആഘോഷങ്ങളും നടത്തുകയുണ്ടായി. ശ്രീ. പി.ജെ. ജോയ്, എം.എൽ. എ.യുടെ നേതൃത്വത്തിൽ സമാപനസമ്മേളനവും നടന്നു.

**നേച്ചർക്യാമ്പ്.**

1995 ജനുവരി 26, 27 തീയതികളിൽ കേരള ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ 30ഓളം എൻ.എസ്.എസ് അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട്, ഒരു പ്രകൃതിപഠന ക്യാമ്പ് സംഘടിപ്പിച്ചു. ... ച്ചി വാഴാനി ഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് ഇതു നടത്തിയത്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യു.സി. കോളേജ് എൻ.എസ്.എസ്–ന്റെ യൂണിറ്റിന്വേണ്ടി ... ആയി നിയോഗിക്കപ്പെട്ട മിസ്. നിർമ്മല പി.കെ. യുടെ പ്രവർത്തനം സ്തുത്യർഹമായിരുന്നു. വാർഷിക ... ത്തുചേരലോടെ ഫെബ്രുവരി 25–ാം തീയതി ഈ അദ്ധ്യയനവർഷത്തിലെ എൻ.എസ്.എസ്-ന്റെ പ്രവർത്ത നങ്ങൾ ഔദ്യോഗികമായി സമാപിച്ചു.

എന്ന്

ബിനി എം.കെ.

ടോണി. എം.ജെ.

ജോജി പി...

റെയ്ച്ചൽ എബ്രഹാം


Color Links

36/1830 E, SANKOORIKKAL BUILDING,
KALOOR, COCHIN - 682017
PHONE: 331273

S.S.I Reg: No. 09 / 03 / 16943 / 9...
PMT, Dt. 29 / 1 / 95

GRAPHICARTS, FILM PROCESSING & PRINTING CONSULTANTS

കവിത

# ശുകനോട്

മേഴ്സി കെ.വി.
I M.A., Malayalam

അന്നു ഹസ്തിന്യപുരയജ്ഞശാലയിൽ നാനാ-
ദേശികൾ തന്മദ്ധ്യത്തിൽത്തിളങ്ങി ശുകൻ! മഹാ-
പണ്ഡിതർ മഹാസഭാവാസികൾ, ദ്വിജർ, മഹാ-
രാജനാം പരീക്ഷിത്തുമിരുന്നു സവിനയം.

വാണിയെ, വിഘ്നേശ്വരനെ, പിതൃതുല്യനാം ഗുരു-
വരനെ വണങ്ങിട്ടു പറഞ്ഞുതുടങ്ങിനാൻ:
കൃഷ്ണവർണ്ണനാം പരാശരന്റെ ജനനത്തെ;
ശന്തനുസുതൻ ചെയ്ത ഭീഷ്മമാം ശപഥത്തെ;

കാശിപുത്രിയാമംബതന്നുടെ പ്രതികാര-
ദാഹത്തെ; വിഭിന്നരാം കൗരവനാമ്പുകളെ;
മത്സരം കൊടും പകയാകവേ, പരീക്ഷണ-
മക്കെടുവഹ്നിയിൽച്ചിരം ദഹിച്ചു മറഞ്ഞോരെ;

ജനനമരണങ്ങൾ നടുവിൽ, പരീക്ഷിത-
നായോനെ, മാത്സര്യാന്തേ വിജയം വരിച്ചോനെ-
പ്പറ്റിപ്പാടവേ, പരീക്ഷിത്തിന്റെ ചുണ്ടിൽ മിന്നി-
പ്പൊലിഞ്ഞ ഹാസത്താലെ പുളകം പൂണ്ടു ശുകൻ.

ജീവിതം ജനിയേക്കാൾക്കൊടിയ പരീക്ഷണ-
മാകവേ തളർന്നിന്നുനില്പാണു പരീക്ഷിത്തും!
ഇല്ലിന്നു കിരീടത്തിൻ ഘനം, ചെങ്കോലിൻ ഭാരം
ഇല്ലിന്നു സിംഹാസനം, തലചായ്ക്കുവാനിടം!

അന്തികേയെത്തി ശുകൻ! മർത്ത്യജീവിതങ്ങളെ
വ്യസിക്കാൻ, കഥിക്കാനും തുനിഞ്ഞാണെന്നോ ജന്മം?
തനിച്ചുനിന്നു ശുകൻ കടന്നുപോകെപ്പല-
ഗുരുക്കൾ - മഹാവിദ്യാസാഗരം താണ്ടുന്നോരും

അവർതൻ പാദാഘാതാൽപ്പൊങ്ങിയ പൊടിമൂടി
ചെംകനൽപ്രഭയാർന്ന വിഗ്രഹമായി ശുകൻ
വേരുകൾ സർവ്വം സഹയാർജ്ജിച്ചോരതിരുകൾ
തകർത്തു; മാനം മുട്ടി വളർന്നുനിന്നു ശുകൻ.

മിഴിയിൽ സ്നേഹാർദ്രത; കരളിൽ ദയാവായ്പും;
ശീതളച്ഛായാതലം പടർത്തിനിന്നു ശുകൻ,
പരീക്ഷിത്തെത്തുംനേരംവരെയും - തുടങ്ങിയോ
മർത്ത്യജീവിത കഥാസാരസംഗ്രഹം ചൊല്ലൽ

വിളക്കുവെച്ചു; കൃഷ്ണകഥയോതുന്നുണ്ടാരോ
ശുകനല്ലതുകേട്ടുമടുത്തു കിളിപ്പെണ്ണേ!
പഞ്ജരബദ്ധം കൊച്ചുപൈങ്കിളിയെയും ചേർത്തു
തെണ്ടുകയല്ലോ പരീക്ഷിത്താകും നരജന്മം.

പൂർവ്വാഭിമാനങ്ങളെ കുഴിയിൽ മൂടീ-പക്ഷേ,
സമൃതിയിലൂയിക്കൊണ്ടുവിളങ്ങുന്നുവോ ശുകൻ?
വേദത്തെ വ്യസിച്ചവൻ ഗുരു; ശിഷ്യനോ, മർത്ത്യ-
ജീവിതവേദങ്ങളെ വ്യസിക്കാൻ പഠിപ്പിച്ചു.

ധർമ്മപക്ഷപാതിയായ് ഗുരു; ശിഷ്യനോ, തനി-
ച്ചരുളി; തനിച്ചുപോകുന്നവനൊപ്പം കൂടി.
ദൂരെയാകിലുമിപ്പോൾ വരിക; നരചിത്ത-
ഭാവങ്ങളറിഞ്ഞൊന്നു പാടുക; കൂടെപ്പാടാൻ-
കാത്തിരിക്കുന്നു ശുകി; വരണ്ടുവിറയാർന്ന
ഹൃത്തിനെയമൃതൂട്ടാൻ പാവമീ പരീക്ഷിത്തും!

*with best compliments from*
TEENS TAILORS
PALACE ROAD, ALUVA
Phone : 22792
Res : 25634

കവിത

# തെരുവുബാലൻ




പി.കെ. റാസി
I M.A., Malayalam


ഓടയിൽനിന്നു ജനിച്ചുവളർന്നോ-
രനാഥനായുള്ളൊരു ബാലകനാണുഞാൻ
അച്ഛനില്ല,യെനിക്കമ്മെയെയറിയില്ല
മൊട്ടിട്ട നാൾമുതലീതെരുവീഥിയിൽ
കടത്തിണ്ണയിൽ ഞാനന്തിയുറങ്ങുന്നു
സ്വപ്നമോ! മോഹനമായൊരു ഭാവിയും
എവിടെപ്പിറന്നു, ഞാനാരിൽ ജനിച്ചു
അറിയുവാൻ വഴിയില്ലയെൻ പേരുപോലും
അല്പവികാരത്തിലാരോ ചെയ്തൊരു
പാപകർമ്മത്തിൻ ഫലമായുണ്ടായതോ
മാളിക വീട്ടിലെ മൈക്കണ്ണിയാരോ
അഭിമാനം കാക്കുവാൻ ഓടയിലിട്ടതോ
എന്തുപിഴചചു ഞാനിങ്ങനെയാകുവാൻ
മുൻകാല ജന്മത്തിൽ പാപങ്ങൾ ചെയ്തുവോ
'തന്തയില്ലാത്തവൻ' എന്നു വിളിക്കുന്നു
വിളറിവെളുത്തയീ വദനത്തിൽ നോക്കി

അപരാധമെന്തുഞാൻ ചെയ്തുയീഭൂവിൽ
അപവാദമിങ്ങനെയേൽക്കുവാനായ്
ആയിരം നാവുകളൊത്തൊരുമിക്കുന്നു
ആക്ഷേപവാക്കുകൾ മൊഴിയുവാനായ്
തൊഴിലൊന്നു നല്കുവാൻ സന്നദ്ധരല്ലിവർ
"പതിനാറു തികയാത്ത ബാലകനാണു നീ"
കഠിനമാം ജോലികൾ ചെയ്യുവാനാകില്ല
പതിനാറു തികയാത്ത ബാലകനാണു ഞാൻ
ഉടുവസ്ത്രമില്ലയെൻ ദേഹം മറയ്ക്കുവാൻ
ഉദരത്തിൽ മുട്ടി ഞാൻ പാട്ടുപാടുന്നു,
പൗർണ്ണമി നാളില്ലയെൻ ജീവിതത്തിൽ
അമാവാസിയാണെന്റെയുറ്റ തോഴൻ
കാണാമറയത്തൊളിഞ്ഞിരുന്നെന്നെ
യനാഥത്വ ബോധം തൊട്ടുണർത്തുന്നു
മന്നിലുഴന്നുതളരുന്നെനിക്കു തണലേകുവാ
നെന്റെ യച്ഛനെവിടെ
വീർപ്പിട്ടു വീർപ്പിട്ടു കേഴുന്നയെന്നെ
തലോടിയുറക്കുവാനമ്മയെവിടെ
'ഏട്ടനെന്റേട്ട'നെന്നുരുവിട്ടു കൊഞ്ചു-
ന്നൊരു കുഞ്ഞുപെങ്ങളെനിക്കെവിടെ
പുസ്തകസ്സഞ്ചിയും തോളിലേറ്റി
പാഠശാലയിലേക്കുപോം കാലമെവിടെ
ഇല്ല,യെനിക്കാരുമില്ല - കൈചൂണ്ടി
യെന്റേതെന്നൊരു വാക്കു ചൊല്ലുവാൻ
വിശ്വാസവഞ്ചകനെന്നുരയ്ക്കുന്നവർക്കൊരു
മറുവാക്കു മൊഴിയുവാൻ
അന്യരായ് തീർന്നെനിക്കുറ്റവരുടയവൻ
എന്റേതുമാത്രമാം നിഴലുപോലും
എന്തിനി ചെയ്യുവാനാരോടു ചൊല്ലുവാൻ
മൗനമായ് കണ്ണീരുതിർക്കയെല്ലാതെ.
അച്ഛനില്ല, യെനിക്കമ്മെയെയറിയില്ല
ദുഃഖം പറയുവാനാരും തുണയില്ല
ഓടയിൽ നിന്നു ജനിച്ചുവളന്നോ
രനാഥനായുള്ളൊരു ബാലകനാണു ഞാൻ.

# ശയിക്കേണ്ടവർക്ക്

പ്രസാദ്കുമാർ ടി.ബി.
II PDC, IIIrd Group

സൂര്യ...
നേരുന്നു, ഈ നിശയിലൊരു സ്വപ്നശയനം
രാത്രിയുടെ മുച്ചൂടിൽ വിയർപ്പിൽ കുളിച്ചു ഞാൻ
ആദിയാമത്തിലേ സ്വപ്നം പുണർന്നു കിടക്കും-
മണൽത്തിട്ടതേടിയലയട്ടെ...

നിനക്ക്;
നേരുന്നു, ഈ നിശയിലൊരു സ്വപ്നശയനം, സൂര്യ
നിന്റെ പുതുവെട്ടത്തിൽ കാണുന്നതവളുടെ-
വ്രണങ്ങൾ മാത്രം; കേൾക്കുന്നതോ ദീനരോദനം മാത്രം.
അവളുടെ വിയർപ്പിവിടെയുറഞ്ഞു പോകുന്നു.
അവൾ ഭഗ്നാശയായ് നിന്നെനമിക്കുന്നു.
അറിയുന്നുവോ നിൻ കരളിൽ തടയുന്ന
മിഴിനീർമുറിക്കുന്ന വെട്ടം, അവളുടെ
വിവസ്ത്രയംഗങ്ങളിലുഴലുന്നു സൂര്യാ...!
കനിവോടെ നീ സുഖനിദ്രയിൽ ലയിക്കുക.
അറിയാം, ഒരുകാലമവൾ നിന്നിൽ
ലയിച്ച ഗ്രഹണങ്ങൾ... രാത്രിയായ് നീ-
നല്കും പിണക്കങ്ങൾ; അന്നവൾ നിനക്കായി
വാക്കുകൾ നല്കി, വാക്കുകളിൽ നീ വെറുതെ
പൊരുളുകൾ തിരുകി.

ഇന്നോ;
അവളുടെ പവിത്രതയൊരിരുൾതുണ്ടായ്-
നിന്റെ ഹൃദയത്തിൽ പതിഞ്ഞിരിക്കുന്നു.
നീ ചെയ്ത ബീജങ്ങൾ പുഴകളാശ്ലേഷിച്ചു.
നീ പെയ്ത രാഗങ്ങൾ ആരണ്യകംകേറി,
നീ പെയ്ത കുളിരോ മലകളിലുറഞ്ഞു...
നീ പെയ്ത കുളിരോ മലകളിലുറഞ്ഞു...
അവർ നിന്റെ ചെയ്തികളെ തമ്മിൽക്കലർത്തി,
അതിൽ, നഞ്ചുസിരയിൽ തിരുകിക്കയറ്റി.

അറിയുമോ;
പൊരിയുന്ന നിൻവെയിലു-
മെരിയുന്ന രാത്രികളിൽ,
തെരുവുകളിലലയുന്ന, വയറൊട്ടി-
നടുവായ, തെരുവുനായെപ്പോലെ
ജംരം പഴുത്തോർക്കു പുറകെയലയുന്നോരെ...
അവരെറിയുമെച്ചിലിൽ ഒരു-
തുള്ളിചാറിനായ്, തലമുടി
പറിച്ചും നാവുകൾ മുറിച്ചും
ബാല്യത ചവർപ്പോടെ-
നുണഞ്ഞിറക്കുന്നോർ..
ഒടുവിലേതോ ഇരുളിന്റെ തിണ്ണയിൽ.
ഉടൽനിറയെ പകയുമായെരി-
യുന്ന വയറുമായൊടുങ്ങുന്നോർ...

ചന്തയിലുറയ്ക്കുന്ന ദാഹമൂല്യത്തിൽ,
സിലിണ്ടറിൽ വില്ക്കുന്ന പ്രാണന്റെ പ്രാണനിൽ
ആശിച്ചുനില്ക്കേ.. വരളുന്ന കീഴ്ച്ചുണ്ട്
നുണഞ്ഞിരിക്കേ, നിൻ മക്കൾ
ആ മൃദുല ചുണ്ടുകളിലുറ്റിക്കൊടുത്തു
ആദ്യ വൃക്ഷത്തിൻ പഴച്ചാർ...!
ജീവിതം വഴിമുട്ടിനില്ക്കേ; അവർ
വരളുന്ന നീർച്ചാലുമുറ്റിക്കുടിച്ചു.
ഉള്ളിലെരിയുന്ന കനലുകളണയ്ക്കാൻ.
പ്ലേഗിന്റെ ബാധയ്ക്കു പ്രതിവിധിയൊരുക്കാൻ
കാടുകളെരിച്ചവർ ക്യാപ്സൂളിലാക്കി.
നിന്റെ മക്കൾ; നീലമലയുടെമടിയിൽ
ശയിച്ചവർ; വൃത്തിഹീന-
ത്തിന്റെ പേരിൽ ക്ഷൗരക്കത്തി
പേറിയാടുന്നോർ, അവർ നിന്റെ മക്കൾ!
മൃദുലമലകൾ തഴുകാൻ,
ആരണ്യകങ്ങൾ പേറാൻ,
ഒരു ക്യാപ്സൂൾ വിഴുങ്ങു..
കുയിലുണർത്തും പാട്ടുകേൾക്കു...
ആശാസരത്തിന്റെ താരാട്ടുകേൾക്കൂ.
നേരുന്നു ഞാനീ നിശയിലൊരു
സ്വപ്നശയനം സുര്യ...


*With best compliments from*

# CENTRAL MOTORS

CENTRAL TOWERS, THOTTAKKATTUKARA, ALUVA-8. PHONE: 25420, 25466

AUTHORISED DEALERS FOR: TVS-Suzuki Motorcycles & TVS Mopeds and GENUINE SPARE PARTS (WHOLESALE & RETAIL)

## നിങ്ങൾക്കൊരു ജോലി

ഇന്ത്യയിലും വിദേശരാജ്യങ്ങളിലും ധാരാളം തൊഴിൽ സാദ്ധ്യതയുള്ള **X-RAY, ECG, LAB** കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു

1. വിദേശത്തു പോകുന്നവർക്കായി പ്രത്യേകം ക്ലാസ്സുകൾ
2. Morning & Evening ക്ലാസ്സുകൾ ഉണ്ടായിരിക്കും
3. S.S.L.C പാസായ ഏവർക്കും അപേക്ഷിക്കാം.

## INDIAN INSTITUTE OF MEDICAL TECHNOLOGY

KAJA SHOPPING CENTRE, R.S. ROAD, ALUVA-1. PH: OFF: 25340, RES: 23448

# Annual Report

## of No. 1 Coy 22K. Bn N.C.C. ALWAYE - 1994-95



Dr. David Saj Mathew
N.C.C. Officer

**Cadet Appointments**

| | | |
|---|---|---|
| 1. Biju Mon R. | III B.A. Economics | Company Senior Under Officer |
| 2. Rajesh S. | III B.Sc. Physics | " |
| 3. Sunumon Ponmelil | II B.A. Psycology | Physiology Company Under Officer |
| 4. Harish P | III B.Sc. Physics | " |
| 5. Nishad P.K. | III B.A. Economics | " |
| 6. Sanal Kumar S.A | II B.Sc Chemistry | Company Senior Under Officer |
| 7. Rajesh P.R. | III B.Sc Zoology | C.S.M. |

**Activities and Celebrations**
Independence Day, Republic Day and N.C.C. day were celebrated in the college. Cultural Programmes were also conducted.

**Camps and Courses:**
Nearly 50 cadets attended the different training camps. National Integration camp, Trekking camp, Attachment to regular Army, B.L.C. etc. Sgt: Prem Varghese attended the mountanering camp at Kullu Manali in Himachal Pradesh.

**Achievements**
CUO Kevin Antony D'cauto selected in the youth exchange programme to Canada got Rs. 1000/- as cash award for emerging as a 3rd best cadet in all India level. Kevin Antony D'Cauto also got admission in Computer Engineering through N.C.C. quota. Sgt. Eapen Gee Varghese got admission in polytechnic through N.C.C. quota.

**Social Work**
Cadet Participated in tree planting programmes of the college.

**Firing And Obstacle course.**
Range Classification training was given to all the Cadets Probable best firers were selected. The obstacle course established for the Ernakulam group N.C.C in the college was lead by our cadets in training.

**B and C Certificate Examination**
28 Cadets appear for "B' certificate examination and 6 cadets appeared for 'C' certificate examination. The Results of B & C certificate Examination 1994 were commandable.

**Presentation of Prizes Awards**
Mani Kalladickal Award for 1994 best cadet of the college was presented to Sgt. Prem Varghese. Sgt. Eapen Gee Varghese got prize for the IInd best cadet of the year.

L. Cpl Vinuraj D and Cdt Binesh K.V. got I and II prize for best turn out of the year respectively.

Maj. Rajan Varghese was congratulated with a presentation on his selection on the principal of the college. We are thankful to the principal and all the help he has rended to the N.C.C. sub unit. We wish another year of success for the college N.C.C. sub unit.

CSUO Bijumon R.

Maj. Rajan Varghese



Rajesh S. CSUO
III B.Sc. Physics



Nishad P.K. NCC Under Officer
III B.Sc. Physics



Rajesh P.R. C.S.M.
III B.Sc Zoology

# തോന്നലുകൾ

**രാജേഷ് ഒ.സി.**
(ഒന്നാംവർഷം, ഭൗതികശാസ്ത്രം)

കറുത്തചായം തേച്ച മാനത്തിനുതാഴെ വൃക്ഷത്തലപ്പുകൾ എന്തൊക്കെയോ മന്ത്രിക്കും പോലെ എനിക്ക് തോന്നി. എതിരെവന്ന ഈറൻകാറ്റ് എന്റെ മെഴുകുതിരി അണയ്ക്കുമോ എന്നുഞാൻ ഭയപ്പെട്ടു. കൈപ്പത്തികൊണ്ട് നാളം പതുക്കെ മറച്ചുപിടിച്ചു തണുത്തകാറ്റ് പിന്നെയും വീശുന്നുണ്ടായിരുന്നു. ഇരുട്ടത്ത് നടന്നുള്ള ശീലമില്ലാത്തതിനാൽ എവിടെയൊക്കെയോ തട്ടി വേച്ചുവീഴാൻ ഭാവിച്ചു. തുളുമ്പാൻ വെമ്പിനിന്ന മെഴുക് കൈവെള്ളയിൽ വീണ് പുള്ളിക്കുത്തുകളായി മാറി. മെഴുകുതിരി അണയാതെ ഞാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

മെഴുകുതിരിയുടെ ഇത്തിരിവെട്ടത്തിൽ നടവഴിവ്യക്തമായി കാണാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ആവുന്നത്രവേഗത്തിൽ ഞാൻ നടന്നു. മഴയെത്തുംമുമ്പേ വീട്ടിലെത്തണം.

"അച്ഛനിപ്പോ അന്വേഷിച്ചിറങ്ങിക്കാണും" മനസ്സു പറഞ്ഞു.

"ആ വെളിച്ചം ഒന്നിങ്ങട്ട് നീക്കി പിടിക്ക്യോ...?" ആരോ ചോദിക്കുന്നതു കേട്ടു. ശബ്ദം കേട്ടദിക്കിലേക്ക് ഞാൻ വെളിച്ചം കാണിച്ചുകൊടുത്തു. പക്ഷെ ആരെന്ന് തിരിഞ്ഞുനോക്കാൻ മിനക്കെട്ടില്ല, നടത്തയ്ക്ക് വേഗം കുറച്ചിട്ടുമില്ല.

"ഇങ്ങനെ പോയാൽ ഈ നാട്ടിലെ പാവങ്ങളുടെ കാര്യം കഷ്ടത്തിലാവുന്നാ തോന്നണെ... ല്ലെ... ?" രാഷ്ട്രീയം മെമ്പൊടിയിട്ട് അയാളെന്തൊക്കെയോ സംസാരിക്കാൻ തുടങ്ങിയിരുന്നു. ഞാനൊന്നും മിണ്ടിയില്ല. ഇരുട്ടും കണ്ണുമായി അടുത്തപ്പോൾ നടത്തയ്ക്ക് വേഗം കൂടുന്നതായി തോന്നി.

കൂടെക്കൂടെ വെളിച്ചം നീക്കിപിടിക്കാൻ അയാൾ പറയുന്നുണ്ടായിരുന്നു. ഞാൻ വെളിച്ചം നീക്കി പിടിച്ചുകൊണ്ടുമിരുന്നു. വഴിയുടെ ദൈർഘ്യം കുറയ്ക്കാനായിരുന്നിരിക്കാം. ഞാനൊന്നും മിണ്ടിയില്ല.

എവിടെയോ ഒരു കുറുക്കൻ ഓലിയിടുന്നത് കേട്ടു. കാടും പോടും പടലൊന്നുമില്ലാത്ത ഇദിക്കിലെവിടുന്നാ കുറുക്കൻ. ഞാൻ അമ്പരന്നുപോയി. എല്ലാം പ്രകൃതിയുടെ വികൃതി. തണുത്ത കാറ്റെന്റെ മെഴുകുതിരി അണച്ചുകളയും എന്നുതന്നെ ഞാൻ കരുതി. എല്ലാം എന്റെ തോന്നലുകളോ. എനിക്കൊന്നും മനസ്സിലായില്ല.

"സാറെ ആ വെളിച്ചം ഒന്നുകൂടെ നീക്കി പിടിച്ചേ" ഞാനത് ശ്രദ്ധിച്ചില്ലെന്ന് വരുത്തി. ഞാൻ വേഗം നടന്നു. വീണ്ടും അയാളെന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നു. ഞാനൊന്നും മിണ്ടിയില്ല. മഴയെത്തും മുമ്പേ വീടെത്തണം.

രാത്രിയുടെ നിശ്ശബ്ദതയിൽ അവൾ നൃത്തം വെയ്ക്കുകയാണ്. ഇന്നെന്താ... അവൾ വല്ലാതെ ഉന്മത്തയാണെന്ന് തോന്നി. മുടികൾ അലസമായി പാറിക്കിടന്നിരുന്നു. അമാവാസികളിൽ അവളുടെ നൃത്തം പതിവാണ്. നൃത്തത്തിന്റെ ... ത്തിലവളുടെ മാറിടം പൊതിഞ്ഞ തുണികൾ ...

ങ്ങിപ്പോയോ...? തന്നെ ആരും ശ്രദ്ധിക്കുന്നില്ല എന്നായിരിക്കാം അവൾ കരുതിയത്.

"സാറെ ആ വെളിച്ചം കുറച്ചുകൂടെ നീക്കിപ്പിടിച്ചേ" അയാളുടെ ദേഷ്യം പല്ലുകൾക്കിടയിൽ ഞെരിഞ്ഞമർന്നതായി തോന്നി.

"ഇയാൾക്കെന്തെ കണ്ണുകാണാൻ വയ്യേ....?" ഞാൻ മനസ്സിലോർത്തു.

ഒന്നും കേട്ടില്ലെന്നമട്ടിൽ ഞാൻ വേഗം നടന്നു. ഐതിഹ്യങ്ങളിലെ അമ്പിളി അമ്മാവനെപ്പോലെ നർത്തകി എന്നെയും പിന്തുടരുന്നതായിട്ടെനിക്കു തോന്നി. വഴിയോരത്തെ ഒരു പൊളിഞ്ഞ കടത്തിണ്ണയിൽ ഈറൻ കാറ്റത്ത് ചുരുണ്ടുകൂടിയുറങ്ങുന്നു ഒരു വൃദ്ധ... അവരുടെ സ്വർഗ്ഗം. ഞാനൊന്നും കാണുന്നുണ്ടായിരുന്നില്ല എങ്കിലും എല്ലാം കാണുന്നുണ്ടായിരുന്നു.

"സാറെങ്ങടേയ്ക്കാ", അയാൾ ചോദിച്ചു. ഞാനൊന്നും മിണ്ടിയില്ല. "ഈ വളവ് തിരിഞ്ഞാ എന്റെ വീടായി ഞാൻ പോണൂട്ടോ" അയാൾ പറഞ്ഞു. എന്റെ കാതിലതൊന്നും വീണില്ല. എങ്കിലും ഞാനോർത്തുപോയി. ഇനി ഞാനൊറ്റയ്ക്കല്ലേ.

ഇടവഴിയിലേയ്ക്കിറങ്ങിക്കഴിഞ്ഞിരുന്നു. ഒരാൾക്ക് കഷ്ടിച്ച് പോകാം. രണ്ടുവശത്തും ഇടതൂർന്ന് നില്ക്കുന്നു ഇഞ്ചക്കാടുകൾ, പിന്നെ യഥേഷ്ടം പൊത്തുകളും പൊഴിഞ്ഞുകിടക്കുന്ന പാമ്പിൻ പടങ്ങളും. കരിയിലയ്ക്ക് മുകളിലൂടെ എന്തൊ ഇഴഞ്ഞുപോകുന്ന ശബ്ദം ഞാൻ കേട്ടു. അതൊന്നും ശ്രദ്ധിക്കാൻ സമയമുണ്ടായിരുന്നില്ല. ഞാൻ വേഗം നടന്നു.

ഇടവഴിയുടെ അങ്ങേത്തല കാണാറായി. ആരോ ഒരു ചൂട്ടും പിടിച്ച് ഇങ്ങോട്ടു വരുന്നതായി തോന്നി. ഞാൻ വേഗം നടന്നു. വീശിയടിക്കുന്ന ചൂട്ടിന്റെ വെളിച്ചത്തിൽ അയാളെ വ്യക്തമായിക്കണ്ടു. അച്ഛൻ... എന്റച്ഛൻ.

"നിന്നേം തിരക്കിവന്നതാ" അച്ഛൻ പറഞ്ഞു.

ഞാനൊന്നും മിണ്ടിയില്ല. കുറച്ച് നടന്നുകഴിഞ്ഞപ്പോൾ അച്ഛൻ ചൂട്ട് കുത്തിക്കെടുത്തി. ഞാൻ തിരിഞ്ഞുനോക്കി. എന്തെന്ന് ചോദിക്കാൻ നാവുപൊങ്ങിയതാണ്. പക്ഷെ ചോദിച്ചില്ല.

"ഇരുട്ടത്ത് ഇതിലെ ചൂട്ട് കത്തിച്ചോണ്ട് പോകുവാൻ പാടില്ലത്രെ" അച്ഛൻ പറഞ്ഞു. എന്റെ കയ്യിലിരുന്ന മെഴുകുതിരി അച്ഛൻ കണ്ടില്ലെന്ന് തോന്നി.

"ഇനിയുമുണ്ടോ ഒത്തിരിദൂരം.... നമ്മുടെ വീട്ടിലേയ്ക്ക്"? ഞാൻ ചോദിച്ചു. അതിനെനിക്കുത്തരം കിട്ടിയില്ല.

എന്റെ കയ്യിലിരുന്ന മെഴുകുതിരി അണഞ്ഞുവോ...? ഉരുണ്ടുകൂടിയ നീർത്തുള്ളികൾ ചാലുകളായിട്ടൊഴുകുന്ന പോലെയെനിക്ക് തോന്നി.

*With best compliments from*

**SURAJ MEDICALS &**
**RAJASREE MEDICALS**

ALUVA - 1. PHONE: 23180

# നിഷ്പക്ഷത

**MANI P. K.**
*II D C ECONOMICS*

സാമൂതിരിക്കോ, കോനാ-
തിരിക്കോ വേണ്ടീട്ടല്ല
ഞാനെന്റെ വിശ്വാസങ്ങൾ-
ക്കായെന്നു മങ്കം വെട്ടും.
നേടുവാനൊരു പുതുലോക-
മല്ലെങ്കിൽ മൃത്യു
ചത്തപോൽ ജീവിക്കുവാ
നല്ലയീ നരജന്മം
'നിഷ്പക്ഷഭാഷ്യം' ഉദ-
രത്തിൽ നിന്നുദിക്കുന്നു
രണ്ടിടത്തെയും എച്ചിൽ
കിട്ടുവാനതുത്തമം!

## POULOSE AND MATTHEN PRIVATE LIMITED

**Manufacturers of Liquid Carbon Dioxide**

Regd. Office & Factory
EP/VI - 660 A Temple Road
UDYOGAMANDAL - 683 501
Telephone : 856272, 855036
Grams : DIOXIDE - Udyogamandal

**SALES DEPOT**

190 Thomas Street
COIMBATORE - 641 001
Telephone : 37139

**WORKS UNDERTAKEN BY US**

1. Refilling of Co2 cylinders including Co2 Fire Extinguishers and Cartridges.
2. Hydrulaic Stretch Testing of High Pressure cylinders and Proof pressure test of Co2 Cartridges.
3. Test Certificates will be issued for cylinders and Cartridges tested by us.

കഥ



# മഴ പെയ്തടുക്കുകയാണ്


**മനോജ് കെ.കെ.**
രണ്ടാംവർഷ ഊർജ്ജതന്ത്രം


വയൽക്കരയിലായിരുന്നു വീട്. കിടപ്പുമുറിയുടെ ജനലിലൂടെ നോക്കിയാൽ ഇരുട്ടിനു കീഴെ കറുത്തു കിടക്കുന്ന വയൽ കാണാമായിരുന്നു. ഒരുപാട് കഥകൾ പറഞ്ഞ്, ഒരുപാട് വിതുമ്പിക്കരഞ്ഞ് അമ്മ ഉറങ്ങിയിരുന്നു. അവിടവിടെ ഇഴകൾ പൊട്ടിക്കുഴിഞ്ഞ കട്ടിലിൽ ചുമരിനു നേരെ മുഖം തിരിച്ചായിരുന്നു അമ്മ കിടന്നിരുന്നത്.

മഴ പെയ്തേക്കുമോ എന്ന ഭീതിയിൽ ആകാശം മൂടിക്കെട്ടിനിന്നു.. അമ്മയുടെ കട്ടിലിന്റെ ഓരത്തിരുന്ന് അയാൾ വയലിലേക്ക് നോക്കി. വയലിന്റെ അവസാനത്തിലെവിടെയോ തലപൊക്കിനിന്ന പനമരത്തിന് മുകളിൽ ഒരു നക്ഷത്രം, അതുമാത്രം കെടാതെ നിന്നിരുന്നു. ഒരു മേഘത്തിനു താഴെയും ഒളിക്കാനിടമില്ലാതെ. പെയ്തടുക്കുന്ന മഴയുടെ ഇരമ്പത്തിനു കാതോർത്ത്.

ഇരുട്ടുവീണ നിരത്തിൽ ബസ്സിറങ്ങി വീട്ടിലേക്കുള്ള ഇടവഴിയിലൂടെ നടക്കുമ്പോൾ അയാൾക്ക് ഭയമുണ്ടായിരുന്നു. അമ്മയോട് എന്താണ് പറയേണ്ടത്? എന്തുപറഞ്ഞാലാണ് അമ്മയ്ക്ക് മനസ്സിലാവുക? ഒരുപക്ഷേ അമ്മയിപ്പോൾ ...

കുറെനേരം കണ്ണിൽക്കണ്ണിൽ നോക്കിനിന്ന്, ഒരു തേങ്ങലോടെ അയാളുടെ നെഞ്ചിലേക്ക് വീണ് അമ്മയിങ്ങനെ കരഞ്ഞു.

"മോനെ ഡേവിഡ്, ഇത് നീയോ... നീയീ അമ്മയെ മറന്നില്ലല്ലോ– മറന്നില്ലല്ലോ"

അമ്മയെ എങ്ങനെയാണ് ആശ്വസിപ്പിക്കേണ്ടത് എന്നറിയാതെ അയാൾ അമ്മയുടെ ചുമലിൽ തഴുകിക്കൊണ്ട് 'അമ്മേ' എന്ന് വിളിക്കുകമാത്രം ചെയ്തു.

അയാളെ കട്ടിലിൽ പിടിച്ചിരുത്തി അമ്മ പിന്നെയും കരഞ്ഞു. അമ്മയിൽ ഒരു മാറ്റവുമില്ലല്ലോ എന്നയാൾ ഓർത്തു. കണ്ണുകളിലെ തിളക്കത്തിൽ, നരച്ചമുടിയിൽ, വിരലുകളിലെ തണുപ്പിൽ, കവിളുകളിൽ, അതേ ചിരിയിൽ...

പണ്ടൊക്കെ അമ്മ ചിരിക്കുമ്പോഴെല്ലാം നഞ്ഞ ആകാശത്ത് പറന്നുനടക്കുന്ന മഴത്തുമ്പികളെ ഓർമ്മ വരുമായിരുന്നു.

അയാളുടെ കണ്ണുകളിൽ നോക്കിയിരിക്കെ അമ്മയുടെ മനസ്സിലൂടെ ഒരു കൊച്ചു ഡേവിഡ് സഞ്ചിയും തൂക്കി സ്കൂളിലേക്കു പോയി. പിന്നെ അല്പംകൂടി മുതിർന്ന് സമരം ചെയ്തതിന് അപ്പന്റെ കയ്യിൽനിന്ന് തല്ലും വാങ്ങി മുഖം വീർപ്പിച്ചു നടന്നു. തെക്കെമുറിയിൽ തടിച്ച പുസ്തകങ്ങൾക്കിടയിൽ തലകുനിച്ചിരിക്കുന്ന പഴയഡേവിഡിന്റെ മുഖം ഇന്നും മനസ്സിലുണ്ട്. ഇപ്പോഴും. ഫാക്ടറിയിൽ ജോലികിട്ടി എന്നറിഞ്ഞപ്പോൾ എത്ര ആഹ്ലാദമായിരുന്നു.

പിന്നെ എന്നാണ്..... എന്നാണ്....

ഫാക്ടറിയില കൊടിപിടിച്ച് ആളെക്കൂട്ടി ബഹളംവെച്ച് നടന്നപ്പോഴോ? സമരം ചെയ്തതിന് പോലീസുകാർ കൊണ്ടുപോയി തല്ലിച്ചതച്ചപ്പോഴോ? എല്ലാം കേട്ടറിഞ്ഞ് അപ്പൻ ഓടിച്ചെന്ന് കൂട്ടിക്കൊണ്ടുപോന്നപ്പോഴോ? അപ്പനോട് വഴക്കിട്ട് ഇറങ്ങിപ്പോയപ്പോഴോ?

എന്തിനായിരുന്നു ഇതൊക്കെ?... എന്തിനായിരുന്നു.

ഓരോ ദുരന്തവും ഇട്ടേച്ചുപോകുന്ന നൊമ്പരം ആത്മാവിലേക്കു കിനിയുമ്പോൾ കരയാനല്ലാതെ അമ്മയ്ക്കൊന്നും അറിയില്ലായിരുന്നു.

''പോസ്റ്റുമാൻ പോകുമ്പോഴൊക്കെ ഞാൻ ചോദിക്കേർന്നു. നെന്റെ കത്തുണ്ടോന്ന്. നീയെന്തേ ഒരു കത്തെങ്കിലും അയയ്ക്കാതിരുന്നത് മോനെ"?

"കത്തയയ്ക്കണ്ണൂന്ന തന്നെ കരുതീർന്നത് അമ്മെ. പക്ഷെ.." പറയാൻ വന്ന വാക്കുകളത്രയും മൗനത്തിനുമേൽ കാൽതട്ടിമറിഞ്ഞുവീണു. അയാൾ ജനലിനപ്പുറത്തെ ഇരുട്ടിലേക്ക് നോക്കിക്കൊണ്ടിരുന്നു.

"നീ വന്നല്ലോ മോനേ, നീ വന്നല്ലോ". അമ്മ പിന്നെയും പിറുപിറുത്തു.

മേശപ്പുറത്ത് ഒരു മെഴുകുതിരി കൊളുത്തിവച്ചിരുന്നു. ഏതോപെരുന്നാളിന് അപ്പൻ വാങ്ങിക്കൊണ്ടുവന്ന ക്രിസ്തുവിന്റെ ചില്ലിട്ട ഫോട്ടോയും ഉണ്ടായിരുന്നു. ചുവട്ടിൽ അടച്ചുവെച്ച വേദപുസ്തകത്തിൽ പലനാൾ അമ്മയുടെ വിരലുകൾ പരതിനടന്നതിന്റെ കറുപ്പ്.

വയൽ മുറിഞ്ഞുവന്ന കാറ്റിൽ മെഴുകുതിരി നാളം ഉലഞ്ഞു. ഭിത്തിയിൽ വീണുകിടന്ന നിഴലുകൾ വിറച്ചു.

അമ്മയ്ക്കു പറയാൻ പിന്നെയും കഥകളുണ്ടായിരുന്നു. ഒറ്റപ്പെട്ട വേദന നെഞ്ചിലൊതുക്കി 'ഡേവിഡ്, നീയെന്നെ മറന്നുവോ' എന്നു കരഞ്ഞു കിടന്ന രാത്രികളെക്കുറിച്ച് മുറിക്കുള്ളിൽ മരവിച്ചു കിടന്ന ഇരുട്ടിനും നിശ്ശബ്ദതയ്ക്കും മേലെ ഒരു മെഴുകുതിരി കൊളുത്തിവച്ച് 'ക്രിസ്തു, എന്റെ മോനെവിടെ? അവനിനിയും വന്നില്ലല്ലോ' എന്നു പ്രാർത്ഥിച്ച നിമിഷങ്ങളെക്കുറിച്ച്, വഴിക്കണ്ണുമായി കാത്തിരുന്ന് മടുത്തതിനേക്കുറിച്ച്.

അമ്മയുടെ കണ്ണുകളിൽ തറച്ചുനോക്കി അയാൾ എല്ലാത്തിനും കാതുകൊടുത്തു. അമ്മ പറയുകയായിരുന്നു.

"നീ പോയേപ്പിന്നെ അപ്പനെത്ര സങ്കടമായീന്നോ. ആരോടും ഒന്നും മിണ്ടാതെ.. പാടത്തേയ്ക്കും പോകാതെ... എന്നിട്ട് അവസാനം നിന്നെ വിളിച്ച്... നീ വന്നില്ലേന്ന് ചോദിച്ച്..."

ശവംനാറിപ്പൂക്കളുടേയും കാട്ടുതുളസിയുടേയും കുന്തിരിക്കത്തിന്റെയും ഗന്ധവുമായി പുറത്തെ ഇരുട്ടിൽനിന്ന് കാറ്റ്, മുറിക്കുള്ളിലെ വെളിച്ചത്തിലേക്ക് ഇരച്ചു കയറി.

"ഞാൻ അറിഞ്ഞില്ലല്ലോ അമ്മേ. ആരും എന്നെ അറിയിച്ചില്ലല്ലോ. ആരും".

"നീ എവിട്യാന്ന് വെച്ചാ അറിയിക്കാ. നീ എവിട്യാന്ന് ആർക്കും അറിയേണ്ടായില്ലല്ലോ".

അമ്മയുടെ സ്വരത്തിൽനിന്ന് ഒരു നട്ടുച്ചവെയിൽ അയാളുടെ ഹൃദയത്തോളം ഇറങ്ങിച്ചെന്നു പൊളിച്ചു.

ഇല്ല. ആർക്കും അറിയില്ല. അക്ഷരങ്ങളും അക്കങ്ങളും തന്നെ നായാടുകയായിരുന്നുവെന്നും വിഴുപ്പുകൾ താങ്ങി കുനിഞ്ഞ മുതുകോടെ തെരുവുകൾ തോറും അലഞ്ഞുനടക്കുകയായിരുന്നുവെന്നും ആരറിയാനാണ്. ആർക്കു മനസ്സിലാവാനാണ്.

അയാൾ ഓർത്തുപോവുകയായിരുന്നു. ഏതെല്ലാം വഴികളിലൂടെയാണ് തീ പിടിച്ച മനസ്സുമായി അലഞ്ഞുനടന്നത്. ഏതെല്ലാം ചാളകളിലാണ് അന്തിയുറങ്ങിയത്. ഏതെല്ലാം വേദശാലകളുടെ തിണ്ണയിൽ ചക്രം കെട്ടിയിരുന്നാണ് താൻ വേദ കേട്ടത്. പിന്നെയും എവിടെയൊക്കെ. ഏതെല്ലാം ദേശങ്ങളിൽ. ഇതൊന്നും ആർക്കും അറിയില്ലല്ലോ ആർക്കും.

അയാളുടെ ഓർമ്മയിൽ വയലിലെ ചേറും ചെളിയുമായി അപ്പൻ കയറിവന്നു. എന്നിട്ട് 'നിന്നോട് ഞാൻ പറഞ്ഞിട്ടില്ലേ സമരത്തിനും ബഹളത്തിനും ഒന്നും പോകരുതെന്ന്. നീയെന്നെ അനുസരിക്കില്ല അല്ലേ' എന്ന് ചോദിച്ച് വയലിലേക്കു തന്നെ ഇറങ്ങിപ്പോയി.

അപ്പനെക്കുറിച്ചുള്ള ഓർമകളെല്ലാം ഉപ്പു കല്ലുകൾക്കും ഉരുക്കിത്തീർക്കാൻ കഴിയാത്ത ഭാരത്തോടെ ഉള്ളിൽ കനത്തുകിടക്കുന്നുവല്ലോ എന്ന് അയാൾ ഓർത്തു. അപ്പന്റെ കല്ലറയിൽ ഒരു മെഴുകുതിരി കൊളുത്തിവെച്ച് തലക്കലെ കരിങ്കൽക്കുരിശിലേക്ക് നെഞ്ചത്ത് കയ്യുംകെട്ടി നോക്കി നിന്നു വിതുമ്പാൻ 'അപ്പാ' എന്നുവിളിച്ച് ഏങ്ങലടിച്ച് നിന്നു കരയാൻ അയാളാഗ്രഹിച്ചു.

അയാൾക്ക് എല്ലാം പറഞ്ഞുതീർക്കണമെന്നുണ്ടായിരുന്നു. എല്ലാം. എല്ലാം. അമ്മയുടെ കാൽക്കൽ കമിഴുന്നുവീണ് 'ഇനി ഞാൻ എങ്ങോട്ടും ഇല്ല' എന്നു വിളിച്ചുപറയണമെന്നുണ്ടായിരുന്നു. അമ്മയുടെ വിരലുകളിലെ സാന്ത്വനം ഏറ്റുവാങ്ങി. പഴയതുപോലെ ചിരിച്ച്...

അയാൾ പതുക്കെ അമ്മയുടെ മുഖത്തേക്ക് നോക്കി. കഥകൾ പറഞ്ഞുപറഞ്ഞ് തലയിണയിൽ ചാരി അമ്മ ഉറങ്ങിപ്പോയിരുന്നു. കളഞ്ഞുപോയ ചായപെൻസിൽ തിരികെക്കിട്ടിയ സ്കൂൾക്കുട്ടിയുടെ മുഖഭാവത്തോടെ അമ്മ ഉറങ്ങുകതന്നെയാണ്.

പുറത്തെ ഇരുട്ടിലേക്ക് കാതോർക്കുമ്പോൾ ദൂരെനിന്ന് മഴപെയ്തു വരുന്നതിന്റെ ഇരമ്പം കേൾക്കാമായിരുന്നു. ജനലടയ്ക്കുന്നതിനു മുമ്പ് അയാൾ ദൂരെക്കണ്ട് നക്ഷത്രത്തിനു നേരെ നോക്കി. ഒരു മേഘത്തിന് കീഴെയും ഒളിക്കാനിടമില്ലാതെ ഒരു മഴ നനഞ്ഞ് അതവിടെത്തന്നെ നില്ക്കുകയായിരുന്നു.

*With best compliments from*

# RAIJA FANCY

OPP. ST. XAVIERS COLLEGE, PALACE ROAD, ALUVA

# പുറപ്പാട്

റിഷാ ഫാരിദ്
*II PDC, IIIrd Group*

അറിവിന്റെ അഗ്നിയാല-
റിയാം നമുക്കിനി
കണ്ണിന്റെ കണ്ണും
കാതിന്റെ കാതും

വാക്കിന്റെ പൊരുളിനെ
പൊയ്മുഖമേറ്റുന്ന
കപട ലോകത്തിൻ
പൊയ്മുഖം മാറ്റണം

ആദ്യാക്ഷരങ്ങളിൽ
ഉറവയെടുക്കുന്ന
അമ്മതൻ സ്നേഹം വിശ്വ
സ്നേഹമായറിയണം.

പകുത്തെടുക്കും തറവാട്ടിൻ
വടക്കിനിയെരിയുന്നു
വാശിക്ക് വഴിപോലും
മുള്ളാൽ മുടങ്ങുന്നു



കാട്ടു നീതിയാൽ നായ് നിറയുമ്പോൾ
നാടു നീങ്ങുന്നീ വനസ്ഥലി ചുറ്റിലും

വീണ്ടെടുക്കണം നാടിന്റെ
വീണുടഞ്ഞ സ്വപ്നങ്ങളത്രയും
ചേർത്തുവെക്കാനേറെയുണ്ട്
ചേർന്ന് നില്ക്കണം നാമിനി

# അവിവേകം

ഷാനവാസ് കെ.ഇ.
I B.A. - Psychology

ഹൃദയമനുനിമിഷം നീറിപ്പുകയുന്നസഹ്യമായ്
ഹൃദ്യമായതെല്ലാമൊരു നിമിഷം കൊണ്ടന്യമായി
മനമെന്റെ മരുഭൂമിപോൽ മുരടിച്ചുപോയ്
മനുഷ്യനൊന്നുമേയീ മണ്ണിൽ സ്വന്തമായില്ലെന്നറിഞ്ഞു ഞാൻ.

സുന്ദരാംഗികളൊപ്പം സുഖസുഭിക്ഷമായ്
സുന്ദര സ്വപ്നങ്ങളിലന്തിയുറങ്ങുമ്പോൾ
വരാനിരിക്കുന്ന വൻവിപത്ത് വാപിളർന്ന്
വഴിക്കൺതുറിച്ച് നിൽക്കുന്നതറിഞ്ഞീലാ ഞാൻ

അനുഭവമുള്ളവരറിയിച്ചതെല്ലാമേ തട്ടിയകറ്റി
അഹങ്കരിച്ചി ഹന്തമുറ്റിയ സന്മാർഗ്ഗവൃത്തിയിൽ
സ്വമാതാവിനേപോലും വഴിയിൽ തള്ളി
സ്വന്തമല്ലാത്തതെല്ലാമേ സ്വരൂപിച്ചു ഞാൻ.

ഒരുജൻമം കൊണ്ടനുഭവിക്കേണ്ടതെല്ലാ-
മൊരു പതിറ്റാണ്ടു കൊണ്ടറിഞ്ഞാർത്തു രസിച്ചു.
അസമയത്തിലവകടത്തിലന്യംവന്നുപോയ് കൺകൾ
അന്ധകാരത്തിലപ്പം വെളിച്ചത്തിനായ് പരതി ഞാൻ.

ആരുമേ തുണയില്ലാതെയനാഥനായി
ആകെത്തളർന്നവശനായീ പെരുവഴിയിൽ
പിന്നിട്ട പാതകങ്ങളോർത്ത് പശ്ചാത്തപിച്ച്
പിച്ചച്ചട്ടിയുമായി പിറന്നമണ്ണിലിരന്നു ഞാൻ.

ചെയ്തികൾക്കെല്ലാമൊന്നൊഴിയാതെ
ചെഞ്ചോരയിൽ പ്രായശ്ചിത്തം ചെയ്തു
നിണമണിഞ്ഞ് നിശ്ചലനായ് കണ്ണീർ പൊഴിക്കുമ്പോൾ
നിനച്ചിരിക്കാതെയെന്നമ്മയുടെ സാമീപ്യമറിഞ്ഞു ഞാൻ.

പാദങ്ങളിൽ പ്രണമിച്ചമ്മയോട്
പാതകങ്ങൾക്കെല്ലാം മാപ്പിരന്നു.
മണ്ണിൽ മറ്റൊന്നിനേക്കാളുമമൂല്യമായത-
മ്മതന്നുറവ വറ്റാത്ത മമതയാണെന്നറിഞ്ഞു ഞാൻ

പിച്ചവെച്ചുനടക്കും പിഞ്ചുകുഞ്ഞിനേപ്പോൽ
പിന്നാലെയമ്മതൻ കൈപിടിച്ചുനിരങ്ങി നീങ്ങുമ്പോൾ
അന്ധകാരം മുറ്റിനിൽക്കുമെന്നന്തരത്തിൽ
അസാധാരണമാമൊരു പ്രകാശം നിറയുന്നതിറിഞ്ഞു ഞാൻ.

*Best Wishes*

# KERALA AYURVEDA PHARMACY LTD

**ALWAYE-1**

ആലുവ പട്ടണത്തിൽ ആദ്യമായി
ചുരിദാറുകൾക്ക് മാത്രമായി
ഒരു ഷോറൂം!

# Sithara's

**EXCLUSIVE CHURIDARS**

ST. JOHNS BUILDING, Opp. St. Xavier's, College, Palace Road, ALUVA-1
Phone: 23498, Res: 24882

# കോളേജ് ഡേ 94




Mr. UC. JAYAKRISHNAN. S. III BA[Eco]

# Sports Day 94-95


Mini K.
Junior, Senior State
University - Hockey


Sindhu S.
Junior, Senior State
University - Hockey


Kala P. Nair
Senior State University
Hockey


Sandhya P. D.
Junior State Univer
Hockey


Simi Jacob
Junior, State University
Hockey


Lyzamma. T.
Junior, State University
Hockey


Jeeva N. Madhavan
Junior State University
Hockey


Mini Mathew
University Hockey


Prasanna P. Mary
Cricket, Uni. Player


Urmila
University Cricket Player


Sakeer Husain
Uni. Player
Basket Ball


Manoj Fran
Uni. Player, Junior
Championship (



# Annual Athletic Meet '94



ദീപശിഖാ റാലിക്ക്
സ്വീകരണം
ഷൈനി വിൽസൺ



Over All Champion
College Annual Sports



College Baskett Ball team
All Kerala College Winners



College Athletic Champion (Women)
Receiving Induvidual Championship
trophy from Chief Guest
Prof. T. Simon
(Dept. of Psychology, U. C. college)

College Athletic Champion (Men)
Rahim A. H. Received trophy
from Prof T. Simon
(Dept of Psychology)





College Soft ball team
University IIIrd Place

Team Captains





College Table Tennis team

College Chess Team





College Foot Ball team

College Hockey team





College Cricket team
University Runners up

College Hockey team
University Winners





College Handball team (Women)

College Football team
University IIIrd place (Women)



# Sports Report 1994-95







1994–95 അദ്ധ്യയന വർഷത്തിലെ Sports association പ്രവർത്തനങ്ങൾ മനോരമ trophy Basket Ball turnament ടെ കൂടി ആരംഭിച്ചു. ഓരാഴ്ചക്കാലം നീണ്ടുനിന്ന കായിക മാമാങ്കത്തിൽ പുരുഷ വിഭാഗത്തിൽ Changanassery S. B. College ഉം, വനിതാ വിഭാഗത്തിൽ St. Joseph's Alapuzha യും വിജയികളായി.

മൂന്നാമത് Dr. A. K. Baby Memmorial Hockey Tourmanent (South Indian) ൽ ദക്ഷിണേന്ത്യയിലെ ശക്തരായ പ്രമുഖ ടീമുകൾ പങ്കെടുത്തു. അത്യന്തം വാശിയേറിയ മത്സരത്തിൽ കോരളത്തിനു പുറത്തു നിന്നുള്ള ടീമുകളെ പരാജയപ്പെടുത്തി S. B. College വിജയികളായി. Trichur Kerala Varma College രണ്ടാം സ്ഥാനക്കാരായി.

നമ്മുടെ College Hockey ടീം (Women) Inter Collegiate Hockey Championship ൽ വിജയികളായി. College Basket-ball team ഈ വർഷം S. H. Trophy, Bishop Moor Trophy എന്നിവയിൽ വിജയികളാവുകയും, Manorama Trophy, Inter Collegiate എന്നിവയിൽ രണ്ടാം സ്ഥാനക്കാരുമായി.

College Chess Team, M. G. University Inter-Collegiate Match ൽ മൂന്നാം സ്ഥാനക്കാരായി. Kerala Govt.ന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ വച്ച് നടത്തപ്പെട്ട ഒന്നാമത് College gamesനോട് അനുബന്ധിച്ച് ഇന്ത്യയുടെ അഭിമാനവും, കായികകേരളത്തിന്റെ രോമാഞ്ചവുമായ ഒളിംപ്യൻ Shiney Wilson നയിച്ച് ദീപശിഖ റാലിക്ക് നമ്മുടെ Collegeൽ വെച്ച് വർണ്ണോജ്വലമായ സ്വീകരണം നൽകി. തൃശ്ശൂരിൽ നടന്ന College മത്സരത്തിൽ നമ്മുടെ കോളേജ് Basket Ball Team വിജയികളായി.

ഈ വർഷത്തെ ഇന്റർ വാഴ്സിറ്റി മത്സരങ്ങളിൽ M. G. യൂണിവേഴ്സിറ്റിയെ താഴെ പറയുന്ന വിദ്യാർത്ഥികൾ പ്രതിനിധീകരിച്ചു. Manoj Francis (Hockey), Jiji Abraham, Robin Jose, Manju Joy Varghese (Basket Ball).

പെൺകുട്ടികളിൽ Reji Joseph, Kala. P. Nair, Mini. K. Jeeva N. Madhavan, Sindhu, Subi Susan George, Sandhya P. D. Laisamma Varghese, Sini Jacob, Mini Mathew എന്നിവർ ഹോക്കിയിൽ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ചു. Sunitha Paul, Prasanna Mathew, Urmila എന്നിവർ Cricket ലും യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ചു.

Manoj Francis (II D. C. Eco) ഡൽഹിയിൽ വച്ചു നടന്ന ദേശീയ ജൂനിയർ ഹോക്കി ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ചു. റോബിൻ ജോസ് (II P. D. C. I Group) ഹൈദ്രാബാദിൽ വച്ച് നടന്ന യൂത്ത് ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ചു.

M. G. University യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഇന്റർ കോളിയറ്റ് മത്സരങ്ങളിൽ ഫുഡ്ബോൾ (Women) Basket (Men) Hockey (Men and Women) എന്നിവയ്ക്ക് നമ്മൾ ആതിഥ്യമരുളി.

നമ്മുടെ ആനുവൽ Sports Festival നോടനുബന്ധിച്ചുള്ള Interclass മാച്ചുകൾ December മുതൽ ആരംഭിച്ചു. 2 മാസക്കാലം നീണ്ടുനിന്ന ആവേശഭരിതമായ മത്സരങ്ങളിൽ കോളേജിലെ മൂവ്വായിരക്കണക്കിനു വിദ്യാർത്ഥികൾ പങ്കെടുത്തു. ആനുവൽ സ്പോർട്ട്സ് തീയതികളിൽ നടന്നു. മീറ്റിനു മുന്നോടിയായി കായികതാരങ്ങളുടെ വർണ്ണശബളമായ മാർച്ച് പാസ്റ്റിലും നടന്നു. കായികതാരങ്ങൾക്ക് വേണ്ടി ജനറൽ ക്യാപ്റ്റൻ പ്രതിജ്ഞ എടുത്തു. സൈക്കോളജി വിഭാഗം തലവൻ Prof. Simon സമ്മാനദാനം നിർവ്വഹിച്ചു. പുരുഷവിഭാഗത്തിൽ റഹീം A. H., വനിതാവിഭാഗത്തിൽ സിമി ജേക്കബ് വ്യക്തിഗത ചാമ്പ്യന്മാരായി. Robin Jose മികച്ച അത്‌ലറ്റായി തിരഞ്ഞെടുക്കപ്പെട്ടു. Manju Joy Varghese മികച്ച ബാസ്ക്കറ്റ് ബോൾ കളിക്കാരനേയും തിരഞ്ഞെടുക്കപ്പെട്ടു.

ഈ വർഷത്തെ വിജയകരമായ പ്രവർത്തനങ്ങൾക്ക് പ്രചോദനവും, സഹകരണവും നൽകി എന്നും ഞങ്ങളെ സഹായിച്ച ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ യോടും, മറ്റ് അദ്ധ്യാപകരോടും, അനദ്ധ്യാപകരോടും, വിദ്യാർത്ഥികളോടും ഉള്ള സ്നേഹവും, നന്ദിയും ഈയവസരത്തിൽ പ്രകടിപ്പിച്ച്കൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

എന്ന് മനോജ് ഫ്രാൻസീസ്
ജനറൽ ക്യാപ്റ്റൻ

# യൂണിവേഴ്സിറ്റി യൂണിയൻ വിന്നേഴ്സ്



Antony K. J.
1st Rank, M. A. History



Urmila
1st Rank



Suraj Abraham
Uni. First, Essay Writi...

Rajeswari. S.
University Youth Festival
Mohiniyattam 2nd prize





South Zone University Festival Conducted at Visakapatnam
got 3rd prize for Classical Dance (Mohiniyattam)
University Festival Mohiniyattam - 1st prize



ദൂരദർശനിൽ അവതരണാനുമതി നിഷേധിച്ചതിൽ പ്ര...
ധിച്ച് അഞ്ജു മണിക്കൂർ തുടർച്ചയായി പാർലമെന്റിനു മു...
നൃത്തം ചെയ്ത പിഞ്ചു ബാലിക. – ഇന്ദുലേഖ

# പ്രഹേളി

റോയ് മാത്യു
I M.Sc., Physics

തുഷാരബിന്ദുക്കൾ തലോടി നിന്നൊരീ
ഹരിതനാമ്പുകൾ തളരുകയായ്
മിടിപ്പുകൾ നിശ്ശബ്ദമായ് കേഴുകയായ്
പങ്കിലമായൊരീ പ്രകൃതി തൻ നിസ്വനം
പ്രതിധ്വനിയില്ലാതെയകലുകയായ്.
ചേതനയകലുമീ ശാഖിതൻ ചില്ലിയിൽ
മൃതി പോറ്റും പുള്ളുകൾ ചിലക്കുകയായ്.

ലാളിത്യം പുലർന്നൊരു സദന സോപാനങ്ങളിൽ
ശാലീന ഭാവത്തിൽ ബലിപീഠമുയരുന്നു
പുതുമ തൻ നികുഞ്ജത്തിലണയാൻ വെമ്പുന്ന
മുഗ്ദ്ധമാം ഭാവന വിണ്ണോളമുയരുന്നു.
പൊയ്പ്പോയ വീഥികളകലെയെങ്ങോ
പുതുമതൻ ദംശനമേറ്റു നിൽപ്പൂ.

കുളിച്ച് കുറിതൊട്ട് കൂന്തൽവിതിർത്തിട്ട്
ലജ്ജാദി ഭാവ വിലോലമാകുന്നൊരു
അഴകിന്റെയാഗമം ഞാൻ കാതോർത്തിരുന്നു,
ശാലീന സൗന്ദര്യം മനനം നിറച്ചു.
മൂഢമായ് മാറിയിന്നിന്റെ പ്രതീക്ഷകൾ
കാലങ്ങൾ മാറിയതറിയാൻ വൈകി ഞാൻ.

വീഥിയിൽ കണ്ടുഞാൻ പേക്കോലഭാവങ്ങൾ
ഉറഞ്ഞവർ മാത്രമാണവർക്കു തുല്യർ
ഒരു കുമ്പിൾ ദാഹനീർ തേടിയലഞ്ഞുഞാൻ
തിരക്കിന്റെ മുഖരിത പാതകളിൽ.
കണ്ടുഞാൻ ചായങ്ങൾ പൂശിയ വദനങ്ങൾ
പ്രിയ സുഹൃത്തുക്കൾ, പ്രിയമുള്ളവൾ
പിന്നെയോർമ്മയിൽ തുളുമ്പും ചേതനകൾ.

മായികമാകുമീ പ്രഹേളി കണ്ടുഞാൻ
മന്ദിതമായൊന്നലഞ്ഞു പോയി
മൗനിയായ് മാറി ഞാൻ, മടുമലർമിഴിയോലും
മറഞ്ഞൊരെന്നഴകിനെ ഓർത്തുപോയി,
മധുമാസമോർത്തു കരഞ്ഞുപോയി.


ANGAMALY INDUSTRIAL TRAINING CENTRE
Affiliated to NCVT, Ministry of Labour, Government of India
Kaliupalam Road, ANGAMALY - 683572
കേരളത്തിലോ വ്യവസായികമായി വളരുന്ന മറ്റു സംസ്ഥാനങ്ങളിലോ, വിദേശത്തോ ജോലി നേടുവാൻ സഹായകമായ
കേന്ദ്ര (NCVT) കേരള ഗവൺമെന്റുകളുടെ സ്ഥിരാംഗീകാരവും, ആധുനിക സൗകര്യങ്ങളുള്ള
ITI കോളേജുകളിലേക്ക് അഡ്മിഷൻ തുടരുന്നു.
ITI ELECTRONICS (NCVT പ്രവേശനം പെൺകുട്ടികൾക്കും) ITI ELECTRICIAN (NCVT)

*With best compliments*



Zodiyac Tailors
Municipal Complex, Pvt. Bus Stand Aluva.
VISIT AGAIN

# ഗുരു

രാഖി ജി.
I B.A., Economics



ഗുരുവാണ്, ഞാൻ ഗുരു
കുമ്പിടുകെന്നെ നിങ്ങൾ
പറയുന്നതെല്ലാം കേട്ടു
മനഃപാഠമാക്കിക്കൊൾക
തിരിച്ചൊന്നും പറയേണ്ട
ശിഷ്യന്റെ ഫലിതങ്ങൾ
കേൾക്കുവാനല്ലീ മാസ-
ശമ്പളം പറ്റുന്നു ഞാൻ.

ഇവിടെ ഞാൻ തുടങ്ങുന്നു
ചരിത്രമെൻ 'ചരിത്രം',
കേട്ടുകൊൾകതിൻ മഹത്വം
കേട്ടുകോൾമയിർകൊൾക!
കല്പന കടന്നൊരാൾ
ചൊല്ലുന്ന ചരിത്രത്തി-
നൊത്ത നടുവിലായ്
ഓട്ട കാണുന്നു ഞാൻ.

'യേക്കേണ്ട'; ഗുരു
പൊട്ടിച്ചിരിക്കുന്നു
ഓട്ടയടയ്ക്കുവാനിരുട്ടു ഞാൻ
നൽകിടാ മുടൻ തന്നെ.
"ചിലയ്ക്കാനിവിടാരു-
മിരിയ്ക്കണ്ടെനിക്കൊരു
മോഹവുമില്ല നിന്നെ
പഠിപ്പിച്ചുയർത്തുവാൻ"!

പോകേണ്ടോനൊക്കെ പോകാം
എങ്കിലെനിക്കും പോകാം
തൊഴിലേറെയുണ്ട് ചെയ്തു-
തീർക്കാനും തീർപ്പിക്കാനും!
മിനിട്ടുകളിനിയും ബാക്കി,
തീർന്നെന്നാലൊന്നു പുക-
വലിക്കാം; വൈകിയെന്നാൽ
കറങ്ങാനിറങ്ങിടാം...
പലതും കണ്ടില്ലെന്നു
നടിക്കാനായിട്ടൊന്നു
'മിനുങ്ങാം; നാളെയൊരു
'ലീവി'ന്നുമപേക്ഷിക്കാം.

ഉയരണം നിങ്ങളു-
മിതുപോലെ ഗുരുക്കന്മാർ-
ക്കൊരിക്കലും കുറക്കില്ല
യുജിസി നിരക്കുകൾ
ശാന്തരായ് പോക നിങ്ങൾ
നാളേറെക്കഴിയും മുൻ-
പൊരുവാക്കു തിരയുക
'ഗുരു'വിനു പകരം വയ്ക്കാൻ!

❐

# വിശപ്പ്

പ്രീജിത്ത് പി. ചെറിയാൻ
I P.D.C, Ist Group

എത്ര നേരമായി നടക്കാൻ തുടങ്ങിയിട്ട്! ചിരുത മനസ്സിൽ വിചാരിച്ചു. ഇന്നൊരു ചീത്തദിവസം തന്നെ. ഒരിടത്തും. കല്യാണമില്ല. ഒരു ഹോട്ടലും തുറന്നിട്ടില്ല. ബന്ദാണുപോലും ബന്ദ്. എവിടെയോ പോലീസ് വിദ്യാർത്ഥികളെ വെടിവെച്ചുകൊന്നത്രെ. ചിരുത മനസ്സിൽ പോലീസുകാരെ പ്രാകി. കുഞ്ഞ് അവളുടെ സാരിയിൽ പിടിച്ചുവലിച്ചു. "മാറിനിൽക്കു നാശമെ" അവൾ കുഞ്ഞിനെ തള്ളി മാറ്റി. കുഞ്ഞുവീണ്ടും ചിണുങ്ങാൻ തുടങ്ങി. "ഒറ്റയടിവച്ചുതന്നാലുണ്ടല്ലോ, നിന്റെയൊക്കെ മുഖം കണ്ടേപ്പിന്നെയാടീ എനിക്കീ ദുർവ്വിധി തുടങ്ങിയത്". കുഞ്ഞിന്റെ മുഖത്തേക്ക് നോക്കി കോപത്തോടെ അവൾ പറഞ്ഞു. "ദൈവമെ, എല്ലാ എച്ചിൽ പാത്രങ്ങളും ശൂന്യമാണല്ലോ, ദരിദ്രവാസികൾ". ഒരായിരം വട്ടമെങ്കിലം ചിരുത നഗരവാസികളെ പ്രാകിക്കാണും.

കുഞ്ഞ് വീണ്ടും ചിണുങ്ങാൻ തുടങ്ങി. അതിനെയും വിശപ്പ് ഗ്രസിച്ചിരിക്കുന്നു. അതിന്റെ കരച്ചിൽ കേൾക്കുമ്പം ചിരുതക്ക് കലികയറും. യൗവനകാലത്ത് ആരോ തന്നിട്ടുപോയ ഒരു സമ്പാദ്യം. ഇന്നത് ഒരു ശാപമായി തന്റെ തലയിലിരിക്കുകയാണ്. ഉപേക്ഷിക്കാൻ പലതവണ ശ്രമിച്ചതാണ്. പക്ഷെ കഴിയണ്ടേ. വിശപ്പുകൊണ്ട് ചിരുതക്ക് ഒരടി നടക്കാൻ മേലെന്നായി. മൂന്നുദിവസമായി എന്തെങ്കിലം കഴിച്ചിട്ട്. രണ്ടുമൂന്നു ദിവസമായി ഒന്നും ... ട്ടാറില്ലായിരുന്നു. അതിന്റെ കൂടെയിതാ ഒരു ...

നഗരവീപ്പകളൊക്കെ ചിരുത ഇളക്കി... നോക്കി. ഒന്നുമില്ല. കുറെ പഴന്തുണികളും ... സുകളും മാത്രം.. കുറച്ചകലെ ഒരു നായ എച്ചി... ലകൾ നക്കിത്തുടക്കാൻ ശ്രമിക്കുന്നത് അവളുടെ കണ്ണിൽപെട്ടു. അവൾ ഓടിച്ചെന്നു നായയെ ... ക്കുവാൻ ശ്രമിച്ചു നായ ഒരു എല്ലിൻ കഷണ... കടിച്ചെടുത്തുകൊണ്ട് ഓടി. അവൾ കുറെ ദൂരം പുറകെഓടി. പിന്നെ എല്ലായ്പ്പോഴും ചെയ്യുന്ന... പോലെ തലയിൽ കൈവച്ച് പ്രാകി. പിന്നെ ... ച്ചുനടന്നു. നടക്കുന്നതിനിടെ കുറെ എച്ചിലില... കൂട്ടിയിട്ടിരിക്കുന്നത് അവൾ കണ്ടു. അവൾ ... ട്ടോടിച്ചെന്നു. എച്ചിലിലകളെല്ലാം വാരിവലിച്ചിട്ട്... ന്തെങ്കിലും കാണും എന്നപ്രത്യാശ അവളുടെ ... ഖത്ത് നിഴലിച്ചു. മൂന്നുദിവസത്തെ വിശപ്പ് ... ടെ തിരയിലിന്റെ വേഗം കൂട്ടി. ഒടുവിൽ ... ലയിൽ കുറച്ചുചോറും കറിയും എല്ലാം ... ഞ്ഞിരിക്കുന്നു. അവൾ ഒരു ഭ്രാന്തിയെപ്പോലെ ... ട്ടിച്ചിരിച്ചു. അവളുടെ കൈയിൽ പൊതികണ്ട... ടെ അകലെ നിന്നിരുന്ന കുട്ടി ഓടിവന്നു. ... മാറോടടുക്കിപിടിച്ചു. കുട്ടി അതിൻമേൽ പിടി... ടാൻ പലവട്ടം ശ്രമിച്ചു. പക്ഷെ തന്റെ ജീവ... ലെ അവളത് മാറോടടുക്കിപ്പിടിച്ചു. കുട്ടി വീണ്ടും ...

ശ്രമം തുടങ്ങി. അവൾ കുട്ടിയെതള്ളി മാറ്റിയിട്ട് ഓടി. കുറെദൂരെ ചെന്നിരുന്നശേഷം ആർത്തിയോ കല്ലുംമണ്ണും നിറഞ്ഞ ആ കുഴഞ്ഞ ചോറ് വാരിതിന്നുവാൻ തുടങ്ങി. കുട്ടി അടുത്തെത്തിയത് അവളറിഞ്ഞില്ല. കുട്ടി പൊതിയിൽ നിന്ന് ഒരു പിടി ചോറുവാരി വായിലേക്കിട്ടു. കോപാകുലയായ അവൾ കുട്ടിയെ തലങ്ങുംവിലങ്ങും തല്ലി. പിടിച്ചുതള്ളി. എന്നിട്ട് വീണ്ടും തിന്നാൻ തുടങ്ങി. ബാലൻസ് തെറ്റിയകുട്ടി റോഡിൽ മലർന്നു വീണു. റോഡിലൂടെ പാഞ്ഞുവന്ന പോലീസ് ജീപ്പ് കുട്ടിയുടെ മേലെ കയറിയിറങ്ങി. കുട്ടിയുടെ നിലവിളി അവിടമാകെ മുഴങ്ങി. പക്ഷെ അവളതറിഞ്ഞില്ല. ചോറ് വാരിവലിച്ചു തിന്നാൻ ശ്രമിക്കുകയായിരുന്നു അവൾ. എവിടെ നിന്നൊക്കെയോ ആളുകൾ കൂടി. തന്റെ ചുറ്റും വലിയ ഒരു ജനക്കൂട്ടം കണ്ട് അവൾ പതറി. ഇലപ്പൊതി തന്റെ മാറോടുചേർത്തുപിടിച്ചുകൊണ്ട് അവൾ ഓടാൻ ശ്രമിച്ചു. പക്ഷെ പോലീസുകാർ അവളെ പിടികൂടി. പൊതി വലിച്ചെറിഞ്ഞു. "സ്വന്തം മോളെ കൊന്ന ഈ പിശാചിനെ കല്ലെറിഞ്ഞു കൊല്ലണം". ആൾക്കൂട്ടത്തിൽനിന്ന് ശബ്ദമുയർന്നു. പോലീസുകാർ അവളെ പിടിച്ചുവലിച്ച് ജീപ്പിനടുത്തേക്കു കൊണ്ടുവന്നു. താഴെ വീണ പൊതിയെടുക്കാൻ അവളാവുന്നതു ശ്രമിച്ചു. ഇരമ്പിവന്ന ജനക്കൂട്ടം അത് ചവിട്ടിയരച്ചുകളഞ്ഞു. പാഞ്ഞുപോകുന്ന ജീപ്പിലിരുന്ന് അവൾ ഉച്ചത്തിൽ പുലമ്പി. എന്റെ പൊതി, .... എന്റെ ചോറ്. ആ സമയത്ത് തെരുവുനായ്ക്കൾ അവളുടെ കുഞ്ഞിന്റെ ദേഹം നക്കിവടിക്കുകയായിരുന്നു. അവളുടെ കുഞ്ഞിന്റെ ചോരകുടിക്കാൻ ശ്രമിക്കുകയായിരുന്നു. ☐


അഞ്ചാം വർഷത്തിലേക്ക്

# കുരൻസ് മെഡിക്കൽസ്

എൽ.എഫ്. ജംഗ്ഷൻ, അങ്കമാലി-683 572

Phone: Shop: 53082 P.P. Res: 52372

കല്യാണസാരികൾക്കും നവീന വസ്ത്രങ്ങൾക്കും

# PHILIPS SAREE KENDRA

ANGAMALY

# മീര പാടുന്നു

സുചിത്രാ നാരായണൻ
I M.A., Malayalam

കരിമേഘനിറമാർന്ന ഗോകുലകുമാരന്റെ
മനസ്സിലൊരു കണികയായ് മാറാൻ
കരളിലെ മോഹങ്ങൾ പീലിവിടർത്തി
നിന്നാടുന്നു; മാനസം തേങ്ങിടുന്നു
മോഹങ്ങളും മോഹഭംഗങ്ങളും ചേർന്ന്
ജീവിതപ്പാത തീർക്കുന്നു.

മധുരയ്ക്കുപോകും ഘനശ്യാമവർണ്ണന്റെ
തിരുമുടിയിലൊരു പീലിയാവാൻ,
ക്രീഡാവിലാസങ്ങളാടും സഖികളിൽ
പാവമാം ഗോപികയാവാൻ
വിധിയില്ലിവൾക്കീ നിരാശതൻ ഭാണ്ഡവും
പേറി നടക്കാൻ നിയോഗം.

യമുനയിലെയോളങ്ങൾ നർത്തനമാടവേ
കണ്ണീരിനാൽ മനം കാളിന്ദിയാക്കി ഞാൻ
ഓർക്കുമോ എന്നെയീ മീരയെ കൃഷ്ണ! നീ-
യറിയുമോ ആലംബഹീനയാമേഴയെ?

ആ മുഗ്ധരൂപം മനസ്സിൽ കരുതി ഞാൻ
കാകോളമെത്ര കുടിച്ചു
സുസ്മിതസ്മേരനാമങ്ങാക്കൊടുംവിഷം
സ്നേഹാമൃതമാക്കി മാറ്റി
എങ്കിലും കൃഷ്ണ നീ രാധാസമേതനായ്
അഞ്ചിത കേളികളാടി നിൽക്കെ,

നഷ്ടസൗഭാഗ്യമെന്നുള്ളിൽ നിനച്ചു ഞാൻ
ദീനദീനം വിലപിച്ചിടുന്നെങ്കിലും,
ഇനിയുമൊരു ജന്മമുണ്ടെങ്കിലമ്പാടിയിൽ
ഗോപികയായി പിറന്നീടുവാൻ,
നവനീതരസമുണ്ണും കണ്ണന്റെ മാറിലെ
വനമാലയാകുവാൻ പ്രാർത്ഥിച്ചിടുന്നു ഞാൻ

# മരിക്കെന്റെയമ്മേ!

ഷമീം മുല്ലക്കര
I M.A., Malayalam

മരിക്കെന്റെയമ്മേ, മരിക്ക നീ വേഗം
മനുക്കളൊം മക്കൾ ഹനിപ്പതിൻ മുന്നേ
മാന്ദ്യം വരുത്തല്ലെ, മാത്രകൾ പോലുമീ..
മക്കൾ വരുത്തില്ലമാന്തമെൻ ഭൂമികെ..

ഗഹ്വരപ്പൊത്തിലഭയമണഞ്ഞവൻ
മോഹിപ്പതെന്തിന്നു വാനലോകം
ശില, മരച്ചില്ലകൾ ശാസ്ത്രങ്ങളാക്കിയോൻ
തേടുവതെന്തിനു താരയുദ്ധം

പിഞ്ചുപൈതങ്ങൾ തൻകണ്ഠം ഞെരു-
ക്കാനായുന്നു താതന്റെ കൈത്തടങ്ങൾ
അമ്മിഞ്ഞയൂട്ടിയുറക്കിയോരമ്മയെ
ദുഷ്ട്യാ ഹനിക്കുന്നു സന്തതികൾ.

സൃഷ്ടാവിനെക്കാൾ കരുത്തുള്ള സൃഷ്ടി-
യായിടുവാനായും മനുഷ്യപ്പുഴു--
വെപ്രാളമത്രേ, യവനുഹനിക്കുവാ
നീശനെപ്പോലും സ്വലാഭത്തിനായ്.



സംസ്കാര മൂർത്തികളത്രേ നടിപ്പവർ
കോലം തിരിഞ്ഞ നാൽകാലിയല്ലേ...!
അപരാധമാമെന്റെ ശങ്കതിരുത്തട്ടെ
'നാൽക്കാലികൾ'ക്കധിക്ഷേപമല്ലേ!

ഭൂമേനി കീറിത്തുടിക്കും ചുടുചോര
യൂറ്റിക്കുടിപ്പവർ പൈശാചികൾ
പ്രേമം നടിച്ചുകൊണ്ടുച്ചരിക്കുന്നതോ?
പാവമെൻ മാതൃഭൂ "സർവ്വം സഹ"

മരിച്ചീധരിത്രി മരിക്കാതിരിക്കുന്നു
മാനവക്കോമരപ്പേക്കൂത്തു കാണവേ
മടുത്തീ ജഗത്തിനു മർത്യനെയത്രേ
മണ്ണി"ന്നരി"യവൻ ഭൂ "തനയനത്രേ"

മരിക്കെന്റെയമ്മേ, മരിക്കേ നീ വേഗം
മനുക്കളൊം മക്കൾ ഹനിപ്പതിൻ മുന്നേ..

# പിരിയുന്നവർക്കുവേണ്ടി

പൊന്നമ്മ കെ.
M.Sc. Chemistry

വിടചൊല്ലുന്നു, ഞാനീ തിരുമുറ്റത്തെ
ഗർഭംധരിപ്പിച്ച മാമൂലുകൾക്കൊക്കെ
ഒരു കൊച്ചു സ്വപ്നമായ്, ഒരു മുഗ്ദ്ധ ജ്വരയുമായ്-
യോടികളിതച്ചൊരാ നിമിഷങ്ങളിൽ, നഗ്ന-
പാദങ്ങൾ തീർത്തൊരാ കാല്പാടു മറയുന്നു.
അർത്ഥ ശാസ്ത്രങ്ങളിൽ, അറിവന്റെ ജ്വാലയായ്
മൗഢ്യങ്ങൾ തേടി തളർന്നതും, മറയുന്നു.

അവസാന ശ്വാസം വരേയ്ക്കും നിറയുമെന്നാ-
ദ്യാനുരാഗത്തിൽ ജന്മം കൊടുത്തൊരീ
പടവുകൾക്കൊക്കെയും വിടപറഞ്ഞീടുന്നു.
തത്വശാസ്ത്രങ്ങളിൽ വേറിട്ടുനിന്നവർ
ശത്രുക്കളായ് പറഞ്ഞൊരാകഥകളും
എന്നുമെൻ മനസ്സിന്റെ നിശ്വാസമായിത്തീരട്ടെ
ഞാനെന്റെ ജീവിതം തേടട്ടെ.

ഉഷ്ണമീ ആത്മാവിന്റെ ദാഹങ്ങളിൽ
സാന്ത്വനത്തിന്റെ നിറമിഴികളുമായി
ഒരു മനുഷ്യായുസ്സ് നിറയെ സ്വപ്നവുമായി
എന്നിൽ ചോർന്നൊലിച്ച കവിതകൾ
ഒരു വേഴാമ്പലിന്റെ ദാഹമായ് തീരട്ടെ-
അറിയാത്തവരടുക്കുമ്പോൾ തമ്മി-
ലറിഞ്ഞൊന്നായിതീരുമ്പോഴും
കാലം, വിതുമ്പി വന്നു, വിട ചൊല്ലീടുന്നു.

# വാക്കുദിക്കും ദിക്ക്....

## പ്രൊഫ: വി. മധുസൂദനൻ നായർ

ജെ. ബി. രാജ്

*'വാക്കുദിക്കും ദിക്ക് നീ തന്നെയാകുന്നു*
*വാക്കിന്റെ വാരായികൾ നിന്നിലേക്കാകുന്നു*
*നീയഗ്നിയാകുന്നു, നീയമൃതമാകുന്നു*
*നാദമാകുന്നു - ഞാൻ നിന്നിലേക്കൊഴുകുന്നു!'*

അക്ഷരങ്ങളിൽ അമൃതവർഷത്തിന്റെ ശബ്ദമാധുര്യം വിളംബരം ചെയ്യുന്ന മലയാളത്തിന്റെ പ്രിയങ്കരനായ കവി പ്രൊഫ: വി. മധുസൂദനൻ നായർ യു.സി. കോളേജ് മാസികയ്ക്ക് സുദീർഘമായ ഒരു അഭിമുഖം അനുവദിച്ചു. ആ അഭിമുഖത്തിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ.

? മലയാള കവിതാസാഹിത്യശ്രേണി കഥാസാഹിത്യരംഗത്തെ അപേക്ഷിച്ച് വളരെ പുറകിലാണെന്ന് അന്ത്യകാലത്ത് ഡോ: എം. എം. ബഷീർ നിരീക്ഷിക്കുകയുണ്ടായി. ഈ അഭിപ്രായത്തോട് ഒരു മലയാള കവി എന്ന നിലയിൽ മാഷ് എങ്ങിനെ പ്രതികരിക്കുന്നു?

= ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത് പറയാം. കഥാസാഹിത്യത്തെ അപേക്ഷിച്ച് മലയാളകവിത ബഹുമുഖമായി വളരാനുള്ള സാദ്ധ്യത കാണിക്കുന്നുവെന്നാണ് എനിക്കുതോന്നുന്നത്. കഥാസാഹിത്യം ഇന്നു ചില പ്രഗത്ഭരായ കഥാകൃത്തുക്കളൊഴിച്ചാൽ മറ്റുള്ളവരുടെ കൈയിൽ ആശാവഹമായ ഒരു മുന്നേറ്റം വരിക്കുന്നില്ലെന്നാണ് എന്റെ തോന്നൽ. അതേ സമയം കവിതയിൽ അല്പം തളർന്നാലും ഒരുപാടു പേരുടെ രംഗപ്രവേശമുണ്ടാകുന്നുണ്ട്. വളർച്ച എന്ന വാക്കുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത് ഭാവപരമായ വളർച്ചയെന്നോ രൂപപരമായ പരീക്ഷണമെന്നോ എന്താണെന്ന് വ്യക്തമല്ല. എന്തായാലും വളരെ ചെറിയ രൂപം തൊട്ട് വലിയ രൂപം വരെയും സങ്കീർണ്ണമായ ഭാവം തൊട്ട് ലളിതമായ ഭാവം വരെയും അത്യാധുനികശൈലി തൊട്ട് കാല്പനികശൈലി വരെയുള്ള മേഖലകളും ഇന്ന് കവിതാ സാഹിത്യത്തിൽ പരീക്ഷിക്കപ്പെടുന്നുണ്ട്.



? മാഷിന്റെ കവിതയെ പാട്ടുകവിത എന്നാണല്ലോ ചില വിമർശകർ വർഗ്ഗീകരിച്ചിരിക്കുന്നത്. പാട്ടുകവിത എന്ന് ഒരു കവിതയെ വിശേഷിപ്പിക്കുന്നത് ശരിയാണോ?

= കവിതയെ വർഗ്ഗീകരിക്കുന്നത് കവിതയെഴുതുന്ന ആളല്ല. മറിച്ച് വിമർശകരാണ്. വർഗ്ഗീകരിച്ചു എന്നതുകൊണ്ട് ഒരു കവിതയുടെ മേന്മ ഉയരുകയോ താഴുകയോ ചെയ്യില്ല. ഈ കൃതികൾ എന്തുശേഷിപ്പിച്ചു എന്നതാണ് പ്രധാനം. ഒരാളെഴുതി പാട്ടിപ്പോയി എന്നു വച്ച് അത് തെറ്റാകുമോ? അല്ലെങ്കിൽ പ്രാസം വന്നുവെന്നു വച്ച് അത് തെറ്റാകുമോ? ഞാൻ നിൽക്കുന്നത് കാലത്തിന്റെ ഭൂരിപക്ഷത്തിലാണ്. കാരണം ഇന്ന് മലയാളത്തിൽ എഴുതിയിട്ടുള്ള കവിതകളിൽ തൊണ്ണൂറ്റി ഒൻപതേമുക്കാൽ ശതമാനവും പാട്ടുകവിതകളാണ്. അതുകൊണ്ടുതന്നെ ഇങ്ങനെ എന്റെ കവിതയെ വിശേഷിപ്പിക്കുന്നതിൽ ഞാൻ സന്തുഷ്ടനാണ്. ഇന്ന് വിമർശക രീതി മാറിപ്പോയിരിക്കുന്നു. മലയാളത്തിൽ ഗദ്യത്തിൽ എഴുതി പ്രാസം വന്നുപോയാൽ അത് ഉന്നതമെന്നും പദ്യത്തിൽ എഴുതി പ്രാസം വന്നു പോയാൽ അത് പഴഞ്ചനെന്നുമൊക്കെപ്പറയുന്നത് നല്ല നിരൂപണ രീതിയാണോ എന്നതിനെക്കുറിച്ചും നാം ചിന്തിക്കണം.

? ജീവിതത്തിൽ പ്രിയങ്കരമായ പലതും നഷ്പ്പെട്ടവരുടെ അഭയകേന്ദ്രമാണ് കവിത എന്നു കേട്ടിട്ടുണ്ട്. ഒരു കവിയായ മാഷിന്റെ പ്രതികരണം ഇതിൽ അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

= പലപ്പോഴും ഏകാന്തതകളിൽ മറ്റെല്ലാ ഇല്ലായ്മകളും മറന്ന് ഉച്ചത്തിൽ രണ്ടുവരി നാടൻ പാട്ടുചൊല്ലി സ്വയം നിലനിൽക്കുന്നതായിപ്പോലും അറിയാതിരിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. പലപ്പോഴും ജീവിതത്തിന്റെ കാലുഷ്യങ്ങളോ പാരുഷ്യങ്ങളോ അറിയാത്ത മട്ടിൽ ഞാൻ ജീവിച്ചത്; അറിയാൻ സാധിക്കാതെ പോയത് ആ പഴയ കവിതകളോടുള്ള ആവേശം കൊണ്ടാണ്. പലപ്പോഴും ഈ കവിതകൾ എന്നെ ആത്മവിസ്മൃതിയിലേക്ക് നയിച്ചിട്ടുണ്ട്. ആത്മവിസ്മൃതി നേട്ടങ്ങൾക്കും അപ്പുറത്തുള്ള ഒരവസ്ഥയാണ്. താത്കാലികമായ ഇത്തരമൊരു വിസ്മൃതി കവിത എനിക്കു നൽകിയിട്ടുണ്ട്. അതിനെയാണ് ബിന്ദു അഭയം എന്ന് നിരീക്ഷിച്ചതെന്നു തോന്നുന്നു.

? മാഷ് കവിതാരചനയിലേക്ക് കടന്നു വരാൻ എന്തെങ്കിലും പ്രത്യേക സാഹചര്യങ്ങൾ പ്രേരണയായിട്ടുണ്ടോ?

= കടന്നുവരാനിടയായത് എങ്ങിനെയെന്ന് അറിയില്ല. കുട്ടിക്കാലത്തു തൊട്ട് അക്ഷരംകൊണ്ട് ചില കുരുത്തക്കേടുകൾ കാണിക്കുന്ന ശീലമുണ്ടായിരുന്നു. 'ചുമ്മാതെ രചിക്കുക, ചുമ്മാതെ പാടുക' എന്നൊരു ചെറിയ സൂക്കേടും. പിന്നീട് കുത്തിക്കുറിച്ച ചില വരികൾ നാട്ടിൻപുറത്ത് ചില ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി പിന്നെ വിദ്യാലയത്തിൽ സ്വന്തം രചനകൾ സ്വന്തം ഈണത്തിൽ മൂളാനാരംഭിച്ചു. കുട്ടിക്കാലത്ത് ഇതൾ വിടരുന്നു. കുറച്ചു കഴിയുമ്പോൾ അറിയാതെ ചില മൊട്ടുകൾ വന്നുപോകും. ഒരു ചെടി പൂക്കാനുണ്ടായ കാരണം എന്തെന്ന് ചോദിച്ചാൽ അറിഞ്ഞുകൂടാ. വളരെക്കാലം എന്റെ കവിത ഞാൻ ഉള്ളിലൊതുക്കി പ്രദർശിപ്പിക്കാതെ നടക്കുമായിരുന്നു. അപ്പോഴും ഉള്ളിനകത്ത് ആ ഒരു പ്രക്രിയ തുടർന്നുകൊണ്ടേയിരുന്നു.

? മാഷിന്റെ ഏറ്റവും ആകർഷകമായ കവിതകൾ 'നാറാണത്തു ഭ്രാന്തൻ', 'സന്താനഗോപാലം'എന്നിവ എഴുതാനുണ്ടായ സാഹചര്യത്തെക്കുറിച്ച് പറയാമോ?

= നാറാണത്തുഭ്രാന്തൻ എന്ന കവിത ജീവിതാനുഭവങ്ങൾ ഒറ്റയ്ക്കു കൊണ്ടു നടക്കുന്ന ഒരേകാന്ത സഞ്ചാരിയുടെ ജല്പനങ്ങളാണ്. മനസ്സ് മറ്റ് ജീവിതാനുഭങ്ങൾക്കെല്ലാം ഒറ്റപ്പെട്ടുപോയി എന്നു തോന്നിയ ഒരു സന്ദർഭത്തിൽ, ആ ഏകാന്ത ബോധത്തിൽ എപ്പഴോ ഒരു ഭ്രാന്തന്റെ അവസ്ഥ സ്വീകരിച്ചതാണ്. അവിടം തൊട്ട് ഏതാണ്ട് ഒരു വർഷത്തോളം അത് മനസ്സിൽ കൊണ്ടു നടന്നിട്ട് പിന്നീട് എഴുതിയതാണ്. (1984).

അനുഭവിക്കുന്നതെല്ലാം അതേപടി എഴുതുന്ന സ്വഭാവമല്ല എന്റേത്. പല കാഴ്ചകൾ, അതായത് അനുഭവങ്ങളാണ് ഓരോ കവിതയ്ക്കും പിറകിലുള്ളത്. സന്താനഗോപാലവും അത്തരത്തിലെഴുതിയതാണ്. അന്നത്തെ മുഖ്യമന്ത്രിയുടെ കാറു പോകുമ്പോൾ എസ്കോർട്ടുവണ്ടിയിൽ ഒരുത്തൻ തൂങ്ങിക്കിടന്ന് ലാത്തി വീശുന്നുണ്ടായിരുന്നു. ആ ലാത്തികൊണ്ട് ഒരു പാവം അമ്മയുടെ കൈയ്യിലുണ്ടായിരുന്ന അവരുടെ കുഞ്ഞും ഫുട്പാത്തിൽ വീണുരുളുന്ന കാഴ്ച ഞാൻ പാളയം പള്ളിക്കു മുൻപിൽ നിന്ന് കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഇതു കണ്ട് വളരെക്കാലത്തേക്ക് ആ ഓർമ്മ എന്നെ പിൻതുടർന്നു. എന്തെല്ലാമൊക്കെയോ ചെയ്യണമെന്നുണ്ടായിരുന്നു. പക്ഷേ ഒന്നും ചെയ്യാനൊത്തില്ല. അങ്ങനെ ഈ കാഴ്ച ഉണ്ടാക്കിയ മനോവിഷമമാണ് സന്താനഗോപാലം എന്ന കവിതയ്ക്ക് അടിസ്ഥാന പ്രേരണയായിത്തീർന്നത്. (സ്ഥലപരിമിതി മൂലം ഈ അഭിമുഖം പൂർണ്ണമായും ഉൾക്കൊള്ളിക്കാൻ സാധിക്കാത്തതിൽ ഞങ്ങൾ ഖേദിക്കുന്നു.

– എഡിറ്റർ)


*With Best Compliments From:*

**V. P. NARAYANAN**
'SOORYA'
U.C. COLLEGE P.O.
ALUVA - 2

*With Best Compliments From:*

**PARAYIL MEDICALS**
OPP. GOVT. HOSPITAL
ALUVA - PHONE: 23681

*With Best Compliments From:*

**VARNA SHOE CENTRE & SPORTS**
*[SELLERS OF SHOES, CHAPPELS, SCHOOL BAGS AND SPORTS GOODS]*
RAIL ROAD, ALWAYE - 683 101,
KERALA, PHONE: 5164

*With Best Compliments From:*

**COPY-TO-COPY**
*(PHOTOSTAT, TYPING, LAMINATION)*
ALWAYE - 1

**Phone :** Off: 25791,
Res : 25756, 23770

*The Queen*
*Always Reigns and Rules Supreme*
*We Distinguish Ourselves*
*With our Midasian*
*Touch on Everything*
*In Education*

# Queen Mother's College, Aluva

(Near Private Bus Stand)

## OFFERS COURSES

*IN*

**Parallel Classes :**

| | | | |
|---|---|---|---|
| PRE - DEGREE (3rd & 4th Group) | | - | MAHATMA GANDHI |
| B. Com., B. A. MALAYALAM, ECONOMICS ENGLISH | | - | " |
| B. Com, CO-OPERATION (Equivalent to H. D. C.) | | | |
| M. A.............. | ECONOMICS | - | KERALA |
| | MALAYALAM | - | " |
| | HISTORY | - | " |
| | ENGLISH | - | " |
| | HINDI | - | " |
| | SOCIOLOGY | - | " |
| M. COM. | | - | " |
| M. SC.... | MATHS | - | " |
| B. SC..... | MATHS | - | CALICUT |

N. B.

1. Library Facilities Available for P. G. Students
2. Hostel Facilities Available for Girls and Boys.

# അവന്റെ പുഷ്പം

ഷിനോജ് ടി. ഏലിയാസ്
I P.D.C, IIIrd Group

സുന്ദരസ്വപ്ന വീചികളിലെല്ലാം
ഉഴറുന്ന മനസ്സുമായ് അലയുന്നവനുമേ
ചകിതമാം അവനുടെ മനസ്സിന്റെ ഉള്ളിൽ
മൊട്ടിട്ടിരിക്കുന്നു ഏതോ പ്രതീക്ഷകൾ
കറുത്തുതുടുത്തൊരാമവനുടെ മിഴികളും
രാവിൻ ചന്ദ്രനേപോൽ പ്രഭചൊരിയുന്നു
കൂട്ടുകാരെ വിട്ടൊറ്റക്കിരുന്നവൻ
പച്ചപുൽകൊടിയുടെ കഴുത്തുഞെരിക്കുന്നു
അലസനാമവനുടെ ചുവന്ന കവിളുകളിൽ
വിയർപ്പിൻ തുള്ളി തിളങ്ങുന്നു രത്നംപോൽ
വിദ്യാലയത്തിന്നൊരു കോണിൽ നിന്നൊരു-
പുതുപുഷ്പമവനെ നോക്കിച്ചിരിക്കുന്നു
അലസഭാവങ്ങൾ വിട്ടുണർന്ന അവനൊരു
അരുണനെപ്പോലെ ഉദിച്ചുയർന്നീടുന്നു
ആ പുഷ്പത്തിൻ ചാരത്തിലേക്കവൻ
ഓടിയടുത്ത് സല്ലപിച്ചീടുന്നു
ഉണർവ്വുമുന്മേഷവുമുള്ളവനുടെ ചിരികണ്ടാ-
ക്കലാലയത്തിലെ കുട്ടികൾ ചിരിക്കുന്നു
ഹർഷമോടാ അങ്കണ ഓരത്തു
നിൽക്കുമാ ചക്കരമാവുകൾ പരസ്പരം പുൽകുന്നു
ജഗദീശ്വരാ കാക്കണെ ആ പുതുപുഷ്പം കൊഴിഞ്ഞിടാതെ.

*With best compliments from*

**KURIAN'S COMPUTERISED EYE CLINIC**
**KURIAN'S OPTICALS**
CATHOLIC CENTRE, ALUVA-1. PHONE: 23911

കവിത

# എന്റെ കലാലയം

ബോബി കെ.ആർ
III B.Sc. Mathematics

പിരിയുവാൻ വയ്യെനിക്കീ,
കുന്നിൻമുകളിലെ കലാലയത്തെ
ആവില്ലെനിക്കെൻ വർണ്ണസ്വപ്നങ്ങളെ
നിന്നിൽനിന്നും പറിച്ചെടുക്കാൻ
സംവത്സരങ്ങളായ്, പുതുനാമ്പുകൾക്കു നീ
ജന്മമരുളുന്നു പരിരക്ഷിച്ചീടുന്നു.
സാഫല്യമടയുമമ്മേ നിൻ മക്കളും,
കീർത്തിതൻ ഉത്തുംഗ ശൈലത്തിലെത്തി.
മഹത്പാദ സ്പർശനമേററൊരീഭൂവിങ്കൽ
വ്യാമോഹമാറാപ്പുമായി ഞാൻ എത്തീ,
പാരമ്പര്യത്തിൻ താലമേന്തിയി
മഹാഗണിയെന്നെ എതിരേറ്റു
സൗഹൃദത്തിന്റെ കമ്പളം നീർത്തി നിൻ
ഹൃദയത്തിലേയ്ക്കെന്നെ ആനയിച്ചു.
അറിവിന്റെ പാടവരമ്പത്തു ഞാനും
കതിർമണി തേടി അലഞ്ഞിരുന്നു.
സ്വല്പം ശീതള മാമര ഛായയിൽ,
സ്വസ്ഥത തേടിയെന്നും വന്നിരുന്നു
മധുമാരി ചൊരിയുമാ തോഴന്റെ വാക്കും
അപഹരിച്ചെങ്ങോപോയ് മന്ദപവനൻ.
സ്കിന്നർ സായ്പിന്റെ മോഹങ്ങളലിഞ്ഞ,
ഹോസ്റ്റലിൽചെന്നു ഞാനന്തിയുറങ്ങി
അമ്മയെപ്പോലെ സ്നേഹമരുളിയ
സംരക്ഷകരെയോർത്തു മനംതുളുമ്പി
കപോതങ്ങൾതൻ കുറുമൊഴിയിലും,
പതംഗങ്ങൾതൻ മധുരഗാനത്തിലും,
അനുരാഗത്തിൻ അലയടികേട്ടു
സ്നേഹം പങ്കുവച്ചുനാം കഴിഞ്ഞുകൂടി.
താരകം തേടി യാത്രതുടർന്നപ്പോൾ,
മിന്നാമിനുങ്ങിനെ തന്നെൻ താരകം നേടിയവർ
വെറുമൊരു പാവം വിഢ്ഢിയാക്കിയെന്നെ
അശ്വത്ഥാമാവാക്കി മനസ്സാ ചിരിച്ചവർ.
ഏറെ പ്രിയങ്കരമെനിക്കെന്നാലുമീ
സ്നേഹത്തിൻ ചെരാതുകെടുത്താതെ,
ആയിരങ്ങൾക്ക് ആത്മദീപം കൊളുത്തുന്ന
നൈർമല്യമാർന്നൊരീയാലയത്തെ.

"അശ്വത്ഥാമാ..." – അരിമാവു കലക്കിയ വെള്ളം പാലാണെന്നു പറഞ്ഞ് മറ്റുകുട്ടികൾ അശ്വത്ഥാമാവിനെക്കൊണ്ട് കുടിപ്പിച്ചത്.

NIIT

NIIT

NIIT
EDUCATION
Bringing people and computers together

If you're not studying at
NIIT
you're missing something

NIIT
COCHIN CENTRE
Vallamattom Estate, Ravipuram, Near Cochin Shipyard, M.G. Road
Cochin 682 015 Phone : 365846

TEAR HERE

FILL UP THIS COUPON AND BRING IT TO YOUR NEAREST NIIT EDUCATION CENTRE. IT ENTITLES YOU TO A FREE BOOKLET ON 'CAREER IN COMPUTERS'

NAME : ..........
ADDRESS : .......... TEL : ..........
..........
COLLEGE : ..........

NIIT

NIIT

# കോളേജ് യൂണിയൻ റിപ്പോർട്ട് 94–95

കടന്നുവരവിനും കടന്നുപോകലിനും സാക്ഷിയായി നിൽക്കുന്ന ഈ മഹാഗണിയുടെ ചുവടുക ളെ, പ്രയാണത്തിന്റെ കിതപ്പും വിയർപ്പും ഒപ്പിമാറ്റിയ വി.എം. ഹാളിന്റെ അകത്തളങ്ങളെ, മനസ്സിനുള്ളി ലേക്ക് സ്നേഹം കോരിച്ചൊരിഞ്ഞ NR-ന്റേയും UP-യുടേയും AB-യുടേയും ചുമരുകളെ, പാദങ്ങൾക്കിട യിൽ ഞെരിഞ്ഞപ്പോഴും വേഗതപകർന്നുതന്ന ഇവിടുത്തെ അസംഖ്യം മണൽത്തരികളെ, മഹാൻമാരുടെ ജീവൽവായു നിറഞ്ഞുനിൽക്കുന്ന ഈ അന്തരീക്ഷത്തെ, പിന്നെ തലകുനിച്ചുനിന്നപ്പോൾ അനുഗ്രഹം ചൊരിഞ്ഞ എണ്ണമറ്റ ആത്മാവുകളെ സാക്ഷിനിർത്തി, കഴിഞ്ഞുപോയ 'ഒരുവർഷത്തെ' അക്ഷരങ്ങളിലേ ക്കു പകർത്താൻ ഒരുമ്പെടുകയാണ്.

നിറഞ്ഞുവിതുമ്പിയ ആഗ്രഹത്തിന്റേയും പ്രതീക്ഷയുടേയും സഫലീകരണമെന്നോണം 1994 സെ പ്തം. 9–ന് നടന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ വിവിധ സ്ഥാനങ്ങളിലേക്ക് യു.സി. കോളേജി ലെ വിദ്യാർത്ഥി പ്രതിനിധികളായി ഇവർ തെരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| 1. ചെയർമാൻ | : | ജേക്കബ് ചെറിയാൻ |
| 2. വൈ. ചെയർമാൻ | : | സിമി വർഗ്ഗീസ് |
| 3. ജന: സെക്രട്ടറി | : | ബ്രൂസ്‌ലി കുരുവിള തോമസ് |
| 4. യു.യു.സി. | : | ബാബു എ.ആർ. |
| 5. യു.യു.സി. | : | സേതുനാഥ് പി. |
| 6. ആർട്ട്സ് ക്ലബ് സെക്രട്ടറി | : | മുഹമ്മദ് ഷിയാസ് |
| 7. മാഗസിൻ എഡിറ്റർ | : | മുഹമ്മദ് ഗദ്ദാഫി |

ദിൽജിത് കെ.എൻ, ഫാരിദീൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും വർഷ പ്രീഡിഗ്രി വിദ്യാർത്ഥി കളുടെ പ്രതിനിധികളായും ഷിബുമാത്യു, ലക്ഷ്മണൻ, എബി റ്റെല്ലസ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും വർഷ ഡിഗ്രി വിദ്യാർത്ഥികളുടെ പ്രതിനിധികളായും സെബാസ്റ്റ്യൻ പി.ഡി. അവസാനവർഷ പി. ജി. വിദ്യാർത്ഥികളുടെ പ്രതിനിധിയായും തെരഞ്ഞെടുക്കപ്പെട്ടു.

## കോളേജ് യൂണിയൻ ഉദ്ഘാടനം

'94 ഒക്ടോ. 27–ന്, സന്തോഷം നിറഞ്ഞുനിന്ന ഉത്സവസമാനമായ അന്തരീക്ഷത്തിൽ, പ്രശസ്ത ത ത്വചിന്തകൻ ഡോ. കെ.എസ്. രാധാകൃഷ്ണൻ നമ്മുടെ കോളേജ് യൂണിയൻ ഉദ്ഘാടനം നിർവ്വഹിച്ചു. ചുരുങ്ങിയ കാലംകൊണ്ട് മലയാള സഹിത്യരംഗത്ത് ആദരണീയനായിത്തീർന്ന ശ്രീ. കെ.എൽ. മോഹന വർമ്മയായിരുന്നു മുഖ്യാതിഥി.

കോളേജ് യൂണിയൻ ഉദ്ഘാടന ദിവസംതന്നെയായിരുന്നു ആർട്സ് ക്ലബ്ബിന്റെയും ഉദ്ഘാടനം സിനി ആർട്ടിസ്റ്റ് കുമാരി സുമാ ജയറാം ദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. സിനിമയിലും മിമിക്രിരംഗത്തും തന്റെ പ്രതിഭതെളിയിച്ച ശ്രീ. അബി ആശംസകളർപ്പിച്ചു. ചടങ്ങുകൾക്കുശേഷം വോ യ്സ് ഓഫ് യു.സി.യുടെ ഗാനമേള ഉണ്ടായിരുന്നു. സമയനിഷ്ഠയും ശാന്തതയും സൗന്ദര്യവും ഒത്തിണ ങ്ങിയ യൂണിയൻ ഉദ്ഘാടനം പുതിയൊരു തുടക്കത്തിന്റെ കേളികൊട്ടായിരുന്നു.

വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകളും അസൗകര്യങ്ങളും കണ്ടെത്താനുള്ള ശ്രമമായിരുന്നു; പ്രതി നിധികളും, പ്രിൻസിപ്പലും, വിദ്യാർത്ഥികളും അധ്യാപകരും ഒരേവേദിയിൽ ഒരുമിച്ചിരുന്ന് നടത്തിയ ചർച്ച. പലതും ക്ഷിപ്രസാധ്യങ്ങളായിരുന്നില്ല. പക്ഷേ വിദ്യാർത്ഥിപ്രശ്നങ്ങളെ അധികൃതരുടെ ശ്രദ്ധയിൽപ്പെ ടുത്താനും അവയ്ക്കുള്ള പരിഹാരം കണ്ടെത്താനുമായി യു.സി. കോളേജിന്റെ ചരിത്രത്തിലെതന്നെ ആ ദ്യത്തെ ആത്മാർത്ഥമായ പരിശ്രമം എന്ന നിലയിൽ യൂണിയന് പ്രത്യേക അഭിമാനമുണ്ട്. കാലതാമസം വ രുന്ന കാര്യങ്ങളിൽ നമ്മൾ, ആവശ്യങ്ങൾ നമ്മുടെ പുതിയ പ്രിൻസിപ്പൽ ശ്രീ. രാജൻ വർഗ്ഗീസ് സാറിന് സമർപ്പിക്കുകയും അദ്ദേഹമത് പൂർണ്ണമായിത്തന്നെ അംഗീകരിക്കുകയും ചെയ്തു. ഓരോന്നിന്റേയും സാക്ഷാത്കാരസമയത്ത്, കാലം കഴിഞ്ഞതെങ്കിലും – ഓരോ പ്രതിനിധിക്കും അതഭിമാനമാണ്.

ഈ സംവാദത്തിന്റെ അടിസ്ഥാനത്തിലായിരുന്നു യൂണിയൻ '94–95 വർഷത്തെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയത്.

## "വിപഞ്ചി 94–95"

ഡിസംബർ 7,8,9 തീയതികളിലായിരുന്നു നമ്മുടെ യുവജനോത്സവം. "വിപഞ്ചി– 94–95" എല്ലാ

കൊണ്ടും പുതുമയുള്ള ഒരനുഭവമായിരുന്നു. എല്ലാ ഇനങ്ങൾക്കും കൃത്യവും സത്യസന്ധവുമായ മൂല്യനിർണ്ണയവും സമയക്ലിപ്തതയും ശാന്തമായ അന്തരീക്ഷവും യുവജനോത്സവത്തിന്റെ പ്രത്യേകതകളായിരുന്നു. പ്രതിഭകളെ കണ്ടെത്തുന്നതിലും അവരെ യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ പങ്കെടുപ്പിക്കുന്നതിലും, മുൻവർഷങ്ങളിൽ നിന്നു വ്യത്യസ്തമായി, മുഴുവൻ ഉത്തരവാദിത്തവും ചെലവുകളും യൂണിയൻ ഏറ്റെടുത്തുവെങ്കിലും നമ്മുടെ നേട്ടം അഭിമാനകരമായിരുന്നില്ല. നിർഭാഗ്യകരങ്ങളായ ആ വസ്തുതകൾക്ക് പരിഹാരം കാണുവാൻ കൂടിയുള്ള ശ്രമങ്ങൾ നമ്മൾ നടത്തിക്കഴിഞ്ഞു.

### യൂണി. യുവജനോത്സവത്തിൽ കലാലയത്തിന്റെ യശസ്സുയർത്തിയവർ

| | | | |
|---|---|---|---|
| മിനി. എം. നായർ | – | മോഹിനിയാട്ടം | Ist |
| രാജേശ്വരി എൻ | – | " | IInd |
| സൂരജ് എബ്രഹാം | – | കഥാരചന | IInd |
| " | – | കവിതാരചന | IIIrd |
| അനീജ | – | കഥാപ്രസംഗം | 'A' Grade |

അന്തർസർവകലാശാലാ മത്സരത്തിലും മിനി എം. നായർ സമ്മാനം നേടുകയുണ്ടായി

### യു.സി. കോളേജ് കേരള വിജയി

ബർത്തലോമിയ ട്രോഫിയും കേരളസംസ്ഥാന അന്തർസർവകലാശാലാ ട്രോഫിയും നേടിയ കോളേജ് ബാസ്കറ്റ്ബോൾ ടീം നമ്മുടെ അഭിമാനമായിരുന്നു. യഥാസമയം അവരെ അഭിനന്ദിക്കുന്നതിലും, പ്രോത്സാഹിപ്പിക്കുന്നതിലും വേണ്ടത്ര ശുഷ്കാന്തി കാണിച്ചതിൽ യൂണിയന് അഭിമാനമുണ്ട്.

ജനുവരി 19–ന് ഷൈനി വിൽസണ് നൽകിയ സ്വീകരണവും കൊച്ചുപ്രതിഭ ബേബി ഇന്ദുലേഖയുടെ ഭരതനാട്യവും എങ്ങും കൗതുകവും പ്രശംസയും ഉണർത്തിയ പരിപാടികളായിരുന്നു.

### കരിയർ ഗൈഡൻസ്

സമഗ്രമായ ഒരു ക്ലാസും ക്യാമ്പും നമ്മൾ ആലോചിച്ചിരുന്നുവെങ്കിലും പരിമിതികൾ വിലങ്ങുതടിയായിരുന്നു. എന്നിട്ടുപോലും കൊച്ചിൻ യൂണി. മാനേജ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ശ്രീ പൊതുവാൾ സാറിന്റെ ക്ലാസ്സ്, വിദ്യാർത്ഥികളുടെ ആദരവും അംഗീകാരവും പിടിച്ചു പറ്റി.

### സെമിനാർ

യുവത്വത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് പ്രശസ്ത മനശാസ്ത്രജ്ഞനായ റവ: ഡോ. ജോർജ് മണലേലിന്റെ പ്രഭാഷണവും ചർച്ചയും വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും ഒരുപോലെ ആകർഷിച്ചു.

### സുകുമാർ അഴീക്കോടിന്റെ പ്രഭാഷണം

തീർത്തും അനൗപചാരികമായ ഒരുവേദിയും സ്വാഭാവികമായ ഒരന്തരീക്ഷവും, ഇത്രയേറെ പ്രശസ്തനായ ഒരാൾക്ക് ആദ്യത്തെ അനുഭവമായിരുന്നിരിക്കണം. യു.സി.യുടെ പ്രൗഢിയെ പലപ്രാവശ്യം അയവിറക്കിയ അദ്ദേഹം പിന്നീട്, തന്റെ സന്തോഷം അറിയിക്കുകപോലുമുണ്ടായി. മൂല്യങ്ങൾ നഷ്ടപ്പെടുന്ന, ഉറങ്ങുന്ന കേരള യുവത്വത്തെക്കുറിച്ചായിരുന്നു അദ്ദേഹമന്ന് സംവദിച്ചത്.

### ബഷീർ അനുസ്മരണം.

സാഹിത്യലോകത്തെ മുഴുവൻ ഇരുട്ടിലാക്കിക്കൊണ്ട് കഴിഞ്ഞവർഷം യാത്രപറഞ്ഞ ബഷീറിന്റെ സഹചാരിയും സുഹൃത്തുമായിരുന്ന ശ്രീ. എം.വി. ദേവന്റെ അനുസ്മരണ പ്രഭാഷണം ബഷീറിനെക്കുറിച്ച് അദ്ദേഹത്തിന്റെ സാഹിത്യലോകത്തെക്കുറിച്ചും പുതിയമാനങ്ങൾ കണ്ടെത്താൻ നമ്മെ സഹായിച്ചു.

### ഡിബേറ്റ് ക്ലബ്ബ് – ക്വിസ് ക്ലബ്ബ്

ഇംഗ്ലീഷിലും മലയാളത്തിലുമായി രണ്ട് ഡിബേറ്റ് ക്ലബ്ബുകൾ നമ്മൾ രൂപീകരിക്കുകയും അതിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ക്വിസ് ക്ലബ്ബ് അംഗങ്ങളായ ജിജി, അനിൽ, ചന്ദ്രമോഹൻ പിള്ള എന്നിവർ ഒട്ടേറെ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചിട്ടുണ്ട്.

### യാത്രയയപ്പ്

അഞ്ച്വർഷം നമ്മുടെ പ്രിൻസിപ്പലായിരിക്കുകയും, യൂണിയൻ പ്രവർത്തനങ്ങൾക്ക് നമ്മളോട് സഹകരിക്കുകയും ചെയ്ത ശ്രീ. സി.ജെ. തോമസ് സാറിന് യാത്രയയപ്പു നൽകുകയുണ്ടായി. സാറിന്റെ ഔദ്യോഗികവൃത്തിയുടെ ആരംഭകാല യൂണിയനിൽ നിന്നും ബഹുദൂരം മുന്നേറി തിളക്കമാർന്ന ഒരു പ്രവർത്തനവർഷം പൂർത്തിയാക്കിയ 94–95 വർഷത്തെ യൂണിയനിൽ സ്വയം അഭിമാനിക്കുകയും യൂണിയനെ അഭിനന്ദിക്കുകയും ചെയ്തുകൊണ്ടാണ് സാർ താത്ക്കാലികമായി സ്വന്തം ഔദ്യോഗികവൃത്തിയിൽനിന്നും യാത്രപറഞ്ഞത്.

## കവിയരങ്ങ്

കോളേജിലെ കവിപ്രതിഭകളേയും സമീപപ്രദേശങ്ങളിലെ പ്രശസ്തകവികളേയും പങ്കെടു... യൂണിയൻ സംഘടിപ്പിച്ച കവിയരങ്ങ് പുത്തൻ അർത്ഥവാതിലുകൾ തുറന്നുതരുന്നവയായിരുന്നു. ക... രങ്ങിൽ ലയിച്ചിരുന്ന നമ്മുടെ വിദ്യാർത്ഥിസദസ്സ് ഒരു പുതിയ കാഴ്ചയായിരുന്നു.

## പ്രതിഭാസംഗമം

94–95 വർഷത്തിൽ കോളേജിനെ പ്രതിനിധീകരിച്ച് വിവിധ മത്സരങ്ങളിൽ പങ്കെടുക്കുകയു... മ്മാനാർഹരായി കോളേജിന്റെ യശസ്സുയർത്തുകയും ചെയ്ത പ്രതിഭകളെ ആദരിക്കാനും പ്രോത്സാ... ക്കുവാനും യൂണിയൻ യഥാസമയം വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നു. എങ്കിൽപ്പോലും പലർക്കും അ... തരായിരുന്ന അവരെ സദസ്സിന് പരിചയപ്പെടുത്താൻ യൂണിയൻ അവസാനനിമിഷങ്ങളിലും സമയം ക... ത്തി. തീർച്ചയായും ഇനിയും വളരാൻ അവർക്ക് പ്രചോദനമായിത്തീരട്ടെ.

കോളേജിലെ എല്ലാ ക്ലാസ്സുകൾക്കുംവേണ്ടി യൂണിയൻ സംഘടിപ്പിച്ച കൈയെഴുത്ത് മാസിക... ത്സരത്തിൽ ഒന്നാംസ്ഥാനവും രണ്ടാംസ്ഥാനവും ഒന്നാംവർഷ പ്രീഡിഗ്രിക്കാർ കരസ്ഥമാക്കി. ഒന്നാം... മനഃശാസ്ത്രവിദ്യാർത്ഥികളായിരുന്നു മൂന്നാം സ്ഥാനം നേടിയത്. അവർക്കുള്ള സമ്മാനങ്ങൾ കോള... ന്റെ ദിനാഘോഷ ചടങ്ങിൽവച്ച് വിതരണം ചെയ്തു.

## കലാവേദി

മുൻവർഷങ്ങളിൽത്തന്നെ നിർദ്ദേശിക്കപ്പെട്ടതും എന്നാൽ നിർദ്ദേശം മാത്രമായി മാറിയതു... 'കലാവേദി', വെള്ളിയാഴ്ചകളിലെ ഇടവേളകളിൽ നിറഞ്ഞ സദസ്സിനുമുമ്പിൽ നമ്മൾ സംഘടിപ്പി... ന്നു. ഒന്നും രണ്ടും വർഷ പ്രീഡിഗ്രി, ഡിഗ്രി വിദ്യാർത്ഥികളും കോളേജിലെ അനദ്ധ്യാപകരും പ... കൾ അവതരിപ്പിച്ചു.

## സ്വീകരണം

നമ്മുടെ പുതിയ പ്രിൻസിപ്പലായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. രാജൻ വർഗ്ഗീസ് സാറിന് കൊടു... സ്വീകരണം പുതിയ പ്രതീക്ഷകളെക്കുറിച്ചുള്ള പ്രകടനം കൂടിയായിരുന്നു. വർഷങ്ങൾക്കുമുമ്പ് ... ത്തിലെങ്ങും വ്യക്തിപ്രഭാവം, പരത്തിയിരുന്ന നമ്മുടെ കോളേജിനെ, ആ സുവർണ്ണകാലഘട്ടത്തിലേ... തിരിച്ചുകൊണ്ടുവരാൻ രാജൻവർഗ്ഗീസ് സാറിന് കഴിയട്ടെ എന്ന് യൂണിയൻ ആശംസിച്ചു.

തിരിഞ്ഞുനോക്കുമ്പോൾ അഭിമാനം മാത്രമാണ് നമുക്ക് സ്വന്തം. സാധിക്കാതെപോയ ... കാര്യങ്ങളുണ്ട് അതു മറക്കുകയല്ല. പക്ഷേ, പരിമിതികളുടേയും പ്രാരാബ്ധങ്ങളുടേയും വെല്ലുവിളി... ടേയും നടുവിൽ, 75 പ്രവൃത്തിദിവസങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ട് 25–ലേറെ പരിപാടികളായിരുന്നു ... ണിയൻ സംഘടിപ്പിച്ചത്. ഓരോ മൂന്നു ദിവസത്തിലും യൂണിയന്റേതായ ഒരു പരിപാടി ഉണ്ടായിരുന്നു ... ട്ടേറെ പ്രശംസയും അഭിനന്ദനവും ഏറ്റുവാങ്ങിക്കൊണ്ട്, യൂണിയൻ പ്രവർത്തനങ്ങൾക്ക് സമാപനം ... ച്ചുകൊണ്ട് 1995 മാർച്ച് 1–ന് നമ്മുടെ കോളേജ് ദിനാഘോഷ സമ്മേളനം, സംഗീത സംവിധായകനായ ... ടോമിൻ തച്ചങ്കരി ഉദ്ഘാടനം ചെയ്തു. സാഹിത്യകാരിയായ ശ്രീമതി ഗീതാസുരാജ് പ്രസംഗിച്ചു.

കോളേജ് യൂണിയന്റെ ഒരുവർഷത്തെ പ്രവർത്തനങ്ങൾക്കായി നമ്മൾ ചെലവഴിച്ചത് മുപ്പ... ഴായിരത്തി അഞ്ഞൂറ് രൂപയോളമാണ്. നമ്മൾ ഫീസ് കൗണ്ടർ വഴി ശേഖരിച്ച പണത്തിന്റെ അവസാന ... വരങ്ങൾ ഇനിയും ലഭ്യമാകേണ്ടതുണ്ട്, എന്നിരിക്കിൽപ്പോലും എല്ലാ കടങ്ങളും തീർത്ത് ഏഴായിര... ഉം രൂപ നമ്മുടെ കൈയിൽ മിച്ചമുണ്ട്.

അസോസിയേഷനുകളുടേയും യൂണിയന്റെ തന്നെയും പ്രവർത്തനങ്ങൾക്കുപകരിക്കത്തക്ക... തിയിൽ കോളേജിന് സ്വന്തമായി ഒരു കർട്ടനും വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ മറ്റ് കാര്യങ്ങൾക്കും ... വേണ്ടി ആ തുക ചിലവഴിക്കുന്നതാണ്. വിശദവിവരങ്ങൾ ഈ മാഗസിൻ വായിക്കുന്നതിനു മുമ്പായി ... ന്നെ നിങ്ങളെ അറിയിക്കാൻ കഴിയും.

ഇനിയൊരവസാനിപ്പിക്കലാണ്.

ഒരിക്കലും അവസാനിക്കാത്ത ഓർമ്മകളും ഊഷ്മളതയും തന്ന ഒരുവർഷത്തെ ഒരുപാട് ന... ത്മാവുകളെ മനസ്സിൽനിന്ന് മാറ്റിനിർത്താൻപോലും കഴിയില്ല എന്നിരിക്കെ അവസാനിപ്പിക്കുക എന്ന... രു വിഢ്ഢിത്തമായി മാറുന്നു. പക്ഷേ, ഒരു നിയോഗിയുടെ കൃതാർത്ഥതയോടെ, സന്തോഷത്തോടെ, ... ഭിമാനത്തോടെ താല്ക്കാലികമായിട്ടെങ്കിലും വിസ്മൃതിയിലേക്ക് ഉൾവലിയുക ഒരനിവാര്യതയാണ്. ... യിരങ്ങളുടെ പേരുപറയുക അസാധ്യമാണ് എന്നുപറയുമെങ്കിലും അസാധ്യം എന്നുപറയുന്ന ഒന്നില്ല... സ്നേഹപൂർവ്വം നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട്, ഒരു യൂണിയന്റെ ജീവദാതാക്കളായ നിങ്ങളെ ഓർ... ച്ചുകൊണ്ട്, ഏതൊരവസാനിപ്പിക്കലും പുതിയൊരാരംഭത്തിന്റെ നിമന്ത്രണങ്ങൾ ഉൾക്കൊള്ളുന്നു എ... വിശ്വസിച്ചുകൊണ്ട്,

നിങ്ങളുടെ

ബ്രൂസ്ലി കുരുവിള തോമസ്

ജന: സെക്രട്ടറി.

യു.സി. കോളേജ്
31.3.1995

# ചെയർമാന്റെ കത്ത്

എന്റെ പ്രിയപ്പെട്ട കൂട്ടുകാരേ,

അപ്രതീക്ഷിതമായി കിട്ടിയ കുറേയേറെ സൗഹൃദങ്ങളോട് വിടപറയുവാൻ സമയമായി. സ്നേഹവും സൗഹൃദവും സമ്മാനിച്ച ഒരു വർഷം ഇനി ഓർമ്മകളുടെ താളുകളിൽ മാത്രമായി അവശേഷിക്കും. കാലത്തിന്റെ നിയമങ്ങളെ അനുസരിക്കാതിരിക്കുവാൻ ആർക്കും സാധ്യമല്ലല്ലോ. ഈ കലാലയത്തോട് യാത്ര പറയുമ്പോഴും ദുഃഖത്തോടെയങ്കിലും ആ യാഥാർത്ഥ്യത്തെ ഞാൻ അംഗീകരിക്കുന്നു. ഈ വൈകിയ വേളയിൽ നിങ്ങളോട് എന്താണ് പറയേണ്ടത്. ഒരു കലാലയ വിദ്യാർത്ഥിക്ക് ഈ സമൂഹത്തോട് വളരെയേറെ കടപ്പാടുണ്ട്. ഈ സമൂഹം അവനിൽനിന്ന് അഥവാ അവളിൽനിന്ന് വളരെയേറെ പ്രതീക്ഷിക്കുന്നു. എന്നാൽ ഈ പ്രതീക്ഷകൾക്ക് ഒത്ത് ഉയരാൻ നമുക്ക് സാധിക്കുന്നുണ്ടോ? ക്ലാസ്സ് മുറികളുടെ നാലു ചുവരുകൾക്ക് ഉള്ളിൽ ഒതുങ്ങുകയാണോ നമ്മൾ? ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഏഴുവർഷത്തെ കലാലയ ജീവിതത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ എനിക്ക് തോന്നുന്നത്, വിദ്യാർത്ഥികളിൽ പലപ്പോഴും അവരവരിലേക്ക് ഒതുങ്ങുകയാണ്. പഠനം മാത്രമായി വീടുകളിലേയ്ക്ക് തിരിച്ചുപോകുകയാണ് പലരും. സമൂഹത്തോട് യാതൊരു കടപ്പാടുമില്ലാതെ, ഒന്നിനോടും പ്രതികരിക്കാൻ കഴിയാത്തവരായി മാറുകയാണ് ഇന്നത്തെ വിദ്യാർത്ഥി സമൂഹം. ഇനി ആരെങ്കിലും എന്തിനോടെങ്കിലും പ്രതികരിക്കുന്നുണ്ടെങ്കിൽ, പലപ്പോഴും അത്, ഏതെങ്കിലും പാർട്ടി ഓഫീസുകളുടെ ചരടുവലികൾക്ക് അനുസരിച്ചായിരിക്കും.

വിദ്യാർത്ഥി രാഷ്ട്രീയം ഇന്ന് കേരളത്തിലെ കോളജ് ക്യാമ്പസുകളിൽ മാറ്റിനിറുത്താൻ വയ്യാത്ത ഒന്നായി മാറിയിരിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ വിദ്യാർത്ഥിരാഷ്ട്രീയം കോളേജുകളിൽ ആവശ്യമാണ്. ഇന്ന് സൂഹത്തിൽ നടമാടുന്ന അഴിമതികൾക്ക് എതിരെ പ്രതികരിക്കുവാനും വിദ്യാർത്ഥികൾക്ക് അവരുടെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുവാനും- സംഘടനകൾ ആവശ്യമാണ്. പതിനെട്ടുവയസ്സിൽ വോട്ടവകാശം ഉള്ള നമ്മുടെ രാജ്യത്ത്, വിദ്യാർത്ഥികൾക്ക് രാഷ്ട്രീയത്തെക്കുറിച്ച് വ്യക്തമായ ധാരണകൾ വേണ്ടിയിരിക്കണം. അല്ലാതെ, ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ പോഷകസംഘടനകളായി മാറി, അവർ പറയുമ്പോൾ സമരം ചെയ്യുവാനും, പരസ്പരം കൊത്തിക്കീറുവാനുമുള്ള ഒരു വേദിയാക്കി ഈ സംഘടനകളെ മാറ്റുമ്പോൾ, വിദ്യാർത്ഥികൾ അവരുടെ വ്യക്തിത്വം മറ്റാരുടേയോ മുമ്പിൽ പണയം വയ്ക്കുകയാണ്. ഇങ്ങനെ ആരുടെയെങ്കിലും വാലാട്ടിപ്പട്ടികളായി നാം മാറിക്കൂടാ. വിദ്യാർത്ഥി-സംഘടനകളിൽ പ്രവർത്തിക്കുന്നവരും, അതിന് നേതൃത്വം നൽകുന്നവരും, തങ്ങൾ നേതൃത്വം നൽകുന്ന സമൂഹത്തിന്റെ വികാരങ്ങൾ മനസ്സിലാക്കി അവരുടെ നന്മക്ക് വേണ്ടി പ്രവർത്തിക്കുകയും, പരസ്പരം അംഗീകരിക്കുകയും ചെയ്യണം.

മദ്യത്തിന്റേയും, മയക്കുമരുന്നുകളുടേയും ഉപയോഗം കേരളത്തിലെ ക്യാമ്പസുകളിലും വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇതിനെതിരെ നാം ശക്തമായി പ്രതികരിക്കണം. നമ്മുടെ ക്യാമ്പസുകൾ ലഹരിമരുന്നുകൾക്ക് അടിമയായാൽ, ഊർജ്ജം നഷ്ടപ്പെട്ട ഒരു ഭാവിതലമുറ ആയിരിക്കും സൃഷ്ടിക്കപ്പെടുക. ഈ അവസ്ഥ ഉണ്ടാകാതിരിക്കുവാൻ ഏറ്റവും കൂടുതൽ പ്രവർത്തിക്കുവാൻ സാധിക്കുക നമുക്കുതന്നെയാണ്. ലഹരിമരുന്നുകൾ ഉപയോഗിക്കുന്ന ഒരുവനെ കണ്ടാൽ അവനെ അതിൽനിന്നും പിൻതിരിപ്പിക്കുവാൻ ശ്രമിക്കണം. അതിനു സാധിക്കുന്നില്ലെങ്കിൽ, വിവരം അധികാരികളെ അറിയിക്കുവാൻ നാം തയ്യാറാകണം.

ഇന്നത്തെ നമ്മുടെ ക്യാമ്പസുകൾ ഫാഷൻ പ്രകടനത്തിനുള്ള വേദികൾ മാത്രമായി മാറുന്നു. ഈ പ്രായത്തിൽ വർണ്ണവൈവിധ്യങ്ങൾ ചേർത്ത് തുന്നിയ കുപ്പായങ്ങൾ ഇട്ടുകൊണ്ട് ക്യാമ്പസുകളെ സജീവമാക്കുന്ന പൂമ്പാറ്റകളായി കുട്ടികൾ മാറേണ്ടത് ആവശ്യംതന്നെ. എന്നാൽ അതോടൊപ്പം അന്യന്റെ ദുഃഖത്തെ അറിയുവാനും, അവനെ മനസ്സിലാക്കുവാനും, സഹായിക്കുവാനും നമുക്ക് സാധിക്കണം. ക്യാമ്പസിൽ ഒരു വിദ്യാർത്ഥിക്ക് എന്തെങ്കിലും പ്രശ്നമുണ്ടായാൽ അത് എന്താണെന്ന് മനസ്സിലാക്കാനും, അവന്റെ ഭാഗത്താണ് ന്യായം എന്നു കണ്ടാൽ അവനോടൊപ്പം നിൽക്കുവാനുമുള്ള ധൈര്യം നാം കാണിക്കേണ്ടതാണ്. ഇന്ന് ക്യാമ്പസുകളിൽ നടക്കുന്ന പല കുഴപ്പങ്ങൾക്കും കാരണം ഒരു ന്യൂനപക്ഷമാണ്. എന്നാൽ ഈ ന്യൂനപക്ഷത്തിനു മുമ്പിൽ, മഹാഭൂരിപക്ഷവും ഒന്നും മിണ്ടാതെ നിൽക്കുന്ന ലജ്ജാവഹമായ

സ്ഥിതിവിശേഷമാണ് കാണുന്നത്. ഈ സ്ഥിതിക്ക് ഒരു മാറ്റമുണ്ടായേ തീരൂ.

ബഹുമാനിക്കണ്ടവരെ തീർച്ചയായും ബഹുമാനിക്കണം, എന്നാൽ അവരുടെ ഭാഗത്തുനിന്ന് തെ
റ്റുകൾ ഉണ്ടായാൽ അവ ചൂണ്ടിക്കാണിക്കുവാനും ആ തെറ്റുകളെ തിരുത്തുവാൻ വേണ്ട പ്രേരണ അ
രിൽ ചെലുത്തുവാനും നാം മറക്കരുത്. നമ്മുടെ സമൂഹത്തിൽ നടമാടുന്ന ദുഷിച്ച പ്രവണതകൾക്ക് എ
തിരെ നാം പ്രതികരിച്ചേ മതിയാവൂ. അതിനുള്ള ധൈര്യം നമ്മിൽ ഉണ്ടാകണം. വിദ്യാർത്ഥി ജീവിതകാ
ത്ത് ഇതിനുസാധിക്കുന്നില്ലെങ്കിൽ മുമ്പോട്ടുള്ള ജീവിതത്തിലും നമുക്ക് പ്രതികരിക്കാൻ സാധിക്കാതെ
പോകും. അങ്ങനെ പ്രതികരിക്കാൻ ഇല്ലാതെ വരുമ്പോൾ നമ്മുടെ രാജ്യം കുറെ അഴിമതിക്കാരുടെ കൈ
കളിൽ വ്രണിതമാകും. നമ്മുടെ രാജ്യത്തെ രക്ഷിക്കുവാൻ, നമുക്ക് നഷ്ടപ്പെട്ട മൂല്യങ്ങളെ വീണ്ടെടുക്കു
വാൻ, വരും തലമുറയ്ക്ക് നല്ലൊരു സാമൂഹികാന്തരീക്ഷം നൽകാൻ, ഇന്നത്തെ വിദ്യാർത്ഥി-വിദ്യാർത്ഥി
നികൾ വേണ്ടവിധത്തിൽ പ്രവർത്തിച്ചേ മതിയാവൂ.

വിദ്യാർത്ഥികളും അദ്ധ്യാപകരും അനദ്ധ്യാപകരും തമ്മിൽ ഉള്ള നല്ലൊരുബന്ധം ഏതൊരു കോ
ളേജിന്റെയും സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണ്. ഈ കാര്യത്തിൽ നമ്മുടെ കോളേജ് കുറേക്കൂ
ടി മുന്നേറേണ്ടിയിരിക്കുന്നു.

രാഷ്ട്രീയമോ, ജാതീയമോ സാമ്പത്തികമോ ആയ വിഭജനങ്ങൾക്ക് അതീതമായ ഒരു പ്രവർത്ത
നം എല്ലാഭാഗത്തുനിന്നും ഉണ്ടാകണം. വിദ്യാർത്ഥികൾക്ക് ഇടയിലും പരസ്പരസഹകരണവും, സൗഹൃ
വും അവശ്യംവേണ്ടതാണ്. ഈ കാര്യത്തിൽ നമ്മുടെ ക്യാമ്പസ് വളരെ മുന്നിലാണ്. ആൺകുട്ടികളെ
ന്നോ - പെൺകുട്ടികളെന്നോ ഭേദമില്ലാതെ പരസ്പരം മനസ്സിലാക്കി മുന്നോട്ടുപോകുന്ന ഒരു വിദ്യാർത്ഥി
സമൂഹത്തെയാണ് നമ്മുടെ ക്യാമ്പസിൽ കാണുന്നത്. ഇത്തരത്തിൽ ഉള്ള അവസ്ഥ തുടർന്നുകൊണ്ടു
പോകുവാൻ എല്ലാവരും ശ്രമിക്കണം. എന്നാൽ ഇങ്ങനെ ഉള്ള സൗഹൃദങ്ങൾ കേവലം വികാരപ്രകടന
ത്തിനുള്ളവ മാത്രമായി അധഃപതിക്കരുത്. ആത്മാർത്ഥമായ സൗഹൃദങ്ങളെയാണ് നാം സൃഷ്ടിച്ചെടുക്കേ
ണ്ടത്.

വിദ്യാർത്ഥികൾ തങ്ങളുടെ കഴിവുകൾ മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുവാൻ തയ്യാറാക
ണം. എന്നാൽ ആഭാസകരമായ പരിപാടികൾക്കായി വേദികൾ ഒരിക്കലും വിനിയോഗിക്കരുത്. നല്ല പരി
പാടികളെ പ്രോത്സാഹിപ്പിക്കുവാൻ എല്ലാവരും തയ്യാറാകണം. പെൺകുട്ടികളും വേദികളെ സജീവമാ
ക്കാൻ മുന്നോട്ടുവരേണ്ടതാണ്. ഈ വർഷം ആൺകുട്ടികളേക്കാൾ ഏറെ പെൺകുട്ടികൾ നമ്മുടെ വേദി
കളിൽ പരിപാടികൾ അവതരിപ്പിച്ചു എന്നത് നല്ലൊരു തുടക്കമായി ഞാൻ കാണുന്നു. ഇത് തുടർന്നുകൊ
ണ്ട് പോകുവാൻ നിങ്ങൾക്ക് കഴിയണം.

ഒരു കോളജ് ക്യാമ്പസിനെ സജീവമാക്കാൻ ഏറ്റവും കൂടുതൽ പങ്കുവഹിക്കേണ്ടത് കോളേജ് യൂ
ണിയനുകളാണ്. വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ആവശ്യമുള്ള പരിപാടികൾ ആയിരിക്കണം യൂണിയ
നുകൾ നടപ്പാക്കേണ്ടത്. അവരാണ് തങ്ങളെ തിരഞ്ഞെടുത്തതെന്നുള്ള ബോധം യൂണിയൻ അംഗങ്ങളു
ടെ മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കണം. അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ തയ്യാ
റാകണം. അങ്ങനെ പ്രവർത്തിച്ചാൽ അത്തരം യൂണിയനുകൾക്ക് കുട്ടികളിൽനിന്നുള്ള പൂർണ്ണസഹകര
ണം ഉണ്ടായിരിക്കും എന്നുള്ളതാണ് എന്റെ അനുഭവം. ഒരു ക്യാമ്പസിനെ നന്മനിറഞ്ഞതാക്കുവാൻ ആ
കോളജിലെ കുട്ടികളുടെ പൂർണ്ണസഹകരണം ഒന്നുകൊണ്ടുമാത്രമേ സാധിക്കൂ. ക്ലാസ്സ് മുറികളുടെ നാ
ല്ചുവരുകൾക്ക് ഉള്ളിലും, ഫാഷൻ ലോകത്തും, ടി.വി. പെട്ടികളുടെ മുമ്പിലും മാത്രമായി നാം നമ്മുടെ
ജീവിതം ഹോമിക്കരുത്. അങ്ങനെ സംഭവിച്ചാൽ വരുന്ന തലമുറകളോടും, നമ്മോടുതന്നെയും, നാം ചെ
യ്യുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കും.

ഇനിയും ദീർഘിപ്പിക്കുന്നില്ല. കഴിഞ്ഞ ഒരുവർഷക്കാലം നിങ്ങൾ എനിക്ക് നൽകിയ സ്നേഹവും
സ്വീകരണവും എന്റെ മനസ്സിന്റെ താളുകളിൽ എന്നും മായാത്ത ഓർമ്മകളായി സൂക്ഷിക്കും. എന്നും എ
ന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ഒരു ഓർമ്മയായിരിക്കും യൂണിയൻ ക്രിസ്ത്യൻ കോളേജ്. എല്ലാവ
രോടും എനിക്ക് നന്ദിയുണ്ട്. "ഹൃദയം നിറഞ്ഞ നന്ദി" എന്നോടൊപ്പം ഈ വർഷം ഈ കലാലയത്തോട്
വിടപറയുന്ന എല്ലാ കൂട്ടുകാർക്കും നല്ലൊരു വിജയം ആശംസിക്കുന്നു, ഒപ്പം ഭാസുരമായ ഭാവിയും. ഇനി
ഈ കലാലയത്തിന്റെ മടിയിൽ ജീവിക്കുന്ന സുഹൃത്തുക്കൾക്ക് നല്ല നല്ല നിമിഷങ്ങൾ ആശംസിക്കുന്നു.
ഈ കലാലയത്തിൽ കുറേക്കാലം ജീവിക്കുവാൻ അവസരം ലഭിച്ച നമ്മൾ എല്ലാം മഹാഭാഗ്യവാൻമാരാ
ണ്. നമ്മുടെ മനസ് യൂസി.യെക്കുറിച്ചുള്ള നല്ല ഓർമ്മകളാൽ നിറയട്ടെ.

എന്നും സ്നേഹപൂർവ്വം
നിങ്ങളുടെ ചെയർമാൻ

ജേക്കബ് ചെറിയാൻ
(രണ്ടാംവർഷ മലയാള സാഹിത്യം ബിരുദാനന്തര ബിരുദം)



U. C. College ലെ നൂറു വർഷത്തിൽപരം പഴക്കമുള്ള

**U. P. Block**

ഇന്ന് **Archiolegical Department-** ന്റെ സംരക്ഷണയിലാണ്.

# റോമൻഭരണതന്ത്രം



# About the College

The idea of starting a Second Grade College at Alwaye was mooted in 1920. As the founding fathers did not know how to be "worldly wise" they sought the help of Sir Robert Stanes, a prominent industrialist of Coimbatore. He prepared a "project report". A brief note summing up his ideas, dated 31.8.1920, made the following points; " 1) Application be made to the Travancore Government for a grant of 1000 acres for this special purpose. Say 500 acres for Rice and 500 for Rubber. 2) Have estimates made out for opeing out this land, and show probable income and when such income may be expected. 3) Invite sympathisers to contribute to this laudable object. 4) If income may be expected in three or four years, then arrange to pay off investors at the rate of, say, 10 per cent per annum which will take ten years to liquidate. 5) When all are paid off, the Company might allow investors, say 5 per cent of profits for another ten years".

The first application signed by Rev. A Jeffery and M/s. C.P. Mathew and K.C. Chacko was for a free grant of a thousand acres of land for cultivation, another 15 acres of land being unused premises of the old Alangad Taluk Cutchery and 500 kandies of teakwood as suggested by Sir Robert. This was referred to the Director of Public Instruction. The Director Mr. Hedgson in his report dated 4.11.1920 objected very strongly and concluded his report as follows: "For the above reasons I am of the opinion that Government should not only not grant the several requests of the promoters of the proposed college at Alwaye but that they should not permit them to establish a Collegiate Institution at Alwaye at all.

In this connection I would raise the question Whether Messrs. O.M. Cheriyan B.A.L.T. and I. Itty B.A., L.T., two officers of the Department should have undertaken to serve on the proposed College Council without first obtaining the sanction of Government. I would point out that such sanction is required for serving on the Senate, Boards of Studies, Syndicate, Examination Boards of the University of Madras, and the Students' Advisory Committee etc.

All senior officials who served on the advisory committee were proceeded against when Hodgson pointed out that they had done so without prior sanction. The matter, however, was closed with the observation, "Government consider that it would have been appropriate if (so and so) had applied and obtained their sanction before expressing his willingness to undertake this work. Government, however, are pleased to accord premission to him to serve on the council of the College". The affceted officers included M/s. John Kurien, (Executive Engineer, Kottayam), Dr. P J. Varghese (District Judge, Alleppey), P. Cheriyan (High Court Judge), Mr. K.C. Joshua (District Munsif, Kottayam), Dr. Peter Lakshmanan (Durbar Physician), Mr. P.P. Kurien (Stationery First Class Magistrate, Alleppey), Mr. K. George (Accounts Officer, Mr. O.M. Cheriyan, etc.

The Director, Mr. Hodgson, was obviously unaware of the fact that H.E. the Governor of Madras had already mentioned the matter to H.H. the Maharajah of Travancore. Revd. Jeffery then wanted to meet the Chief Secretary. Dewan and the Maharajah. But unfortunately on account of heavy floods the railway line was blocked beyond Trichy and they had to return to Madras. They later met the Dewan at Tullock's Gardens (Cochin House)

Madras at 7 am on 14.12. 1920. Following this a further letter was sent to the Dewan reiterating the requests for the Alangad land and timber and promising more details regarding the land for plantation.

Based on a report by Shri G Ramabhadra Iyer, Tahsildar, Alangad, the Dewan Peishkar of Kottayam reported to Government that land applied for "may be required for Government purposes'. In the meantime the University Commission visited Alway and it became clear that the affiliation of the College would depend largely on the support which the Travancore Government would extend. The council and the advisory board met at Ernakulam and appointed a delegation consisting of M/s. E.J. John, K. George and C. Mathai to meet Dewan Shri. Raghaviah.

Finally a letter presumably based on discussions the delegation had with him was given to the Dewan of Travancore on 27.3.1921 which made the following points: a) attendance at Bible classes will be optionional b) the Council was grateful for government agreeing to place at the disposal of the College the old Taluk Cutcherry and give the college such grants as the Madras Christian College was receiving from the Madras Government. c) based on this the Syndicate recommended to the Senate that the application for affiliation my be endorsed to Government. d) early approval for entering the premises to make alteration/ additions or improvement. e) a request for spelling out the detailed conditions of grant and appropriate documentation.

On 16.5.1921 Chief Secretary instructed Kottayam Peishkar to shift the two village office which were continuing in the abandoned Taluk Offices. On 1651921 Compliance was reported to the Chief Secretary. Formal sanction was issued in Huzur No. ROCP/124 of 21.5.1921 from acting Chief Secretary to Kottayam Peishkar: "With reference to the correspondence resting with your office letter No. LR. 7071/556/96, dated the 16th May 1921, I have the honour to inform you that Government sanction the abandoned Taluk Office building at Alangad and the 18.92 acres of land forming its compound being placed at the disposal of the authorities of the Union Christian College, Alwaye. I request that you will be so good as to arrange for the site and buildings being handed over to the College authorities at a very early date". Dewan reported this to Shri R. Krishnapillai, Sarvadhi Kariakar to obtain ratification of the Maharajah. The palace conveyed its ratification on 26.9.1921.

**Dr. D. Babu Paul,**
Commissioner & Secretary,
Cultural affairs,
Govt. of Kerala

Source: Department of Archives
File No. R. Dis. 546 dated 9.6.1923

സഹകരണരംഗത്ത് 54 വർഷത്തെ സേവനപാരമ്പര്യം
